വെളിച്ചം
സൗദി ഓൺലൈൻ
ഖുർആൻ പഠന പദ്ധതി

വെളിച്ചം സൗദി ഓൺലൈൻ ഖുർആൻ പഠന പദ്ധതി

നാലാം ഘട്ടം

പാഠഭാഗം

സൂറ: അൽ ഫുർഖാൻ, സൂറ: അശ്ശുഅറാഅ്

GET IT ON Google Play

Velicham Online

velichamonline.islahiweb.org
velichamsaudionline.com

Saudi Indian Islahi Center

സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

facebook.com/velichamsaudionline youtube.com/velichamsaudionline

വെളിച്ചം സൗദി ഓൺലൈൻ
നാലാംഘട്ടം - ഷെഡ്യൂൾ

സൂറത്തുകൾ	: സൂറതുൽ ഫുർഖാൻ, സൂറതു ശുഅറാഅ്
ആകെ ക്യാമ്പയിനുകൾ	: 12 + 2 റിവിഷനുകൾ
ക്യാമ്പയിൻ കാലാവധി	: 2022 ജൂൺ 17 മുതൽ ഡിസംബർ 31 വരെ
നാലാംഘട്ടം ഗ്രാൻഡ് ഫിനാലെ	: 2023 ജനുവരിയിൽ (തീയ്യതി പിന്നീട് പ്രഖ്യാപിക്കുന്നതാണ്)

ക്യാമ്പയിൻ	സൂറ:	ആയത്തുകൾ	ആയത്തുകൾ (എണ്ണം)	ക്യാമ്പയിൻ കാലാവധി
# 1	ഫുർഖാൻ	1-20	20	ജൂൺ 17 വെള്ളി - ജൂലായ് 02 ശനി
# 2	ഫുർഖാൻ	21-34	14	ജൂലായ് 03 ഞായർ- ജൂലായ്16 ശനി
# 3	ഫുർഖാൻ	35-52	18	ജൂലായ് 17 ഞായർ - ജൂലായ്30 ശനി
# 4	ഫുർഖാൻ	53-67	15	ജൂലായ് 31 ഞായർ- ആഗസ്റ്റ് 13 ശനി
# 5	ഫുർഖാൻ	68-77	10	ആഗസ്റ്റ് 14 ഞായർ- ആഗസ്റ്റ് 27 ശനി
# 6	ശുഅറാഅ്	1-33	33	ആഗസ്റ്റ് 28 ഞായർ - സെപ്റ്റംബർ 10 ശനി
# 7	ശുഅറാഅ്	34-69	36	സെപ്റ്റംബർ 11 ഞായർ - സെപ്റ്റംബർ 24 ശനി
# 8	ശുഅറാഅ്	70-104	35	സെപ്റ്റംബർ 25 ഞായർ- ഒക്ടോബർ 08 ശനി
# 9	ശുഅറാഅ്	105-140	36	ഒക്ടോബർ 09 ഞായർ- ഒക്ടോബർ 22 ശനി
# 10	ശുഅറാഅ്	141-175	35	ഒക്ടോബർ 23 ഞായർ - നവംബർ 05 ശനി
# 11	ശുഅറാഅ്	176-199	24	നവംബർ 06 ഞായർ- നവംബർ 19 ശനി
# 12	ശുഅറാഅ്	200-227	28	നവംബർ 20 ഞായർ- ഡിസംബർ 03 ശനി
റിവിഷൻ 1	ഫുർഖാൻ	1-77	77	ഡിസംബർ 04 ഞായർ- ഡിസംബർ 17 ശനി
റിവിഷൻ 2	ശുഅറാഅ്	1-227	227	ഡിസംബർ 18 ഞായർ- ഡിസംബർ 31 ശനി
ഗ്രാൻഡ് ഫിനാലെ	ഫുർഖാൻ ശുഅറാഅ്	1-77 1-227	304	2023 ജനുവരി

ശ്രദ്ധിക്കുക :-

1. അനിവാര്യ ഘട്ടങ്ങളിൽ അല്ലാതെ ഷെഡ്യൂളിൽ നൽകിയ ദിവസങ്ങളിൽ മാറ്റങ്ങൾ ഉണ്ടാകുന്നതല്ല
2. ഒരു ക്യാമ്പയിനിൽ 15 ചോദ്യങ്ങൾ വീതവും റിവിഷനിൽ 10 ചോദ്യങ്ങൾ വീതവും ആയിരിക്കും.
3. ആകെയുള്ള 12 ക്യാമ്പയിനുകളിലായി 180 ചോദ്യങ്ങളും, 2 റിവിഷനുകളിലായി 20 ചോദ്യങ്ങളും കൂടി 200 ചോദ്യങ്ങൾ പ്രാഥമിക റൗണ്ടിൽ ഉണ്ടായിരിക്കും. ഗ്രാൻഡ് ഫിനാലെയുമായി ബന്ധപ്പെട്ട നിർദേശങ്ങൾ പിന്നീട നൽകുന്നതാണ്

25 സൂറത്തുൽ ഫുർഖാൻ سورة الفرقان

മക്കായിൽ അവതരിച്ചത് വചനങ്ങൾ 77 വിഭാഗം (റുകൂഅ്) 6

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1 تَبَارَكَ ٱلَّذِى نَزَّلَ ٱلۡفُرۡقَانَ عَلَىٰ عَبۡدِهِۦ لِيَكُونَ لِلۡعَٰلَمِينَ نَذِيرًا ﴿١﴾

ലോകർക്ക് താക്കീത് നൽകുന്നവനായിരിക്കുവാൻ വേണ്ടി തൻെറ അടിയാൻെറ മേൽ 'ഫുർഖാൻ' (വിവേചന പ്രമാണം) അവതരിപ്പിച്ചിട്ടുള്ളവൻ നൻമയേറിയവനാകുന്നു.

2 ٱلَّذِى لَهُۥ مُلۡكُ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ وَلَمۡ يَتَّخِذۡ وَلَدًا وَلَمۡ يَكُن لَّهُۥ شَرِيكٌ فِى ٱلۡمُلۡكِ وَخَلَقَ كُلَّ شَىۡءٍ فَقَدَّرَهُۥ تَقۡدِيرًا ﴿٢﴾

ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യമുള്ളവനത്രെ (അവൻ) . അവൻ സന്താനം സ്വീകരിച്ചിട്ടുമില്ല; ആധിപത്യത്തിൽ അവന് ഒരു പങ്കാളിയും ഉണ്ടായിട്ടുമില്ല; എല്ലാ വസ്തുവെയും അവൻ സൃഷ്ടിച്ച് അതിന് ഒരു (ശരിയായ) നിർണ്ണയം നൽകുകയും ചെയ്തിരിക്കുന്നു.

---

1 تَبَارَكَ വളരെ നൻമ (മഹത്വം, മേൻമ, അനുഗ്രഹം)ഉള്ളവനായി. الَّذِي نَزَّلَ അവതിരിപ്പിച്ചിട്ടുള്ളവൻ. الْفُرْقَانَ വിവേചനപ്രമാണം. عَلَى عَبْدِهِ തൻെറ അടിയാൻെറമേൽ. لِيَكُونَ അദ്ദേഹം ആകുവാൻവേണ്ടി. لِلْعَالَمِينَ ലോകർക്ക്. نَذِيرًا താക്കീത് ചെയ്യുന്നവൻ, മുന്നറിയിപ്പുകാരൻ, ഭയവാർത്ത അറിയിക്കുന്നവൻ. 2 الَّذِي യാതൊരുവൻ. لَهُ അവന്നാണ്, അവന്റേതാണ്. مُلْكُ السَّمَاوَاتِ ആകാശങ്ങളുടെ ആധിപത്യം, രാജത്വം. وَالْأَرْضِ ഭൂമിയുടെയും. وَلَمْ يَتَّخِذْ അവൻ സ്വീകരിച്ചിട്ടുമില്ല, ഏർപ്പെടുത്തിയിട്ടുമില്ല. وَلَدًا മക്കളെ, സന്താനത്തെ. وَلَم يَكُن ഉണ്ടായിട്ടുമില്ല, ഇല്ലതാനും. لَّهُ അവന്. شَرِيكٌ ഒരു പങ്കുകാരനും. فِي الْمُلْكِ ആധിപത്യത്തിൽ. وَخَلَقَ അവൻ സൃഷ്ടിക്കയും ചെയ്തു. كُلَّ شَيْءٍ എല്ലാ വസ്തുവെയും. فَقَدَّرَهُ എന്നിട്ട് അതിന് നിർണ്ണയം നൽകി, അതിനെ നിർണ്ണയിച്ചു, കണക്കാക്കി. تَقْدِيرًا ഒരു (ശരിയായ) നിർണ്ണയം

കഴിഞ്ഞ അദ്ധ്യായത്തിൻെറ അവസാനത്തിൽ, നബി (ﷺ) യെ നിരുപാധികമായി പിൻപറ്റുന്നത് സത്യവിശ്വാസികളുടെ നിർബ്ബന്ധകടമയാണെന്നും, അവിടുത്തെ കല്പനക്ക് വിപരീതം പ്രവർത്തിക്കുന്നത് വലിയ ആപത്തുകൾക്കും ശിക്ഷക്കും കാരണമാണെന്നും പ്രസ്താവിച്ചു. നബി (ﷺ) യെ അനുസരിക്കുന്നവരെ പ്രശംസിക്കുകയും, അനുസരിക്കാത്തവരെ കഠിനമായി താക്കീതു ചെയ്യുകയും ചെയ്തു. അതിന് നിദാനമായ കാരണമെന്നോണം ഈ അദ്ധ്യായത്തിൻെറ ആരംഭത്തിൽ, ലോകർക്കാകമാനം മുന്നറിയിപ്പും താക്കീതും നൽകുവാൻവേണ്ടിയാണ് നബി (ﷺ) തിരുമേനിക്ക് വിശുദ്ധ ഖുർആനാകുന്ന 'വിവേചന പ്രമാണം' (**الفرقان**) അവതരിപ്പിച്ചിട്ടുള്ളതെന്ന വസ്തുത ഓർമ്മിപ്പിക്കുകയാണ്. അല്ലാഹു ലോകർക്ക് ചെയ്തു കൊണ്ടിരിക്കുന്ന എണ്ണമറ്റ അനുഗ്രഹങ്ങളുടെ കൂട്ടത്തിൽ അതിമഹത്തായ ഒന്നത്രെ അത്. ഇതിൻെറ പേരിൽ അല്ലാഹു അവനെത്തന്നെ സ്തുതിച്ചുകൊണ്ടാണ് സൂറത്തിൻെറ തുടക്കം.

تبارك ('തബാറക') എന്ന വാക്ക് വളരെ അർത്ഥവൈപുല്യം നിറഞ്ഞ ഒരു ക്രിയയാണ്. വളരെ നൻമയും, മേൻമയും, മഹത്വവും, അനുഗ്രഹവും സമ്മേളിച്ചുവെന്നാണ് അത് അർത്ഥമാക്കുന്നത്. അതിൻെറ അർത്ഥം ശരിക്ക് പ്രകാശിപ്പിക്കുന്ന ഒരു ക്രിയാപദം മലയാളത്തിൽ കാണുന്നില്ല. **الفرقان** ('ഫുർഖാൻ') എന്നാൽ 'വിവേചനം' എന്നും 'വിവേചനം ചെയ്യുന്നത്'

എന്നും അർത്ഥമാകുന്നു. വിശുദ്ധ ഖുർആൻ സത്യാസത്യങ്ങൾക്കും, നന്മതിൻമകൾക്കുമിടയിൽ വിവേചനം ചെയ്യുന്ന പ്രമാണമാകകൊണ്ട് അതിന് 'ഫുർഖാൻ' എന്നും പേര് പറയപ്പെടുന്നു.

ഖുർആനിൽ പലേടത്തും പ്രസ്താവിച്ചിട്ടുള്ളതുപോലെ, ദൈവദൂതൻമാർ (മുർസലുകൾ) താക്കീത് നൽകുന്നവർ (نذير) മാത്രമായിട്ടല്ല-സുവിശേഷം അറിയിക്കുന്നവരും (بشير) കൂടിയായിട്ടാണ്-നിയോഗിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ, താക്കീത് നൽകുകയെന്ന കൃത്യമാണ് താരതമ്യേന കൂടുതൽ പ്രാധാന്യമർഹിക്കുന്നത്. (സൂറത്തുൽ കഹ്ഫിൻെറ ആരംഭത്തിൽ നാം ഇതിനെക്കുറിച്ച് സംസാരിച്ചിട്ടുണ്ട്.) ഖുർആൻ, പ്രവാചകൻമാൻമാർ, അന്ത്യദിനം എന്നിവയെ നിഷേധിക്കുകയും, അല്ലാഹുവിന് സന്താനങ്ങളുണ്ടെന്ന് വാദിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചാണ് ഈ സൂറത്തിൽ കൂടുതൽ പ്രതിപാദിക്കുന്നത്. ആ നിലക്ക് താക്കീതും. ഭയവാർത്തയും നൽകുന്നതിന് ഇവിടെ കൂടുതൽ പ്രസക്തിയുള്ളതുകൊണ്ടാണ് ''ലോകർക്ക് താക്കീത് നലകുന്നവനായിരിക്കുവാൻവേണ്ടി'' എന്ന് പ്രസ്താവിച്ചത്.

അല്ലാഹു അല്ലാത്ത എല്ലാ വസ്തുക്കളും അവൻെറ സൃഷ്ടിയാകുന്നു. അവൻ എല്ലാറ്റിൻെറയും സ്രഷ്ടാവും, നിയന്താവും, ഉടമസ്ഥനുമത്രെ. അവൻെറ യുക്തിക്കും, ഉദ്ദേശത്തിനും അനുസരിച്ച് ഓരോന്നിൻെറയും ആകൃതി, പ്രകൃതി, കഴിവ്, പ്രവർത്തനപരിപാടി തുടങ്ങിയ എല്ലാകാര്യങ്ങളും അവൻ നിർണ്ണയം ചെയ്യുകയും ചെയ്തിരിക്കുകയാണ്. (*) അതിലൊന്നും ആർക്കും പങ്കില്ല. എന്നിരിക്കെ, സൃഷ്ടികളിൽപെട്ട ഏതെങ്കിലും ഒരു വസ്തുവെ-അത് മനുഷ്യനോ, ജിന്നോ, മലക്കോ മറ്റോ ആകട്ടെ-അവൻെറ സന്താനമെന്നോ. കൂട്ടാളിയെന്നോ കരുതുന്നതിൽപരം നിരർത്ഥവും, നിന്ദ്യവുമായിട്ടുള്ളതെന്താണ്?! അൽപമെങ്കിലും ചിന്തിക്കുന്ന ഒരു ഹൃദയത്തിന് അതൊരിക്കലും ന്യായീകരിക്കുക സാധ്യമല്ല. പക്ഷേ, സ്പഷ്ടമായ ഈ പരമാർത്ഥത്തിൽ നിന്നും അവിശ്വാസികൾ വ്യതിചലിക്കുകയാണ് ചെയ്തിരിക്കുന്നത്:-

وَٱتَّخَذُوا۟ مِن دُونِهِۦٓ ءَالِهَةً لَّا يَخْلُقُونَ شَيْـًٔا وَهُمْ يُخْلَقُونَ وَلَا يَمْلِكُونَ لِأَنفُسِهِمْ ضَرًّا وَلَا نَفْعًا وَلَا يَمْلِكُونَ مَوْتًا وَلَا حَيَوٰةً وَلَا نُشُورًا ﴿٣﴾

3 അവനു പുറമെ പല ആരാധ്യൻമാരെയും അവർ സ്വീകരിച്ചിരിക്കുകയാണ്. അവർ (ആ ആരാധ്യൻമാർ) യാതൊരു വസ്തുവും സൃഷ്ടിക്കുന്നില്ല; അവരാകട്ടെ, സൃഷ്ടിക്കപ്പെടുകയുമാകുന്നു. തങ്ങൾക്കുതന്നെയും, വല്ല ഉപദ്രവമാകട്ടെ, അവർ സ്വാധീനമാക്കുന്നുമില്ല; അവർ മരണത്തെയാകട്ടെ, ജീവിതത്തെയാകട്ടെ, പുനരുത്ഥാനത്തെയാകട്ടെ, അധീനപ്പെടുത്തുന്നുമില്ല.

---

3 وَاتَّخَذُوا അവർ ഉണ്ടാക്കി, സ്വീകരിച്ചു. مِن دُونِهِ അവന് പുറമെ. آلِهَةً (പല) ദൈവങ്ങളെ, ആരാധ്യൻമാരെ. لاَّ يَخْلُقُونَ അവർ സൃഷ്ടിക്കുന്നില്ല. شَيْئًا യാതൊന്നും, ഒരു വസ്തുവും. وَهُمْ അവരാകട്ടെ, അവരോ. يُخْلَقُونَ സൃഷ്ടിക്കപ്പെടുന്നു. وَلاَ يَمْلِكُونَ അവർ അധീനപ്പെടുത്തുന്നുമില്ല. لِأَنفُسِهِمْ തങ്ങൾക്കുതന്നെ. ضَرًّا ഉപദ്രവം, ദ്രോഹം. وَلاَ نَفْعًا ഉപകാരവും ഇല്ല. وَلاَ يَمْلِكُونَ അവർ അധീനമാക്കുന്നുമില്ല. مَوْتًا മരണത്തെ. وَلاَ حَيَاةً ജീവിതത്തെയും ഇല്ല. وَلاَ نُشُورًا പുനരുത്ഥാനത്തെയും ഇല്ല.

---

* ഈ ആശയം സൂ: ത്വാഹാ 50-ൻെറ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുള്ളത് ഇവിടെ അനുസ്മരിക്കുന്നത് നന്നായിരിക്കും.

അല്ലാഹു അല്ലാത്തവരെ ദൈവമാക്കുന്നതിൻെറ നിരർത്ഥതക്ക് നാല് കാരണങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. ഈ നാലിൽപെട്ട ഏതെങ്കിലും ഒന്നിൽനിന്ന് ആ ദൈവങ്ങൾ ഒഴിവായിരുന്നുവെങ്കിൽ, ആ അപവാദത്തെ ഒരു വിധത്തിലെങ്കിലും ന്യായീകരിച്ച് നോക്കാമായിരുന്നു. 1) അവയൊന്നുപോലും, വല്ലതിനെയും സൃഷ്ടിച്ചുണ്ടാക്കുവാൻ കഴിവുള്ളവയല്ല. ആരാധ്യവസ്തുക്കൾ സൃഷ്ടിച്ചുണ്ടാക്കുവാൻ കഴിവുള്ളവരായിരിക്കേണ്ടതാണ്. 2) അവയാണെങ്കിൽ, സൃഷ്ടികളാണ്. സൃഷ്ടികളെല്ലാം അന്യാശ്രയം കൂടാതെ കഴിയാത്തവരുമത്രെ. ആരാധ്യൻമാർക്ക് അന്യാശ്രയം ഒട്ടും അനുയോജ്യവുമല്ല. 3) മറ്റുള്ളവരുടെ കാര്യം ഇരിക്കട്ടെ, സ്വന്തം കാര്യത്തിലെങ്കിലും പരസഹായം കൂടാതെ ഒരു ഉപകാരപ്രദമായ സംഗതി ചെയ്യാൻ സാധ്യമാണോ? അതുമില്ല. എന്നാൽ പിന്നെ, സ്വന്തം നിലക്ക് വല്ല ഉപദ്രവവും ചെയ്യാൻ കഴിയുമോ? അതും ഇല്ല. അല്ലാഹുവിൻെറ ഉദ്ദേശവും സഹായവും കൂടാതെ അവക്ക് ഒന്നിന്നും കഴിവില്ല. ഇങ്ങിനെയുള്ള വസ്തുക്കളെ ദൈവമാക്കുന്നതിൽ എന്തർത്ഥമാണുള്ളത്?! 4) ജീവനുള്ളതിൻെറ മരണവിഷയമോ, ജീവനില്ലാത്തതിൻെറ ജീവിതകാര്യമോ ഒന്നും തന്നെ അവയുടെ അധീനത്തിൽ പെട്ടതല്ല. മരണപ്പെട്ടവരെ രണ്ടാമത് ജീവിപ്പിക്കുവാനും അവർക്ക് സാധിക്കുകയില്ല. ഇതെല്ലാം അല്ലാഹുവിൻെറ അധീനത്തിലും നിയന്ത്രണത്തിലും മാത്രം ഉൾപ്പെട്ടതാകുന്നു. എന്നിരിക്കെ, അല്ലാഹു മാത്രമേ ഇലാഹായിരിക്കുവാൻ പാടുള്ളു. അതിന് മാത്രമേ ന്യായവുമുള്ളു.

4 അവിശ്വസിച്ചവർ പറയുന്നു: ‘‘ഇത് ഒരു നുണയല്ലാതെ (മറ്റൊന്നും) അല്ല; അവൻ (നബി) അത് കെട്ടിയുണ്ടാക്കിയിരിക്കുകയാണ്; മറ്റു ചില ജനങ്ങൾ അവനെ സഹായിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, (ഇതുമൂലം)അവർ അക്രമവും, വ്യാജവുമായി വന്നിരിക്കുകയാണ്.

وَقَالَ ٱلَّذِينَ كَفَرُوٓاْ إِنۡ هَٰذَآ إِلَّآ إِفۡكٌ ٱفۡتَرَىٰهُ وَأَعَانَهُۥ عَلَيۡهِ قَوۡمٌ ءَاخَرُونَۖ فَقَدۡ جَآءُو ظُلۡمٗا وَزُورٗا ﴿٤﴾

5 അവർ പറയുന്നു: ‘‘പൂർവ്വികന്മാരുടെ ഐതിഹ്യങ്ങളാണ് (അത്) ; അവൻ അതെഴുതിച്ചെടുത്തിരിക്കുകയാണ് അങ്ങനെ, രാവിലെയും , വൈകുന്നേരവും അതവന് വായിച്ച് കേൾപ്പിക്കപ്പെടുന്നു’’ (എന്ന്) .

وَقَالُوٓاْ أَسَٰطِيرُ ٱلۡأَوَّلِينَ ٱكۡتَتَبَهَا فَهِيَ تُمۡلَىٰ عَلَيۡهِ بُكۡرَةٗ وَأَصِيلٗا ﴿٥﴾

6 പറയുക (നബിയേ) : ‘‘ആകാശങ്ങളിലും, ഭൂമിയിലുമുള്ള രഹസ്യം അറിയുന്നവൻ അത് അവതരിപ്പിച്ചിരിക്കുകയാണ്.’’ നിശ്ചയമായും, അവൻ വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

قُلۡ أَنزَلَهُ ٱلَّذِي يَعۡلَمُ ٱلسِّرَّ فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِۚ إِنَّهُۥ كَانَ غَفُورٗا رَّحِيمٗا ﴿٦﴾

---

4 وَقَالَ പറഞ്ഞു, പറയുന്നു. الَّذِينَ كَفَرُوا അവിശ്വസിച്ചവർ. إِنْ هَذَا ഇതല്ല. إِلاَّ إِفْكٌ നുണയല്ലാതെ, കളവല്ലാതെ. افْتَرَاهُ അവനത് കെട്ടിയുണ്ടാക്കിയിരിക്കുന്നു. وَأَعَانَهُ അവനെ സഹായിക്കുകയും ചെയ്തിരിക്കുന്നു. عَلَيْهِ അതിന്ന്, അതിൽ. قَوْمٌ آخَرُونَ വേറെ ഒരു ജനത, വേറെ ആളുകൾ. فَقَدْ جَاءُوا എന്നാൽ തീർച്ചയായും അവർ വന്നിരിക്കുന്നു. ظُلْمًا അക്രമവുമായി, അക്രമംകൊണ്ട്. وَزُورًا വ്യാജവുമായും കള്ളവും കൊണ്ടും. 5 وَقَالُوا അവർ പറയുന്നു. أَسَاطِيرُ الْأَوَّلِينَ പൂർവ്വികൻമാരുടെ ഐതിഹ്യങ്ങളാണ്, പഴങ്കഥകളാണ്. اكْتَتَبَهَا അവനത് എഴുതിച്ചെടുത്തിരിക്കുന്നു. فَهِيَ എന്നിട്ടത്. تُمْلَى ഓതിക്കേൾപ്പിക്കപ്പെടുന്നു, വായിച്ചുകൊടുക്കപ്പെടുന്നു. عَلَيْهِ അവന്. بُكْرَةً രാവിലെ. وَأَصِيلاً വൈകുന്നേരവും. 6 قُلْ പറയുക. أَنزَلَهُ അതിനെ അവതരിപ്പിച്ചിരിക്കുന്നു, ഇറക്കിയിരിക്കയാണ്. الَّذِي يَعْلَمُ അറിയുന്നവൻ. السِّرَّ രഹസ്യത്തെ. فِي السَّمَاوَاتِ ആകാശങ്ങളിലെ. وَالْأَرْضِ ഭൂമിയിലെയും. إِنَّهُ നിശ്ചയമായും അവൻ. كَانَ ആകുന്നു, ആയിരിക്കുന്നു. غَفُورًا വളരെ

പൊറുക്കുന്നവൻ. رَّحِيمًا കരുണാനിധിയും.

നബി (ﷺ) യുടെ പ്രവാചകത്വത്തെ നിഷേധിക്കുന്ന മുശ്‌രിക്കുകളുടെ ചില ജൽപനങ്ങളും അതിന്‍റെ മറുപടിയുമാണിത്. ഇവരുടെ ആക്ഷേപം രണ്ട് തരത്തിലാണുള്ളത്: ഖുർആനെക്കുറിച്ചും, നബി (ﷺ) യെക്കുറിച്ചും, ഖുർആനെ സംബന്ധിച്ച ചില വാദങ്ങളാണ് ഈ വചനങ്ങളിൽ കണ്ടത്.

നള്‌റുബ്നു ഹർഥ് (نضر بن الحرث) ആയിരുന്നു ഈ വാദം പുറപ്പെടുവിച്ച ആൾ. ഘുവൈത്ത്വബ്, യസാർ,അബൂഫുകൈഹത്ത്, (حويطب بن عبد العزى، يسار مولى العلاء الحضرمى، ابوفكيهة الرومى) എന്നിങ്ങിനെ വേദക്കാരായ ചിലർ തൗറാത്ത് വായിക്കലും, അതിലെ കഥകൾ വിവരിക്കലും പതിവുണ്ടായിരുന്നു. അവർ നബി (ﷺ) യിൽ വിശ്വസിച്ചശേഷം, നബി (ﷺ) യും അവരുമായുള്ള ബന്ധത്തെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ടാണ് നള്‌ർ ഈ വാദം ഉന്നയിച്ചത്. ''മുഹമ്മദ് ഓതികേൾപ്പിക്കുന്ന ഈ ഖുർആൻ അല്ലാഹു അവതരിപ്പിച്ചതാണെന്ന് അവർ വൃഥാ വ്യാജം പറയുകയാണ്; മേൽപറഞ്ഞവരെപോലെയുള്ള ചില ആളുകളുടെ സഹായത്തോടു കൂടി, ഒരു പ്രത്യേക ശൈലിയിലും രൂപത്തിലുമായി അവനത് കെട്ടിയുണ്ടാക്കിയതാണ്, യഹൂദൻമാരിൽനിന്നും മറ്റുമായി പല കഥകളും, ഇതിഹാസങ്ങളും കൂട്ടിയിണക്കി എഴുതിച്ചു വാങ്ങി അവൻ പഠിച്ചതാണ്; എഴുത്തും വായനയും അറിയാത്തവനാകകൊണ്ട് അത് അവന് സദാ വായിച്ചു കേൾപ്പിക്കപ്പെടുകയാണ് ചെയ്യുന്നത്.'' എന്നാണ് ഈ വാദത്തിന്‍റെ സാരം

ഖുർആനോട് ഏതെങ്കിലും നിലക്ക് കിടയൊക്കുന്ന ഒരു ഗ്രന്ഥം രചിക്കുവാൻ യഹൂദർക്കോ, നള്‌റിനോ മറ്റാർക്കെങ്കിലുമോ കഴിഞ്ഞിട്ടില്ല-കഴിയുകയുമില്ല. എന്നിരിക്കെ, ഈ ജല്പനം എത്രമാത്രം അനീതിയും പൊള്ളയുമാണ്?! അനിതരസാധാരണമായ സവിശേഷതകളും, മഹൽഗുണങ്ങളും നിറഞ്ഞ ഈ വിവേചനപ്രമാണഗ്രന്ഥം (വിശുദ്ധ ഖുർആൻ) അവതരിപ്പിച്ചത് ആകാശഭൂമികളിലെ പരസ്യങ്ങൾ മാത്രമല്ല, എല്ലാ രഹസ്യങ്ങളും അറിയുന്ന അല്ലാഹുവത്രെ. അതിൽ മറ്റാരുടെ കൈകടത്തലോ, പങ്കെടുക്കലോ ഉണ്ടായിട്ടില്ല എന്നുള്ളത് അവന്നറിയാം. തികച്ചും സ്പഷ്ടമായ ഈ യാഥാർത്ഥ്യത്തെ നിഷേധിക്കുന്നതിന്‍റെ ഗൗരവം നോക്കുമ്പോൾ, അതിനുള്ള ശിക്ഷ വളരെ അടിയന്തരമായിത്തന്നെ നൽകപ്പെടേണ്ടതാണ്. എങ്കിലും, അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാണല്ലോ. انه كان غفورا رحيما അടുത്ത വചനങ്ങളിൽ നബി (ﷺ) തിരുമേനിയെ സംബന്ധിച്ച അവരുടെ ചില അപവാദങ്ങൾ ഉദ്ധരിക്കുന്നു:-

7 അവർ പറയുന്നു: ''എന്താണ് ഈ റസൂലിന്? അദ്ദേഹം ഭക്ഷണം കഴിക്കുകയും, അങ്ങാടികളിൽകൂടി നടക്കുകയും ചെയ്യുന്നു! (ഇങ്ങിനെയാണോ റസൂലുകൾ?!) ''അദ്ദേഹത്തിങ്കലേക്ക് ഒരു 'മലക്ക്' ഇറക്കിക്കൊടുക്കപ്പെടുകയും, എന്നിട്ട് (ആ മലക്ക്) തന്‍റെ ഒന്നിച്ച് ഒരു താക്കീതുകാരനായിരിക്കുകയും ചെയ്യരുതോ?!''

وَقَالُوا۟ مَالِ هَٰذَا ٱلرَّسُولِ يَأْكُلُ ٱلطَّعَامَ وَيَمْشِى فِى ٱلْأَسْوَاقِ ۙ لَوْلَآ أُنزِلَ إِلَيْهِ مَلَكٌ فَيَكُونَ مَعَهُۥ نَذِيرًا ﴿٧﴾

8 ''അതല്ലെങ്കിൽ, അദ്ദേഹത്തിന് വല്ല നിക്ഷേപവും ഇട്ടുകൊടുക്കപ്പെടുകയോ, അല്ലെങ്കിൽ അദ്ദേഹത്തിന് (ഭക്ഷണം) തിന്നുമാറുള്ള ഒരു തോപ്പുണ്ടായിരിക്കുകയോ ചെയ്യരു

أَوْ يُلْقَىٰٓ إِلَيْهِ كَنزٌ أَوْ تَكُونُ لَهُۥ جَنَّةٌ يَأْكُلُ مِنْهَا ۚ وَقَالَ ٱلظَّٰلِمُونَ إِن

تَتَّبِعُونَ إِلَّا رَجُلًا مَّسْحُورًا ﴿٨﴾

തോ?!'' (ഈ) അക്രമികൾ പറയുകയാണ്: ''ആഭിചാരബാധിതനായ ഒരാളെയല്ലാതെ നിങ്ങൾ പിൻപറ്റുന്നില്ല'' എന്ന്!

ٱنظُرْ كَيْفَ ضَرَبُوا۟ لَكَ ٱلْأَمْثَٰلَ فَضَلُّوا۟ فَلَا يَسْتَطِيعُونَ سَبِيلًا ﴿٩﴾

9 നോക്കുക: (നബിയേ) അവർ നിന്നെക്കുറിച്ച് ഉപമകൾ വിവരിച്ചതെങ്ങിനെയാണെന്ന്?! അങ്ങനെ, അവർ വഴിപിഴച്ചുപോയി; ആകയാൽ അവർക്ക് ഒരു മാർഗ്ഗവും (കണ്ടെത്തുവാൻ) സാധ്യമാകുകയില്ല.

وَقَالُوا അവർ പറയുന്നു. مَا എന്താണ് (അത്ഭുതം തന്നെ) . لِهَٰذَا الرَّسُولِ ഈ റസൂലിന്, ദൈവദൂതന്. يَأْكُلُ അദ്ദേഹം തിന്നുന്നു, കഴിക്കുന്നു. الطَّعَامَ ഭക്ഷണം. وَيَمْشِي നടക്കുകയും (സഞ്ചരിക്കയും) ചെയ്യുന്നു. فِي الْأَسْوَاقِ അങ്ങാടികളിൽ. لَوْلَا أُنزِلَ ഇറക്കപ്പെടരുതോ, ഇറക്കപ്പെട്ടുകൂടേ. إِلَيْهِ അദ്ദേഹത്തിങ്കലേക്ക്. مَلَكٌ ഒരു മലക്ക്. فَيَكُونَ എന്നിട്ട് അദ്ദേഹം ആയിരിക്കുക. مَعَهُ അദ്ദേഹമൊന്നിച്ച്, തന്റെ കൂടെ. نَذِيرًا ഒരു താക്കീതുകാരൻ. 8 أَوْ يُلْقَىٰ അല്ലെങ്കിൽ ഇട്ടുകൊടുക്കപ്പെടുക (അരുതോ) . إِلَيْهِ അദ്ദേഹത്തിന്, അദ്ദേഹത്തിങ്കലേക്ക്. كَنزٌ വല്ല നിക്ഷേപവും, ഒരു നിധി. أَوْ تَكُونُ അല്ലെങ്കിൽ ഉണ്ടാകുക (അരുതോ) . لَهُ അദ്ദേഹത്തിന്, തനിക്ക്. جَنَّةٌ ഒരു തോപ്പ്, തോട്ടം. يَأْكُلُ അദ്ദേഹത്തിന് തിന്നാവുന്ന, കഴിക്കുമാറ്. مِنْهَا അതിൽനിന്ന്. وَقَالَ പറയുകയും ചെയ്തു, പറയുന്നു. الظَّالِمُونَ അക്രമികൾ. إِن تَتَّبِعُونَ നിങ്ങൾ പിൻപറ്റുന്നില്ല, തുടരുന്നില്ല. إِلَّا رَجُلًا ഒരു പുരുഷനെയല്ലാതെ, (ഒരാളെയല്ലാതെ) . مَّسْحُورًا ആഭിചാര ബാധിതനായ, മാരണം ചെയ്യപ്പെട്ടവനായ. 9 انظُرْ നോക്കുക. كَيْفَ എങ്ങിനെയാണ്. ضَرَبُوا അവർ വിവരിച്ചു, ആക്കി. لَكَ നിനക്ക്, തനിക്ക്. الْأَمْثَالَ ഉപമകളെ, ഉദാഹരണങ്ങളെ. فَضَلُّوا അങ്ങനെ അവർ വഴിപിഴച്ചിരിക്കുന്നു. فَلَا يَسْتَطِيعُونَ ആകയാൽ (ഇനി) അവർക്ക് സാധ്യമാകയില്ല. سَبِيلًا ഒരു മാർഗ്ഗവും, വഴിയും.

സാധാരണമനുഷ്യരെപ്പോലെ ഭക്ഷണം കഴിക്കുക, അങ്ങാടിയിൽ കൂടി നടക്കുക മുതലായവ റസൂലുകൾക്ക് (ദൈവദൂതൻമാർക്ക്) യോജിച്ചതല്ലെന്നും, റസൂൽ (ﷺ) അങ്ങിനെയുള്ള ആളായതുകൊണ്ട് അവിടുന്ന് റസൂലായിരിക്കുവാൻ അർഹനല്ലെന്നുമാണ് അവർ പറയുന്നത്. റസൂലായിരിക്കണമെങ്കിൽ, മനുഷ്യാതീതമായ ചില പ്രകൃതിവിശേഷങ്ങൾ ഉണ്ടായിരിക്കണമെന്ന് അവർ സമർത്ഥിക്കുന്നു. ഈ ധാരണ കേവലം അബദ്ധമാണെന്ന് 20-ാം വചനത്തിൽ വ്യക്തമായിത്തന്നെ അല്ലാഹു പ്രസ്താവിക്കു ന്നുണ്ട്. അവയുടെ ബുദ്ധിഹീനതയും ആലോചനക്കുറവുമാണിത് കുറിക്കുന്നത്. സാധാരണക്കാരും പ്രവാചകൻമാരും തമ്മിലുള്ള വ്യത്യാസം മനുഷ്യസാധാരണമായ ബാഹ്യപ്രകൃതിഗുണങ്ങളിലല്ല-ആത്മീകവും മാനസികവുമായ ഗുണവിശേഷങ്ങളിലാണ്-എന്ന വസ്തുത ഇവർ മനസ്സിലാക്കുന്നില്ല. മുസ്ലിംകളിൽ തന്നെ അല്പജ്ഞാനികളായ പലർക്കും ഈ വിഷയത്തിൽ അബദ്ധധാരണകൾ പിണയാറുണ്ട്. ഇതിനെപ്പറ്റി സൂ: അൽകഹ്ഫിന്റെ അവസാനത്തിൽവെച്ച് നാം വിവരിച്ചിട്ടുണ്ട്.

''മുഹമ്മദിന്ന് ഒരു സഹായകനും, സാക്ഷിയുമെന്ന നിലക്ക് എന്തുകൊണ്ട് ഒരു മലക്കിനെ തന്റെ ഒപ്പം ഇറക്കിക്കൊടുക്കപ്പെടുന്നില്ല, അല്ലെങ്കിൽ അവന് സുഖമായി കഴിഞ്ഞുകൂടത്തക്കവണ്ണം ഒരു തോട്ടം ഉണ്ടാവരുതോ, അതുമല്ലെങ്കിൽ അവന് അങ്ങാടിയിലും മറ്റും പോയി വിഷമിക്കാതെ ജീവിക്കുമാറ് വല്ല നിക്ഷേപവും നൽകപ്പെടരുതോ?!'' എന്നിങ്ങിനെയുള്ള ബാലിശമായ മറ്റു ചോദ്യങ്ങളാകട്ടെ, അവരുടെ ചിന്താശൂന്യതയും കുബുദ്ധിയും മാത്രമാണ് പ്രകടമാക്കുന്നത്. ഈ പ്രലോഭനങ്ങളുടെ അടിസ്ഥാനത്തിൽ ഒടുക്കം അവർ സ്വയം തന്നെ വിധി കൽപിക്കുകയാണ്: ''മുഹമ്മദിന് എന്തോ ആഭിചാര ബാധയേറ്റ്-മാരണം ബാധിച്ച്-ബുദ്ധി ഭ്രമിച്ചുപോയിരിക്കുന്നു, അത് നിമിത്തം അവൻ എന്തൊക്കെയോ പറഞ്ഞുകൊണ്ടിരിക്കുകയാണ്, അല്ലാതെ അവൻ ദൈവദൂതനൊന്നുമല്ല'' എന്നൊക്കെ, ഇത്യാദി

വിഡ്ഢിത്തങ്ങളും, നിരർത്ഥങ്ങളായ ആരോപണങ്ങളുംകേട്ട് വ്യാകുലപ്പെടേണ്ടതില്ലെന്ന് നബി (ﷺ) യെ സമാശ്വസിപ്പിക്കുകയാണ് 9-ാം വചനം ചെയ്യുന്നത്.

വിഭാഗം . 2

10 യാതൊരുവൻ നൻമയേറിയവനാകുന്നു,- അവൻ ഉദ്ദേശിക്കുന്ന പക്ഷം (അവർ പറയുന്ന) അതിനെക്കാൾ ഉത്തമമായത്-താഴ്ഭാഗത്തുകൂടി നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന തോപ്പുകൾ-നിനക്ക് ഉണ്ടാക്കിത്തരുകയും, നിനക്ക് മണിമാളികകൾ ഉണ്ടാക്കിത്തരുകയും ചെയ്യുന്നതാണ് (അങ്ങിനെയുള്ളവൻ) .

تَبَارَكَ ٱلَّذِىٓ إِن شَآءَ جَعَلَ لَكَ خَيْرًا مِّن ذَٰلِكَ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ وَيَجْعَل لَّكَ قُصُورًا ﴿١٠﴾

---

10 تَبَارَكَ നന്മയേറിയവനായി, മഹത്വമേറിയവനായിരിക്കുന്നു. الَّذِي യാതാരുവൻ. إِن شَاءَ അവൻ ഉദ്ദേശിച്ചാൽ (വേണമെന്നുവെച്ചാൽ) . جَعَلَ ആക്കിത്തരും, ഉണ്ടാക്കുന്നതാണ്. لَكَ നിനക്ക്. خَيْرًا ഉത്തമമായത്, നല്ലത്. مِّن ذَٰلِكَ അതിനെക്കാൾ. جَنَّاتٍ (അതായത്) തോപ്പുകൾ, തോട്ടങ്ങൾ. تَجْرِي നടക്കുന്ന, ഒഴുകുന്ന. مِن تَحْتِهَا അവയുടെ അടിഭാഗത്തുകൂടി. الْأَنْهَارُ നദികൾ, അരുവികൾ. وَيَجْعَل لَّكَ അവൻ നിനക്ക് ഉണ്ടാക്കിത്തരുകയും ചെയ്യും. قُصُورًا മണിമാളികകൾ.

അവിശ്വാസികൾ ഉന്നയിച്ചതും, വേണമെങ്കിൽ അതിനെക്കാൾ എത്രയോ മടങ്ങ് ഉത്തമമായതും നൽകുവാൻ അല്ലാഹുവിന് ഒട്ടും പ്രയാസമില്ല. പക്ഷേ, ഇഹലോകത്തുവെച്ച് കുറെ ജീവിതസൗകര്യങ്ങളും, സുഖാഡംബര സാമഗ്രികളും നബി (ﷺ) ക്ക് ഏർപ്പെടുത്തിക്കൊടുക്കുവാൻ അവൻ ഉദ്ദേശിക്കുന്നില്ല. നബി (ﷺ) ക്ക് നൽകുന്ന പ്രതിഫലം പരലോകത്തുവെച്ചായിരിക്കുവനാണ് അവൻ നിശ്ചയിച്ചിട്ടുള്ളത്.

നബി (ﷺ) യെയും, വിശുദ്ധ ഖുർആനെയും മാത്രമല്ല മുശ്‌രിക്കുകൾ നിഷേധിക്കുന്നത്. പുനർജീവിതത്തിലും, അന്ത്യനാളിൽ രക്ഷാശിക്ഷകൾ നൽകുന്നതിലും അവർ വിശ്വസിക്കുന്നില്ല. ഇതാണവരുടെ നിഷേധത്തിൻെറ പശ്ചാത്തലം. അല്ലാഹു പറയുന്നു:-

11 എന്നാൽ, (അത്രയുമല്ല) അവർ അന്ത്യസമത്തെ വ്യാജമാക്കിയിരിക്കുകയാണ്. അന്ത്യസമയത്തെ വ്യാജമാക്കിയവർക്ക് കത്തിജ്ജ്വലിക്കുന്ന നരകം നാം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

بَلْ كَذَّبُوا۟ بِٱلسَّاعَةِ ۖ وَأَعْتَدْنَا لِمَن كَذَّبَ بِٱلسَّاعَةِ سَعِيرًا ﴿١١﴾

12 ദൂരസ്ഥലത്തുനിന്ന് അതവരെ കാണുമ്പോൾ, അതിന് ഒരു (തരം) കോപം വമിക്കലും, ഇരമ്പലും അവർക്ക് കേൾക്കാവുന്നതാണ്.

إِذَا رَأَتْهُم مِّن مَّكَانٍۭ بَعِيدٍ سَمِعُوا۟ لَهَا تَغَيُّظًا وَزَفِيرًا ﴿١٢﴾

13 അതിൽനിന്നും ഒരു ഇടുങ്ങിയ സ്ഥലത്ത് (ചങ്ങലകളിൽ) ബന്ധിക്കപ്പെട്ടവരായ നിലയിൽ അവരെ ഇടുമ്പോൾ, അവിടെ വെച്ച് അവർ നാശം വിളിച്ചു പറയുന്നതാണ്.

وَإِذَآ أُلْقُوا۟ مِنْهَا مَكَانًا ضَيِّقًا مُّقَرَّنِينَ دَعَوْا۟ هُنَالِكَ ثُبُورًا ﴿١٣﴾

لَّا تَدۡعُواْ ٱلۡيَوۡمَ ثُبُورٗا وَٰحِدٗا وَٱدۡعُواْ ثُبُورٗا كَثِيرٗا ﴿١٤﴾

14 ''ഇന്ന് നിങ്ങൾ ഒരു നാശത്തെ (മാത്രം) വിളിക്കേണ്ടതില്ല, അനേകം നാശത്തെ വിളിച്ചുകൊള്ളുക.'' (ഇതായിരിക്കും അവർക്ക് മറുപടി.)

---

11 بَلْ എന്നാൽ, എങ്കിലും, പക്ഷെ, അത്രയുമല്ല. كَذَّبُوا അവർ വ്യാജമാക്കി, കളവാക്കി. بِالسَّاعَةِ അന്ത്യസമയത്തെ, അന്ത്യഘട്ടത്തെ. وَأَعْتَدْنَا നാം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. لِمَن كَذَّبَ വ്യാജമാക്കിയവർക്ക്. بِالسَّاعَةِ അന്ത്യസമയത്തെ. سَعِيرًا കത്തിജ്വലിക്കുന്നതിനെ (നരകത്തെ) , ജ്വലിക്കുന്ന അഗ്നി. 12 إِذَا رَأَتْهُم അതവരെ കണ്ടാൽ. مِّن مَّكَانٍ ഒരു സ്ഥലത്ത് നിന്ന്. بَعِيدٍ ദൂരമായ. سَمِعُوا അവർ കേൾക്കുന്നതാണ്. لَهَا അതിന്. تَغَيُّظًا കോപം വമിക്കൽ, ക്രോധഭാവം. وَزَفِيرًا ഇരമ്പലും, ദീർഘശ്വാസവും, മുഴക്കവും. 13 وَإِذَا أُلْقُوا അവർ ഇടപ്പെട്ടാൽ. مِنْهَا അതിൽ നിന്ന്. مَكَانًا ഒരു സ്ഥലത്ത്. ضَيِّقًا ഇടുങ്ങിയ, കുടുസ്സായ. مُّقَرَّنِينَ ബന്ധിക്കപ്പെട്ടവരായി, കൂട്ടിക്കെട്ടപ്പെട്ടവരായി. دَعَوْا അവർ വിളിക്കുന്നതാണ്, വിളിച്ചു പറയും. هُنَالِكَ അവിടെവെച്ച്. ثُبُورًا നാശത്തെ. 14 لَا تَدْعُوا നിങ്ങൾ വിളിക്കേണ്ട, (വിളിക്കേണ്ടതില്ല) . الْيَوْمَ ഇന്ന്. ثُبُورًا وَاحِدًا ഒരു നാശത്തെ. وَادْعُوا നിങ്ങൾ വിളിച്ചുകൊള്ളുവിൻ. ثُبُورًا كَثِيرًا അനേകം(വളരെ) നാശത്തെ.

വളരെ അകലത്ത് പ്രത്യക്ഷപ്പെടുമ്പോഴേക്കും കേൾക്കത്തക്കവണ്ണം അതികഠിനതരമായിരിക്കും, നരകത്തിലെ അഗ്നിജ്വാലയുടെ വമിപ്പും, അതിൻെറ ഊക്കേറിയ ഇരമ്പലും, അതിൽ അവരെ പ്രവേശിപ്പിക്കപ്പെടുന്നത് ചങ്ങലകളിലും, ആമങ്ങളിലും ബന്ധിക്കപ്പെട്ടുകൊണ്ടുമായിരിക്കും. അതും കുടുസ്സായ ചില സ്ഥലങ്ങളിൽ! ഈ അവസരത്തിൽ സഹിക്കവയ്യാത്ത ദീനരോദനങ്ങളോടുകൂടി അവർ 'നാശമേ!', 'കഷ്ടമേ!' എന്നിങ്ങിനെ നിലവിളിച്ചുകൊണ്ടിരിക്കും. പക്ഷേ, ഈ വിളികേട്ട് സഹതപിക്കുവാനോ, ആശ്വാസം നൽകുവാനോ ആരും ഉണ്ടായിരിക്കയില്ല. ''നിങ്ങൾ ഒരു നാശത്തെമാത്രം വിളിക്കേണ്ടതില്ല, അനേകനാശങ്ങളെത്തന്നെ വിളിച്ചേക്കുക; അഥവാ, നിങ്ങൾ ഇവിടെ അനുഭവിക്കേണ്ടുന്ന കഷ്ടപ്പാടുകൾ വളരെ അധികമാണ്.'' എന്നിങ്ങിനെയുള്ള മറുപടിയായിരിക്കും അവർക്ക് ലഭിക്കുക! **معاذالله**

قُلۡ أَذَٰلِكَ خَيۡرٌ أَمۡ جَنَّةُ ٱلۡخُلۡدِ ٱلَّتِي وُعِدَ ٱلۡمُتَّقُونَۚ كَانَتۡ لَهُمۡ جَزَآءٗ وَمَصِيرٗا ﴿١٥﴾

15 (നബിയേ) പറയുക: ''അതാണോ ഉത്തമം, അഥവാ ഭയഭക്തർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള ശാശ്വത സ്വർഗ്ഗമോ?'' അത് (സ്വർഗ്ഗം) അവർക്ക് പ്രതിഫലവും മടങ്ങിച്ചെല്ലുന്ന ഭവനവും ആയിരിക്കുന്നതാണ്.

لَّهُمۡ فِيهَا مَا يَشَآءُونَ خَٰلِدِينَۚ كَانَ عَلَىٰ رَبِّكَ وَعۡدٗا مَّسۡـُٔولٗا ﴿١٦﴾

16 നിത്യവാസികളായിരിക്കുന്ന നിലയിൽ, തങ്ങൾ ഉദ്ദേശിക്കുന്ന ഏതൊന്നും അവർക്കതിൽ ഉണ്ടായിരിക്കുന്നതാണ്. അക്കാര്യം, നിൻെറ റബ്ബിൻെറമേൽ ചോദ്യംചെയ്യപ്പെടാവുന്ന ഒരു വാഗ്ദാനമാകുന്നു.

---

15 قُلْ പറയുക, ചോദിക്കുക. أَذَٰلِكَ അതാണോ. خَيْرٌ ഉത്തമം, നല്ലത്, ഗുണകരം. أَمْ അഥവാ അതല്ലാ, അതോ. جَنَّةُ الْخُلْدِ ശാശ്വതസ്വർഗ്ഗം, സ്ഥിരവാസത്തിൻെറ സ്വർഗ്ഗം (ആണോ) . الَّتِي وُعِدَ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളതായ. الْمُتَّقُونَ ഭയഭക്തർക്ക്, സൂക്ഷ്മതയുള്ളവരോട്. كَانَتْ അതാകുന്നു, ആയിരിക്കുന്നു. لَهُمْ അവർക്ക്. جَزَاءً പ്രതിഫലം. وَمَصِيرًا മടങ്ങുന്ന സ്ഥലവും, പ്രാപ്യസ്ഥാനവും. 16 لَهُمْ അവർക്കുണ്ട്. فِيهَا അതിൽ, അവിടത്തിൽ. مَا യാതൊന്ന്. يَشَاءُونَ അവർ ഉദ്ദേശിക്കുന്ന. خَالِدِينَ നിത്യവാസികളായിട്ട്, ശാശ്വതരായ നിലയിൽ. كَانَ അത് (അക്കാര്യം)

ആകുന്നു, ആയിരിക്കുന്നു. عَلَى رَبِّكَ നിൻെറ റബ്ബിൻെറമേൽ. وَعْدًا വാഗ്ദാനം, കരാർ. مَّسْئُولاً ചോദ്യം ചെയ്യപ്പെടാവുന്ന (ഉത്തരവാദപ്പെട്ട) .

അവിശ്വാസികൾക്ക് നരകത്തിൽവെച്ച് അനുഭവിക്കേണ്ടിവരുന്ന കടുത്ത ശിക്ഷയുടെ സ്വഭാവം ചുരുക്കി വിവരിച്ചതിനുശേഷം, സത്യവിശ്വാസവും സൽക്കർമ്മങ്ങളും മുഖേന ദോഷബാധയെ സൂക്ഷിച്ചുവരുന്ന ഭയഭക്തർക്ക് ലഭിക്കുന്ന സ്വർഗ്ഗീയസൗഭാഗ്യം ഈ വചനങ്ങളിൽ ചൂണ്ടിക്കാട്ടുന്നു. ഈ രണ്ടിൽ ഏതാണ് കൂടുതൽ ഉത്തമം, ഏതാണ് തങ്ങൾക്ക് വേണ്ടത് എന്ന് ചിന്തിച്ചു നോക്കുമാറ് അവിശ്വാസികളുടെ മനസ്സാക്ഷികളെ തട്ടി ഉണർത്തുകയും ചെയ്യുന്നു. 'അക്കാര്യം-ഭയഭക്തൻമാർക്കുള്ള പ്രതിഫലം ശാശ്വതസ്വർഗ്ഗമാണെന്ന കാര്യം-അല്ലാഹുവിൻെറമേൽ ചോദ്യം ചെയ്യപ്പെടാവുന്നവിധം ഉത്തരവാദപ്പെട്ട ഒരു വാഗ്ദാനമാണ് എന്ന് പറഞ്ഞത് സജ്ജനങ്ങളായ ആളുകളെ ആവേശം കൊള്ളിക്കുന്നതത്രെ. അല്ലാഹുവിന് പുറമെ ഇതരവസ്തുക്കളെ ആരാധ്യവസ്തുക്കളായി സ്വീകരിച്ചവർക്ക് അവരുടെ ആരാധ്യവസ്തുകളിൽനിന്ന് പരലോകത്തുവെച്ചുണ്ടാകുന്ന അനുഭവം എന്തായിരിക്കുമെന്ന് അടുത്ത വചനങ്ങളിൽ വിവരിക്കുന്നു:-

وَيَوْمَ يَحْشُرُهُمْ وَمَا يَعْبُدُونَ مِن دُونِ ٱللَّهِ فَيَقُولُ ءَأَنتُمْ أَضْلَلْتُمْ عِبَادِى هَٰٓؤُلَآءِ أَمْ هُمْ ضَلُّوا۟ ٱلسَّبِيلَ ﴿١٧﴾

17 അവരെയും, അല്ലാഹുവിനു പുറമെ അവർ ആരാധിച്ചുവരുന്നതിനെയും അവൻ [അല്ലാഹു] ഒരുമിച്ചുകൂട്ടുന്ന ദിവസം, എന്നിട്ട് അവൻ (ആരാധ്യവസ്തുക്കളോട്) ചോദിക്കും: ''എൻെറ ഈ അടിയാൻമാരെ നിങ്ങൾ വഴിപിഴപ്പിച്ചതാണോ, അഥവാ അവർ തന്നെ വഴിതെറ്റിപ്പോയതോ?!''

قَالُوا۟ سُبْحَٰنَكَ مَا كَانَ يَنۢبَغِى لَنَآ أَن نَّتَّخِذَ مِن دُونِكَ مِنْ أَوْلِيَآءَ وَلَٰكِن مَّتَّعْتَهُمْ وَءَابَآءَهُمْ حَتَّىٰ نَسُوا۟ ٱلذِّكْرَ وَكَانُوا۟ قَوْمًۢا بُورًا ﴿١٨﴾

18 അവർ [ആരാധ്യവസ്തുക്കൾ] പറയും: ''നീ വളരെ പരിശുദ്ധൻ!'' നിനക്കു പുറമെ യാതൊരുവിധ രക്ഷാകർത്താക്കളെയും സ്വീകരിക്കുന്നത് ഞങ്ങൾക്ക് അനുയോജ്യമായിരുന്നില്ല. പിന്നെ, ഞങ്ങളെങ്ങിനെ അവരെ അതിന് പ്രേരിപ്പിക്കും?! പക്ഷേ, അവർക്കും അവരുടെ പിതാക്കൾക്കും നീ സുഖഭോഗം നൽകി; അങ്ങനെ, അവർ ഉൽബോധനം മറന്നുകളയുകയും, നശിച്ച ഒരു ജനതയായിത്തീരുകയും ചെയ്തിരിക്കയാണ്.''

فَقَدْ كَذَّبُوكُم بِمَا تَقُولُونَ فَمَا تَسْتَطِيعُونَ صَرْفًا وَلَا نَصْرًا ۚ وَمَن يَظْلِم مِّنكُمْ نُذِقْهُ عَذَابًا كَبِيرًا ﴿١٩﴾

19 (അല്ലാഹു പറയും:) ''ഇപ്പോൾ (ഇതാ) നിങ്ങൾ പറയുന്നതിൽ അവർ നിങ്ങളെ കളവാക്കിക്കഴിഞ്ഞു. ഇനി, (ശിക്ഷയെ) തിരിച്ചുകളയുവാനാകട്ടെ, സഹായം ലഭിക്കുവാനാകട്ടെ നിങ്ങൾക്ക് സാധ്യമാകുന്നതല്ല. ആർ നിങ്ങളിൽ നിന്ന് അക്രമം പ്രവർത്തിക്കുന്നുവോ അവനെ നാം വലുതായ ശിക്ഷ ആസ്വദിപ്പിക്കുന്നതാകുന്നു.''

---

17 وَيَوْمَ ദിവസം. يَحْشُرُهُمْ അവൻ അവരെ ഒരുമിച്ചുകൂട്ടും. وَمَا യാതൊന്നിനെയും, യാതൊരുവരെയും. يَعْبُدُونَ അവർ ആരാധിക്കുന്നു. مِن دُونِاللَّهِ അല്ലാഹുവിനു പുറമെ. فَيَقُولُ എന്നിട്ട് പറയും, ചോദിക്കും. أَأَنتُمْ നിങ്ങളോ. أَضْلَلْتُمْ വഴിപിഴപ്പിച്ചു. عِبَادِي എൻെറ അടിയാൻമാരെ. هَؤُلَاءِ ഇക്കൂട്ടരായ (ഈ) . أَمْ അതേ, അഥവാ. هُمْ അവർ തന്നെ. ضَلُّوا പിഴച്ചിരിക്കുന്നു(വോ) . السَّبِيلَ വഴി, മാർഗ്ഗം. 18 قَالُوا അവർ പറയും. سُبْحَانَكَ നീ വളരെ പരിശുദ്ധൻ, നിനക്ക് സ്തോത്ര കീർത്തനം,

നിൻെറ പരിശുദ്ധി വാഴ്ത്തുന്നു. مَا كَانَ يَنبَغِي അനുയോജ്യമായിരുന്നില്ല, യോജിക്കുന്നതല്ല, (നിവൃത്തിയില്ല) . لَنَا ഞങ്ങൾക്ക്. أَن نَّتَّخِذَ ഞങ്ങൾ സ്വീകരിക്കുന്നത്, ഏർപ്പെടുത്തുന്നത്. مِن دُونِكَ നിനക്ക്പുറമെ, നിന്നെക്കൂടാതെ. مِنْ أَوْلِيَاءَ യാതൊരു രക്ഷാകർത്തക്കളെയും, ബന്ധുമിത്രങ്ങളെയും. وَلَكِن പക്ഷേ, എങ്കിലും. مَّتَّعْتَهُمْ നീ അവർക്ക് സുഖഭോഗം നലകി, അവരെ സൗഖ്യത്തിലാക്കി. وَآبَاءَهُمْ അവരുടെ പിതാക്കളെയും. حَتَّىٰ نَسُوا അങ്ങനെ അവർ മറന്നുകളഞ്ഞു, മറക്കുന്നതുവരെ, വിസ്മരിക്കുമാറ്. الذِّكْرَ ഉൽബോധനം, പ്രമാണം, സ്മരണ, ഉപദേശം. وَكَانُوا അവരായിത്തീരുകയും ചെയ്തു. قَوْمًا ഒരു ജനത. بُورًا നശിച്ച, നാശമടഞ്ഞ. 19 فَقَدْ كَذَّبُوكُم ഇപ്പോൾ (എന്നാൽ) അവർ നിങ്ങളെ കളവാക്കിക്കളഞ്ഞു. بِمَا تَقُولُونَ നിങ്ങൾ പറയുന്നതിൽ. فَمَا تَسْتَطِيعُونَ ആകയാൽ (ഇനി) നിങ്ങൾക്ക് സാധ്യമാകയില്ല. صَرْفًا തിരിച്ചുകളയുന്നതിന്, മാറ്റുന്നതിന്. وَلَا نَصْرًا സഹായത്തിനും, സഹായം കിട്ടുവാനും ഇല്ല. وَمَن ആരെങ്കിലും, വല്ലവരും. يَظْلِم അക്രമം ചെയ്യുന്നതായാൽ. مِّنكُمْ നിങ്ങളിൽ നിന്ന്. نُذِقْهُ നാം അവന്ന് ആസ്വദിപ്പിക്കും, അനുഭവിപ്പിക്കും. عَذَابًا ശിക്ഷ. كَبِيرًا വലുതായ.

ഈ ചോദ്യങ്ങളിൽനിന്ന് മനസ്സിലാകുന്നത് ആരാധ്യൻമാരെക്കൊണ്ട് ഇവിടെ ഉദ്ദേശ്യം, ചില വിഭാഗക്കാർ ആരാധിച്ചുവന്ന നബിമാർ, മലക്കുകൾ, മുതലായവരാണെന്നാണ്. അവരുടെ മറുപടി നോക്കുക, അല്ലാഹുവിൻെറ പരിശുദ്ധതയെ വാഴ്ത്തിക്കൊണ്ട് അവർ നൽകുന്ന ആ മറുപടിയുടെ താൽപര്യം ഇതാണ്: ‘‘നീ അല്ലാത്ത ആരെയും രക്ഷകർത്താക്കളും, കൈകാര്യക്കാരുമായി സ്വീകരിക്കുവാൻ ഞങ്ങൾക്ക് നിവൃത്തിയില്ലല്ലോ. എന്നിരിക്കെ, ഞങ്ങളെ ആരാധിക്കുവാനും, രക്ഷാകർത്താക്കളായി സ്വീകരിക്കുവാനും, ഞങ്ങളെങ്ങിനെ ആവശ്യപ്പെടും?! പക്ഷെ, സംഭവം മറ്റൊന്നാണ്: ഈ അവിശ്വാസികൾ, അവർക്കും അവരുടെ മുൻഗാമികൾക്കും ലഭിച്ച ലൗകീകസുഖങ്ങളിൽ ലയിച്ചു സത്യോപദേശത്തെയും, ദിവ്യോൽബോധനത്തെയും വിസ്മരിച്ചു കളഞ്ഞു. അങ്ങിനെ, അവർ സ്വയം വഴിപിഴച്ച് നാശമടയുകയാണ് ചെയ്തിരിക്കുന്നത്. ഞങ്ങളെ അവർ ആരാധിച്ചുവന്നതിൽ ഞങ്ങൾ നിരപരാധികളാകുന്നു....’’ തങ്ങൾ ആരാധിച്ചുവന്നവരിൽനിന്ന് - അവർ ആരുതന്നെ ആയിരുന്നാലും-ഈ മറുപടി കേൾക്കുമ്പോൾ, ആ ആരാധകൻമാരുടെ നിരാശയും, വ്യസനവും എത്രമാത്രമായിരിക്കും?! ഈ അവസരത്തിൽ സർവ്വാധിനാഥനായ അല്ലാഹു അവരെ അഭിമുഖീകരിച്ച് പറയുന്ന വാക്കുകളാണ് 19-ാം വചനത്തിൽ കാണുന്നത്.

وَمَآ أَرْسَلْنَا قَبْلَكَ مِنَ ٱلْمُرْسَلِينَ إِلَّآ إِنَّهُمْ لَيَأْكُلُونَ ٱلطَّعَامَ وَيَمْشُونَ فِى ٱلْأَسْوَاقِ ۗ وَجَعَلْنَا بَعْضَكُمْ لِبَعْضٍ فِتْنَةً أَتَصْبِرُونَ ۗ وَكَانَ رَبُّكَ بَصِيرًا ﴿٢٠﴾

20 (നബിയേ) നിനക്കു മുമ്പ് ‘മുർസലു’കളിൽ [ദൈവദൂതൻമാരിൽ] ഭക്ഷണം കഴിക്കുകയും, അങ്ങാടികളിൽ സഞ്ചരിക്കുകയും ചെയ്യാറുള്ള നിലയിൽ തന്നെയല്ലാതെ (ആരെയും) നാം അയക്കുകയുണ്ടായിട്ടില്ല. നിങ്ങളിൽ ചിലരെ (മറ്റു) ചിലർക്ക് നാം ഒരു പരീക്ഷണമാക്കിയിരിക്കുകയാണ്- നിങ്ങൾ സഹിക്കുമോ എന്ന്. നിൻെറ രക്ഷിതാവ് (എല്ലാം) വീക്ഷിച്ചു കൊണ്ടിരിക്കുന്നവനാകുന്നു.

---

20 وَمَا أَرْسَلْنَا നാം അയച്ചിട്ടില്ല. قَبْلَكَ നിനക്ക്മുമ്പ്. مِنَ الْمُرْسَلِينَ മർസലുകളിൽനിന്ന് (ആരെയും) . إِلاَّ إِنَّهُمْ നിശ്ചയമായും അവർ ആയിട്ടല്ലാതെ. لَيَأْكُلُونَ തിന്നുന്ന, കഴിക്കുന്ന നിലയിൽതന്നെ. الطَّعَامَ ഭക്ഷണം. وَيَمْشُونَ അവർ നടക്കുകയും, സഞ്ചരിക്കുകയും. فِي الْأَسْوَاقِ അങ്ങാടികളിൽ. وَجَعَلْنَا നാം ആക്കിയിരിക്കുന്നു, ഏർപ്പെടുത്തിയിരിക്കുന്നു. بَعْضَكُمْ നിങ്ങളിൽ ചിലരെ. لِبَعْضٍ ചിലർക്ക്. فِتْنَةً പരീക്ഷണം, കുഴപ്പം. أَتَصْبِرُونَ നിങ്ങൾ ക്ഷമിക്കുമോ, സഹിക്കുമോ (എന്ന്) . وَكَانَ رَبُّكَ

നിൻെറ റബ്ബ് ആകുന്നു. بَصِيرًا വീക്ഷിക്കുന്നവൻ, കണ്ടറിയുന്നവൻ.

'മുർസൽ' (المرسل) എന്നാൽ അയക്കപ്പെട്ടവൻ എന്ന് വാക്കർത്ഥമാകുന്നു. ജനങ്ങൾക്ക് അല്ലാഹുവിൻെറ ദൗത്യം എത്തിച്ചുകൊടുക്കുവനായി നിയോഗിക്കപ്പെട്ട പ്രവാചകൻമാർക്കാണ് 'റസൂൽ' എന്നും 'മുർസൽ' എന്നും സാധാരണ പറയുന്നത്. ദൗത്യം എത്തിക്കുവാൻവേണ്ടി അയക്കപ്പെടുന്ന എല്ലാവർക്കും ഭാഷയിൽ ഈ വിശേഷണ നാമങ്ങൾ ഉപയോഗിക്കാവുന്നതാണ്.

7-ാം വചനത്തിൽ, അവിശ്വാസികൾ പുറപ്പെടുവിച്ച ചില ആക്ഷേപങ്ങളെപ്പറ്റി പ്രസ്താവിച്ചുവല്ലോ. എന്തുകൊണ്ടാണ് ഈ റസൂൽ (മുഹമ്മദ്-സ) ഭക്ഷണം കഴിക്കുകയും അങ്ങാടിയിൽ കൂടി സഞ്ചരിക്കുകയും ചെയ്യുന്നത് എന്നുള്ള ആ ആക്ഷേപത്തിന് മറുപടിയാണ് ഈ വചനത്തിൽ കാണുന്നത്. നബി (ﷺ) ക്ക് മുമ്പുള്ള എല്ലാ മുർസലുകളും ഇതുപോലെ ഭക്ഷണം കഴിച്ചും, ആവശ്യമുള്ളപ്പോൾ അങ്ങാടികളിൽ പോയിക്കൊണ്ടും തന്നെയാണ് ജീവിച്ചിരുന്നത്, ഇത് നബി (ﷺ) യുടെ ഒരു പ്രത്യേകതയൊന്നുമല്ല, ദൈവദൂതൻമാർക്ക് ഇതൊന്നും യോജിച്ചതല്ലെന്നോ പാടില്ലെന്നോ ഒരു നിയമവും ഇല്ല എന്നാണ് മറുപടിയുടെ താൽപര്യം. ചിലരെ ചിലർക്ക് പരീക്ഷണമാക്കിയിരിക്കുന്നുവെന്ന് പറഞ്ഞത് ശ്രദ്ധേയമാകുന്നു. ഉപദേഷ്ടാക്കളും പ്രബോധകൻമാരുമായ ആളുകൾക്ക് എതിരാളികൾ ഉണ്ടായിരിക്കലും, പല തരത്തിലുള്ള എതിർപ്പുകളും, വിഷമങ്ങളും നേരിടലും സ്വഭാവികമാണെന്നും, അതിലെല്ലാം ക്ഷമയും, സഹനവും കൈക്കൊണ്ട്-നിരാശപ്പെടാതെ-അവർ മുന്നോട്ട് പോകേണ്ടതുണ്ടെന്നുമാണ് ആ വാക്യം ധ്വനിപ്പിക്കുന്നത്. അല്ലാഹു എല്ലാം വീക്ഷിച്ചും കണ്ടറിഞ്ഞും കൊണ്ടിരിക്കുന്നുണ്ടെന്ന് അവസാനം ഉണർത്തിയിട്ടുള്ളത് അവർക്ക് മനസ്സമാധാനത്തിന്നും, ആശക്കും വക നൽകുകയും ചെയ്യുന്നു.

ജുസ്ഉ് 19

വിഭാഗം 3

21 നാമുമായി കണ്ടുമുട്ടുന്നതിനെ പ്രതീക്ഷിക്കാത്തവർ പറയുന്നു: ''നമ്മുടെ മേൽ മലക്കുകൾ ഇറക്കപ്പെടുകയോ, അല്ലെങ്കിൽ നമ്മുടെ റബ്ബിനെ നാം (നേരിൽ) കാണുകയോ ചെയ്തുകൂടേ?!'' എന്ന്. തീർച്ചയായും, അവർ തങ്ങളുടെ മനസ്സിൽ (സ്വയം) ഗർവ്വ്നടിക്കുകയും, വലിയ ധിക്കാരം ധിക്കരിക്കുകയും ചെയ്തിരിക്കയാണ്!

۞ وَقَالَ ٱلَّذِينَ لَا يَرْجُونَ لِقَآءَنَا لَوْلَآ أُنزِلَ عَلَيْنَا ٱلْمَلَـٰٓئِكَةُ أَوْ نَرَىٰ رَبَّنَا ۗ لَقَدِ ٱسْتَكْبَرُوا۟ فِىٓ أَنفُسِهِمْ وَعَتَوْ عُتُوًّا كَبِيرًا ﴿٢١﴾

22 മലക്കുകളെ അവർ കാണുന്ന ദിവസം-(ആ) കുറ്റവാളികൾക്ക് അന്ന്- സന്തോഷ വാർത്തയേ ഇല്ല. അവർ പറയുകയും ചെയ്യും: ''ഭദ്രമായ തടസ്സം!'' എന്ന്.

يَوْمَ يَرَوْنَ ٱلْمَلَـٰٓئِكَةَ لَا بُشْرَىٰ يَوْمَئِذٍ لِّلْمُجْرِمِينَ وَيَقُولُونَ حِجْرًا مَّحْجُورًا ﴿٢٢﴾

---

21 وَقَالَ പറയുന്നു, പറയുകയും ചെയ്തു. الَّذِينَ لاَ يَرْجُونَ പ്രതീക്ഷിക്കാത്തവർ. لِقَاءَنَا നാമുമായി കണ്ടുമുട്ടുന്നതു, നമ്മെ കാണുന്നത്. لَوْلاَ أُنزِلَ ഇറക്കപ്പെടരുതോ, ഇറക്കപ്പെട്ടുകൂടേ. عَلَيْنَا ഞങ്ങളിൽ, ഞങ്ങളുടെ മേൽ. الْمَلاَئِكَةُ മലക്കുകൾ. أَوْ نَرَى അല്ലെങ്കിൽ ഞങ്ങൾക്ക് (നമുക്ക്) കണ്ടുകൂടേ. رَبَّنَا ഞങ്ങളുടെ റബ്ബിനെ, നമ്മുടെ രക്ഷിതാവിനെ. لَقَدِ اسْتَكْبَرُوا തീർച്ചയായും അവർ ഗർവ്വ് നടിച്ചിരിക്കയാണ്. فِي أَنفُسِهِمْ അവരുടെ സ്വന്തം നിലയിൽ, മനസ്സിൽ. وَعَتَوْا അവർ ധിക്കരിക്കയും ചെയ്തിരിക്കയാണ്, അതിരുകവിയുകയും ചെയ്തിരിക്കുന്നു. عُتُوًّا كَبِيرًا വലിയ

ധിക്കാരം. 22 يَوْمَ يَرَوْنَ അവർ കാണുന്ന ദിവസം. الْمَلَائِكَةَ മലക്കുകളെ. لَا بُشْرَىٰ സന്തോഷ വാർത്തയേ ഇല്ല. يَوْمَئِذٍ അന്ന്, ആ ദിവസം. لِّلْمُجْرِمِينَ കുറ്റവാളികൾക്ക്, പാപികൾക്ക്. وَيَقُولُونَ അവർ പറയുകയും ചെയ്യും. حِجْرًا തടസ്സം, തടവ്, മുടക്കം. مَّحْجُورًا തടസ്സപ്പെട്ട, മുടക്കപ്പെട്ട, തടയപ്പെട്ട (ഭദ്രമായ) .

പരലോകത്തിലും, മരണാനന്തരജീവിതത്തിലും വിശ്വാസമില്ലായ്ക നിമിത്തം, അല്ലാഹുവുമായി കണ്ടുമുട്ടേണ്ടിവരുമെന്ന പ്രതീക്ഷയോ, അവൻെറ മുമ്പിൽ തങ്ങളുടെ ചെയ്തികളെക്കുറിച്ച് സമാധാനം ബോധിപ്പിക്കേണ്ടിവരുമെന്ന ഭയമോ ഇല്ലാത്തവരാണ് ആ അവിശ്വാസികൾ. അതുകൊണ്ട് നിരർത്ഥങ്ങളായ ആക്ഷേപങ്ങളും ചോദ്യങ്ങളും പുറപ്പെടുവിക്കുന്നതിൽ അവർക്ക് ഒരു ലക്കുംലഗാനുമില്ല. നബി (ﷺ) യുടെ ഒന്നിച്ച് ഒരു മലക്കിനെ അയക്കാത്തതെന്തുകൊണ്ടാണെന്ന് അവർ ചോദിച്ചത് നാം മുകളിൽ കണ്ടു. ഇപ്പോൾ അവർ കുറേകൂടി മുന്നോട്ട് കടന്ന് ചോദിക്കുന്നു: ‘‘എന്തുകൊണ്ടാണ് മലക്കുകൾ ഞങ്ങളുടെ അടുക്കൽ നേരെ വന്ന് മുഹമ്മദിൻെറ വാദം സത്യമാണെന്ന് സാക്ഷ്യപ്പെടുത്താത്തത്?!’’ ധിക്കാരം അവിടംകൊണ്ടും അവസാനിക്കുന്നില്ല. ‘‘അല്ലെങ്കിൽ അല്ലാഹുതന്നെ ഞങ്ങളുമായി നേരിൽ കണ്ട് ഉപദേശിക്കുകയോ, ഇവന് സാക്ഷ്യം നൽകുകയോ ചെയ്തുകൂടേ?!’’ ഇതാണ് അടുത്ത ചോദ്യം. തനി അഹങ്കാരത്തിൽനിന്നും, ധിക്കാരത്തിൽനിന്നും മാത്രം ഉടലെടുക്കുന്ന ഈ ചോദ്യങ്ങളൊന്നും വാസ്തവത്തിൽ മറുപടി അർഹിക്കുന്നവയല്ലതന്നെ.

എന്നാൽ ഈ ധിക്കാരികൾ ഒരു യാഥാർത്ഥ്യം ഓർമ്മിക്കുന്നത് നന്നായിരിക്കും. അതവരുടെ ഗുണത്തിന് തന്നെ ഒഴിച്ചുകൂടാത്തതാണ്. അതായത്, മലക്കുകളെ അവർ ശരിക്ക് കാണുന്ന ഒരു ദിവസമുണ്ട്. അത് വന്നു കഴിഞ്ഞാൽ ഇവരുടെ ഈ ധിക്കാരവും, പരിഹാസവുമെല്ലാം അപ്രത്യക്ഷമാകും. ശാപകോപങ്ങളുടെ വാർത്തകളും, ശിക്ഷാവകുപ്പുകളുടെ അനുഭവങ്ങളുമല്ലാതെ-സന്തോഷത്തിൻെറയും അനുമോദനത്തിൻെറയും കണികപോലും - അവർക്ക് മലക്കുകളിൽ നിന്നോ മറ്റോ ലഭിക്കുവാനുണ്ടായിരിക്കയില്ല. ഇതവർ ഓർത്തിരിക്കട്ടെ.

حجرا محجورا എന്ന വാക്കിൻെറ ഉദ്ദേശ്യാർത്ഥമെന്ന നിലക്കാണ് ‘ഭദ്രമായ തടസ്സം’ എന്ന് അതിന് നാം തർജ്ജമ നൽകിയത്. സൂ: മർയം 23-ാം വചനത്തിലെ نسيا منسيا എന്ന പ്രയോഗത്തെപ്പറ്റി പ്രസ്താവിച്ചപ്പോൾ, അവിടെ നാം ചില സംഗതികൾ ചൂണ്ടിക്കാട്ടുകയുണ്ടായി. അതേ തരത്തിലുള്ള ഒരു പ്രയോഗം തന്നെയാണിതും. ‘‘മുടക്കപ്പെട്ട മുടക്കം, വിലക്കപ്പെട്ട വിലക്കം, തടയപ്പെട്ട തടസ്സം’’ എന്നും മറ്റും ഇതിന് വാക്കർത്ഥം കൊടുക്കാം. ശക്തിയായ അല്ലെങ്കിൽ ഭദ്രമായ തടസ്സം എന്നുദ്ദേശ്യം. ഈ വാക്ക് പറയുന്നവർ-അഥവാ يقولون എന്ന ക്രിയയുടെ കർത്താവ്-മലക്കുകളാണെന്നും, കുറ്റവാളികളാണെന്നും വരാൻ സാധ്യതയുണ്ട്. മലക്കുകൾ പറയുന്ന വാക്കാണെന്നുള്ളതാണ് കൂടുതൽ ബലപ്പെട്ട അഭിപ്രായം. അപ്പോൾ അതിൻെറ വിവക്ഷ, നിങ്ങൾക്കിവിടെ യാതൊരു രക്ഷയുമില്ല, എല്ലാവിധ സന്തോഷവും ഭദ്രമാംവണ്ണം നിങ്ങൾക്ക് തടയപ്പെട്ടിരിക്കുന്നു എന്നായിരിക്കും. ഇനി, അത് അവിശ്വാസികളാകുന്ന കുറ്റവാളികളുടെ വാക്കാണെന്ന് വെക്കുന്നപക്ഷം, അതിൻെറ താൽപര്യം ഇപ്രകാരമായിരിക്കും: ‘‘ഞങ്ങൾക്കും ശിക്ഷക്കുമിടയിൽ ഭദ്രമായ തടസ്സം (ശരിയായ തടവ്) ഏർപ്പെടുത്തിത്തന്നു ഞങ്ങളെ രക്ഷിക്കണേ!’’

23 അവർ [അവിശ്വാസികൾ] കർമ്മമായിട്ട് (എന്തെങ്കിലും) പ്രവർത്തിച്ചിട്ടുള്ളതിൻെറ നേരെ ചെന്ന് അതിനെ നാം ചിതറിയ ധൂളി (പോ

وَقَدِمْنَآ إِلَىٰ مَا عَمِلُوا۟ مِنْ عَمَلٍ فَجَعَلْنَـٰهُ

ലെ) യാക്കിത്തീർക്കുകയും ചെയ്യുന്നതാണ്.

هَبَآءً مَّنثُورًا ﴿٢٣﴾

24 സ്വർഗ്ഗവാസികൾ അന്നേ ദിവസം, ഭവനം നല്ലവരും, വിശ്രമസ്ഥലം കൂടുതൽ മെച്ചപ്പെട്ടവരുമായിരിക്കും.

أَصْحَٰبُ ٱلْجَنَّةِ يَوْمَئِذٍ خَيْرٌ مُّسْتَقَرًّا وَأَحْسَنُ مَقِيلًا ﴿٢٤﴾

23 وَقَدِمْنَا നാം ചൊല്ലുന്നതാണ്, മുന്നിടുന്നതാണ്. إِلَى مَا عَمِلُوا അവർ പ്രവർത്തിച്ചിട്ടുള്ളതിലേക്ക്. مِنْ عَمَلٍ കർമ്മമായിട്ട്, വല്ല പ്രവർത്തനവും. فَجَعَلْنَاهُ എന്നിട്ട് നാമതിനെ ആക്കുന്നതാണ്. هَبَاءً ധൂളി, പൊടിപടലം. مَّنثُورًا വിതറപ്പെട്ട, ചിതറിയ. 24 أَصْحَابُ الْجَنَّةِ സ്വർഗ്ഗക്കാർ, സ്വർഗ്ഗത്തിന്റെ ആളുകൾ. يَوْمَئِذٍ അന്നു. خَيْرٌ ഉത്തമമാണ്, നല്ലവരായിരിക്കും. مُّسْتَقَرًّا ഭവനം, താവളം, വാസസ്ഥലം. وَأَحْسَنُ കൂടുതൽ മെച്ചപ്പെട്ടവരും, ഭംഗിയുള്ളവരും. مَقِيلًا വിശ്രമസ്ഥലം.

ദാനധർമ്മങ്ങൾ കുടുംബബന്ധം പാലിക്കൽ മുതലായ വല്ല സൽക്കർമ്മങ്ങളും അവർ -അവിശ്വാസികൾ- ഇഹത്തിൽവെച്ച് ചെയ്തിട്ടുണ്ടെങ്കിൽ, അത് അല്ലാഹുവിങ്കൽ സ്വീകാര്യമാവുകയില്ല, അഥവാ പരലോകത്തിൽ അത് കൊണ്ട് അവർക്ക് ഒരു നൻമയും സിദ്ധിക്കുകയില്ല എന്നത്രെ അല്ലാഹു ഇവിടെ വ്യക്തമാക്കുന്നത്. അല്ലാഹുവിലും, പരലോകത്തിലും വിശ്വസിക്കാതെയുള്ള സൽകർമ്മങ്ങൾക്ക് ഇഹലോകത്തിൽവെച്ച് ലഭിച്ചേക്കുന്ന ഗുണങ്ങളല്ലാതെ, പരലോകത്ത് അല്ലാഹുവിന്റെ അടുക്കൽ അതിന് തീരെ പരിഗണന നൽകപ്പെടുകയില്ലെന്ന വസ്തുത ഖുർആൻ പലേടത്തും ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്.

25 മേഘപടലവും കൊണ്ട് ആകാശം പൊട്ടിപ്പിളരുകയും, മലക്കുകൾ ഒരു (ശക്തിമത്തായ) ഇറക്കപ്പെടൽ ഇറക്കപ്പെടുകയും ചെയ്യുന്ന ദിവസം,-

وَيَوْمَ تَشَقَّقُ ٱلسَّمَآءُ بِٱلْغَمَٰمِ وَنُزِّلَ ٱلْمَلَٰٓئِكَةُ تَنزِيلًا ﴿٢٥﴾

26 അന്ന് യഥാർത്ഥമായ രാജാധിപത്യം പരമകാരുണികനത്രെ: അത് അവിശ്വാസികൾക്ക് പ്രയാസമേറിയ ഒരു ദിവസമായിരിക്കുന്നതുമാണ്.

ٱلْمُلْكُ يَوْمَئِذٍ ٱلْحَقُّ لِلرَّحْمَٰنِ ۚ وَكَانَ يَوْمًا عَلَى ٱلْكَٰفِرِينَ عَسِيرًا ﴿٢٦﴾

25 وَيَوْمَ تَشَقَّقُ പൊട്ടിപ്പിളരുന്ന (പിളർന്നുപോകുന്ന) ദിവസം. السَّمَاءُ ആകാശം. بِالْغَمَامِ മേഘപടലവും കൊണ്ട്, കാർമേഘത്തോടെ. وَنُزِّلَ ഇറക്കപ്പെടുകയും ചെയ്യുന്ന. الْمَلَائِكَةُ മലക്കുകൾ. تَنزِيلًا ഒരു തരം ഇറക്കപ്പെടൽ (ശക്തിയേറിയ ഇറക്കൽ) . 26 الْمُلْكُ രാജത്വം, ആധിപത്യം. يَوْمَئِذٍ അന്ന്, ആ ദിവസം. الْحَقُّ യഥാർത്ഥമായ, സ്ഥിരമായുള്ള. لِلرَّحْمَنِ പരമകാരുണികന്നാണ് (അല്ലാഹുവിന്നാണ്) . وَكَانَ അതാകുന്നു, അതായിരിക്കും. يَوْمًا ഒരു ദിവസം. عَلَى الْكَافِرِينَ അവിശ്വാസികളുടെ മേൽ. عَسِيرًا പ്രയാസമേറിയ, ഞെരുക്കമായ.

സൂര്യചന്ദ്രനക്ഷത്രാദി ഗ്രഹങ്ങളടക്കമുള്ള വാനമണ്ഡലങ്ങളും, അവയിൽ സ്ഥിതി ചെയ്യുന്ന ചരാചരങ്ങളുമെല്ലാംതന്നെ, ഇന്നത്തെ ഈ ഘടനാവ്യവസ്ഥകൾ മാറി മറ്റൊരു പുതിയ വ്യവസ്ഥാരൂപത്തിന് വിധേയമായിത്തീരുന്ന ഒരു ദിവസം-അഥവാ അന്ത്യനാൾ- വരുവാനിരിക്കുന്നു, അന്നത്തെ ദിവസം, സാക്ഷികളായി, നൻമ തിൻമകളുടെ രേഖകൾ സമർപ്പിക്കുന്നവരായി, വിചാരണനിലയത്തിലേക്ക് എല്ലാവരെയും ശേഖരിച്ചു കൂട്ടുന്ന

വരായി-ഇങ്ങിനെ പല പ്രകാരത്തിൽ-മലക്കുകൾ കൂട്ടംകൂട്ടമായി ഇറക്കപ്പെടുന്നു. സൃഷ്ടികളെല്ലാം ഭയവിഹ്വലരായിക്കൊണ്ട് ഒരേ വേദിയിൽ സമ്മേളിപ്പിക്കപ്പെടുന്ന ആ മഹാപ്രളയ ദിനത്തിൽ, രാജാവെന്നോ, നേതാവെന്നോ, ഉന്നതനെന്നോ,യോഗ്യനെന്നോ-പ്രത്യക്ഷത്തിലാകട്ടെ, പരോക്ഷത്തിലാകട്ടെ-വാദിക്കുവാൻ ആരുംതന്നെ ഉണ്ടായിരിക്കയില്ല. പരിപൂർണ്ണവും, യഥാർത്ഥവുമായ രാജാധിപത്യം രാജാധിരാജാവായ അല്ലാഹുവിന് മാത്രമായിരിക്കും. അവനെ ചോദ്യം ചെയ്വാനോ, സ്വാധീനപ്പെടുത്തുവാനോ ഒരാൾക്കും സാധ്യമല്ല. സദ്വൃത്തരായ അടിയാൻമാർക്ക് മാത്രം അവിടെ രക്ഷ ലഭിക്കും. കുറ്റവാളികളായ അവിശ്വാസികളെ സംബന്ധിച്ചിടത്തോളം, ആ ദിവസത്തെ തരണം ചെയ്യുകയെന്നത് അങ്ങേഅറ്റം പ്രയാസകരവുമായിരിക്കും.

അമ്പതിനായിരം കൊല്ലത്തോളം ദൈർഘ്യം വരുന്ന ആ ഭയങ്കരദിവസത്തിൽ, അല്ലാഹുവിൻെറ മുമ്പിൽ മനുഷ്യൻ എങ്ങിനെയാണ് കഴിച്ചുകൂട്ടുകയെന്ന് നബി (ﷺ) തിരുമേനിയോട് ചോദിക്കപ്പെടുകയുണ്ടായി. അതിന് തിരുമേനി നൽകിയ ഉത്തരം: സത്യവിശ്വാസികളായ ആളുകൾക്ക് ഒരു നിർബ്ബന്ധ ('ഫർള്വു') നമസ്കാരം നമസ്കരിക്കുന്നത്ര സമയം പോലെയായി അത് ലഘൂകരിക്കപ്പെടുന്നതായിരിക്കും എന്നായിരുന്നു (رواه البيهقى عن ابى سعيد الخدرى (رض നബി (ﷺ) യിലും, അവിടുത്തെ പ്രബോധനത്തിലും വിശ്വസിക്കാതെ, പരൻമാരുടെ ദുർബോധനങ്ങളിൽ കുടുങ്ങി വഴിപിഴച്ചുപോയവരെക്കുറിച്ച് അടുത്ത ആയത്തുകളിൽ പറയുന്നത് നോക്കുക:-

وَيَوْمَ يَعَضُّ ٱلظَّالِمُ عَلَىٰ يَدَيْهِ يَقُولُ يَـٰلَيْتَنِى ٱتَّخَذْتُ مَعَ ٱلرَّسُولِ سَبِيلًا ﴿٢٧﴾

27 അക്രമകാരിയായുള്ളവൻ (വ്യസനഭാരത്താൽ) തൻെറ കൈകൾ കടിക്കുന്ന ദിവസം, അവൻ പറയും; ''അഹോ! ഞാൻ റസൂലിൻെറ കൂടെ ഒരു മാർഗ്ഗം സ്വീകരിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ!

يَـٰوَيْلَتَىٰ لَيْتَنِى لَمْ أَتَّخِذْ فُلَانًا خَلِيلًا ﴿٢٨﴾

28 ''എൻെറ കഷ്ടമേ! ഇന്നവനെ ഞാൻ സുഹൃത്തായി സ്വീകരിച്ചിട്ടില്ലായിരുന്നുവെങ്കിൽ നന്നായേനെ!

لَّقَدْ أَضَلَّنِى عَنِ ٱلذِّكْرِ بَعْدَ إِذْ جَآءَنِى ۗ وَكَانَ ٱلشَّيْطَـٰنُ لِلْإِنسَـٰنِ خَذُولًا ﴿٢٩﴾

29 ''എനിക്ക് ബോധനം വന്നെത്തിയതിനുശേഷം, അവനെന്നെ അതിൽനിന്ന് വഴിപിഴപ്പിച്ചു കളഞ്ഞുവല്ലോ!'' പിശാച് മനുഷ്യനെ കൈവെടിയുന്നവനാകുന്നു.

ഇവിടെ 'അക്രമകാരി' (الظالم) എന്നും, 'ഇന്നവൻ' (فلانا) എന്നും പറഞ്ഞത് ചില പ്രത്യേകവ്യക്തികളെ ഉദ്ദേശിച്ചല്ല. സത്യപ്രബോധനത്തിന് ചെവികൊടുക്കാതെ, അന്യരുടെ ദുർബ്ബോധനങ്ങൾക്കും ചൊല്പടിക്കും വശംവദരായി വഴിപിഴച്ചവരെല്ലാം 'അക്രമകാരി'കളിൽ ഉൾപ്പെടുന്നു. ഏതൊരു കൂട്ടരുടെ ദുർബ്ബോധനം, അല്ലെങ്കിൽ അനുകരണം അവരെ വഴിപിഴപ്പിച്ചുവോ-അത് വ്യക്തിയോ, കക്ഷിയോ, മനുഷ്യനോ, ജിന്നോ, ആരെങ്കിലുമാകട്ടെ-അക്കൂട്ടരെ ഉദ്ദേശിച്ചാണ് 'ഇന്നവൻ' എന്ന് പറഞ്ഞത്. വഴിപിഴക്കുവാൻ കാരണം പ്രത്യക്ഷത്തിൽ ആരായിരുന്നാലും ശരി, അതിൻെറ പിന്നിൽ പ്രവർത്തനം നടത്തുന്ന ഒരു ദുശ്ശക്തി ഒളിഞ്ഞുകിടപ്പുണ്ട്. അതെ, പിശാച്, മനുഷ്യൻെറ രക്ഷാമാർഗ്ഗം മുഴുവൻ തടയപ്പെടുകയും, ഭാവിജീവിതം അമ്പെ നഷ്ടപ്പെടുകയും ചെയ്യുന്നതുവരെ പിശാച് ഒരിക്കലും തൃപ്തിഅടയുന്നതല്ല. അത് സാധിച്ചുകഴിഞ്ഞാൽ അവൻെറ 'സുഹൃൽബന്ധ'ത്തിൽ നിന്നും അവൻ ഒഴിഞ്ഞുമാറുകയും ചെയ്യും. അവനെക്കുറിച്ച് മനുഷ്യൻ ജാഗരൂകനായിരിക്കേണ്ടതുണ്ടെന്നത്രെ ''പിശാച് മനുഷ്യനെ കൈവെടിയുന്നവനാണ്'' എന്ന വാക്യം മുഖേന അല്ലാഹു ഉണർത്തുന്നത്.

ഈ ആയത്തുകളുടെ അവതരണഹേതുവായി പല ഖുർആൻ വ്യാഖ്യാതാക്കളും ഉദ്ധരിച്ചു കാണുന്ന ഒരു സംഭവം, അവയുടെ ഉള്ളടക്കം ഉദാഹരണസഹിതം മനസ്സിലാക്കുവാൻ സഹായകമാകുന്നു. അതിന്റെ ചുരുക്കം ഇതാണ്:- അബൂമുഐത്തിന്റെ മകൻ ഉഖ്ബത്ത് (عقبة بن ابى معيط) നബി (ﷺ) യുടെ അടുക്കൽ സാധാരണ ചെല്ലാറുണ്ടായിരുന്നു. ഒരു ദിവസം അയാൾ തിരുമേനിയെ വിരുന്നിന് ക്ഷണിച്ചു. അയാൾ നബി (ﷺ) യിൽ വിശ്വസിക്കാത്ത സ്ഥിതിക്ക് അയാളുടെ ഭക്ഷണം സ്വീകരിക്കുന്നതിൽ നബി (ﷺ) വിസമ്മതം പ്രകടിപ്പിച്ചു. അപ്പോൾ അയാൾ ഇസ്ലാമിന്റെ സാക്ഷ്യവാക്യങ്ങൾ ('ശഹാദത്ത് കലിമകൾ') ഉച്ചരിച്ചു. ഉബയ്യുബ്നു ഖലഫ് (ابى بن خلف) ഉഖ്ബത്തിന്റെ ഒരു ചങ്ങാതിയായിരുന്നു. ഉബയ്യ് അതിനെപ്പറ്റി ആക്ഷേപിച്ചു. അതിന് ഉഖ്ബത്തിന്റെ മറുപടി: ''ഞാൻ മതം മാറിയതൊന്നുമല്ല, മുഹമ്മദ് എന്റെ ഭക്ഷണം കഴിപ്പാൻ വിസമ്മതിച്ചത് എനിക്ക് ലജ്ജയായിത്തോന്നി; അതുകൊണ്ട് അങ്ങിനെ ചെയ്തുവെന്നു മാത്രമേയുള്ളു'' എന്നായിരുന്നു. ഉബയ്യ് ഇങ്ങിനെ പ്രത്യുത്തരം പറഞ്ഞു: ''ശരി, എന്നാൽ നീ മുഹമ്മദിന്റെ അടുക്കൽ ചെന്ന് അവന്റെ പിരടക്ക് ചവിട്ടുകയും, അവന്റെ മുഖത്ത് തുപ്പുകയും ചെയ്യാതെ ഞാൻ തൃപ്തിപ്പെടുകയില്ല.'' ഉഖ്ബത്ത് അപ്രകാരം പ്രവർത്തിക്കയും ചെയ്തു! ഈ അവസരത്തിൽ നബി (ﷺ) തിരുമേനി ഇങ്ങിനെ പ്രസ്താവിക്കുകയുണ്ടായി: ''താൻ മക്കായിൽനിന്ന് വെളിയിൽ പോകുന്നപക്ഷം, തന്റെ തലക്കുമീതെ വാൾ വീഴാതെ ഞാൻ കാണുകയുണ്ടാവുകയില്ല..'' തിരുമേനിയുടെ ഈ പ്രവചനം ശരിയായിരുന്നു. ഉഖ്ബത്ത് ബദ്റു യുദ്ധത്തിൽ ചിറപിടിക്കപ്പെടുകയും, അലി (رضي الله عنه) അയാളെ കൊലപ്പെടുത്തുകയും ഉണ്ടായി. ഉബയ്യാകട്ടെ, ഉഹദ് യുദ്ധത്തിൽ തിരുമേനിയുടെ കരങ്ങളാൽ കുന്തംകൊണ്ട് കിട്ടിയ കുത്തുനിമിത്തം നരകാവകാശിയായി മരണപ്പെടുകയും ചെയ്തു.

നബി (ﷺ) അരുളിച്ചെയ്തതായി അബൂഹുറൈറഃ (رضي الله عنه) ഉദ്ധരിക്കുന്നു: ''മനുഷ്യൻ അവന്റെ ചങ്ങാതിയുടെ മതത്തിലായി ഒരുമിച്ചു കൂട്ടപ്പെടുന്നതാണ്. ആകയാൽ, നിങ്ങൾ ഓരോരുവനും, താൻ ആരെയാണ് ചങ്ങാതിയായി- സുഹൃത്തായി-വെക്കേണ്ടതെന്ന് നോക്കിക്കൊള്ളട്ടെ.'' يخشر المرأ على دين خليله فلينظر احدكم من يخالله–رواه ابودود والترمذى

30 റസൂൽ പറയുന്നു: ''എന്റെ രക്ഷിതാവേ, എന്റെ ജനങ്ങൾ ഈ ഖുർആനെ വർജ്ജിക്കപ്പെട്ടതാക്കിക്കളഞ്ഞു!''

وَقَالَ ٱلرَّسُولُ يَـٰرَبِّ إِنَّ قَوْمِى ٱتَّخَذُوا۟ هَـٰذَا ٱلْقُرْءَانَ مَهْجُورًا ﴿٣٠﴾

31 അപ്രകാരം തന്നെ, ഓരോ പ്രവാചകന്നും കുറ്റവാളികളിൽപെട്ട ഓരോ (തരം) ശത്രുവെ നാം ഏർപ്പെടുത്തിയിരിക്കുന്നു. മാർഗ്ഗദർശകനായും, സഹായകനായും നിന്റെ രക്ഷിതാവ് തന്നെ മതി.

وَكَذَٰلِكَ جَعَلْنَا لِكُلِّ نَبِىٍّ عَدُوًّا مِّنَ ٱلْمُجْرِمِينَ ۗ وَكَفَىٰ بِرَبِّكَ هَادِيًا وَنَصِيرًا ﴿٣١﴾

---

30 وَقَالَ الرَّسُولُ റസൂൽ പറയുന്നു, പറയുകയും ചെയ്തു. يَا رَبِّ എന്റെ റബ്ബേ, രക്ഷിതാവേ. إِنَّ قَوْمِي നിശ്ചയമായും എന്റെ ജനത. اتَّخَذُوا അവർ ആക്കിയിരിക്കുന്നു. هَٰذَا الْقُرْآنَ ഈ ഖുർആനെ. مَهْجُورًا വർജ്ജിക്കപ്പെട്ടത്, പുറം തള്ളപ്പെട്ടത്, വെടിയപ്പെട്ടത്. 31 وَكَذَٰلِكَ അപ്രകാരം. جَعَلْنَا നാം ആക്കിയിരിക്കുന്നു. لِكُلِّ نَبِيٍّ എല്ലാ നബിമാർക്കും. عَدُوًّا ഓരോ ശത്രുവെ. مِّنَ الْمُجْرِمِينَ കുറ്റവാളികളിൽപെട്ട. وَكَفَىٰ بِرَبِّكَ നിന്റെ റബ്ബ് തന്നെ മതി. هَادِيًا മാർഗ്ഗദർശകനായിട്ട്. وَنَصِيرًا സഹായകനായും.

തൗഹീദിലേക്കും, ഖുർആനിലേക്കും എല്ലാവിധേനയും ക്ഷണിച്ചുനോക്കിയിട്ടും ജനങ്ങൾ മർക്കടമുഷ്ടി കൈവിടാതിരിക്കുന്നത് കണ്ട് റസൂൽ (ﷺ) തിരുമേനി അല്ലാഹുവിനോട് സങ്കടപ്പെടുകയാണ്: ''റബ്ബേ! എന്നെ നീ ഏതൊരു ജനതയിലേക്ക് നിയോഗിച്ചിരിക്കുന്നുവോ അവർ - എൻെറ സ്വന്തം ജനത-ഈ മഹത്തായ ഖുർആനെ പാടെ അവഗണിച്ച് പുറം തള്ളിയിരിക്കുയാണോ! നിൻെറ വാഗ്ദാനങ്ങളും, താക്കീതുകളും അവർ വിലവെക്കുന്നില്ല.....''

ഈ സങ്കടാവസ്ഥയിൽ നബി (ﷺ) ക്ക് അല്ലാഹു ഇങ്ങിനെ ആശ്വാസം നൽകുന്നു: ''ഇത്തരം ശത്രുക്കൾ-നബിയേ-തനിക്ക് മാത്രമല്ല.പാപകൃത്യങ്ങളിലും, കുറ്റകരങ്ങളായ അഴിമതികളിലും മുഴുകിയിരുന്ന ഓരോ തരം ശത്രുക്കൾ എല്ലാ നബിമാർക്കും ഉണ്ടായിരുന്നു. എങ്കിലും, അവസാനം വിജയവും രക്ഷയും ലഭിക്കുന്നത് നബിമാർക്കും അവരുടെ അനുയായികൾക്കും തന്നെയായിരിക്കും. അതുകൊണ്ട് തൽക്കാലം ക്ഷമ കൈകൊള്ളുക. പ്രബോധന വിഷയിത്തിലാകട്ടെ, മറ്റു തുറകളിലാകട്ടെ, തനിക്കാവശ്യമായ സഹായം നൽകുവാനും തൻെറ രക്ഷിതാവായ ഞാൻ മാത്രം മതി. മറ്റാരും അതിനാവശ്യമില്ല. യഥാർത്ഥമായ മാർഗ്ഗദർശനവും, സഹായവും നൽകുവാൻ മറ്റാർക്കും സാധ്യവുമല്ല.''

وَقَالَ ٱلَّذِينَ كَفَرُوا۟ لَوْلَا نُزِّلَ عَلَيْهِ ٱلْقُرْءَانُ جُمْلَةً وَٰحِدَةً ۚ كَذَٰلِكَ لِنُثَبِّتَ بِهِۦ فُؤَادَكَ ۖ وَرَتَّلْنَٰهُ تَرْتِيلًا ﴿٣٢﴾

32 അവിശ്വസിച്ചവർ പറയുന്നു: ''അദ്ദേഹത്തിന് [നബിക്ക്] ഖുർആൻ ഒട്ടാകെ ഒന്നായി ഇറക്കപ്പെടാത്തതെന്താണ്?'' എന്ന്! അപ്രകാരം (പല പ്രാവശ്യമായി അവതരിച്ചത്) തന്നെയാണ്. (നബിയേ) നിൻെറ ഹൃദയത്തെ അതുകൊണ്ട് നാം സ്ഥിരപ്പെടുത്തേണ്ടതിന് വേണ്ടിയാകുന്നു (അത്) . നാം അത് ശരിക്ക് സാവകാശക്രമം ഓതിത്തരുകയും ചെയ്തിരിക്കുകയാണ്.

---

32 وَقَالَ പറയുന്നു, പറഞ്ഞു. الَّذِينَ كَفَرُوا അവിശ്വസിച്ചവർ. لَوْلَا نُزِّلَ എന്തുകൊണ്ട് ഇറക്കപ്പെട്ടില്ല, അവതരിപ്പിക്കപ്പെടരുതോ. عَلَيْهِ അവൻെറമേൽ, അദ്ദേഹത്തിന്. الْقُرْآنُ ഖുർആൻ. جُمْلَةً ഒട്ടാതെ, മൊത്തമായി. وَاحِدَةً ഒന്നായി, ഒരേ ഒരു. كَذَٰلِكَ അപ്രകാരംതന്നെ. لِنُثَبِّتَ നാം സ്ഥിരപ്പെടുത്തുവാനാണ് ഉറപ്പിക്കാൻവേണ്ടി. بِهِ അതുകൊണ്ട്. فُؤَادَكَ നിൻെറ ഹൃദയത്തെ. وَرَتَّلْنَاهُ നാമതിനെ സാവകാശക്രമം വായിച്ചുതന്നിരിക്കുന്നു, സാവകാശത്തിലാക്കിത്തന്നു. تَرْتِيلاً ഒരുതരം (ശരിക്കുള്ള) സാവകാശക്രമം.

നബി (ﷺ) യുടെയും, ഖുർആൻെറയും നേരെ, കിട്ടുന്ന അവസരങ്ങളെല്ലാം ആക്ഷേപത്തിനും കുതർക്കത്തിനും ഉപയോഗപ്പെടുത്തുക പതിവാക്കിയിരിക്കുന്ന ആ അവിശ്വാസികൾ ചോദിക്കുന്ന മറ്റൊരു ചോദ്യമാണിത്: ഖുർആൻ എന്തുകൊണ്ടാണ് പല പ്രാവശ്യങ്ങളിലായി കുറേശ്ശെ മാത്രം അവതരിച്ചുകൊണ്ടിരിക്കുന്നത്? എന്തുകൊണ്ട് അത് ഒന്നായി ഒരേ പ്രാവശ്യം അവതരിക്കുന്നില്ല? ഈ ആക്ഷേപത്തിൽ യഹൂദർക്കും പ്രത്യേകം പങ്കുണ്ടായിരുന്നു. തൗറാത്ത് മുതലായ വേദഗ്രന്ഥങ്ങൾ ഒരേ പ്രാവശ്യമായിട്ടാണ് അവതരിച്ചിട്ടുള്ളതെന്നാണ് അവർ അതിന് അസ്പദമാക്കുന്നത്. വാസ്തവത്തിൽ, തൗറാത്തും ഇതര വേദഗ്രന്ഥങ്ങളും ഒരേപ്രാവശ്യമായിത്തന്നെ അവതരിച്ചുകഴിഞ്ഞിട്ടുണ്ടെന്നുള്ളതിന് ഖണ്ഡിതമായ തെളിവ് കാണുന്നില്ല. വാസ്തവം അല്ലാഹുവിനറിയാം. ഖുർആൻ സന്ദർഭോചിതം കുറേശ്ശെ കുറേശ്ശെയായി അവതരിച്ചുകൊണ്ടിരിക്കുന്നതിൻെറ കാരണമാണ് നമുക്ക് പരിശോധിക്കേണ്ടതുള്ളത്. അതിവിടെ ചുരുങ്ങിയ വാക്കിൽ അല്ലാഹു ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു. ''നി

ൻെറ ഹൃദയത്തെ അതുകൊണ്ട് സ്ഥിരപ്പെടുത്തേണ്ടതിന് വേണ്ടിയാണ്' എന്ന് പറഞ്ഞുവല്ലോ. സൂറത്തുൽ ഇസ്രാഈലിൽ ഇപ്രകാരം കാണാം الاسراء....وقرأنا فرقناه لتقرأه على الناس على مكث ഖുർആനെ പല പ്രാവശ്യമായി വേറിട്ടവതരിപ്പിച്ചിരിക്കുന്നത് നീ അത് ജനങ്ങൾക്ക് സാവധാനത്തിൽ ഓതിക്കൊടുക്കുവാൻ വേണ്ടിയാകുന്നു എന്ന് സാരം. ഈ രണ്ട് വചനങ്ങളിൽ പ്രസ്താവിച്ചതിൻെറ വെളിച്ചത്തിൽ ആലോചിക്കുമ്പോൾ, ഖുർആൻ ഒരേ പ്രാവശ്യത്തിൽ തന്നെ മുഴുവൻ ഭാഗവും അവതരിക്കാതെ പല ഗഡുക്കളായി അവതരിച്ചുകൊണ്ടിരുന്നതിൽ താഴെ കാണുന്ന ഗുണങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് കാണാവുന്നതാണ്:

1) നബി (ﷺ) എഴുത്തും വായനയും അറിയാത്ത ആളായ സ്ഥിതിക്ക് ഖുർആൻ പഠിക്കുവാനും, മനഃപാഠമാക്കുവാനും അത് സഹായകമാകുന്നു. 2) മറവിയോ, അബദ്ധമോ, അവസരക്കുറവോ പിണയാതെ സൂക്ഷിക്കുവാൻ സൗകര്യം ലഭിക്കുന്നു. 3) ഒറ്റപ്രാവശ്യമായി അവതരിക്കുന്ന പക്ഷം, ഖുർആനിലടങ്ങിയ നിയമങ്ങളെല്ലാംതന്നെ ജനങ്ങൾ ഒരടിയായി അനുഷ്ഠിക്കുകയും, നടപ്പിൽ വരുത്തുകയും ചെയ്യേണ്ടതായി വരും. ഇത് നബി (ﷺ) ക്കും ജനങ്ങൾക്കും കൂടുതൽ വിഷമമുളവാക്കുമെന്ന് വ്യക്തമാണ്. ഈ ദോഷം ഇല്ലാതാകുന്നു. 4) അല്ലാഹുവിൽ നിന്നുള്ള സന്ദേശങ്ങൾ ഇടക്കിടെ ലഭിച്ചുകൊണ്ടിരിക്കലും, അതുമായി ജിബ്‌രീൽ(عليه السلام) ഇടക്കിടെവന്ന് നബി (ﷺ) യുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കലും നബി (ﷺ) യുടെ ഹൃദയദാർഢ്യത്തിനും, മനസ്സമാധാനത്തിനും ഉപയുക്തമാകുന്നു 5) ജനങ്ങളിൽ നിന്നുണ്ടാകുന്ന ചോദ്യങ്ങൾക്കും, അപ്പപ്പോൾ സംഭവിക്കുന്ന പ്രശ്നങ്ങൾക്കും അതതവസരത്തിൽ തന്നെ ദിവ്യസന്ദേശങ്ങൾ മുഖേന പരിഹാരമാർഗ്ഗം ലഭിക്കുന്നത് ജനങ്ങളിൽ കൂടുതൽ ഫലവും ശുഷ്കാന്തിയും, പ്രചോദനവും ഉളവാക്കുന്നു. 6) ദീർഘകാലമായി അടിയുറച്ചു കഴിഞ്ഞിട്ടുള്ള ചില ആചാരങ്ങളും, വഴക്കങ്ങളും സമുദായത്തിൽനിന്ന് പെട്ടെന്ന് നിറുത്തലാക്കുവാൻ പ്രയാസമായിരിക്കും. അവയിൽ താൽക്കാലിക നിയമങ്ങൾവഴി ക്രമേണ അയവ് വരുത്തിയശേഷം, സ്ഥിരവും കണിശവുമായ നിയമ നടപടി അവതരിപ്പിക്കുകയും, പുതിയ ആചാരവും വഴക്കവും നിലവിൽ വരുത്തുകയും ചെയ്‌വാൻ എളുപ്പമായിത്തീരുന്നു. 7) ഖുർആനോട് കിടനിൽക്കുന്ന ഒരു ഗ്രന്ഥം കൊണ്ടുവരാൻ അതിൻെറ ശത്രുക്കളെ അത് വെല്ലുവിളിക്കുന്ന സ്ഥിതിക്ക് ആ വെല്ലുവിളിയെ നേരിടുവാൻ വല്ലവരും മുതിരുന്ന പക്ഷം, അവർക്ക് അതിനുള്ള അവസരം നീണ്ടുനിൽക്കുവാനും, അവരുടെ പരാജയം കൂടുതൽ ബോധ്യപ്പെടുവാനും സഹായമായിത്തീരുന്നു.

ഇങ്ങിനെ, പല ഉദ്ദേശ്യങ്ങളും, ഗുണങ്ങളും അടങ്ങിയിരിക്കുന്നുതുകൊണ്ടാണ്, ഖുർആൻ ഒറ്റപ്രാവശ്യത്തിലായി അവതരിക്കാതെ-അവസരത്തിനും, സന്ദർഭത്തിനും അനുസരിച്ച് കുറേശ്ശെയായി-സാവകാശത്തിൽ അവതരിച്ച് 23 കൊല്ലക്കാലംകൊണ്ട് പൂർത്തിയാക്കപ്പെട്ടത്. വിശുദ്ധഖുർആൻെറ പ്രത്യേകതകളിൽ ഒന്നാണതും.

33 وَلَا يَأْتُونَكَ بِمَثَلٍ إِلَّا جِئْنَٰكَ بِٱلْحَقِّ وَأَحْسَنَ تَفْسِيرًا ﴿٣٣﴾

(നബിയേ) അവർ നിൻെറ അടുക്കൽ ഏതൊരു മാതൃകയും [ഏതുതരം പ്രശ്നവും] കൊണ്ടുവരുന്നതായാലും, നിനക്ക് യഥാർത്ഥവും, ഏറ്റവും നല്ലവിവരണവും നാം കൊണ്ടുവന്ന് തരാതിരിക്കയില്ല.

34 ٱلَّذِينَ يُحْشَرُونَ عَلَىٰ وُجُوهِهِمْ إِلَىٰ جَهَنَّمَ أُو۟لَٰٓئِكَ شَرٌّ مَّكَانًا وَأَضَلُّ سَبِيلًا ﴿٣٤﴾

തങ്ങളുടെ മുഖങ്ങളിലായി [തല കീഴായി] നരകത്തിലേക്ക് ഒരുമിച്ചു കൂട്ടപ്പെടുന്നവരാകട്ടെ, അങ്ങനെയുള്ളവർ, സ്ഥാനം ഏറ്റവും ചീത്തപ്പെട്ടവരും, മാർഗ്ഗം ഏറ്റവും പിഴച്ചവരുമത്രെ.

33 وَلَا يَأْتُونَكَ അവർ നിൻെറ അടുക്കൽ വരികയില്ല, കൊണ്ടുവരികയില്ല. بِمَثَلٍ ഒരു ഉപമയും കൊണ്ട്, മാതൃകയുമായി, ഉദാഹരണത്തെ (ഒരു പ്രശ്നവും) . إِلَّا جِئْنَاكَ നിൻെറ അടുക്കൽ നാം വരാതെ, നിനക്ക് നാം കൊണ്ടുവരാതെ. بِالْحَقِّ യഥാർത്ഥവും കൊണ്ട്, സത്യത്തെ, ന്യായ വുമായി. وَأَحْسَنَ ഏറ്റവും നല്ലതിനെയും, നല്ലതുകൊണ്ടും. تَفْسِيرًا വ്യാഖ്യാനം, വിവരണത്താൽ.
34 الَّذِينَ യാതൊരു കൂട്ടർ. يُحْشَرُونَ ഒരുമിച്ചുകൂട്ടപ്പെടും. عَلَى وُجُوهِهِمْ തങ്ങളുടെ മുഖങ്ങളിലായി. إِلَى جَهَنَّمَ (ജഹന്നമാകുന്ന) നരകത്തിലേക്ക്. أُولَئِكَ അക്കൂട്ടർ. شَرٌّ (ഏറ്റവും) മോശപ്പെട്ടവരാണ്, ചീത്തപ്പെട്ടവരാണ്. مَّكَانًا സ്ഥാനം, സ്ഥാനത്താൽ. وَأَضَلُّ ഏറ്റവും പിഴച്ചവരുമാണ്. سَبِيلًا വഴി, മാർഗ്ഗത്താൽ.

അവിശ്വാസികളുടെ പല ആരോപണങ്ങളെ സംബന്ധിച്ചും പ്രസ്താവിച്ചുവല്ലോ. തുടർന്നു അവർ രംഗത്തിറങ്ങുന്ന ഏതുതരം ആരോപണമാതൃകകളെയും, അവർ മുന്നോട്ടു കൊണ്ടു വരുന്ന ഏതുതരം പ്രശ്നങ്ങളെയും സത്യവും ന്യായവുമായ മാർഗ്ഗേണ തട്ടിത്തകർക്കുമാറ് ഏറ്റവും നല്ല വിവരണവും വ്യാഖ്യാനവും നാം നൽകുന്നതാണെന്ന് നബി (ﷺ) ക്ക് അല്ലാഹു ഉറപ്പുകൊടുക്കുന്നു. ആ മൽസരബുദ്ധികളുടെ പര്യവസാനം നരകത്തിലേക്കാണെന്നും, അവരെ അതിലേക്ക് കൊണ്ടുവരപ്പെട്ടത് ഏറ്റവും നിന്ദ്യമായ നിലയിൽ മുഖംകുത്തികിഴുക്കാന്തൂക്കായ സ്ഥിതിയിലായിക്കുമെന്നും, അവർ അങ്ങേഅറ്റം വഴിപിഴച്ചു ദുഷിച്ചു പോയിരിക്കയാണെന്നും അറിയിക്കുകയും ചെയ്യുന്നു.

നബി (ﷺ) പ്രസ്താവിച്ചതായി അബൂഹുറൈറ (رضي الله عنه) പറയുന്നു: ''ഖിയാമത്തുനാളിൽ ജനങ്ങൾ മൂന്ന് തരക്കാരായി ഒരുമിച്ചു കൂട്ടപ്പെടും: ഒരു തരക്കാർ കാൽനടക്കാരായി, മറ്റൊരു തരക്കാർ വാഹനപ്പുറത്തായി, വേറൊരു തരക്കാർ മുഖംകുത്തിയവരായി.'' അപ്പോൾ ചോദിക്കപ്പെട്ടു; ''റസൂലേ, എങ്ങിനെയാണ് മുഖങ്ങളിൽ നടക്കുക?'' തിരുമേനി പറഞ്ഞു: ''അവരെ അവരുടെ കാലുകളിൽ നടത്തിയവന് നിശ്ചയമായും അവരുടെ മുഖങ്ങളിൽ നടത്തുവാനും കഴിവുള്ളവനാണ്. എന്നാൽ, (അറിഞ്ഞേക്കുക-അങ്ങിനെ മുഖംകുത്തി നടക്കുമ്പോൾ) എല്ലാ കല്ലുംമുള്ളും അവർ തങ്ങളുടെ മുഖംകൊണ്ടുതന്നെ സൂക്ഷിക്കുന്നതാണ്.'' (തിർമദീ) ഇമാം ബുഖാരിയും മുസ്‌ലിമും (رحمهما الله) അനസ്(رضي الله عنه) വഴി നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം: ''എങ്ങിനെയാണ് അവിശ്വാസിയെ അവൻെറ മുഖത്തിൻമേലായി ഒരുമിച്ചു കൂട്ടുക?'' എന്ന് നബി(ﷺ) യോട് ചോദിക്കപ്പെട്ടു. നബി (ﷺ) ഇങ്ങിനെ ഉത്തരം പറഞ്ഞു;
اليس الذى امشاه على الرجلين فى الدنيا قادر على ان يمشيه على وجهه يوم القيمة–متفق عليه(ഇഹലോകത്തിൽ അവനെ രണ്ടുകാലിൽ നടത്തിയിട്ടുള്ളവൻ, ഖിയാമത്തു നാളിൽ അവനെ അവൻെറ മുഖത്തിൻമേൽ നടത്തുവാൻ കഴിവുള്ളവനല്ലയോ?!)

''ഇഹലോകത്തിൽ കാലിൻമേൽ നടത്തി'' എന്നും, ''ഖിയാമത്തുനാളിൽ മുഖത്തിൻമേൽ നടത്തുവാൻ'' എന്നും ഈ ഹദീസിൽ നബി (ﷺ) പ്രയോഗിച്ചതിൽ ഒരു തത്വം ഒളിഞ്ഞു കിടപ്പുണ്ടെന്ന് മനസ്സിലാക്കാം: ഈ ലോകത്തെ പ്രകൃതിചട്ടങ്ങളും, പരലോകത്തെ പ്രകൃതി ചട്ടങ്ങളും ഒരേ മാനദണ്ഡംകൊണ്ട് അളന്നുകൂടാത്തതാണ്, ഭൗതിക നടപടിക്രമങ്ങളിൽ നിന്നും വളരെ വ്യത്യസ്തമായ നടപടികളും അവിടെ നടക്കുവാനിരിക്കുന്നുണ്ട് എന്നത്രെ അത്. ഇങ്ങിനെയുള്ള ഒരു സൂചനയുടെ ഉദ്ദേശമില്ലെങ്കിൽ-അല്ലാഹുവിൻെറ കഴിവിനെ മാത്രം സൂചിപ്പിച്ചുകൊണ്ട്- ''കാലുകളിന്മേൽ നടത്തിയവൻ മുഖത്തിന്മേൽ നടത്തുവാൻ കഴിയുന്നവനല്ലയോ'' എന്നുമാത്രം പറയാമായിരുന്നുവല്ലോ. ചുരുക്കത്തിൽ, അല്ലാഹുവിൻെറ കഴിവും, പരലോകത്തിലെ നടപടിക്രമങ്ങളും നോക്കുമ്പോൾ മുഖംകൊണ്ട് നടക്കുകയെന്നത് കേവലം അസംഭവ്യമൊന്നുമല്ല എന്ന് താൽപര്യം. അടുത്ത വചനങ്ങളിൽ, ചില പ്രവാചകൻമാരുടെയും അവരെ നിഷേധിച്ച ജനങ്ങളുടെയും കഥകൾ ഓർമ്മിപ്പിക്കുന്നു.

വിഭാഗം . 4

وَلَقَدْ ءَاتَيْنَا مُوسَى ٱلْكِتَـٰبَ وَجَعَلْنَا مَعَهُۥٓ أَخَاهُ هَـٰرُونَ وَزِيرًا ﴿٣٥﴾

35 മൂസാക്ക് നാം വേദഗ്രന്ഥം നൽകുകയുണ്ടായി. അദ്ദേഹത്തിൻെറ കൂടെ തൻെറ സഹോദരൻ ഹാറൂനെ നാം സഹായിയായി നിശ്ചയിക്കുകയും ചെയ്തു.

فَقُلْنَا ٱذْهَبَآ إِلَى ٱلْقَوْمِ ٱلَّذِينَ كَذَّبُوا۟ بِـَٔايَـٰتِنَا فَدَمَّرْنَـٰهُمْ تَدْمِيرًا ﴿٣٦﴾

36 എന്നിട്ട് നാം (അവരോട്) പറഞ്ഞു: ''നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയ ആ ജനതയുടെ അടുക്കലേക്ക് നിങ്ങൾ (രണ്ടുപേരും) പോയിക്കൊള്ളുക.'' (ജനത അവരെ വ്യാജമാക്കി.) അപ്പോൾ, അവരെ നാം പാടെ തകർത്തു നശിപ്പിച്ചു.

---

35 وَلَقَدْ آتَيْنَا നാം കൊടുക്കുകയുണ്ടായി, തീർച്ചയായും നല്കി. مُوسَى മൂസാ(നബി) ക്ക്. الْكِتَابَ വേദഗ്രന്ഥം. وَجَعَلْنَا നാം ആക്കുകയും ചെയ്തു, നിശ്ചയിക്കയും ചെയ്തു. مَعَهُ അദ്ദേഹത്തിൻെറകൂടെ. أَخَاهُ هَارُونَ തൻെറ സഹോദരൻ ഹാറൂനെ. وَزِيرًا സഹായി, സഹായകനായി. 36 فَقُلْنَا എന്നിട്ട് നാം പറഞ്ഞു. اذْهَبَا രണ്ടുപേരും പോകുക. إِلَى الْقَوْمِ ജനതയുടെ അടുക്കലേക്ക്. الَّذِينَ كَذَّبُوا വ്യാജമാക്കിയവരായ. بِآيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളെ. فَدَمَّرْنَاهُمْ എന്നിട്ട് അവരെ നാം തകർത്തു. تَدْمِيرًا ഒരു തകർക്കൽ.

'നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയ ജനത' എന്ന് പറഞ്ഞത് ഫിർഔനെയും അവൻെറ ജനങ്ങളെയും ഉദ്ദേശിച്ചാണ്. അവരുടെ സംഭവം പ്രസിദ്ധമാണ്. സൂ: ത്വാഹായിൽ അത് നാം സവിസ്തരം വായിച്ചുവല്ലോ.

وَقَوْمَ نُوحٍ لَّمَّا كَذَّبُوا۟ ٱلرُّسُلَ أَغْرَقْنَـٰهُمْ وَجَعَلْنَـٰهُمْ لِلنَّاسِ ءَايَةً ۖ وَأَعْتَدْنَا لِلظَّـٰلِمِينَ عَذَابًا أَلِيمًا ﴿٣٧﴾

37 നൂഹിൻെറ ജനങ്ങളെയും തന്നെ, അവർ റസൂലുകളെ വ്യാജമാക്കിയപ്പോൾ നാം മുക്കി നശിപ്പിച്ചു. അവരെ മനുഷ്യർക്ക് നാം ഒരു ദൃഷ്ടാന്തമാക്കിത്തീർക്കുകയും ചെയ്തു. അക്രമകാരികൾക്ക് വേദനയേറിയ ശിക്ഷ നാം തയ്യാറാക്കി വെക്കുകയും ചെയ്തിരിക്കുന്നു.

وَعَادًا وَثَمُودَا۟ وَأَصْحَـٰبَ ٱلرَّسِّ وَقُرُونًۢا بَيْنَ ذَٰلِكَ كَثِيرًا ﴿٣٨﴾

38 'ആദി'നെയും, 'ഥമൂദി'നെയും, 'റസ്സ്' കാരെയും, അതിനിടയിലായി അനേകം തലമുറകളെയും (നാം നശിപ്പിച്ചിട്ടുണ്ട്).

وَكُلًّا ضَرَبْنَا لَهُ ٱلْأَمْثَـٰلَ ۖ وَكُلًّا تَبَّرْنَا تَتْبِيرًا ﴿٣٩﴾

39 എല്ലാവർക്കുംതന്നെ, നാം ഉദാഹരണങ്ങൾ വിവരിച്ചുകൊടുത്തു. (അവരത് നിരസിച്ചു കളഞ്ഞു;) എല്ലാവരെയും നാം പാടെ നശിപ്പിച്ചു കളയുകയും ചെയ്തു.

---

37 وَقَوْمَ نُوحٍ നൂഹിൻെറ ജനതയെയും തന്നെ. لَّمَّا كَذَّبُوا അവർ വ്യാജമാക്കിയപ്പോൾ. الرُّسُلَ റസൂലുകളെ, ദൈവദൂതൻമാരെ. أَغْرَقْنَاهُمْ നാം അവരെ മുക്കി (നശിപ്പിച്ചു) . وَجَعَلْنَاهُمْ അവരെ നാം ആക്കുകയും ചെയ്തു. لِلنَّاسِ ജനങ്ങൾക്ക്, മനുഷ്യർക്ക്. آيَةً ഒരു ദൃഷ്ടാന്തം, ലക്ഷ്യം. وَأَعْتَدْنَا നാം ഒരുക്കി വെക്കുകയും ചെയ്തിരിക്കുന്നു. لِلظَّالِمِينَ അക്രമകാരികൾക്ക്. عَذَابًا ശിക്ഷ. أَلِيمًا വേദനയേറിയ. 38 وَعَادًا ആദിനെയും. وَثَمُودَ ഥമൂദിനെയും. وَأَصْحَابَ الرَّسِّ റസ്സുകാരെയും. وَقُرُونًا തലമുറകളെയും, കാലക്കാരെയും. بَيْنَ ذَٰلِكَ അതിന്നിടയിൽ. كَثِيرًا വളരെ, അനേകം. 39 وَكُلًّا എല്ലാവർക്കും. ضَرَبْنَا لَهُ അവർക്ക് നാം വിവരിച്ചു കൊടുത്തു, ഏർപ്പെടുത്തിക്കൊടുത്തു. الْأَمْثَالَ ഉദാഹരണങ്ങൾ, ഉപമകൾ. وَكُلًّا എല്ലാവരെയും. تَبَّرْنَا നാം നശിപ്പിച്ചു, താറുമാറാക്കി. تَتْبِيرًا ഒരു നശിപ്പിക്കൽ, താറുമാറാക്കൽ.

ഹൂദ് (عليه السلام) നബിയുടെ സമുദായമാണ് 'ആദ്,' ജനത, സ്വാലിഹ്(عليه السلام) നബിയുടെ സമുദായമാണ് 'ഥമൂദ്' ജനത. 'റസ്സ്'കാർ (اصحاب الرس) എന്ന് പറഞ്ഞത് ഏത് ജനതയെ ഉദ്ദേശിച്ചാണെന്ന് ഖണ്ഡിതമായി നമുക്ക് പറയുവാൻ വയ്യ. 'റസ്സ്' എന്ന വാക്കിന് മതിൽ കെട്ടപ്പെടാത്ത കിണർ എന്നർത്ഥമുണ്ട്: ഒരു കിണറ്റിനരികെ (വെള്ളത്താവളത്തിൽ) വസിച്ചിരുന്നതു കൊണ്ടാണ് അവർക്ക് ഈ പേര് വന്നതെന്ന് ചിലർ പറയുന്നു. യമാമഃയിലോ മറ്റോ ഉൾപ്പെട്ട ഒരു രാജ്യമാണ് 'റസ്സ്' എന്നും, ആ രാജ്യക്കാരാണ് ഇവരെന്നും മറ്റും വേറെയും അഭിപ്രായങ്ങളുണ്ട്. الله اعلم ഏതായാലും, നൂഹ് (عليه السلام) നബിയുടെ കാലം തുടങ്ങി മുഹമ്മദ് നബി (ﷺ) യുടെ കാലത്തിനിടയ്ക്ക് മേൽ പറഞ്ഞവരും, അല്ലാത്തവരും ഉൾക്കൊള്ളുന്ന വളരെ തലമുറകൾ കഴിഞ്ഞുപോയിട്ടുണ്ട്. പല ജനതയും അവരുടെ നബിമാരെ നിഷേധിക്കുകയും, അക്കാരണത്താൽ അല്ലാഹുവിൻെറ കോപത്തിനും ഭയങ്കര ശിക്ഷകൾക്കും പാത്രമാകുകയും ചെയ്തിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടുകയും ഈ വസ്തുത ഈ മുശ്രിക്കുകളും ഓർത്തുകൊള്ളട്ടെ എന്ന് ഓർമ്മിപ്പിക്കുകയുമാണ് ഈ ആയത്തുകളുടെ താൽപര്യം.

എല്ലാവർക്കും ഉദാഹരണങ്ങൾ (الامثال) വിവരിച്ചു കൊടുത്തുവെന്ന് പറഞ്ഞതിൻെറ ഉദ്ദേശ്യം, ഉപമകളും ലക്ഷ്യങ്ങളും സഹിതം ആവശ്യമായ ഉപദേശങ്ങൾ നൽകിയെന്നാകുന്നു. അത് നിഷേധിക്കുകയും, ധിക്കരിക്കുകയും ചെയ്തതു മൂലമാണ് എല്ലാവരും ശിക്ഷക്ക് വിധേയരായതും. എന്നാൽ, എല്ലാ സമുദായങ്ങളിലെയും അംഗങ്ങൾ മുഴുവനും ശിക്ഷ മൂലം നശിക്കുകയുണ്ടായെന്ന് ധരിച്ചുകൂടാ. മിക്ക സമുദായത്തിലും അതത് നബിമാരിൽ വിശ്വസിച്ച ഭാഗ്യവാൻമാർ ഏറെക്കുറെ ഉണ്ടായിട്ടുണ്ട്. അവരെല്ലാം പൊതുശിക്ഷകളിൽനിന്ന് രക്ഷിക്കപ്പെടുകയും ചെയ്തിരുന്നു. ഈ വസ്തുത ഖുർആനിൽ പലേടത്തും പ്രസ്താവിച്ച് കാണാവുന്നതാണ്. നൂഹിൻെറ ജനത 'റസൂലുകളെ' വ്യാജമാക്കി എന്ന് (ബഹുവചന രൂപത്തിൽ) പറഞ്ഞത് ഒരു പ്രത്യേക റസൂലിനെ വ്യാജമാക്കുന്നതും, എല്ലാ റസൂലുകളെയും വ്യാജമാക്കുന്നതും ഒരുപോലെയായതുകൊണ്ടാകുന്നു. കാരണം, എല്ലാ പ്രവാചകൻമാരുടെയും പ്രബോധനതത്വം ഒന്നാണല്ലോ. ആ അടിസ്ഥാനത്തിൽ തന്നെയാണ്, എല്ലാ റസൂലുകളിലും വിശ്വസിക്കൽ നമുക്ക് നിർബന്ധമാക്കപ്പെട്ടരിക്കുന്നതും.

മേലെ പേരെടുത്ത് ചൂണ്ടിക്കാട്ടിയ സമുദായങ്ങളുടെ സംഭവങ്ങൾ ഹിജാസിലെ അറബികളെ സംബന്ധിച്ചിടത്തോളം വളരെ പരിചയം ഇല്ലാത്തവയായിരിക്കാം. എന്നാൽ, ലൂത്ത് (عليه السلام) നബിയുടെ സമുദായത്തിൻെറ സംഭവം അങ്ങനെയല്ല. അതിൻെറ അറികുറികളും, ദൃഷ്ടാന്തങ്ങളും ഇന്നും വ്യക്തമാംവണ്ണം അവശേഷിക്കുന്നുണ്ട്. അറബികൾ അവരുടെ ഉഷ്ണകാലത്തെ (ശാമിലേക്കുള്ള) യാത്രകളിൽ അത് കണ്ടുകൊണ്ടിരിക്കുന്നുമുണ്ട്. ആകയാൽ, ആ സംഭവത്തെ ഇവിടെ പ്രത്യേകം ഇങ്ങിനെ ചൂണ്ടിക്കാട്ടുന്നു:-

وَلَقَدْ أَتَوْا۟ عَلَى ٱلْقَرْيَةِ ٱلَّتِىٓ أُمْطِرَتْ مَطَرَ ٱلسَّوْءِ ۚ أَفَلَمْ يَكُونُوا۟ يَرَوْنَهَا ۚ بَلْ كَانُوا۟ لَا يَرْجُونَ نُشُورًا ﴿٤٠﴾

40 നിശ്ചയമായും, (ആ) ചീത്ത മഴ വർഷിപ്പിക്കപ്പെട്ട നാട്ടിലൂടെ അവർ [അവിശ്വാസികൾ] വന്നിട്ടുണ്ടല്ലോ. അപ്പോൾ, അവരത് കണ്ടിരുന്നില്ലേ?! (കാണായ്കയല്ല-) പക്ഷേ, അവർ പുനരുത്ഥാനത്തെ പ്രതീക്ഷിക്കാതായിരിക്കയാണ്. [അതുകൊണ്ടാണ് പലപ്പോഴും അത് കണ്ടു വന്നിട്ടും അവർ ചിന്തിച്ച് പാഠം പഠിക്കാതിരിക്കുന്നത്.]

---

40 وَلَقَدْ أَتَوْا തീർച്ചയായും അവർ വന്നിട്ടുണ്ട്, ചെന്നിട്ടുണ്ടല്ലോ. عَلَى الْقَرْيَةِ നാട്ടിൽ, രാജ്യത്തൂടെ. الَّتِي أُمْطِرَتْ മഴ വർഷിപ്പിക്കപ്പെട്ടതായ. مَطَرَ السَّوْءِ ചീത്തമഴ, ദുഷിച്ചമഴ. أَفَلَمْ يَكُونُوا അപ്പോൾ അവരായിരുന്നില്ലേ, അവരല്ലേ. يَرَوْنَهَا അതിനെ കാണും. بَلْ പക്ഷേ, എങ്കിലും. كَانُوا അവരാകുന്നു, ആയിരുന്നു. لاَ يَرْجُونَ പ്രതീക്ഷിക്കാതെ, കരുതാതെ, ഭയപ്പെടാത്ത(വർ) . نُشُورًا പുനുരുത്ഥാനത്തെ, പുനർജീവിതത്തെ.

ലൂത്ത് (عليه السلام) നബിയുടെ ജനത നശിപ്പിക്കപ്പെടുകയും അവരുടെ രാജ്യം അടിമേലായി മറിക്കപ്പെടുകയും ചെയ്തതിനെയാണ് ഇവിടെ സൂചിപ്പിച്ചത്. അവരിൽ അഗ്നിയാലുള്ള ഒരു ശരവർഷം ഉണ്ടായതും മറ്റും സൂറത്തുൽ അമ്പിയാഇൽ നാം വിവരിച്ചിരിക്കുന്നു. ഈ ശരവർഷത്തെപ്പറ്റിയാണ് 'ചീത്തമഴ' (**مطر السوء**) എന്ന് പറഞ്ഞത്.

وَإِذَا رَأَوْكَ إِن يَتَّخِذُونَكَ إِلَّا هُزُوًا أَهَٰذَا ٱلَّذِى بَعَثَ ٱللَّهُ رَسُولًا ﴿٤١﴾

41 (നബിയേ) അവർ നിന്നെ കാണുമ്പോൾ, നിന്നെ ഒരു പരിഹാസപാത്രമല്ലാതെ അവർ ആക്കുന്നില്ല: ''ഇവനാണോ, അല്ലാഹു റസൂലായി നിയോഗിച്ചിട്ടുള്ളവൻ?!-

إِن كَادَ لَيُضِلُّنَا عَنْ ءَالِهَتِنَا لَوْلَآ أَن صَبَرْنَا عَلَيْهَا ۚ وَسَوْفَ يَعْلَمُونَ حِينَ يَرَوْنَ ٱلْعَذَابَ مَنْ أَضَلُّ سَبِيلًا ﴿٤٢﴾

42 ''നമ്മുടെ ആരാധ്യവസ്തുക്കളിൽ നിന്ന്- നാം അവയിൽ സ്ഥിരചിത്തത കൈക്കൊണ്ടില്ലായിരുന്നുവെങ്കിൽ- ഇവൻ നമ്മെ നിശ്ചയമായും വഴിതെറ്റിച്ചുകളയുമായിരുന്നു!'' (എന്നിങ്ങിനെ പറയും) അവർ ശിക്ഷയെ കാണുന്ന സമയത്ത് അവർക്കറിയാറാകും: ആരാണ് ഏറ്റവും വഴിപിഴച്ചിട്ടുള്ളവരെന്ന്!

---

41 وَإِذَا رَأَوْكَ അവർ നിന്നെ കണ്ടാൽ, കാണുമ്പോൾ. إِن يَتَّخِذُونَكَ നിന്നെ അവർ ആക്കുകയില്ല. إِلاَّ هُزُوًا പരിഹാസം (പരിഹാസപാത്രം) അല്ലാതെ. أَهَذَا ഇവനാണോ. الَّذِي യാതൊരുത്തൻ. بَعَثَ اللهُ അല്ലാഹു നിയോഗിച്ചിട്ടുള്ള. رَسُولاً റസൂലായി, ദൂതനായി. 42 إِن كَادَ നിശ്ചയമായും ആയേക്കുമായിരുന്നു. لَيُضِلُّنَا അവൻ നമ്മെ വഴി തെറ്റിക്കുക. عَنْ آلِهَتِنَا നമ്മുടെ ആരാധ്യൻമാരിൽ (ദൈവങ്ങളിൽ) നിന്ന്. لَوْلاَ أَن صَبَرْنَا നാം ക്ഷമ (സ്ഥിരചിത്തത) കൈകൊണ്ടിട്ടില്ലായിരുന്നെങ്കിൽ. عَلَيْهَا അവയിൽ. وَسَوْفَ يَعْلَمُونَ അവർക്ക് അറിയാറാകും, വഴിയെ അറിയും. حِينَ يَرَوْنَ അവർ കാണുന്ന സമയത്ത്. الْعَذَابَ ശിക്ഷയെ. مَنْ أَضَلُّ ആരാണ് ഏറ്റം പിഴച്ചവർ. سَبِيلاً മാർഗ്ഗം, വഴി.

അവിശ്വാസികൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന പല അപവാദങ്ങളുടെയും, ആക്ഷേപങ്ങളുടെയും മാതൃകകൾ ഇതിനുമുമ്പ് അല്ലാഹു വിവരിച്ചു. അവകൊണ്ടൊന്നും അവർ

മതിയാക്കുന്നില്ല. നബി (ﷺ) തിരുമേനിയെ പരിഹസിക്കുകയും, തെറി പറയുകയും അവരുടെ സ്വഭാവമാണ്. ആ ഇനത്തില്‍പ്പെട്ട ഒരു ഉദാഹരണമത്രെ ഈ വചനങ്ങളില്‍ കാണുന്നത്. എത്രത്തോളം പുച്ഛത്തിലും, അവഹേളന രൂപത്തിലുമാണ് അവര്‍ തിരുമേനിയോട് പെരുമാറിയതെന്ന് ഈ ഒരേ ഉദാഹരണത്തില്‍നിന്നും, അവര്‍ പ്രയോഗിച്ച വാക്കുകളില്‍നിന്നും അനുമാനിക്കാവുന്നതാണ്. അതേ സമയത്ത് തന്നെ. മറ്റൊരു യാഥാര്‍ത്ഥ്യവും അതില്‍ നിഴലിച്ചുകൊണ്ടിരിക്കുന്നു. നബി (ﷺ) തിരുമേനിയുടെ തൗഹീദിലേക്കുള്ള ക്ഷണം വളരെയധികം ഊര്‍ജ്ജിതമായിരുന്നുവെന്നും, അവരില്‍ അത് ധാരാളം അമ്പരപ്പും, കോളിളക്കവും ഉളവാക്കിയിരുന്നുവെന്നും അതില്‍നിന്നും ധ്വനിക്കുന്നു. എന്തുതന്നെ വന്നാലും, തങ്ങളുടെ ദൈവങ്ങളില്‍ ഉറച്ചു നില്‍ക്കണമെന്ന ഒരേ വാശിയും, സത്യം സ്വീകരിക്കുകയില്ലെന്ന മര്‍ക്കടമുഷ്ടിയുംകൊണ്ട് മാത്രമാണ് അവര്‍ നബി (ﷺ) യില്‍ വിശ്വസിക്കാത്തത് എന്നാണല്ലോ 'നാം അവയില്‍ സ്ഥിരചിത്തത കൈകൊണ്ടിട്ടില്ലായിരുന്നെങ്കില്‍' لولا ان صبرنا عليها എന്ന വാക്കുകൊണ്ട് മനസ്സിലാക്കുന്നത്. ആശ്ചര്യംതന്നെ! മര്‍ക്കടമുഷ്ടിക്കുണ്ടോ വല്ല ചികില്‍സയും?!

43 തന്‍റെ ഇച്ഛയെ തന്‍റെ 'ഇലാഹാ'ക്കി [ആരാധ്യവസ്തുവാക്കി]വെച്ചിട്ടുള്ളവനെ നീ കണ്ടുവോ?! എന്നിരിക്കെ, നീ അവന്‍റെമേല്‍ ഉത്തരവാദപ്പെട്ടവനാകുമോ?!

أَرَءَيْتَ مَنِ ٱتَّخَذَ إِلَـٰهَهُۥ هَوَىٰهُ أَفَأَنتَ تَكُونُ عَلَيْهِ وَكِيلًا ﴿٤٣﴾

44 അതല്ല, അവരില്‍ അധികമാളുകളും കേള്‍ക്കുന്നുണ്ടെന്നോ, മനസ്സിരുത്തുന്നുണ്ടെന്നോ നീ വിചാരിക്കുന്നുവോ?! അവര്‍ കന്നുകാലികളെപ്പോലെയല്ലാതെ (മറ്റൊന്നും) അല്ല; അത്രയുമല്ല, അവര്‍ (അവയെക്കാള്‍) കൂടുതല്‍ വഴിപിഴച്ചവരത്രെ.

أَمْ تَحْسَبُ أَنَّ أَكْثَرَهُمْ يَسْمَعُونَ أَوْ يَعْقِلُونَ ۚ إِنْ هُمْ إِلَّا كَٱلْأَنْعَـٰمِ ۖ بَلْ هُمْ أَضَلُّ سَبِيلًا ﴿٤٤﴾

---

43 أَرَأَيْتَ നീ കണ്ടുവോ. مَنِ اتَّخَذَ ആക്കിയവനെ. إِلَٰهَهُ തന്‍റെ ഇലാഹു, അവന്‍റെ ദൈവം, ആരാധ്യവസ്തു. هَوَاهُ തന്‍റെ ഇച്ഛയെ, തന്നിഷ്ടത്തെ. أَفَأَنتَ അപ്പോള്‍ (എന്നിരിക്കെ) നീയുണ്ടോ. تَكُونُ ആകുന്നു (നീ ആകുമോ) . عَلَيْهِ അവന്ന്, അവന്‍റെ മേല്‍. وَكِيلًا ഉത്തരവാദപ്പെട്ടവന്‍, ഭരമേറ്റവന്‍. 44 أَمْ അതോ, അതല്ല, അല്ലാത്തപക്ഷം, അഥവാ. تَحْسَبُ നീ വിചാരിക്കുന്നോ, ഭാവിക്കുന്നോ. أَنَّ أَكْثَرَهُمْ അവരില്‍ അധികമാളും ആണെന്ന്. يَسْمَعُونَ അവര്‍ കേള്‍ക്കുന്നു (എന്ന്) . أَوْ يَعْقِلُونَ അല്ലെങ്കില്‍ മനസ്സിരുത്തുന്നു, ബുദ്ധികൊടുക്കുന്നു, ഗ്രഹിക്കുന്നു (എന്ന്) . إِنْ هُمْ അവരല്ല. إِلاَّ كَالْأَنْعَامِ കന്നുകാലികളെ (ആടുമാടൊട്ടകങ്ങളെ) പ്പോലെയല്ലാതെ. بَلْ هُمْ എങ്കിലും (അത്രയുമല്ല) അവര്‍. أَضَلُّ കൂടുതല്‍ പിഴച്ചവരാണ്. سَبِيلًا വഴി, മാര്‍ഗ്ഗം.

പ്രമാണങ്ങളും, ലക്ഷ്യങ്ങളും വകവെക്കാതെ, ദേഹേച്ഛയും, തന്നിഷ്ടവും ആധാരമാക്കി ജീവിതം നയിക്കുന്നവന്‍ അതിനെ ഒരു തരത്തില്‍ തന്‍റെ ദൈവമാക്കി വെക്കുകയാണ് ചെയ്യുന്നത്. ഇങ്ങിനെയുള്ളവരെ സംസ്കരിക്കുവാനോ, അവരുടെ ചുമതല ഏറ്റെടുത്തു നടത്തുവാനോ സാധ്യമാകുന്നതല്ല. കാരണം-തുടര്‍ന്ന് പറയുന്നതുപോലെ-അവര്‍ക്ക് മനസ്സാക്ഷിയും, മനുഷ്യത്വപരമായ വിവേചനവും നഷ്ടപ്പെട്ട് തനി മൃഗതുല്യരായിരിക്കുകയാണ്.

'ജാഹിലിയ്യാ' കാലത്ത് (ഇസ്‌ലാമിനുമുമ്പ് അജ്ഞാനകാലത്ത്) ചില ആളുകള്‍, കുറേ കാലം ഒരു കല്ലിനെ ആരാധ്യവസ്തുവായി വെച്ചുകൊണ്ടിരിക്കെ അതിനെക്കാള്‍ നല്ലതായ വേറൊരു കല്ല് കാണുമ്പോള്‍, ആദ്യത്തേതിനെ ഉപേക്ഷിച്ച് ആ പുതിയ കല്ല് തല്‍സ്ഥാനത്ത്

പ്രതിഷ്ഠിച്ച് ആരാധിച്ചു വരുക പതിവുവണ്ടായിരുന്നു. ഇത്തരം സമ്പ്രദായത്തെ ഉദ്ദേശിച്ചാണ് 'ഇച്ഛയെ ഇലാഹാക്കി' എന്ന് പ്രസ്താവിച്ചിരിക്കുന്നത് എന്നത്രെ ഇബ്നു അബ്ബാസ് (ﷺ) മുതലായവരുടെ അഭിപ്രായം. പ്രസിദ്ധ ഖുർആൻ വ്യാഖ്യാതാവായ ഇബ്നു ജരീർ (ﷺ) ഈ അഭിപ്രായമാണ് സ്വീകരിച്ചിട്ടുള്ളതും. അപ്പോൾ, തത്വദീക്ഷയും വിവേചന ബുദ്ധിയും കൂടാതെ ആരാധ്യവസ്തുക്കളെ- വിഗ്രഹങ്ങളോ, ദേവീദേവൻമാരോ, മനുഷ്യരോ, പ്രതിമകളോ, ഭൂതങ്ങളോ, ചിഹ്നങ്ങളോ ഏതായാലും ശരി-സ്വീകരിക്കുന്നവരെല്ലാം ഈ അക്ഷേപത്തിന് വിധേയരാകുന്നു.

ഇമാം ഇബ്നുകഥീർ (ابن كثير–رح) ഇതിനെക്കാൾ വിപുലമായ ഒരർത്ഥത്തിലാണ് ഈ വാക്യം വ്യാഖ്യാനിച്ചിരിക്കുന്നത്. 'ഏതെങ്കിലും ഒരു കാര്യം ഒരാൾക്ക് നന്നായി തോന്നുകയും, തന്റെ ഇച്ഛയുടെ അടിസ്ഥാനത്തിൽ അത് നല്ലതെന്ന് അഭിപ്രായപ്പെടുകയും ചെയ്താൽ, ആ കാര്യം തന്റെ മതവും, ആദർശവുമായി കണക്കാക്കുക.'' ഇതാണ് അദ്ദേഹം 'ഇച്ഛയെ ഇലാഹാക്കുക' എന്നതിന് കൊടുത്ത വ്യാഖ്യാനം. ഇച്ഛക്കൊത്ത ആശയാദർശങ്ങളും, തന്നിഷ്ടത്തിനനുകൂലമായ പ്രസ്ഥാനങ്ങളും സിദ്ധാന്തങ്ങളും സ്വീകരിക്കുന്നവരും, സൗഖ്യജീവിതം, ആഡംബരം, സമ്പത്ത്, പ്രേമം, കാമം, വിനോദം, പന്തയം ആദിയായവയിൽ മനം ലയിച്ചവരും ഈ രണ്ടാമത്തെ വ്യാഖ്യാനപ്രകാരം അതതിനെ ഇലാഹാക്കിയവരാണെന്ന് പറയാം. ഇതേ അടിസ്ഥാനത്തിൽതന്നെയാണ് നബി(ﷺ) ഇങ്ങിനെ അരുളിച്ചെയ്തതും:

تعس عبدالدينار وعبد الدرهم وعبدالخميصة اناعطى رضي وان لم يعط سخط الخ –رواه البخاري

പൊൻപണത്തിന്റെ അടിമയും, വെള്ളിപ്പണത്തിന്റെ അടിമയും, പട്ടുപുതപ്പിന്റെ (സുഖപ്രിയനായ) അടിമയും കഷ്ടനഷ്ടത്തിൽ പെട്ടുപോയി. അവന് (ഉദ്ദേശിച്ചത്) കിട്ടിയാൽ തൃപ്തിപ്പെടും, കിട്ടിയില്ലെങ്കിൽ കുപിതനാകും..എന്ന് സാരം.

രണ്ടാമത്തെ വചനം, ഇത്തരക്കാർ വാസ്തവത്തിൽ മനുഷ്യപ്രായരല്ലെന്നും, മൃഗപ്രായരാണെന്നും-അത്രയുമല്ല, അതിനെക്കാൾ നികൃഷ്ടരാണെന്നുതന്നെ-സമർത്ഥിക്കുകയാണ്. പ്രത്യക്ഷത്തിൽ അവർക്ക് വിശേഷ ബുദ്ധിയുണ്ട്. കേൾക്കുന്ന കാതുകളുമുണ്ട് പക്ഷെ, ഉപദേശങ്ങളും ദൃഷ്ടാന്തങ്ങളും അവർ ചെവിക്കൊണ്ട് ഗ്രഹിക്കുന്നില്ല. സത്യാസത്യങ്ങളും, ന്യായാന്യായങ്ങളും ചിന്തിച്ച് മനസ്സിലാക്കുന്നുമില്ല. ഈ നിലക്ക് അവർ ആടുമാടുകൾക്ക് സമമാണ്. എന്നാൽ, അല്പംകൂടി മുന്നോട്ടുപോയി ആലോചിക്കുന്നതായാൽ, മൃഗങ്ങൾ താരതമ്യേന ഇവരിലും ഭേദമാകുന്നു. എന്തുകൊണ്ടെന്നാൽ, അവക്ക് വിശേഷബുദ്ധിയും, വിവേചനശക്തിയുമില്ല. എന്നിട്ടുപോലും, അവയുടെ നിത്യവൃത്തികൾ അവ യഥാവിധി നിർവ്വഹിക്കുന്നു; അവയുടെ പ്രകൃതിക്ക് യോജ്യമാംവണ്ണം ഓരോന്നും, അതതിന്റെ രക്ഷാമാർഗ്ഗം തേടുവാൻ പരിശ്രമിക്കുകയും ചെയ്യുന്നു; അതതിനെ പോറ്റുന്ന യജമാനന്റെ ആജ്ഞയനുസരിച്ച് വർത്തിക്കുകയും ചെയ്യുന്നു. അവ സത്യവിശ്വാസികളല്ലെങ്കിൽ സത്യനിഷേധികളുമല്ല. അതേ സമയത്ത് ഈ ഇച്ഛാപൂജകൻമാരാകട്ടെ, അവരുടെ സ്രഷ്ടാവും, അന്നദാതാവും, നിയന്താവും, രക്ഷിതാവുമായ അല്ലാഹുവിൽ വിശ്വസിക്കുന്നില്ല; അവന്റെ ആജ്ഞാനിർദ്ദേശങ്ങൾ മാനിക്കുന്നുമില്ല; അവനോട് കൂറും ഭക്തിയും കാണിക്കുന്നുമില്ല; വരുവാനിരിക്കുന്ന മഹാവിപത്തുകളെപ്പറ്റി ചിന്തിക്കുന്നുമില്ല. അപ്പോൾ, നിശ്ചയമായും അവർ കന്നുകാലിമൃഗങ്ങളെക്കാൾ വഴിപിഴച്ചവരാണെന്നുള്ളതിൽ സംശയമില്ല.

തുടർന്നുള്ള കുറെ ആയത്തുകളിൽ, അല്ലാഹുവിന്റെ സൃഷ്ടിമാഹാത്മ്യത്തെയും നിത്യാനുഗ്രഹങ്ങളെയും സ്ഥാപിക്കുന്ന അഞ്ച് പ്രധാന പ്രകൃതിദൃഷ്ടാന്തങ്ങൾ വിവരിക്കുന്നു. അവ ഓരൊന്നും, അല്പമെങ്കിലും ബുദ്ധികൊടുത്ത് ചിന്തിക്കുന്ന ഏതൊരാൾക്കും മനസ്സിലാക്കാവുന്ന പരമാർത്ഥങ്ങളാകുന്നു. ഒന്നാമത്തേത്:-

വിഭാഗം 5

أَلَمْ تَرَ إِلَىٰ رَبِّكَ كَيْفَ مَدَّ ٱلظِّلَّ وَلَوْ شَآءَ لَجَعَلَهُۥ سَاكِنًا ثُمَّ جَعَلْنَا ٱلشَّمْسَ عَلَيْهِ دَلِيلًا ﴿٤٥﴾

45 (മനുഷ്യാ) നിന്റെ രക്ഷിതാവിങ്കലേക്ക്- എങ്ങനെയാണ് അവൻ നിഴലിനെ വ്യാപിപ്പിച്ചതെന്ന്-നീ നോക്കുന്നില്ലേ?! അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ, അതിനെ നിശ്ചലമാക്കുമായിരുന്നു. പിന്നെ, നാം (അല്ലാഹു) സൂര്യനെ അതിന് ലക്ഷ്യമാക്കി (അടയാളമാക്കി) യിരിക്കുന്നു;

ثُمَّ قَبَضْنَٰهُ إِلَيْنَا قَبْضًا يَسِيرًا ﴿٤٦﴾

46 പിന്നീട്, നമ്മുടെ അടുക്കലേക്ക് നാം അതിനെ കുറേശ്ശെയായി പിടിച്ചെടുത്തു (ചുരുക്കി) കൊണ്ടുവരുകയും ചെയ്യുന്നു

---

45 أَلَمْ تَرَ നീ നോക്കുന്നില്ലേ, കാണുന്നില്ലേ. إِلَى رَبِّكَ നിന്റെ രക്ഷിതാവിങ്കലേക്ക്. كَيْفَ എങ്ങനെയാണ്. مَدَّ അവൻ വ്യാപിപ്പിച്ചിരിക്കുന്നത്, നീട്ടിയിരിക്കുന്നത് (എന്ന്) . الظِّلَّ നിഴലിനെ, തണലിനെ. وَلَوْ شَاءَ അവൻ ഉദ്ദേശിച്ചിരിന്നുവെങ്കിൽ. لَجَعَلَهُ അതിനെ അവൻ ആക്കുമായിരുന്നു. سَاكِنًا നിശ്ചലം, അടങ്ങിയത്. ثُمَّ പിന്നെ. جَعَلْنَا നാം ആക്കി. الشَّمْسَ സൂര്യനെ. عَلَيْهِ അതിന്, അതിൻമേൽ. دَلِيلاً ലക്ഷ്യം, അടയാളം, അറിയിക്കുന്നത്. 46 ثُمَّ قَبَضْنَاهُ പിന്നെ നാം അതിനെ പിടിച്ചു, പിടിച്ചെടുത്തു. إِلَيْنَا നമ്മിലേക്ക്. قَبْضًا ഒരു പിടുത്തം. يَسِيرًا കുറേശ്ശെ, ലഘുവായി, അല്പമായ.

الظل . (ളില്ല്) എന്ന പദത്തെയാണ് 'നിഴൽ' എന്ന് വിവർത്തനം ചെയതത്. 'തണൽ, ഛായ, പ്രതിച്ഛായ, പ്രതിബിംബം' എന്നൊക്കെ അതിന് അർത്ഥം വരും. പ്രഭാതം മുതൽ സൂര്യോദയം വരെ ഭൂമിയിൽ വ്യാപകമായി തണലുണ്ടായിരിക്കും. ഉദയത്തോടുകൂടി തണൽ നീങ്ങി വെയിൽ പ്രത്യക്ഷമാകുന്നു. അപ്പോഴാണ് അതിന് മുമ്പത്തെ അവസ്ഥാവിശേഷം തികച്ചും വേർതിരിച്ചറിയുവാൻ കഴിയുക. ഒന്നിന്റെ എതിരുവശം കാണുമ്പോഴാണല്ലോ മുൻസ്ഥിതി കൂടുതൽ വ്യക്തമാകുന്നത്.(*) അനന്തരം ഉദയം കഴിഞ്ഞാൽ അസ്തമനം വരെ സ്ഥൂല വസ്തുക്കൾക്കെല്ലാം നിഴൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കും. സൂര്യനില്ലായിരുന്നുവെങ്കിൽ അതറിയപ്പെടുമായിരുന്നില്ല. ഈ രണ്ടിനും പുറമെ മൂന്നാമതൊരു തരം നിഴലും നാം കണ്ടുകൊണ്ടിരിക്കുന്നു. അതത്രെ, കൂടുതൽ വ്യാപകമായത്. ഭൂമിയുടെ പകുതിഭാഗം നിത്യേന സൂര്യന് പ്രതിമുഖമായി നിന്ന്, നിഴൽ മൂടിക്കൊണ്ടിരിക്കുന്നു. അഥവാ രാത്രിയായിക്കൊണ്ടിരിക്കുന്നു. സൂര്യൻ പ്രത്യക്ഷപ്പെടുന്നതോടൊപ്പം രാത്രിയാകുന്ന നിഴലും പകലും തമ്മിൽ വേർതിരിയുന്നു. ഏതുതരം നിഴലോ, തണലോ ആയിരുന്നാലും ശരി, അതിനെ കാഴ്ചയിൽ വേർതിരിച്ചു കാട്ടിത്തരുന്ന ലക്ഷ്യം സൂര്യനത്രെ. സൂര്യനില്ലായിരുന്നെങ്കിൽ, ലോകം സദാ ഒരേ അവസ്ഥയിൽത്തന്നെ നിഴൽമൂടി അവശേഷിക്കുമായിരുന്നു. മേൽപ്പറഞ്ഞതിനെക്കാൾ വിപുലമായ ഒരു നിഴലും ഇവിടെ വിഭാവനം ചെയ്യാവുന്നതാണ്. ഭൂമിയെയും, ചന്ദ്രനെയും പോലെ സ്വയം പ്രകാശിതമല്ലാത്ത ഗോളങ്ങൾ വാസ്തവത്തിൽ ഇരുളും നിഴലും, നിറഞ്ഞവയാണ്. നമ്മുടെ സൂര്യനടക്കം നഭോമണ്ഡലത്തിലുള്ള അനേകായിരം സൂര്യഗോളങ്ങൾ സ്വയം പ്രകാശിതങ്ങളുമാണ്. നമ്മുടെ സൂര്യനിൽ നിന്നാണ് നമ്മുടെ ഭൂമിക്കും മറ്റുചില ഗോളങ്ങൾക്കും വെളിച്ചം കിട്ടുന്നത്. സൂര്യനില്ലാത്തപക്ഷം, ഭൂമിയും ചന്ദ്രനുമെല്ലാം നമുക്ക് ഗോചരങ്ങളാകുമായിരുന്നില്ല.

---

* وبضدها تتبين الاشياء (എതിരുവശം കൊണ്ടാണ് വസ്തുക്കൾ പ്രത്യക്ഷത്തിൽ തിരിച്ചറിയുന്നത്) എന്നൊരു കവി പറഞ്ഞത് വാസ്തവം.

സൂര്യൻ ഇല്ലെന്നോ, അതിന് സഞ്ചാരമില്ലെന്നോ, അല്ലെങ്കിൽ പ്രകാശമില്ലെന്നോ സങ്കൽപിക്കുക, അതുമല്ലെങ്കിൽ ഭൂമിയും സൂര്യനെപ്പോലെ പ്രകാശമയമാണെന്ന് വെക്കുക: എന്നാൽ ഈ ലോകപ്രകൃതിയിൽ നേരിടാനിരിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയായിരിക്കും?! ആലോചിച്ച് നോക്കുക. മനുഷ്യരാൽ അത് നിർണ്ണയിക്കുക സാദ്ധ്യമല്ല. രാപ്പകൽ ഇല്ലാതാകുന്നു, ചൂടും തണുപ്പും വ്യത്യാസപ്പെടുന്നു, സമയനിർണ്ണയം അസാദ്ധ്യമാകുന്നു, അങ്ങിനെ പലതും. ചുരുക്കത്തിൽ ലോകവ്യവസ്ഥ പാടെ വ്യത്യാസപ്പെടും. അതുപോലെത്തന്നെ, കറുത്തിരുണ്ട അർദ്ധരാത്രിമാറി ഒരു നൊടിയിടയൽ പെട്ടന്ന് പ്രകാശം തിളങ്ങുന്ന-മദ്ധ്യാഹ്നം അനുഭവപ്പെടുകയോ, അല്ലെങ്കിൽ മറിച്ചോ സംഭവിക്കുന്നുവെന്ന് സങ്കൽപിക്കുക! വിവിധ രംഗങ്ങളിൽ സ്വൈരവിഹാരം കൊള്ളുന്ന-അനേകതരം ജോലിത്തിരക്കുകളിൽ വ്യാപൃതരായിക്കൊണ്ടിരിക്കുന്ന-ജനകോടികളുടെ ജീവിത്തിൽ അതെന്തുമാത്രം സംഭ്രമജനകമായിരിക്കുമെന്ന് നമുക്ക് ഊഹിക്കുവാൻ പോലും പ്രയാസം. 'അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവൻ അതിനെ (നിഴലിനെ) നിശ്ചചലമാക്കുമായിരുന്നു' എന്നും, പിന്നീട് നമ്മുടെ അടുക്കലേക്ക് അതിനെ കുറേശ്ശെയായി പിടിച്ചെടുത്തു കൊണ്ടുവരുകയും ചെയ്യുന്നു എന്നും അല്ലാഹു പറഞ്ഞതിൻെറ രഹസ്യം ഇതിൽനിന്നൊക്കെ മനസ്സിലാക്കാവുന്നതാണ്.

ഇത്തരം കാര്യങ്ങളെക്കുറിച്ച് ഉറ്റാലോചിക്കുമ്പോഴാണ്, ഈ സൂറത്തിലെ 2-ാം വചനത്തിൽ ''എല്ലാ വസ്തുവെയും അവൻ സൃഷ്ടിച്ച് അതിന് ശരിയായ നിർണ്ണയം ചെയ്തരിക്കുന്നു'' (**وخلق كل شيئ فقدره تقديرا**) എന്നതുപോലെയുള്ള ഖുർആൻ വചനങ്ങളുടെ അന്തരംഗത്തിൻെറ വിശാലതയും, അർത്ഥവ്യാപ്തിയും നമുക്ക് ഏറെക്കുറെ ഗ്രഹിക്കുവാൻ സാധ്യമാകുക **والله الموافق** അടുത്ത വചനത്തിൽ രണ്ടാമത്തെ ദൃഷ്ടാന്തത്തെക്കുറിച്ച് പ്രസ്താവിക്കുന്നു:-

وَهُوَ ٱلَّذِى جَعَلَ لَكُمُ ٱلَّيْلَ لِبَاسًا وَٱلنَّوْمَ سُبَاتًا وَجَعَلَ ٱلنَّهَارَ نُشُورًا ﴿٤٧﴾

47 അവനത്രെ, നിങ്ങൾക്ക് രാത്രിയെ ഒരു വസ്ത്രവും, ഉറക്ക് ഒരു വിശ്രമവും (അഥവാ മരണവും) ആക്കിത്തന്നിട്ടുള്ളവൻ. പകലിനെ അവൻ ഒരു ഉയിർത്തെഴുന്നേൽപും (അഥവാ വ്യാപാരയോഗ്യവും) ആക്കിയിരിക്കുന്നു.

---

47 **وَهُوَ الَّذِي** അവനാണ് യാതൊരുവൻ. **جَعَلَ** അവൻ ആക്കി. **لَكُمُ** നിങ്ങൾക്ക്. **اللَّيْلَ** രാത്രിയെ. **لِبَاسًا** വസ്ത്രം, ഉടുപ്പ്. **وَالنَّوْمَ** ഉറക്കിനെ. **سُبَاتًا** വിശ്രമം, ആശ്വാസം, നിശ്ചലാവസ്ഥ. **وَجَعَلَ** അവൻ ആക്കുകയും ചെയ്തു. **النَّهَارَ** പകലിനെ. **نُشُورًا** എഴുന്നേൽപ്പ്, പുനരെഴുന്നേൽപ്പ്, പുറപ്പാട്, ഉയിർത്തെഴുന്നേൽപ്പ്.

വസ്ത്രം മനുഷ്യന് നഗ്നത മറയ്ക്കുവാനും, ദേഹരക്ഷക്കും ഉപകരിക്കുന്നു. അതുപോലെത്തന്നെ രാത്രിയും നമുക്ക് മറവും രക്ഷയും നൽകുന്നു, വസ്ത്രം അത് ധരിച്ച് വ്യക്തിക്കുമാത്രം ഉപകരിക്കുന്നുവെങ്കിൽ, രാത്രിയാകുന്ന വസ്ത്രം പൊതുവിൽ എല്ലാവർക്കും ഒരുപോലെ ഉപയോഗപ്പെടുന്നു. ഉറക്കാകട്ടെ, അതൊരു വിശ്രമമാണ്. ഒരു കണക്കിൽ അത് ഒരുതരം മരണമാണെന്ന് പറയാം. കുറെ നേരത്തേക്ക് അത് നമ്മുടെ ചലനങ്ങളും, പ്രവർത്തനങ്ങളും, ഗ്രഹണേന്ദ്രിയങ്ങളും അടക്കിവെച്ച് നമ്മെ നിശ്ചേഷ്ടരാക്കുന്നു. ഈ അവസരത്തിൽ നമുക്ക് പദാർത്ഥ ലോകവുമായി ബോധപൂർവ്വമായ ഒരു ബന്ധവുമില്ലാതാകുന്നു. വല്ല ബന്ധവും ഉണ്ടെങ്കിൽ അത് സ്വപ്നം വഴി ആത്മീയലോകത്തോടായിരിക്കും. ഈ നിലക്ക് നിദ്ര ഒരു മരണം തന്നെ. മുമ്പുണ്ടായിരുന്ന ശാരീരികവും മാനസികവുമായ ക്ഷീണവും തളർച്ചയും മാറ്റി ഒരു പുതിയ ഉൻമേഷവും ചൈതന്യവും വീണ്ടെടുക്കുവാനും, പരിഹാരം കാണാതെ തലയിലേറ്റി നടക്കുന്ന എത്രയോ വിചാരവികാരാദിശല്യങ്ങളെ അൽപനേരം

ഒരു അത്താണിയിൽ ഇറക്കിവെച്ച് അത്മാവിന് സ്വൈരവിഹാരം നടത്താനും നിദ്ര സഹായിക്കുന്നു-അല്ല, നിർബന്ധിക്കുന്നു. ഈ നിലക്ക് അതൊരു വമ്പിച്ച വിശ്രമവും ആകുന്നു. കുറച്ചു ദിവസമോ, മണിക്കൂറുകളോ ഉറങ്ങുവാൻ കഴിയാതെ വന്നാലത്തെ ദുരവസ്ഥ ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. ഉറങ്ങുവാൻ പറ്റിയ മറവും, സ്വസ്ഥതയും, അനുകൂലമായ പൊതു പരിതസ്ഥിതികളും രാത്രിയിലാണുള്ളത്. അങ്ങനെ, അല്ലാഹു നമുക്ക് രാത്രിയെ വസ്ത്രവും, നിദ്രയെ വിശ്രമവുമാക്കിത്തന്നിരിക്കുകയാണ്.

മനുഷ്യൻ-ഇതരജീവികളെപ്പോലെത്തന്നെ-അവൻെറ ഉപജീവനമാർഗ്ഗം അന്വേഷിക്കേണ്ടതുണ്ട്. അല്ല, അവന് ആയിരമായിരം തുറകളിൽ വ്യാപരിക്കുകയും, വിഹരിക്കുകയും വേണം-വിശ്രമിച്ചാൽ മാത്രം പോര. അതുകൊണ്ട് സമയമെല്ലാം രാത്രിയായിരുന്നാൽ അവന് ജീവിക്കുക സാദ്ധ്യമല്ല. അവൻെറ ആവശ്യങ്ങൾ ഭൂമി മുഴുവനും പരന്നുകിടക്കുകയാണ്. അല്ല, അന്തരീക്ഷത്തിലും ഉപരിയാകാശത്തും അവന് സഞ്ചരിക്കേണ്ടിവരും. ഇതിനായി അല്ലാഹു അവന് പകലിനെ പ്രദാനം ചെയ്യുകയും, അവൻെറ ആവശ്യങ്ങൾ നിർവ്വഹിക്കുമാറ് അതിനെ പാകപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അങ്ങനെ അനുദിനം രാത്രിയിൽ നിദ്രയാകുന്ന മരണവിശ്രമം ആസ്വദിച്ച ശേഷം അതിൽ നിന്ന് പ്രഭാതവേളയിൽ അവൻ പുനരെഴുന്നേൽക്കുകയും, അടുത്ത രാത്രിവരെ ജീവിതയാത്ര തുടർന്നു കൊണ്ടിരിക്കുകയുമാണ്. മൂന്നാമത്തെ ദൃഷ്ടാന്തം ഇതാണ്:-

وَهُوَ ٱلَّذِىٓ أَرْسَلَ ٱلرِّيَٰحَ بُشْرًۢا بَيْنَ يَدَىْ رَحْمَتِهِۦ ۚ وَأَنزَلْنَا مِنَ ٱلسَّمَآءِ مَآءً طَهُورًا ﴿٤٨﴾

48 തൻെറ (മഴവർഷമാകുന്ന) കാരുണ്യത്തിൻെറ മുമ്പിൽ, സന്തോഷവാർത്തയെന്ന നിലക്ക് കാറ്റുകളെ അയച്ചിട്ടുള്ളവനും അവൻ [അല്ലാഹു] തന്നെ. ആകാശത്തു നിന്നും നാം [അല്ലാഹു] വളരെ ശുദ്ധമായ ജലം ഇറക്കുകയും ചെയ്തിരിക്കുന്നു;

لِّنُحْـِۧىَ بِهِۦ بَلْدَةً مَّيْتًا وَنُسْقِيَهُۥ مِمَّا خَلَقْنَآ أَنْعَٰمًا وَأَنَاسِىَّ كَثِيرًا ﴿٤٩﴾

49 -നിർജ്ജീവമായ രാജ്യത്തെ അതുകൊണ്ട് നാം ജീവിപ്പിക്കുവാനും, നാം സൃഷ്ടിച്ചുണ്ടാക്കിയതിൽപെട്ട കന്നുകാലികൾക്കും, വളരെ അധികം ജനങ്ങൾക്കും അത് കുടിപ്പിക്കുവാനും വേണ്ടിയത്രെ (അത്)

وَلَقَدْ صَرَّفْنَٰهُ بَيْنَهُمْ لِيَذَّكَّرُوا۟ فَأَبَىٰٓ أَكْثَرُ ٱلنَّاسِ إِلَّا كُفُورًا ﴿٥٠﴾

50 അവർ ആലോചിച്ചു നോക്കേണ്ടതിനായി, നിശ്ചയമായും അവർക്കിടയിൽ നാം അതിനെ കൈകാര്യം ചെയ്തിരിക്കുന്നു. എന്നാൽ, ജനങ്ങളിൽ അധിക ഭാഗവും നന്ദികേട് ചെയ്വാനല്ലാതെ (മറ്റൊന്നും) കൂട്ടാക്കാതിരിക്കുകയാണ്!

---

48 وَهُوَ അവൻ തന്നെയാണ്. الَّذِي أَرْسَلَ അയച്ചവൻ, നിയോഗിച്ചവൻ. الرِّيَاحَ കാറ്റുകളെ. بُشْرًا സന്തോഷവാർത്തയായി. بَيْنَ يَدَيْ മുമ്പിൽ, മുന്നിൽ. رَحْمَتِهِ അവൻെറ കാരുണ്യത്തിൻെറ (മഴയുടെ) . وَأَنزَلْنَا നാം ഇറക്കുകയും ചെയ്തു. مِنَ السَّمَاءِ ആകാശത്തുനിന്ന് (ഉപരിഭാഗത്ത്നിന്ന്) . مَاءً വെള്ളം. طَهُورًا അതിശുദ്ധമായ. 49 لِنُحْيِيَ നാം ജീവിപ്പിക്കുവാൻ വേണ്ടി. بِهِ അതുകൊണ്ട്. بَلْدَةً രാജ്യത്തെ. مَّيْتًا നിർജ്ജീവമായ. وَنُسْقِيَهُ അതിനെ കുടിപ്പിക്കുവാനും, കുടിപ്പാൻ കൊടുക്കുവാനും. مِمَّا خَلَقْنَا നാം സൃഷ്ടിച്ചതിൽപെട്ട. أَنْعَامًا കന്നുകാലികൾക്ക്. وَأَنَاسِيَّ മനുഷ്യർക്കും. كَثِيرًا വളരെയധികം. 50 وَلَقَدْ തീർച്ചയായും, തിട്ടമായും. صَرَّفْنَاهُ അതിനെ നാം വിഹിതം ചെയ്തു,

കൈകാര്യം ചെയ്തു. بَيْنَهُمْ അവർക്കിടയിൽ. لِيَذَّكَّرُوا അവർ ഉറ്റാലോചിക്കുവാൻവേണ്ടി. فَأَبَىٰ എന്നാൽ വിസമ്മതിച്ചു കൂട്ടാക്കാതായി. أَكْثَرُ النَّاسِ ജനങ്ങളിൽ അധികവും. إِلَّا كُفُورًا നന്ദികേടിനെയല്ലാതെ.

അല്ലാഹുവിൻെറ കണക്കറ്റ അനുഗ്രഹങ്ങളുടെ കൂട്ടത്തിൽ അതിമഹത്തായ ഒരനുഗ്രഹമത്രെ മഴവർഷം. അതുകൊണ്ടാണ് മഴയെ ഉദ്ദേശിച്ച് 'അവൻെറ കാരുണ്യം' (رحمته) എന്ന് പറഞ്ഞത്. മഴ വർഷിക്കുവാൻ പോകുന്നുവെന്ന സന്തോഷവാർത്തയെന്നോണം, മഴക്കുമുമ്പായി കാറ്റുവീശുക പതിവാണല്ലോ. മഴവെള്ളംകൊണ്ട് അനേകം ഗുണങ്ങളുള്ളതിൽ പ്രധാനമായ മൂന്നു ഗുണങ്ങളെ അല്ലാഹു ഇവിടെ അനുസ്മരിപ്പിക്കുന്നു.

1) അത് വളരെ ശുദ്ധമായത് (طهور) ആകുന്നു. വൈദ്യശാസ്ത്രത്തിലും, ജീവശാസ്ത്രത്തിലും, ആരോഗ്യരംഗത്തുമെല്ലാം ശുദ്ധജലത്തിനുള്ള സ്ഥാനം വമ്പിച്ചതാകുന്നു. പ്രായോഗിക രംഗത്ത് ഇതരവസ്തുക്കളെ അപേക്ഷിച്ച് ജലത്തിൻെറ ശുദ്ധത കവിഞ്ഞു നിൽക്കുന്നു. ആകയാൽ, ബാഹ്യമായ മാലിന്യങ്ങളിൽനിന്നും, ആന്തരികമായ മാലിന്യങ്ങളിൽനിന്നും, ശുദ്ധി വരുത്തുന്ന ഒരു പദാർത്ഥമത്രെ വെള്ളം. ഭൂവിഭവങ്ങളിൽ മറ്റൊന്നിനും തന്നെ ഈ ശുദ്ധീകരണശക്തി കാണപ്പെടുന്നില്ല. മുഖവും കൈകാലുകളും ഒന്ന് കഴുകിയാൽ അഴുക്കും ചെളിയും നീങ്ങുന്നതുപോലെത്തന്നെ, ക്ഷീണം, കോപം, താപം ആദിയായവയും നീങ്ങി ഉൻമേഷവും, പ്രസന്നതയും, മനസ്സമാധാനവും അനുഭവപ്പെടുന്നു. 'വുസു'വും, കുളിയും (الوضوء والغسل) ശാരീരിക ശുദ്ധിയോടൊപ്പം ആത്മീയ ശുദ്ധിയും ഉണ്ടാകുമെന്ന് ഹദീസുകളിലും മറ്റും കാണാവുന്നത് സ്മരണീയമാണ്. അനുഭവങ്ങളും അതിനെ സാക്ഷീകരിക്കുന്നു. 2) ജീവചൈതന്യം, അഥവാ ഉൽപാദയോഗ്യതയില്ലാത്ത ഭൂമിയെ അത് ചൈതന്യവും ജീവസ്സുമുള്ളതാക്കുന്നു. 3) മനുഷ്യകോടികൾക്കും, അവരുടെ കൃഷി ഉപകരണവും ഭക്ഷ്യവസ്തുവുമായ കാലിസമ്പത്തുകൾക്കും കുടിക്കാനും, കുളിക്കാനും മറ്റു പല ആവശ്യങ്ങൾക്കും അത് അനിവാര്യമാകുന്നു. ഈയൊരനുഗ്രഹത്തിൻെറ മഹത്വത്തെപ്പറ്റി ചിന്തിച്ചറിയുവാൻ ഇടവരാത്തവരുണ്ടെങ്കിൽ, ദാഹവേളയിൽ അൽപനേരത്തേക്ക് വെള്ളം കിട്ടാതിരുന്നാൽ അവർക്കത് ബോധ്യപ്പെടുന്നതാണ്.

എല്ലാവർക്കും പൊതുവിൽ സുഭിക്ഷം ലഭിക്കത്തക്കവണ്ണം-ഓരോ നാട്ടിൻെറയും സ്വഭാവ വിശേഷതക്കനുസരിച്ച്-അല്ലാഹു മഴ വർഷത്തെ വിഹിതം ചെയ്ത് കൈകാര്യം നടത്തിവരുന്നു. ചിലേടങ്ങളിൽ കൊല്ലത്തിൽ ആറുമാസം, ചിലേടങ്ങളിൽ രണ്ടുമൂന്ന് മാസം. മറ്റ് ചിലേടത്ത് കൊല്ലത്തിൽ ഒരു പ്രാവശ്യം-ഇങ്ങിനെ വിവിധ തരത്തിൽ-അവൻ മഴ വർഷിപ്പിക്കുന്നു. ഓരോ പ്രദേശത്തിൻെറയും പക്വതയും, പാകതയും, ആവശ്യവും നോക്കി വിഹിതം ചെയ്തിരിക്കയാണ്. ഭൂലോകത്ത് ഈ അനുഗ്രഹങ്ങൾ സർവ്വോപരി ആസ്വദിച്ചും ഉപയോഗപ്പെടുത്തിയും വരുന്ന ഏക ബുദ്ധിജീവിയായ മനുഷ്യന് വളരെയേറെ ചിന്തിക്കുവാനും ഉറ്റാലോചിക്കുവാനും അതിൽ വകയുണ്ട്. അവൻ അതിന് കടമപ്പെട്ടവനുമത്രെ. അതിൻെറ പേരിൽ മാത്രം അവൻ അല്ലാഹുവിനോട് വളരെ നന്ദിയും കൂറും കാണിക്കേണ്ടതുണ്ട്. വല്ലപ്പോഴും മഴയുടെ ആധിക്യമോ, പോരായ്മയോ കാരണം അവന് ദോഷം ഭവിക്കുന്ന പക്ഷം-അതിന് ഏറെക്കുറെ കാരണം മനുഷ്യരുടെ പ്രവർത്തനങ്ങൾ തന്നെ ആയിരിക്കുന്നതുമാണ്-ആയവസരത്തിൽ അവൻ അല്ലാഹുവിൻെറ മുമ്പിൽ പശ്ചാത്തപിച്ച് വിനയപൂർവ്വം കൈമലർത്തുകയാണ് ആദ്യമായി ചെയ്യേണ്ടത്.

പക്ഷേ, ചിലർ അതെല്ലാം പ്രകൃതിയുടെ കനിവോ, കോപമോ, ആയി വ്യാഖ്യാനിക്കുന്നു. ചിലർ ഗ്രഹഫലവും, ഗ്രഹപ്പിഴയുമായി-അല്ലെങ്കിൽ ഞാറ്റുവേലയുടെ ഗുണദോഷങ്ങളായി-വിശ്വസിക്കുന്നു മറ്റു ചിലർ കണ്ണടച്ചുംകൊണ്ട് എല്ലാം ചില ആകസ്മിക സംഭവങ്ങളായോ, അല്ലെങ്കിൽ പരിഗണനീയമല്ലാത്ത നിസ്സാര സംവങ്ങളായോ ധരിച്ചുപോകുന്നു. ചുരുക്കി

പ്പറഞ്ഞാൽ, ഈ മഹൽപ്രവർത്തനങ്ങളുടെ പിന്നിൽ സ്ഥിതി ചെയ്യുന്ന അപാരമായ-അദൃശ്യ മായ-ആ മഹാശക്തിയെപ്പറ്റി മിക്ക മനുഷ്യരും ആലോചിക്കുന്നില്ല. അവനോട് നന്ദിയും ഭക്തിയും കാണിക്കുന്നുമില്ല. (فابى اكثر الناس الا كفورا) നമ്മെയെല്ലാം അല്ലാഹു, അവനോട് നന്ദി യും ഭക്തിയുമുള്ള സജ്നങ്ങളിൽ ഉൾപ്പെടുത്തട്ടെ. ആമീൻ.

രാത്രിയിൽ ഒരു മഴ പെയ്തതിനെത്തുടർന്ന് രാവിലെ സുബ്ഹ് (الصبح) നമസ്കാരാനന്ത രം ഹുദൈബിയ്യയിൽവെച്ച് - ജനങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് നബി (ﷺ) തിരുമേനി ചോദിക്കുകയുണ്ടായി: ''നിങ്ങളുടെ റബ്ബ് എന്ത് പറയുന്നുവെന്ന് നിങ്ങൾക്കറിയാമോ?'' അവർ ഉത്തരം പറഞ്ഞു: ''അല്ലാഹുവിനും അവൻെറ റസൂലിനും അറിയാം,'' അപ്പോൾ തിരുമേനി ഇപ്രകാരം അരുളിചെയ്തു:

قال اصبح من عبادي مؤمن بى وكافر بى واما من قال مطرنا بفضل الله ورحمته فذلك مؤن بى كافر بالكب واكب واما من قال مطرنا بنوء كذا وكذا فذلك كافر بى مؤمن باالكواك –متفق عليه

സാരം:-അല്ലാഹു പറയുന്നു: നേരം പുലർന്നപ്പോൾ എൻെറ അടിയാൻമാരിൽ, എന്നിൽ വിശ്വസിക്കുന്നവരും എന്നിൽ അവിശ്വസിക്കുന്നവരും ഉണ്ടായിത്തീർന്നിരിക്കുന്നു. അതായത്: ഞങ്ങൾക്ക് അല്ലാഹുവിൻെറ അനുഗ്രഹംകൊണ്ടും, കാരുണ്യംകൊണ്ടും മഴ പെയ്തു കിട്ടി എന്ന് പറയുന്നതാരോ അവർ എന്നിൽ വിശ്വസിക്കുന്നവരും, നക്ഷത്രങ്ങളിൽ അവിശ്വസിക്കു ന്നവരുമാകുന്നു. ഞങ്ങൾക്ക് ഇന്നിന്ന ഞാറ്റുവേല-അഥവാ ഗ്രഹപ്പകർച്ച-മൂലം മഴ പെയ്തു വെന്ന് പറയുന്നതാരോ അവർ എന്നിൽ അവിശ്വസിച്ചവരും, നക്ഷത്രങ്ങളിൽ വിശ്വസിക്കുന്ന വരുമത്രെ. (ബു.മു.)

'നാം അതിനെ കൈകാര്യം ചെയ്തു'' **صرفناه** എന്ന വാക്കിലെ സർവ്വനാമം **ضمير** കൊണ്ടുദ്ദേശ്യം മഴവെള്ളമാണെന്ന അടിസ്ഥാനത്തിലാണ് നാം ഈ വിവരണം നൽകിയിട്ടു ള്ളത്. മേൽ പ്രസ്താവിക്കപ്പെട്ട കാര്യം-അഥവാ മുകളിൽ വിവരിച്ച ദൃഷ്ടാന്തങ്ങൾ-ആണ് ഇവിടെ ഉദ്ദേശ്യമെന്നും വ്യാഖ്യാതാക്കളിൽ ചിലർ അഭിപ്രായപ്പെടുന്നു. വേറെ ചിലർ ഖുർആ നാണ് ഉദ്ദേശ്യമെന്നും പറയുന്നുണ്ട്. ഈ രണ്ടഭിപ്രായമനുസരിച്ചും ഈ വാക്കിൻെറ അർത്ഥം 'നാം ആവർത്തിച്ചു വിവരിച്ചു' എന്നായിരിക്കും. ഈ പദത്തിന് അങ്ങിനെയും അർത്ഥം വരാം. **الله اعلم**

51 നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ എല്ലാ ഓരോ രാജ്യത്തിലും ഓരോ മുന്നറിയിപ്പുകാരനെ (പ്രവാചകനെ) നാം നിയോഗിക്കുമായിരുന്നു.	وَلَوْ شِئْنَا لَبَعَثْنَا فِى كُلِّ قَرْيَةٍ نَّذِيرًا ﴿٥١﴾
52 ആകയാൽ, നീ അവിശ്വാസികളെ അനുസരിക്കരുത്; ഇത് (ഖുർആൻ) കൊണ്ട് അവരോട് വലുതായ സമരം നടത്തുകയും ചെയ്തുകൊള്ളുക.	فَلَا تُطِعِ ٱلْكَـٰفِرِينَ وَجَـٰهِدْهُم بِهِۦ جِهَادًا كَبِيرًا ﴿٥٢﴾

51 وَلَوْ شِئْنَا നാം ഉദ്ദേശിച്ചുരുന്നുവെങ്കിൽ. لَبَعَثْنَا നാം നിയോഗിക്കുമായിരുന്നു, അയക്കുമായി രുന്നു. فِي كُلِّ قَرْيَةٍ എല്ലാ നാട്ടിലും, രാജ്യത്തും. نَّذِيرًا ഓരോ താക്കീതുകാരനെ. 52 فَلاَ تُطِعِ ആകയാൽ നീ അനുസരിക്കരുത്, വഴിപ്പെടരുത്. الْكَافِرِينَ അവിശ്വാസികളെ. وَجَاهِدْهُمْ അവ രോട് സമരം നടത്തികൊള്ളുക. بِهِ ഇതുകൊണ്ട്. جِهَادًا സമരം. كَبِيرًا വലുതായ.

സാരം: നബിയേ, അവിശ്വാസികൾക്ക് നമ്മുടെ ശിക്ഷയെ താക്കീതുചെയ്യുന്ന പ്രവാച കൻമാരെ ഓരോ നാട്ടിലേക്കും പ്രത്യേകം പ്രത്യേകം അയക്കുവാൻ നാം ഉദ്ദേശിച്ചിട്ടില്ല.

ഉദ്ദേശിച്ചിരുന്നുവെങ്കിൽ അതൊട്ടും നമുക്ക് പ്രയാസകരവുമല്ലായിരുന്നു. പക്ഷേ, എല്ലാ നാട്ടിലും, എല്ലാ ജനവിഭാഗത്തിനും താക്കീത് നൽകുവാനായിക്കൊണ്ട് തന്നെത്തന്നെ നിയോഗിക്കുവാനാണ് നാം ഉദ്ദേശിച്ചത്. ആ നിലക്ക് കുറേ വിഷമങ്ങൾ താൻ സഹിക്കേണ്ടതുണ്ടെങ്കിലും, അതിന് വമ്പിച്ച പ്രതിഫലവും തനിക്ക് നാം തയ്യാറാക്കിവെച്ചിട്ടുണ്ട്. അതുകൊണ്ട് ഈ അവിശ്വാസികളുടെ അഭീഷ്ടങ്ങൾക്കൊന്നും വഴിപ്പെട്ടുകൊടുക്കാതെ, വിശുദ്ധ ഖുർആനുമായി അവരോട് സധീരം സമരം നടത്തിക്കൊള്ളുക.

മഴവെള്ളമാകുന്ന ഭൗതീകാനുഗ്രഹത്തെ ഓർമ്മിപ്പിച്ചതിനെത്തുടർന്ന് പ്രവാചകത്വമാകുന്ന ആത്മീയാനുഗ്രഹത്തെക്കുറിച്ച് പ്രസ്താവിക്കുന്നതിൽ ഒരു സൂചന കാണാം: മഴവെള്ളം ഓരോ നാട്ടിലും വർഷിപ്പിച്ചുകൊണ്ടിരിക്കുന്നതുപോലെ, പ്രവാചകത്വത്തെയും എല്ലാ ഇടത്തിലും സദാ വർഷിപ്പിച്ചുകൊണ്ടിരിക്കുന്നത് ഈ ലോകപ്രകൃതിവ്യവസഥകൾക്ക് യോജിച്ചതല്ല എന്നത്രെ ആ സൂചന. അടുത്ത വചനത്തിൽ നാലാമത്തെ ദൃഷ്ടാന്തത്തെക്കുറിച്ച് പ്രസ്താവിക്കുന്നു:-

۞ وَهُوَ ٱلَّذِى مَرَجَ ٱلْبَحْرَيْنِ هَـٰذَا عَذْبٌ فُرَاتٌ وَهَـٰذَا مِلْحٌ أُجَاجٌ وَجَعَلَ بَيْنَهُمَا بَرْزَخًا وَحِجْرًا مَّحْجُورًا ﴿٥٣﴾

53 രണ്ട് സമുദ്രങ്ങളെ അയച്ചുവിട്ടവനും അവനത്രെ; ഇത് (ഒന്ന്) നല്ല സ്വച്ഛ ജലവും, അത് (മറ്റേത്) കയ്പായ ഉപ്പു ജലവുമാകുന്നു. അവ രണ്ടിന്നുമിടയിൽ ഒരു മറയും, ഭദ്രമായ ഒരു തടസ്സവും അവൻ ഏർപ്പെടുത്തിയിരിക്കുന്നു.

---

53 وَهُوَ الَّذِي അവൻ തന്നെയാണ് യാതൊരുവൻ. مَرَجَ അവൻ അയച്ചുവിട്ടിരിക്കുന്നു. الْبَحْرَيْنِ രണ്ട് സമുദ്രത്തെ. هَذَا ഇത് (ഒന്ന്) . عَذْبٌ ശുദ്ധജലമാണ്. فُرَاتٌ നല്ല ശുദ്ധമായ. وَهَذَا ഇത്, ഇതാകട്ടെ (മറ്റേത്) . مِلْحٌ ഉപ്പാണ്. أُجَاجٌ കഠിന ഉപ്പായ (കയ്പായ) . وَجَعَلَ അവൻ ആക്കുകയും ചെയ്തു. بَيْنَهُمَا ആ രണ്ടിനുമിടയിൽ. بَرْزَخًا ഒരു മറ. وَحِجْرًا തടസ്സവും, മുടക്കവും. مَّحْجُورًا തടസ്സപ്പെട്ട (ഭദ്രമായ) .

'രണ്ട് സമുദ്രങ്ങൾ' കൊണ്ട് വിവക്ഷിക്കപ്പെടുന്നത് രണ്ടുതരം ജലസമൂഹമാകുന്നു. ഒന്ന് ശുദ്ധജലം കുടിക്കുവാനും ദാഹം തീർക്കുവാനും പറ്റിയ ആസ്വാദ്യജലം. മറ്റേത് കഠിനമായ ഉപ്പുരസം നിമിത്തം കയ്പുള്ളതും കുടിക്കുവാൻ കൊള്ളാത്തതുമായ ജലം. പ്രകൃത്യാ തന്നെ ഈ വിരുദ്ധസ്വഭാവങ്ങളുള്ള രണ്ട് ജലങ്ങളും ഭൂമിയിൽ ധാരാളം കാണാം. ബാഹ്യമായ ഒരു നിയന്ത്രണവും കൂടാതെ, അവ അന്യോന്യം തൊട്ടും കൂടിച്ചേർന്നും കൊണ്ടിരിക്കുന്നു. അങ്ങിനെ എത്രയോ കാലഘട്ടങ്ങൾ കഴിഞ്ഞുപോയിട്ടും, ഒരു വിഭാഗം മറ്റേതിനെ കടന്നാക്രമിച്ച് പരാജയപ്പെടുത്തുകയോ, തന്നിൽ ലയിപ്പിക്കുകയോ ചെയ്യുന്നില്ല. അഥവാ, ഉപ്പു ജലം ഇല്ലാതായി പകരം ശുദ്ധജലം അതിൻെറ സ്ഥാനം കൈക്കലാക്കുകയോ, മറിച്ച് ഉപ്പു ജലം അതിരുകടന്ന് ശുദ്ധജലം ഇല്ലാതാക്കുകയും ചെയ്യുന്നില്ല, ഏതോ ഒരു അദൃശ്യമഹാശക്തി അതിന് തടസ്സമായി നിലകൊള്ളുന്നു. അല്ലാഹുവിൻെറ അപാരമായ കഴിവ് (**القدرة**) ഒന്നു മാത്രമാണത്.

സത്യവിശ്വാസത്തിൻെറയും, അവിശ്വാസത്തിൻെറയും (**الايمان والكفر**) ഇടക്കുള്ള അവസ്ഥയും ഇതുതന്നെ. ഒന്ന് മറ്റേതിൽ ലയിക്കുന്നതല്ല. അല്ലാഹുവിൻെറ മാർഗ്ഗത്തിലുള്ള സമരമനസ്ഥിതിയാകുന്ന മറ സത്യവിശ്വാസികളിൽ നിലനിൽക്കുന്ന കാലത്തോളം, സത്യവിശ്വാസമാകുന്ന ശുദ്ധജലസമുദ്രവും, അവിശ്വാസമാകുന്ന ഉപ്പു ജലസമുദ്രവും തമ്മിൽ സംയോജനം സാധ്യമല്ല. അഞ്ചാമത്തെ ദൃഷ്ടാന്തം ഇതാകുന്നു:-

54 അവൻതന്നെയാണ്, മനുഷ്യനെ ജലത്തിൽ നിന്ന് സൃഷ്ടിച്ച് അവനെ വംശബന്ധവും, വൈവാഹികബന്ധവും (ഉള്ളവൻ) ആക്കിയിരിക്കുന്നവനും, നിന്റെ രക്ഷിതാവ് (എല്ലാ കാര്യത്തിനും) കഴിവുള്ളവനാകുന്നു.

وَهُوَ ٱلَّذِى خَلَقَ مِنَ ٱلْمَآءِ بَشَرًا فَجَعَلَهُۥ نَسَبًا وَصِهْرًا ۗ وَكَانَ رَبُّكَ قَدِيرًا ﴿٥٤﴾

---

54 وَهُوَ الَّذِي അവൻ തന്നെയാണ് യാതൊരുവൻ. خَلَقَ അവൻ സൃഷ്ടിച്ചു. مِنَ الْمَاءِ ജലത്തിൽനിന്ന്, ജലത്താൽ. بَشَرًا മനുഷ്യനെ. فَجَعَلَهُ എന്നിട്ട് അവനെ ആക്കി. نَسَبًا വംശബന്ധം, കുലബന്ധം. وَصِهْرًا വൈവാഹിക ബന്ധവും. وَكَانَ ആകുന്നു. رَبُّكَ നിന്റെ രക്ഷിതാവ്. قَدِيرًا കഴിവുള്ളവൻ (സർവ്വശക്തൻ) .

ജലവംശത്തിൽപ്പെട്ട ഒരു പ്രത്യേക ഇനമാകുന്ന മനുഷ്യബീജത്തെയാണ് ഇവിടെ 'ജലം' (الماء) കൊണ്ട് ഉദ്ദേശിക്കുന്നത്. തീ, വെള്ളം, മണ്ണ്, വായു, ജീവൻ എന്നീ പഞ്ചഭൂതങ്ങളിൽ ഒന്നായ വെള്ളമാണ് ഉദ്ദേശ്യമെന്നും വരാവുന്നതാണ്.

മനുഷ്യർ തമ്മിൽ സ്ഥിരബന്ധം ഉണ്ടായിത്തീരുന്നത് രണ്ട് വിധത്തിലാണ്. ഒന്ന് കുലത്തിന്റെയും, വംശത്തിന്റെയും അടിസ്ഥാനത്തിൽ. ഒരാളുടെ പിതൃപരമ്പരയും, ഗോത്രപ്പേരും കണക്കാക്കുന്നത് ഈ ബന്ധത്തെ ആസ്പദമാക്കിയാണ്. മറ്റൊന്ന് വിവാഹത്താൽ ഉളവാകുന്ന ബന്ധുത്വത്തിന്റെ അടിസ്ഥാനത്തിൽ. വേറൊരു തരത്തിൽ പറഞ്ഞാൽ, പുരുഷൻ വഴിക്കും സ്ത്രീ വഴിക്കുമാണ് മനുഷ്യർ തമ്മിൽ ബന്ധുക്കളാവുന്നത്. ഒരേ ബീജത്തിൽനിന്ന് സൃഷ്ടിപ്പെട്ട മനുഷ്യൻ ഇങ്ങിനെ രണ്ട് വിഭാഗമായതും, ഓരോ വിഭാഗത്തിലെ വ്യക്തികൾ പരസ്പരം വ്യത്യസ്തമായ ആകൃതിയിലും പ്രകൃതിയുലുമായതും അല്ലാഹുവിന്റെ മഹാശക്തിയുടെ ദൃഷ്ടാന്തങ്ങളിൽ പെട്ടതുതന്നെ. ഒരേ പിതാവിൽനിന്നും, ഒരേ മാതാവിൽ നിന്നുമായി ഉത്ഭവിച്ചു തുടങ്ങിയ മനുഷ്യവംശം ക്രമേണ പെറ്റു പെരുകിപ്പെരുകി കോടാനുകോടികളായിത്തീർന്നതും അതിന്റെ ദൃഷ്ടാന്തം തന്നെ.

55 അല്ലാഹുവിനു പുറമെ, തങ്ങൾക്ക് ഉപകാരം ചെയ്യാത്തതും, ഉപദ്രവം ചെയ്യാത്തതുമായ വസ്തുവെ അവർ ആരാധിക്കുന്നു! അവിശ്വാസി, തന്റെ രക്ഷിതാവിനെതിരായി (ദുർമ്മാർഗ്ഗത്തിന്) പിൻതുണ നൽകുന്നവനായിരിക്കുകയാണ്.

وَيَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَنفَعُهُمْ وَلَا يَضُرُّهُمْ ۗ وَكَانَ ٱلْكَافِرُ عَلَىٰ رَبِّهِۦ ظَهِيرًا ﴿٥٥﴾

56 (നബിയേ) സന്തോഷവാർത്ത അറിയിക്കുവാനും, (താക്കീത് നൽകുന്ന) മുന്നറിയിപ്പുകാരനുമായിട്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല.

وَمَآ أَرْسَلْنَاكَ إِلَّا مُبَشِّرًا وَنَذِيرًا ﴿٥٦﴾

57 പറയുക: ''ഇതിന്റെ [ഈ ദൗത്യനിർവ്വഹണത്തിന്റെ] പേരിൽ ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല; ആരെങ്കിലും തന്റെ രക്ഷിതാവിങ്കലേക്ക് ഒരു മാർഗ്ഗമുണ്ടാക്കിവെക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ (അത് ചെയ്തുകൊള്ളട്ടെ) എന്നല്ലാതെ.

قُلْ مَآ أَسْـَٔلُكُمْ عَلَيْهِ مِنْ أَجْرٍ إِلَّا مَن شَآءَ أَن يَتَّخِذَ إِلَىٰ رَبِّهِۦ سَبِيلًا ﴿٥٧﴾

55 وَيَعْبُدُونَ അവൻ ആരാധിക്കുന്നു. مِن دُونِ اللهِ അല്ലാഹുവിനുപുറമെ. مَا لاَ يَنفَعُهُمْ അവർക്ക് ഉപകാരം ചെയ്യാത്തതിനെ. وَلاَ يَضُرُّهُمْ അവർക്ക് ഉപദ്രവവും ചെയ്യാത്ത. وَكَانَ الْكَافِرُ അവിശ്വാസിയാകുന്നു, ആയിരിക്കുന്നു. عَلَى رَبِّهِ തൻെറ രക്ഷിതാവിൻെറ മേൽ (എതിരിൽ) . ظَهِيرًا പിൻതുണ നൽകുന്നവൻ, പിൻതുണക്കാരൻ. 56 وَمَا أَرْسَلْنَاكَ നിന്നെ നാം അയച്ചിട്ടില്ല. إِلاَّ مُبَشِّرًا സന്തോഷ വാർത്ത അറിയിക്കുവനായിട്ടല്ലാതെ. وَنَذِيرًا താക്കീതുകാരനും, മുന്നറിയിപ്പു നൽകുന്നവനും. 57 قُلْ പറയുക. مَا أَسْأَلُكُمْ ഞാൻ നിങ്ങളോട് ചോദിക്കുന്നില്ല, ആവശ്യപ്പെടുന്നില്ല. عَلَيْهِ അതിൻെറ പേരിൽ, അതിന്. مِنْ أَجْرٍ ഒരു പ്രതിഫലവും (കൂലിയുടെ ഇനത്തിൽപെട്ട ഒന്നും) . إِلاَّ ഒഴികെ. مَن شَاءَ ആരെങ്കിലും ഉദ്ദേശിച്ചാൽ (ചെയ്യപ്പെട്ടെ) . أَن يَتَّخِذَ ഉണ്ടാക്കുവാൻ, ഏർപ്പെടുത്തുവാൻ. إِلَى رَبِّهِ തൻെറ റബ്ബിങ്കലേക്ക്. سَبِيلاً വല്ല മാർഗ്ഗവും, ഒരു വഴി.

ഒരു വസ്തുവെ ആരാധിക്കുന്നപക്ഷം, അതുമൂലം എന്തെങ്കിലും ഒരു ഗുണം പ്രതീക്ഷിക്കുവാനുണ്ടായിരിക്കണം. അല്ലെങ്കിൽ, അതിനെ ആരാധിക്കാത്തതുകൊണ്ട് ഏതെങ്കിലും ഒരു ദോഷം ബാധിക്കുവാനുണ്ടാകണം. രണ്ടുമില്ലാത്ത വസ്തുക്കളെ ആരാധിക്കുന്നത് വിഡ്ഢിത്തമല്ലാതെ മറ്റെന്താണ്?! എന്നിട്ടും, ഈ അവിശ്വാസികൾ ചെയ്യുന്നത് അതാണ്. സ്രഷ്ടാവും, പരിപാലകനും, പരമകാരുണികനുമായ അല്ലാഹുവിൻെറ-മുകളിൽ പ്രസ്താവിച്ചതുപോലെയുള്ള-എത്രയോ അനുഗ്രഹങ്ങൾ ആസ്വദിച്ചും, കണക്കറ്റ ദൃഷ്ടാന്തങ്ങൾ കണ്ടുംകൊണ്ടു തന്നെയാണ് അവരും ജീവിക്കുന്നത് അതെല്ലാം അഗണ്യകോടിയിൽ തള്ളിക്കളഞ്ഞ് അല്ലാഹുവിനെതിരിൽ, പിശാചിൻെറയും, അവൻെറ കക്ഷിക്കാരുടെയും പക്ഷത്തുചേർന്ന് അവരുടെ മാർഗ്ഗത്തിൽ സമരം നടത്തിക്കൊണ്ട് അവർക്ക് പിൻതുണ നൽകുകയാണ് അവിശ്വാസികളുടെ ജോലി.

ബലം പ്രയോഗിച്ച് നിർബ്ബന്ധപൂർവ്വം ജനങ്ങളെ തൗഹീദിലേക്ക് കൊണ്ടുവരുവാൻ നബി (ﷺ) നിയോഗിക്കപ്പെട്ടിട്ടില്ല. വിശ്വസിച്ചവർക്ക് അല്ലാഹുവിങ്കൽ അതിമഹത്തായ പ്രതിഫലമുണ്ടെന്ന സന്തോഷവാർത്ത അറിയിക്കുവാനും, നിഷേധിച്ചവർക്ക് അതികഠിനമായ ശിക്ഷയുണ്ടെന്ന മുന്നറിയിപ്പ് നൽകി താക്കീത് ചെയ്വാനുമാണ് അവിടുന്ന് നിയോഗിക്കപ്പെട്ടിരിക്കുന്നത്. അതിൽ കവിഞ്ഞ് നബി (ﷺ) ഒന്നും ചെയ്യേണ്ടതില്ലെന്ന് 56-ാം വചനം ചൂണ്ടിക്കാട്ടുന്നു. അല്ലാഹുവിൻെറ കാരുണ്യവും പ്രീതിയും ലഭിക്കുവാനും, അവൻെറ സാമീപ്യം സമ്പാദിക്കുവാനും ആർക്കെങ്കിലും ഉദ്ദേശമുണ്ടെങ്കിൽ അവരത് ചെയ്തുകൊള്ളുവാൻ നബി (ﷺ) തിരുമേനി ആവശ്യപ്പെടുന്നത് വാസ്തവമാണ്. ഈ ആവശ്യാർത്ഥം ദാനധർമ്മങ്ങൾ തുടങ്ങിയ സൽക്കർമ്മങ്ങൾ ചെയ്വാൻ അവിടുന്ന് ഉപദേശിക്കുന്നുമുണ്ട്. അതാണവിടുന്ന് ചെയ്യേണ്ടതും. ഇതല്ലാതെ-എത്രയോ കഷ്ടനഷ്ടങ്ങൾ അനുഭവിച്ചുകൊണ്ട് അവിടുന്ന് നിർവ്വഹിച്ചു വരുന്ന പ്രബോധനത്തിൻെറ പേരിൽ-എന്തെങ്കിലും ഒരു പ്രതിഫലമോ, സ്വാർത്ഥമോ തിരുമേനി ആഗ്രഹിക്കുന്നില്ല. അങ്ങിനെ വല്ല ആവശ്യവും പ്രകടിപ്പിക്കുന്നുണ്ടെങ്കിൽ, അദ്ദേഹത്തെ അനുസരിക്കാതിരുന്നതിൽ ജനങ്ങൾക്കൊരു ന്യായം പറയുവാനുണ്ടായിരുന്നു. ഈ വസ്തുത അവരെ ഓർമ്മപ്പെടുത്തവാനാണ് 57-ാം വചനം നബി(ﷺ) യെ ഉപദേശിക്കുന്നത്. തുടർന്നുള്ള വചനം തിരുമേനിക്ക് കൂടുതൽ മനശ്ശാന്തിയും ധൈര്യവും നൽകുന്നു-

58 (നബിയേ) മരണം ബാധിക്കാത്ത സജീവനായുള്ളവനിൽ (കാര്യങ്ങളെ) ഭരമേൽപിക്കുകയും ചെയ്തുകൊള്ളുക. അവന് സ്തോത്രം ചെയ്യുന്നതോടെ കീർത്തനവും ചെയ്യുക. തൻെറ അടിയാൻമാരുടെ പാപങ്ങളെക്കുറിച്ച് സൂക്ഷ്മജ്ഞനായി അവൻ തന്നെ മതി!

وَتَوَكَّلْ عَلَى ٱلْحَىِّ ٱلَّذِى لَا يَمُوتُ وَسَبِّحْ بِحَمْدِهِۦ ۚ وَكَفَىٰ بِهِۦ بِذُنُوبِ عِبَادِهِۦ خَبِيرًا ﴿٥٨﴾

ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَا فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۚ ٱلرَّحْمَـٰنُ فَسْـَٔلْ بِهِۦ خَبِيرًا ﴿٥٩﴾

59 ആകാശങ്ങളും, ഭൂമിയും, അവയ്ക്കിടയിലുള്ളതും ആറ് ദിവസങ്ങളിലായി സൃഷ്ടിച്ചിട്ടുള്ളവനത്രെ (അവൻ) പിന്നീട്, അവൻ 'അർശി'ൽ [സിംഹാസനത്തിൽ] ആരോഹണം ചെയ്തു. (അവൻ) പരമകാരുണികൻ! ആകയാൽ, അതിനെക്കുറിച്ച് സൂക്ഷ്മജ്ഞാനിയായ ഒരുവനോട് ചോദിച്ചുകൊള്ളുക.

---

58 وَتَوَكَّلْ നീ ഭരമേൽപിക്കുകയും ചെയ്യുക. عَلَى الْحَيِّ സജീവനായുള്ളവനിൽ, ജീവിച്ചിരിക്കുന്നവൻെറ മേൽ. الَّذِي لاَيَمُوتُ മരണപ്പെടാത്തവനായ. وَسَبِّحْ നീ കീർത്തനവും ചെയ്യുക, തസ്ബീഹു നടത്തുകയും ചെയ്യുക. بِحَمْدِهِ അവന് സ്തോത്രം ചെയ്യുന്നതോടെ, സ്തുതിച്ചുകൊണ്ട്. وَكَفَى بِهِ അവൻ മതി. بِذُنُوبِ പാപങ്ങളെപ്പറ്റി, കുറ്റങ്ങളെക്കുറിച്ച്. عِبَادِهِ തൻെറ അടിയാൻമാരുടെ. خَبِيرًا സൂക്ഷ്മജ്ഞാനിയായിട്ട്. 59 الَّذِي خَلَقَ സൃഷ്ടിച്ചവനാണ്. السَّمَاوَاتِ ആകാശങ്ങളെ. وَالْأَرْضَ ഭൂമിയെയും. وَمَا بَيْنَهُمَا അവ രണ്ടിനുമിടയ്ക്കുള്ളതും. فِي سِتَّةِأَيَّامٍ ആറു ദിവസങ്ങളിൽ . ثُمَّ പിന്നെ. اسْتَوَى അവൻ ആരോഹണം ചെയ്തു, ശരിപ്പെട്ടു. عَلَى الْعَرْشِ സിംഹാസനത്തിൽ രാജപീഠത്തിൻമേൽ. الرَّحْمَنُ പരമകാരുണികനാണ്. فَاسْأَلْ ആകയാൽ (എന്നാൽ) ചോദിക്കുക. بِهِ അവനെപ്പറ്റി, ഇതിനെക്കുറിച്ച്. خَبِيرًا ഒരു സൂക്ഷ്മജ്ഞാനിയോട്.

അവിശ്വാസികളുടെ എതിർപ്പുകളിലും, നിഷേധത്തിലും അക്ഷമനാകാതെ, എല്ലാം അല്ലാഹുവിൻെറ ഭരമേൽപിച്ച്, സ്ഥിരചിത്തനായിരുന്നുകൊള്ളുവാൻ നബി (ﷺ) യെ ഉപദേശിക്കുന്നു. ഭരമേൽപിക്കപ്പെടുന്നതിനാസ്പദമായ അവൻെറ ചില ഗുണവൈശിഷ്ട്യങ്ങളും അതോടൊപ്പം എടുത്തു പറഞ്ഞിരിക്കുന്നു: 1) അവൻ ഒരിക്കലും മരണം ബാധിക്കാത്തവനും , എന്നെന്നും ജീവിച്ചിരിക്കുന്നവനുമാണ്. 2) അവൻ തൻെറ അടിയാൻമാരുടെ-അവൻെറ അടിയാൻമാരല്ലാതെ ഒരാളും ഇല്ലതാനും-പ്രവർത്തങ്ങളെക്കുറിച്ച് സസൂക്ഷമം അറിയുന്നവനാണ് അഥവാ, അതിനെപ്പറ്റി വേണ്ടുന്ന നടപടികൾ എടുക്കുവാൻ മറ്റാരുടെയെങ്കിലും തെളിവോ, സഹായമോ, മാദ്ധ്യസ്ഥമോ, ഇടപെടലോ ഒന്നും തന്നെ അവന് ആവശ്യമില്ല. 3) ആകാശഭൂമികളടക്കമുള്ള സകല വസ്തുവിൻെറയും സ്രഷ്ടാവും സിംഹസനാധിപതിയും അവനാണ്. എന്നിരിക്കെ മറ്റാരിലും ഭരമേലപിക്കുന്നതിൽ യാതൊരു പ്രയോജനവുമില്ല.

'അവൻ 'അർശി'ൽ ആരോഹണം ചെയ്തു' (استوى على العرش) എന്ന് പറഞ്ഞതിനെ സംബന്ധിച്ച് സൂ: ത്വാഹാ 5-ൻെറ വിവരണത്തിൽ നാം പ്രസ്താവിച്ചിട്ടുണ്ട്. ആറ് ദിവസങ്ങളിലാണ് അകാശഭൂമികളെ സൃഷ്ടിച്ചതെന്ന് ഖുർആൻ ഒന്നിലധികം സ്ഥലത്ത് പ്രസ്താവിച്ചിരിക്കുന്നു. ഒരു രാവും പകലും ചേർന്ന 24 മണിക്കൂർ സമയത്തിനാണ് നാം സാധാരണ 'ദിവസം' (يوم) എന്ന് പറയുന്നത്. തികച്ചും, ഈ അർത്ഥത്തിലുള്ള ദിവസങ്ങൾ, ആകാശഭൂമികളെ സൃഷ്ടിക്കുകയും, നിലവിലുള്ള ഈ വ്യവസ്ഥ നൽകിക്കഴിയുകയും ചെയ്യുന്നതിന് മുമ്പ് ഉണ്ടായിരിക്കയില്ലല്ലോ, ''നിങ്ങൾ എണ്ണിവരുന്ന ആയിരം കൊല്ലത്തിന് സമമാണ് നിൻെറ റബ്ബിൻെറ അടുക്കൽ ഒരു ദിവസം''
(وان يوما عند ربك كألف سنة مما تعدون–الحج:٤٧) എന്ന് സൂ: ഹജ്ജിൽ പറയുന്നു (ഇതിൻെറ വിവരണം അവിടെ നോക്കുക) അന്ത്യനാളിനെക്കുറിച്ച് 'അമ്പതിനായിരം കൊല്ലത്തെ അളവിലുള്ള ഒരു ദിവസം (في يوم كان مقداره خمسين الف سنة –المعارج) എന്ന് ഒരിടത്ത് ഖുർആൻ പ്രസ്താവിച്ചിട്ടുണ്ട്. ഇതേ നാളിനെ ഉദ്ദേശിച്ച് 'അന്ത്യദിനം' (اليوم الأخر) എന്നും പറയുന്നു. ''ആകാശഭൂമികളെ സൃഷ്ടിച്ച ദിവസം തന്നെ, അല്ലാഹുവിൻെറ നിശ്ചയത്തിൽ മാസങ്ങളുടെ എണ്ണം പന്ത്രണ്ടാണ്.'' (ان عدة الشهور عندالله اثنا عشر شهرا الخ–التوبة) എന്നും ഖുർആൻ പറയുന്നു.

അപ്പോൾ, 24 മണിക്കൂർ സമയം എന്നോ, നമ്മുടെ രാവും പകലും ചേർന്ന സമയമെന്നോ ഉള്ള അർത്ഥത്തിലല്ല ഇവിടെ 'ആറ് ദിവസങ്ങൾ' (**ستة ايام**) എന്ന് പ്രസ്താവിച്ചതെന്ന് ഇതിൽ നിന്നെല്ലാം വ്യക്തമാണ്. ആകാശഭൂമികളുടെ ഉല്പത്തിയെക്കുറിച്ച് ശാസ്ത്രത്തിൻെറ അഭിപ്രായങ്ങൾ നോക്കുമ്പോൾ, ലക്ഷക്കണക്കിലോ, കോടിക്കണക്കിലോ ഉള്ള കാലം കൊണ്ടാണവ ഇന്നത്തെ നിലയിൽ വന്നിട്ടുള്ളതെന്ന് കാണുന്നു. ഈ നീണ്ട കാലഘട്ടങ്ങളിൽ, വ്യത്യസ്തങ്ങളായ, ആറു ഉപകാലഘട്ടങ്ങൾ കഴിഞ്ഞിട്ടുണ്ടെന്നും ശാസ്ത്രജ്ഞൻമാർക്കഭിപ്രായമുണ്ട്. ശാസ്ത്രീയാഭിപ്രായങ്ങൾ ഒരിക്കലും മാറാത്ത ഉറച്ച അഭിപ്രായങ്ങളല്ല. എങ്കിലും, പ്രസ്തുത അഭിപ്രായങ്ങൾ ഖുർആൻ ആവർത്തിച്ചു ചെയ്തിട്ടുള്ള ഈ പ്രസ്താവനക്ക് വിരുദ്ധമാകുന്നില്ല എന്നുമാത്രം. അല്ലാഹു അതുകൊണ്ട് യഥാർത്ഥത്തിൽ ഉദ്ദേശിച്ചിട്ടുള്ളതെന്താണെന്ന് സൂക്ഷ്മമമായി പറയുവാൻ നമുക്ക് സാധ്യമല്ല.

59-ാം വചനത്തിൻെറ അന്ത്യത്തിൽ 'സൂക്ഷമജ്ഞാനിയായ ഒരുവനോട് അതിനെപ്പറ്റി ചോദിച്ചുകൊള്ളുക' (**فاسأل به خبيرا**) എന്നുള്ള വാക്യം വളരെ ശ്രദ്ധാർഹവും അർത്ഥവത്തും ആകുന്നു. കൂടുതൽ വിവരമുള്ള വല്ല മനുഷ്യനോടും ചോദിച്ചറിയുവാനുള്ള ഒരാഹ്വാനമല്ല ഇത്. ആകാശഭൂമികളുടെ സൃഷ്ടിയെക്കുറിച്ചും, അല്ലാഹുവിൻെറ സൃഷ്ടിമാഹത്മ്യത്തെക്കുറിച്ചും സൂക്ഷമമായി അറിയുന്നവൻ അവൻ ഒരുവൻ മാത്രാമണുള്ളതെന്നും, അതിനെപ്പറ്റി ശരിക്കുശരിയും സസൂക്ഷമവുമായ അറിവ് അവനിൽനിന്നല്ലാതെ അമ്പേഷിച്ചിട്ടു ഫലമില്ലെന്നുമാണ് ആ വാക്യത്തിൻെറ താൽപര്യം. അപ്പോൾ, സത്യവിശ്വാസിയായ ഏതൊരുവനും, ഖുർആൻെറ വ്യക്തമായ പ്രസ്താവനക്കെതിരായ ശാസ്ത്രീയസിദ്ധാന്തത്തിൽ വിശ്വസിക്കുവാൻ നിവൃത്തിയില്ല. ഖുർആൻെറ വ്യക്തമായ പ്രസ്താവനയോട് ഒപ്പിച്ചുകൊണ്ട് ആ സിദ്ധാന്തത്തിന് വ്യാഖ്യാനം നൽകുകയല്ലാതെ, അതിനൊപ്പിച്ച് ഖുർആനെ വ്യാഖ്യാനിക്കുന്നത് ന്യായവും യുക്തവുമല്ല. ഖുർആൻെറ വാക്യങ്ങൾ സ്പഷ്ടാമായി കാട്ടിത്തരുന്ന പരിധി തെറ്റാതെ, കൂടുതൽ അറിവിനായി പരിശ്രമിക്കുകയും, 'റബ്ബേ എനിക്ക് അറിവ് വർദ്ധിപ്പിച്ചു തരേണമേ!' (**رب زدني علما**) എന്ന് നമുക്ക് പ്രാർത്ഥിക്കുകയും ചെയ്യാം.

ആകാശഭൂമികളുടെയും, അവയിലുള്ള സർവ്വവസ്തുക്കളുടെയും സ്രഷ്ടാവും, സിംഹാസനാധിപതിയുമാണ് അല്ലാഹു എന്നിരിക്കുമ്പോൾ, അവൻ അവയുടെ സർവ്വാധിപതിയും ഏകാധിപതിയുമായിരിക്കുക സ്വാഭാവികമാണ്. അതേ സമയത്ത് അവൻ പരമകാരുണികനും (**الرحمن**) ആകുന്നുവെന്ന് ഉണർത്തുന്നു. പാപികളായുള്ളവർക്ക് പശ്ചാത്തപിച്ച് മടങ്ങുവാനും, പുണ്യവാൻമാർക്ക് കൂടുതൽ ആവേശവും, പ്രോത്സാഹനവും വർദ്ധിക്കുവാനും വേണ്ടിയാണത്. എന്നാൽ, അവിശ്വാസികളെ സംബന്ധിച്ചിടത്തോളം ഇതിലും ഒരു ആശയക്കുഴപ്പം! അതാണ് അടുത്ത വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്.

وَإِذَا قِيلَ لَهُمُ ٱسْجُدُوا۟ لِلرَّحْمَـٰنِ قَالُوا۟ وَمَا ٱلرَّحْمَـٰنُ أَنَسْجُدُ لِمَا تَأْمُرُنَا وَزَادَهُمْ نُفُورًا ۩ ﴿٦٠﴾

60 നിങ്ങൾ 'റഹ്മാന്ന്' (പരമകാരുണികനായുള്ളവന്ന്) 'സുജൂദ്' (വണക്കം) ചെയ്യുവിൻ എന്ന് അവരോട് പറയപ്പെട്ടാൽ അവർ പറയും: ''എന്താണ് റഹ്മാൻ''?! നീ ഞങ്ങളോട് കൽപിക്കുന്നതിന് ഞങ്ങൾ 'സുജൂദ്' ചെയ്യുകയോ?! '' അത് [ആ വാക്ക്] അവർക്ക് വെറുപ്പ് അധികരിപ്പിക്കുകയും ചെയ്യുന്നതാണ്.

60 وَإِذَا قِيلَ പറയപ്പെട്ടാൽ. لَهُمُ അവരോട്. اسْجُدُوا നിങ്ങൾ സുജൂദ് (വണക്കം, സാഷ്ടാംഗ നമസ്കാരം) ചെയ്യുവിൻ, തല കുനിക്കുവിൻ. لِلرَّحْمَنِ റഹ്മാന്ന് (പരമകാരുണികന്) . قَالُوا അവർ പറയും, പറയുന്നു. وَمَا الرَّحْمَنُ എന്താണ് റഹ്മാൻ, ഏതാണ് പരമകാരുണികൻ. أَنَسْجُدُ ഞങ്ങൾ

സുജൂദ് ചെയ്കയോ. لِمَا تَأْمُرُنَا നീ ഞങ്ങളോട് കൽപിക്കുന്നതിന്. وَزَادَهُمْ അതവർക്ക് വർദ്ധിപ്പിക്കുകയും ചെയ്യും. نُفُورًا വെറുപ്പ്, അറപ്പ്, മിരട്ട്. ഈ ആയത്ത് ഓതിയാൽ സുജൂദ് ചെയ്യേണ്ടതാകുന്നു.

അല്ലാഹുവിൻെറ മഹൽഗുണങ്ങളെ വിശേഷിപ്പിക്കുന്ന പല തിരുനാമങ്ങളിൽ ഒന്നാണ് 'റഹ്മാൻ' الرحمن എന്ന നാമവും. 'അല്ലാഹു'الله എന്ന നാമത്തെക്കഴിച്ചാൽ ഇതിനാണ് ഖുർആനിൽ മറ്റേതിനാക്കാളും പ്രാധാന്യം കല്പിച്ചു കാണുന്നത്. അവൻെറ അപാരമായ കൃപാകടാക്ഷത്തെയും അതിയായ ദയാശീലത്തെയും അത് ദ്യോതിപ്പിക്കുന്നു. പരമകാരുണികൻ എന്നാണല്ലോ അതിൻെറ അർത്ഥം. എല്ലാവരും അല്ലാഹുവിൻെറ കാരുണ്യത്തിൽ ആവേശവും മോഹവും ഉളവരായിരിക്കണമെന്നും, ഏതു മഹാപാപിയായിരുന്നാലും അവൻ പശ്ചാത്തപിക്കുന്നപക്ഷം, നിരാശപ്പെടേണ്ടതില്ലെന്നും ഓർമ്മിപ്പിക്കുവാനാണ് ഇതുപോലെയുള്ള പല സന്ദർഭങ്ങളിലും-സ്വതന്ത്രനാമമായി കൊണ്ടും, അല്ലാഹു എന്ന നാമത്തിൻെറ വിശേഷണമായിക്കൊണ്ടും-'റഹ്മാൻ'എന്ന് ഉപയോഗിക്കപ്പെടുന്നത്.

അറബികളെ സംബന്ധിച്ചിടത്തോളം, അവർക്ക് ഈ നാമത്തിൻെറ അർത്ഥം അറിയാമെങ്കിലും, അല്ലാഹുവിൻെറ നാമമായി അതിനെ ഉപയോഗിക്കുന്നത് അവർക്ക് സുപരിചിതമല്ലായിരുന്നു. അതുകൊണ്ടാണ് 'റഹ്മാന്ന് സുജൂദ് ചെയ്യുവിൻ' എന്ന് അവരോട് പറയപ്പെട്ടപ്പോൾ അവർ 'എന്താണ് റഹ്മാൻ' എന്നു ചോദിക്കുവാൻ കാരണമെന്നത്രെ പല ഖുർആൻ വ്യാഖ്യാതാക്കളും പ്രസ്താവിക്കുന്നത്. ഹുദൈബ്വിയ്യായിലെ സന്ധിപത്രത്തിൻെറ ആരംഭത്തിൽ 'ബിസ്മില്ലാഹിറഹ്മാനി-റഹീം' എന്നെഴുതുവാൻ നബി (ﷺ) എഴുത്തുകാരനോട് പറഞ്ഞുകൊടുത്തപ്പോൾ, ഖുറൈശികൾ അതിന് വിസമ്മതിക്കുകയുണ്ടായി. അവർ പറഞ്ഞു: ''ഞങ്ങൾക്ക് റഹ്മാനും റഹീമും പരിചയമില്ല, (പഴയ പതിവനുസരിച്ച്) മുമ്പ് എഴുതാറുള്ളതുപോലെ 'ബിസ്മികല്ലാഹുമ്മ' (باسمك اللهم= അല്ലാഹുവേ നിൻെറ നാമത്തിൽ) എന്നെഴുതണം.'' ഇതേ കാരണം - ഈ പേർ അല്ലാഹുവിനും ഉപയോഗിക്കുക പതിവില്ലായ്ക-തന്നെയാണ് ഇവിടെയും അവർ 'റഹ്മാൻ എന്താണ്' എന്ന് ചോദിച്ചതെന്ന് ഇബ്നു കഥീറും (رحمه الله) പ്രസ്താവിച്ചിരിക്കുന്നു.

മൂസാ (عليه السلام) നബിയോട് ഫിർഔൻ 'എന്താണ് ലോകരക്ഷിതാവ്?!' (ومارب العالمين –الشعراء) എന്ന് ചോദിക്കുകയുണ്ടായതുപോലെ, അഹങ്കാരപൂർവ്വം മുശ്‌രിക്കുകൾ ചോദിച്ചതാണ് ഇതെന്ന് വേറൊരു കൂട്ടർ അഭിപ്രായപ്പെടുന്നു. മറ്റുചിലർ പറയുന്നതിങ്ങിനെയാകുന്നു: ''അല്ലാഹുവിനെ ഒരു ക്രൂരനും കഠിനനുമായിട്ടല്ലാതെ- കാരുണ്യവാനായും ദയാലുവായും പൗരാണിക ജനങ്ങൾ മനസ്സിലാക്കിയിരുന്നില്ല, പരമകാരുണികൻ എന്നർത്ഥമായ 'റഹ്മാൻ' എന്ന പേർ കേട്ടപ്പോൾ അവർക്കത് ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. അതാണ് ഈ ചോദ്യത്തിന് കാരണം''. പക്ഷേ, താഴെ ഉദ്ധരിക്കുന്ന ഖുർആൻ വചനത്തിൻെറ വെളിച്ചത്തിൽ നോക്കുമ്പോൾ ഒന്നാമത്തെ അഭിപ്രായമാണ് ഈ മൂന്നിൽവെച്ച് സ്വീകാര്യമായതെന്ന് കാണാം. സൂ: ബനൂഇസ്രാഈലിൽ അല്ലാഹു പറയുന്നു:-

قل ادعوا الله اودعوا الرحمن اياما تدعوا فله الاسماء الحسنى –بنوااسرائيل

(പറയുക: നിങ്ങൾ 'അല്ലാഹു; എന്ന് വിളിച്ചേക്കുക, അല്ലെങ്കിൽ 'റഹ്മാൻ' എന്ന് വിളിച്ചേക്കുക', ഏതു തന്നെ നിങ്ങൾ വിളിക്കുന്നതായാലും അവന് അത്യുത്തമമായ നാമങ്ങളുണ്ട്.) പ്രത്യുത നാമങ്ങളിൽ ഏതും ഉപയോഗിക്കുന്നതിന് വിരോധമില്ലെന്ന് സാരം.

വിഭാഗം 6

تَبَارَكَ ٱلَّذِى جَعَلَ فِى ٱلسَّمَآءِ بُرُوجًا وَجَعَلَ فِيهَا سِرَٰجًا وَقَمَرًا مُّنِيرًا ﴿٦١﴾

61 ആകാശത്തിൽ ഗ്രഹമണ്ഡലങ്ങൾ(അഥവാ രാശിമണ്ഡലങ്ങൾ) ഉണ്ടാക്കിയിട്ടുള്ളവൻ നൻമയേറിയവനാകുന്നു, അതിൽ ഒരു ദീപവും, പ്രകാശം നൽകുന്ന ഒരു ചന്ദ്രനും അവൻ ഉണ്ടാക്കിയിരിക്കുന്നു.

وَهُوَ ٱلَّذِى جَعَلَ ٱلَّيْلَ وَٱلنَّهَارَ خِلْفَةً لِّمَنْ أَرَادَ أَن يَذَّكَّرَ أَوْ أَرَادَ شُكُورًا ﴿٦٢﴾

62 അവൻതന്നെയാണ്- ആലോചിച്ചു നോക്കുവാൻ ഉദ്ദേശിക്കുകയോ, അല്ലെങ്കിൽ നന്ദിചെയ്‌വാൻ ഉദ്ദേശിക്കുകയോ ചെയ്യുന്നവർക്കുവേണ്ടി-രാവിനെയും, പകലിനെയും മാറി വന്നു കൊണ്ടിരിക്കുന്നതാക്കിയവനും.

---

61 تَبَارَكَ നന്മയേറിയവനാകുന്നു, മഹത്വമേറിയവനാകുന്നു. الَّذِي جَعَلَ ആക്കിയിട്ടുള്ളവൻ. فِي السَّمَاءِ ആകാശത്തിൽ. بُرُوجًا രാശികളെ, ഗ്രഹമണ്ഡലങ്ങളെ. وَجَعَلَ ആക്കുകയും ചെയ്തു, ഉണ്ടാക്കുകയും ചെയ്തു. فِيهَا അതിൽ. سِرَاجًا ഒരു വിളക്ക്, ദീപം. وَقَمَرًا ഒരു ചന്ദ്രനെയും. مُّنِيرًا പ്രകാശിക്കുന്ന, പ്രകാശമുള്ളതായ. 62 وَهُوَ الَّذِي അവൻ തന്നെയാണ് യാതൊരുവനും. جَعَلَ اللَّيْلَ അവൻ രാത്രിയെ ആക്കി. وَالنَّهَارَ പകലിനെയും. خِلْفَةً മാറിവരുന്നത്. لِّمَنْ أَرَادَ ഉദ്ദേശിക്കുന്നവനു വേണ്ടി. أَن يَذَّكَّرَ ഉറ്റാലോചിക്കുവാൻ. أَوْ أَرَادَ അല്ലെങ്കിൽ ഉദ്ദേശിക്കുന്ന. شُكُورًا നന്ദി ചെയ്‌വാൻ, കൃതജ്ഞത കാണിക്കാൻ.

'ദീപം' سراجا എന്ന് പറഞ്ഞത് സൂര്യനെ ഉദ്ദേശിച്ചാകുന്നു. സൂര്യൻ അതിൻെറ ഉപഗ്രഹമായ ഭൂമിക്കും, ഭൂമിയുടെ ഉപഗ്രഹമായ ചന്ദ്രനും വെളിച്ചം നൽകുന്നതും, സ്വയം പ്രകാശിക്കുന്നതുമാകകൊണ്ട് അതിനെ 'ദീപം' എന്ന് വിശേഷിപ്പിച്ചതാവാം. സൂര്യപ്രകാശം ഏൽക്കാതിരിക്കുന്നപക്ഷം ഭൂമിയും, ചന്ദ്രനും ഇരുളടഞ്ഞതാകുമായിരുന്നു. സൂര്യനിൽ നിന്ന് ചന്ദ്രനിൽ പതിക്കുന്ന പ്രകാശം ഭൂമിയിലേക്ക് തിരിച്ചടിക്കുന്നതാണ് നിലാവെളിച്ചം. സ്വയം പ്രകാശിതങ്ങളായ ഗോളങ്ങൾക്കെല്ലാംതന്നെ 'ശംസു'കൾ (الشموس) സൂര്യൻമാർ എന്നും, ചന്ദ്രനെപ്പോലുള്ള ഉപഗ്രഹങ്ങൾക്ക് 'ഖമറുകൾ' (الاقمار) എന്നും അറബിയിൽ പറയാറുണ്ട്. 'ഗ്രഹമണ്ഡലങ്ങൾ' എന്നും 'രാശിമണ്ഡലങ്ങൾ' എന്നും അർത്ഥം കൽപിച്ചത് 'ബുറൂജ്' (بروجا) എന്ന വാക്കിനാണ്. ഏകവചനം 'ബുർജ് (برج) എന്നത്രെ. ഇതിന് 'കൊത്തളം, ഉന്നതമായ മാളിക' എന്നൊക്കെയാണ് ഭാഷാർത്ഥം. വലിയ ഗ്രഹമണ്ഡലങ്ങൾക്കും, സപ്തഗ്രഹങ്ങളുടെ സഞ്ചാരമാർഗ്ഗങ്ങളായ പന്ത്രണ്ട് രാശിമണ്ഡലങ്ങൾക്കും ഈ വാക്ക് ഉപയോഗിക്കാറുണ്ട്.

വമ്പിച്ച നക്ഷത്രഗോളങ്ങളായി ആകാശത്തിൽ എറെക്കുറെ 1000 എണ്ണമാണുള്ളതെന്നത്രെ മുൻകാലത്ത് ശാസ്ത്രജ്ഞൻമാർ അഭിപ്രായപ്പെട്ടിരുന്നത്. ഇന്നാകട്ടെ, പരിഷ്കരിച്ച ടെലസ്കോപ്പ് (ദൂരദർശിനി) കളുടെ സഹായത്താൽ രണ്ട് കോടിയിലധികം മഹാനക്ഷത്രങ്ങൾ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. ഇനിയും, പുതിയ നിരീക്ഷണങ്ങൾ അവയുടെ എണ്ണം വർദ്ധിപ്പിച്ചു പ്രസ്താവിച്ചുകൊണ്ടിരിക്കും. നിരീക്ഷണമാർഗ്ഗങ്ങളും നിരീക്ഷണസാമഗ്രികളും എത്ര പുരോഗമിച്ചാലും, അവയുടെ ഏറ്റവും സൂക്ഷ്മമായ വിവരവും, കൃത്യമായ എണ്ണവണ്ണവും അവയുടെ സ്രഷ്ടാവായ സർവ്വജ്ഞനു മാത്രമേ കണക്കാക്കുവാൻ കഴിയുകയുള്ളു.

സപ്തഗ്രഹങ്ങള്‍, സൂര്യചന്ദ്രന്‍മാര്‍, രാപ്പകലുകള്‍ എന്നിവയെ സംബന്ധിച്ച് സൂറത്തുല്‍ അമ്പിയാഉ് 33-ാം വചനത്തിന്റെ വിവരണത്തില്‍ നാം പലതും വിശദീകരിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ കൂടുതലൊന്നും പറയേണ്ടതില്ല. രാശിമണ്ഡലങ്ങള്‍ മാസത്തിന് ഒന്നുവീതം 12 രാശികളായി കണക്കാക്കപ്പെട്ടിരിക്കുന്നു. മേടം തുടങ്ങി മീനം വരെയുള്ള 12 മലയാള മാസപ്പേരുകള്‍ അതത് മാസത്തിലെ രാശിനാമങ്ങളും കൂടിയാകുന്നു. (*) ഓരോ രാശിമാര്‍ഗ്ഗത്തിലൂടെയും സൂര്യന്‍ സഞ്ചരിക്കുന്ന കാലത്തിനാണ് സൂര്യമാസങ്ങള്‍ എന്ന് പറയുന്നത്. ഓരോന്നിലും സഞ്ചരിക്കുന്ന കാലയളവില്‍ അല്‍പം ഏറ്റക്കുറവുള്ളതുകൊണ്ടാണ് ചില മാസങ്ങളില്‍ ദിവസങ്ങള്‍ ഏറിയും കുറഞ്ഞും വരുന്നത്.

രാവോ പകലോ സ്ഥിരമായി നില്‍ക്കാതെ ഒന്നിനുശേഷം ഒന്നായി വന്നും പോയും കൊണ്ടിരിക്കുന്നതിനാലാണ് അവയെപ്പറ്റി 'മാറിമാറി വരുന്നത്' **خلفة** എന്ന് പ്രസ്താവിച്ചത്. ഈ മാറ്റങ്ങളും, അതിന് കാരണമാകുന്ന ഗോളചലനങ്ങളുടെ നിയന്ത്രണവും, ചിന്തിക്കുന്നവര്‍ക്ക് ചിന്തിക്കുവാന്‍ ധാരാളം വകനല്‍കുന്നു. അതുവഴി അല്ലാഹുവിന്റെ സൃഷ്ടിവൈഭവവും, നിത്യാനുഗ്രഹങ്ങളും, ഓര്‍ക്കുവാനും, അവനോട് നന്ദിയുള്ളവരായിരിക്കുവാനും അവസരം ലഭിക്കുകയും ചെയ്യുന്നു. ചിന്തിക്കുവാന്‍ തയ്യാറില്ലാത്തവന്റെയും, നന്ദികെട്ടവന്റെയും കണ്‍മുമ്പില്‍ എന്തുതന്നെ കണ്ടാലും, അവനില്‍ അത് യാതൊരു കോളിളക്കവും ഉണ്ടാക്കുന്നതല്ലല്ലോ. അവന്‍ രാത്രി ഉറങ്ങുവാനും, പകല്‍ ദേഹേച്ഛകള്‍ നിറവേറ്റുവാനും ഉപയോഗപ്പെടുത്തുമെന്നുമാത്രം. വീണ്ടുവിചാരവും, ഉപകാരസ്മരണയുമുള്ള ഭാഗ്യവാന്‍മാരാകട്ടെ, രാപ്പകലുകളില്‍ ഓരോന്നിനെയും-അതതിന്റെ സ്വഭാവവിശേഷത കണക്കിലെടുത്തുകൊണ്ട്-ഉപയോഗപ്പെടുത്തുവാന്‍ ശ്രമിക്കും. പകല്‍ ചെയ്തുപോയ തെറ്റിനെപ്പറ്റി രാത്രിയിലും, രാത്രിയില്‍ വന്നുപോയ കുറ്റത്തെപ്പറ്റി പകലിലും അവന് വീണ്ടുവിചാരവും ഖേദവും വരുന്നു. അതത് സമയത്തിനനുയോജ്യമായ സല്‍പ്രവൃത്തികളും അവന്‍ ചെയ്യുന്നു. അങ്ങിനെ രാവും പകലും അവന് ഗുണകരമായി അവന്‍ ഉപയോഗപ്പെടുത്തു. **والله الموافق** നബി (ﷺ) അരുളിച്ചെയ്ത ഒരു ഹദീസ് ഇവിടെ ഓര്‍മ്മിക്കുന്നത് സന്ദര്‍ഭോചിതമായിരിക്കും. അവിടുന്ന് പറയുന്നു:-

ان الله يبسط يده بالليل ليتوب مسيئ النهار ويبسط يده بالنهار ليتوب الليل حتى تطلع الشمس
–رواه مسلم مسيئ

സാരം: പകലില്‍ തിന്‍മചെയ്തവന്‍ ഖേദിച്ചു മടങ്ങുന്നത് സ്വീകരിക്കുവാനായി അല്ലാഹു രാത്രിയില്‍ അവന്റെ കൈ നീട്ടുന്നു; രാത്രിയില്‍ തിന്‍മ ചെയ്തവന്‍ പശ്ചാത്തപിക്കുന്നത് സ്വീകരിക്കുവാനായി അവന്‍ പകലിലും കൈ നീട്ടുന്നു. (ലോകാവസാനത്തിങ്കല്‍വെച്ച്) സൂര്യന്‍ പടിഞ്ഞാറുനിന്ന് ഉദയം ചെയ്യുന്ന കാലംവരെ ഇതുണ്ടാകും. (മു) അവിശ്വാസികളും, കൃതഘ്നരുമായ ജനങ്ങളുടെ പല സ്ഥിതിഗതികള്‍ വിവരിച്ചുകഴിഞ്ഞശേഷം, അല്ലാഹുവില്‍ ശരിക്ക് വിശ്വസിക്കുന്ന സജ്ജനങ്ങളുടെ ചില സവിശേഷഗുണങ്ങളാണ് തുടര്‍ന്നുള്ള വചനങ്ങളില്‍ പ്രസ്താവിക്കുന്നത്.

وَعِبَادُ ٱلرَّحْمَـٰنِ ٱلَّذِينَ يَمْشُونَ عَلَى ٱلْأَرْضِ هَوْنًا وَإِذَا خَاطَبَهُمُ ٱلْجَـٰهِلُونَ قَالُوا۟ سَلَـٰمًا

63 'റഹ്മാനായുള്ളവന്റെ' [പരമകാരുണികന്റെ] അടിയാന്‍മാര്‍, ഭൂമിയില്‍ വിനയത്തോടെ നടക്കുന്നവരത്രെ. അറിവില്ലാത്തവര്‍ അവരെ അഭിമുഖീകരിക്കുന്നതായാല്‍, അവര്‍ സമാധാനപരമായത് പറയു

* അറബിയില്‍ പന്ത്രണ്ട് രാശികളുടെ പേരുകള്‍ ക്രമപ്രകാരം ഇവയാകുന്നു:-
الحمل، الثور، الجوزاء، السرطان، الاسد، السنبلة، الميزان، العقوب، القوس، الجدى، الدلو، الحوت.

ന്നതാണ്.

﴿٦٣﴾

63 وَعِبَادُ الرَّحْمَنِ റഹ്മാൻെറ അടിയാൻമാർ. الَّذِينَ യാതൊരു കൂട്ടരാകുന്നു. يَمْشُونَ അവർ നടക്കും. عَلَى الْأَرْضِ ഭൂമിയിൽ. هَوْنًا വിനയത്തോടെ, എളിമ നിലയിൽ. وَإِذَا خَاطَبَهُمُ അവരെ അഭിമുഖീകരിച്ചാൽ, അവരോട് നേരിട്ടാൽ. الْجَاهِلُونَ അജ്ഞൻമാർ, മൂഢൻമാർ, അറിവില്ലാത്തവർ. قَالُوا അവർ പറയും. سَلَامًا സമാധാനമായത്, സമാധാനവാക്ക്, സലാം എന്ന്.

'റഹ്മാൻെറ അടിയാന്മാർ' എന്ന് വിശേഷിപ്പിച്ചതുതന്നെ ഈ ഭാഗ്യവാൻമാരുടെ ശ്രേഷ്ഠതക്ക് മകുടം ചാർത്തുന്നു, ഇവർ പിശാചിൻെറയോ, ദേഹേച്ഛയുടെയോ, ഐഹിക സുഖത്തിൻെറയോ, പരദൈവങ്ങളുടെയോ അടിമകളാകാതെ, പരമകാരുണികൻെറ സാമീപ്യത്തിനും അപാരമായ കരുണക്കും പാത്രവാൻമാരായിട്ടുള്ളവരാണെന്ന് ആ പേരുതന്നെ സൂചിപ്പിക്കുന്നു. ഇവരുടെ ലക്ഷണങ്ങളായി ഒമ്പത് സൽഗുണങ്ങൾ അല്ലാഹു ഇവിടെ എടുത്തുപറയുന്നത് കാണാം:-

1-ാമത്: അവർ ഭൂമിയിൽകൂടി നടക്കുന്നത് വിനയത്തോടെയായിരിക്കും. അടക്കത്തോടും, ഒതുക്കത്തോടും കൂടി, അനാവശ്യത്തിലും അക്രമത്തിലും പങ്കെടുക്കാതെ, വിനോദങ്ങളിൽ മുഴുകാതെ, അഹംഭാവമോ, പത്രാസോ കൂടാതെ വളരെ പാകതയുള്ളവരായിട്ടാണ് അവർ ഭൂമുഖത്ത് കഴിഞ്ഞുകൂടുക അഥവാ-ഇബ്നു അബ്ബാസ് (رضي الله عنه) പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടതുപോലെ-അറിവും, സഹനവും, ഒതുക്കവും, മാന്യതയും ഉള്ളവരായിരിക്കും. മന്ദംമന്ദം നടന്നു പോകണമെന്നല്ല, ആയത്തിൻെറ താൽപര്യം. നബി (ﷺ) തിരുമേനിയുടെ നടത്തത്തെക്കുറിച്ച് വിവരിക്കുന്ന ഹദീസുകളിൽ, അവിടുന്ന് വേഗംവേഗം കാലടികൾ പൊക്കിയെടുത്ത് നടക്കുകയും, ഒരു കുന്നിൻചരുവിൽകൂടി ഇറങ്ങിവരുന്നപ്രകാരം (എളുപ്പത്തിൽ) നടക്കുകയും പതിവായിരുന്നുവെന്നു കാണാം.

2-ാമത്: അജ്ഞൻമാരായ-കാര്യവിവരമില്ലാത്ത-ആളുകൾ അവരുമായി അഭിമുഖീകരിക്കുമ്പോൾ അവർ സമാധാനപരമായ വാക്കുകൾ ഉപയോഗിക്കും. അവർ ഇങ്ങോട്ട് ഉപയോഗിക്കുന്നതരത്തിലുള്ള വിഡ്ഢിത്തങ്ങളോ, മര്യാദകെട്ട വാക്കുകളോ അങ്ങോട്ട് പറയാതെ, വിട്ടുവീഴ്ചയും, നല്ലവാക്കും ഉപയോഗിക്കും എന്നർത്ഥം. ഈ രണ്ട് ഗുണങ്ങളിൽനിന്ന് ഇവരുടെ സ്വഭാവഗുണം പൊതുവിലും, ജനങ്ങളുമായുള്ള പെരുമാറ്റക്രമം വിശേഷിച്ചും മനസ്സിലാക്കാമല്ലോ. എന്നാൽ, അല്ലാഹുവുമായുള്ള കാര്യങ്ങളിൽ ഇവരുടെ നിലപാട് എന്തായിരിക്കുമെന്ന് നോക്കുക:-

وَالَّذِينَ يَبِيتُونَ لِرَبِّهِمْ سُجَّدًا وَقِيَامًا ﴿٦٤﴾

64 തങ്ങളുടെ രക്ഷിതാവിന് 'സുജൂദ്' [സാഷ്ടാംഗനമസ്കാരം] ചെയ്യുന്നവരും, നിന്ന് നമസ്കരിക്കുന്നവരുമായിക്കൊണ്ട് രാക്കഴിച്ചുകൂട്ടുന്നവരുമാകുന്നു.

وَالَّذِينَ يَقُولُونَ رَبَّنَا اصْرِفْ عَنَّا عَذَابَ جَهَنَّمَ ۖ إِنَّ عَذَابَهَا كَانَ غَرَامًا ﴿٦٥﴾

65 (ഇപ്രകാരം) പറയാറുള്ളവരുമാണ്: "ഞങ്ങളുടെ റബ്ബേ, നരകശിക്ഷ ഞങ്ങളിൽ നിന്ന് ഒഴിവാക്കിത്തരേണമേ! നിശ്ചയമായും അതിൻെറ ശിക്ഷ ഒരു തീരാനഷ്ടമാകുന്നു;-

إِنَّهَا سَاءَتْ مُسْتَقَرًّا وَمُقَامًا ﴿٦٦﴾

66 "നിശ്ചയമായും അത് [നരകം] വളരെ ചീത്തയായ താവളവും പാർപ്പിടവും തന്നെയാണ്!"

64 وَالَّذِينَ يَبِيتُونَ രാക്കഴിക്കുന്നവരുമാണ്. لِرَبِّهِمْ തങ്ങളുടെ റബ്ബിന്. سُجَّدًا സുജൂദ് (സാഷ്ടാംഗ നമസ്കാരം) ചെയ്യുന്നവരായും. وَقِيَامًا നിൽക്കുന്നവരായും (നിന്ന് നമസ്കരിക്കുന്നവരായും) . 65 وَالَّذِينَ يَقُولُونَ പറയുന്നവരുമാകുന്നു. رَبَّنَا ഞങ്ങളുടെ റബ്ബേ. اصْرِفْ തിരിച്ചുകളയണേ, അകറ്റേണമേ, ഒഴിവാക്കിത്തരേണമേ. عَنَّا ഞങ്ങളിൽ നിന്ന്. عَذَابَ جَهَنَّمَ നരകശിക്ഷയെ. إِنَّ عَذَابَهَا നിശ്ചയമായും അതിന്റെ ശിക്ഷ. كَانَ ആകുന്നു, ആയിരിക്കുന്നു. غَرَامًا ഒഴിയാനഷ്ടം, തീരാനഷ്ടം, വേറിടാത്തത്, ഭാരപ്പെട്ടത്. 66 إِنَّهَا നിശ്ചയമായും അത്. سَاءَتْ വളരെ ചീത്തയാണ്, വളരെ മോശപ്പെട്ടതാണ്. مُسْتَقَرًّا താവളം, ഭവനം. وَمُقَامًا പാർപ്പിടവും, താമസസ്ഥലവും.

സുജൂദും, നിറുത്തവും നമസ്കാരകർമ്മത്തിലെ രണ്ട് പ്രധാന ഭാഗങ്ങളാകുന്നു. സുജൂദ് ഇതര ആരാധനാകർമ്മങ്ങളിൽവെച്ച് കൂടുതൽ ഭക്തി പ്രകടമാക്കുന്നതും, കൂടുതൽ പ്രധാനപ്പെട്ടതുമത്രെ. രാത്രിയിൽ വളരെയേറെ സമയം ഇവർ നമസ്കാരകർമ്മത്തിലായി ചിലവാക്കുമെന്ന് സാരം. രാത്രിനമസ്കാരത്തെപ്പറ്റി ഖുർആനിലും ഹദീസിലും ധാരാളം പ്രോത്സാഹിപ്പിച്ചിട്ടുള്ളതാണ്. നബി (ﷺ) ചിലപ്പോൾ, കാലുകളിൽ നീരുകെട്ടുമാറ് ദീർഘസമയം രാത്രി നമസ്കാരത്തിൽ മുഴുകിയിരുന്നുവെന്നത് പരക്കെ അറിയപ്പെട്ടതാണല്ലോ. അവിടുന്ന് ഇപ്രകാരം അരുളിച്ചെയ്യുകയും ചെയ്തരിക്കുന്നു: ''നിർബന്ധനമസ്കാരങ്ങളെ കഴിച്ചാൽ പിന്നെ, നമസ്കാരത്തിൽവെച്ച് ഏറ്റവും ശ്രേഷ്ഠമായത് രാത്രിക്കുള്ളിൽ ചെയ്യുന്ന നമസ്കാരമാകുന്നു.'' (افضل الصلوة بعد المفروضة صلاة فى جوف الليل –رواه احمد) സ്വർഗ്ഗസ്ഥരായ സജ്ജനങ്ങളെക്കുറിച്ച് പ്രസ്താവിക്കുന്ന മദ്ധ്യെ ഖുർആനിൽ ഒരിടത്ത് ഇപ്രകാരം പറയുന്നു: ''രാത്രിയിൽ അവർ ഉറങ്ങുന്നത് കുറവായിരുന്നു, നിശാന്ത്യസമയങ്ങളിൽ (പാതിരക്കും പ്രഭാതത്തിലും ഇടക്കുവെച്ച്) അവർ പാപമോചനം തേടുകയും ചെയ്തിരുന്നു.''
(كانو قليلا من الليل ما يهجعون وبالاسحار هم يستغفرون –الذاريات)

റഹ്മാന്റെ അടിയാൻമാർ, ജനങ്ങളുമായി നന്നായി പെരുമാറുന്നവരും, വിനയശീലൻമാരും, അല്ലാഹുവിന്റെ ആരാധനയിലും സ്മരണയിലും മുഴുകിയവരും തന്നെ. എങ്കിലും, അതേ സമയത്ത് അവർ അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് സദാ ഭയപ്പാടുള്ളവരുമാകുന്നു. അതുകൊണ്ട് അവർ എപ്പോഴും നരകശിക്ഷയിൽ നിന്നും ഒഴിവാക്കേണമേ എന്ന് അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കും. വെറുതെ ഈ വാക്കുകൾ ഉരുവിട്ടു പറയുകയല്ല, നരകശിക്ഷയുടെ കാഠിന്യവും, അത് അനുഭവപ്പെടുന്നപക്ഷം ഉണ്ടാകുന്ന തീരാനഷ്ടവും മനസ്സിലാക്കിക്കൊണ്ടും ഓർത്തുകൊണ്ടുംതന്നെയാണവരുടെ പ്രാർത്ഥന.

ഇവരുടെ 3-ാമതും, 4-ാമതും ഗുണങ്ങളാണ് ഈ രണ്ടു വചനങ്ങളിൽ നാം കണ്ടത്. 5-ാമത് ഗുണം ധനപരമായ കാര്യങ്ങളിലുള്ളതാകുന്നു. അല്ലാഹു പറയുന്നു:-

وَٱلَّذِينَ إِذَآ أَنفَقُواْ لَمۡ يُسۡرِفُواْ وَلَمۡ يَقۡتُرُواْ وَكَانَ بَيۡنَ ذَٰلِكَ قَوَامًا ﴿٦٧﴾

67 തങ്ങൾ ചിലവുചെയ്യുന്നതായാൽ, അമിതവ്യയം ചെയ്കയാകട്ടെ, പിശുക്ക് കാണിക്കുകയാകട്ടെ ചെയ്യാത്തവരുമാകുന്നു; അതിനിടയിൽ മിതമായതായിരിക്കുന്നതാണ് (അത്) .

67 وَالَّذِينَ യാതൊരുകൂട്ടരും. إِذَا أَنفَقُوا അവർ ചിലവഴിക്കുന്നതായാൽ. لَمْ يُسْرِفُوا അവർ അതിരുകവിയുകയില്ല, അമിതവ്യയം ചെയ്കയില്ല. وَلَمْ يَقْتُرُوا അവർ ലുബ്ധ് (പിശുക്ക്) കാണിക്കുകയുമില്ല, കുടുസ്സ് കാണിക്കയുമില്ല. وَكَانَ അതായിരിക്കും. بَيْنَ ذَلِكَ അതിനിടക്ക്. قَوَامًا മിതമായത്, ചൊവ്വായത്.

യാതൊന്നും ചിലവഴിക്കാത്ത ആളുകളുണ്ടാകുകയില്ല. ചിലവഴിക്കുന്നതിലുള്ള ഏറ്റക്കുറവ്, ചിലവഴിക്കുന്ന വിഷയത്തിന്റെ ഗുണദോഷം, ചിലവഴിക്കുന്നതിന്റെ പരിതസ്ഥിതി എന്നിവ നോക്കിയിട്ടാണ് ഒരാളുടെ ലുബ്ധതയും, അമിതത്വവും കണക്കാക്കുന്നത്. മിക്കജനങ്ങളും ഈ രണ്ടിലൊരു തരത്തിൽ പെട്ടവരായിരിക്കും. ഇക്കൂട്ടരാകട്ടെ, രണ്ടുതരത്തിലും ഉൾപ്പെടുന്നില്ല. അവർ എല്ലാ നിലക്കും മിതത്വം പാലിക്കുന്നവരായിരിക്കും.

മിതമായി ചിലവഴിക്കേണ്ടത് ദാനധർമ്മങ്ങളിൽ മാത്രമല്ല. സ്വന്താവശ്യങ്ങളിലും, വീട്ടാവശ്യങ്ങളിലും, എന്നുവേണ്ട മറ്റെല്ലാ കാര്യങ്ങളിലും അതാവശ്യമത്രെ. വാസ്തവത്തിൽ ദാനധർമ്മാദിവിഷയങ്ങളെക്കാൾ മിതത്വം ഗൗനിക്കേണ്ടത് അവയിലാണുതാനും, മുജാഹിദ് (ﷺ) പ്രസ്താവിച്ചതായി ഇങ്ങിനെ നിവേദനം ചെയ്യപ്പെടുന്നു: ''അല്ലാഹുവിനെ അനുസരിക്കുന്ന വിഷയത്തിൽ അബൂഖുബൈസ് മല (*) യോളം സ്വർണ്ണം ചിലവഴിച്ചാലും അത് അമിതവ്യയമല്ല; അല്ലാഹുവിനോട് അനുസരണക്കേട് കാണിക്കുന്ന കാര്യത്തിൽ ഒരു സേർ (ധാന്യം) ചിലവഴിച്ചാലും അത് അമിതവ്യയമാകുന്നു.'' 6-ാമത് ഗുണവിശേഷം അടുത്ത വചനത്തിൽ പ്രസ്താവിക്കുന്നു:-

وَٱلَّذِينَ لَا يَدۡعُونَ مَعَ ٱللَّهِ إِلَـٰهًا ءَاخَرَ وَلَا يَقۡتُلُونَ ٱلنَّفۡسَ ٱلَّتِي حَرَّمَ ٱللَّهُ إِلَّا بِٱلۡحَقِّ وَلَا يَزۡنُونَ ۚ وَمَن يَفۡعَلۡ ذَٰلِكَ يَلۡقَ أَثَامًا ﴿٦٨﴾

68 അല്ലാഹുവിനോടുകൂടെ വേറെ ഒരു ആരാധ്യനെയും വിളി (ച്ച് പ്രാർത്ഥി) ക്കാത്തവരുമാകുന്നു; അല്ലാഹു വിരോധിച്ചിട്ടുള്ള ദേഹത്തെ (ശരിയായ) ന്യായപ്രകാരമല്ലാതെ അവർ കൊലപ്പെടുത്തുകയുമില്ല; അവർ വ്യഭിചാരം ചെയ്കയുമില്ല (അങ്ങിനെയുള്ളവരുമായിരിക്കും) . ആരെങ്കിലും അത് (മൂന്നും) ചെയ്യുന്നതായാൽ അവൻ, കുറ്റം (ചെയ്തതിന്റെ ശിക്ഷ) കണ്ടെത്തുന്നതാണ്:-

يُضَـٰعَفۡ لَهُ ٱلۡعَذَابُ يَوۡمَ ٱلۡقِيَـٰمَةِ وَيَخۡلُدۡ فِيهِۦ مُهَانًا ﴿٦٩﴾

69 അതായത്, 'ഖിയാമത്തു' നാളിൽ അവന് ശിക്ഷ ഇരട്ടിച്ച് കൊടുക്കപ്പെടും; നിന്ദ്യനായ നിലയിൽ അതിലവൻ ശാശ്വതനായിരിക്കയും ചെയ്യും.

68 وَالَّذِينَ യാതൊരു കൂട്ടരുമാണ്. لاَ يَدْعُونَ അവർ വിളിക്കയില്ല, പ്രാർത്ഥിക്കയില്ല. مَعَ اللهِ അല്ലാഹുവിന്റെകൂടെ. إِلَهًا آخَرَ വേറെ ആരാധ്യനെ, ദൈവത്തെ. وَلاَ يَقْتُلُونَ അവർ കൊലപ്പെടുത്തുകയുമില്ല. النَّفْسَ ദേഹത്തെ, ആളെ, ആത്മാവിനെ. الَّتِي حَرَّمَاللهُ അല്ലാഹു വിലക്കിയ, വിരോധിച്ച, ഹറാമാക്കിയ. إِلاَّ بِالْحَقِّ ന്യായപ്രകാരമല്ലാതെ, മുറപ്രകാരമല്ലാതെ. وَلاَ يَزْنُونَ അവർ വ്യഭിചരിക്കുകയുമില്ല. وَمَن يَفْعَلْ ആരെങ്കിലും ചെയ്താൽ, ആർ ചെയ്യുന്നുവോ. ذَلِكَ അത്. يَلْقَ അവൻ കാണും, കണ്ടെത്തും. أَثَامًا കുറ്റത്തെ (ശിക്ഷയെ) . 69 يُضَاعَفْ ഇരട്ടിക്കപ്പെടും. لَهُ അവന്ന്. الْعَذَابُ ശിക്ഷ. يَوْمَ الْقِيَامَةِ ഖിയാമത്തുനാളിൽ. وَيَخْلُدْ അവൻ ശാശ്വതമായിരിക്കയും ചെയ്യും. فِيهِ അതിൽ. مُهَانًا നിന്ദ്യനായ നിലയിൽ അപമാനിക്കപ്പെട്ടവനായിക്കൊണ്ട്.

പാപങ്ങളിൽവെച്ച് ഏറ്റവും, വമ്പിച്ചതും ,ഏറ്റവും ശിക്ഷാർഹവുമാണ് ശിർക്ക്, കൊല, വ്യഭിചാരം എന്നീ മൂന്ന് പാപങ്ങൾ. ഒരു സാധാരണക്കാരനിൽ നിന്നുപോലും അവ ഒരിക്ക

* മക്കായിലെ ഒരു മലയാണ് അബൂഖുബൈസ് (ابو قبيس)

ലും ഉണ്ടാകാവതല്ല. എന്നിരിക്കെ, റഹ്മാൻെറ അടിയാൻമാരായ സജ്ജനങ്ങളിൽനിന്ന് ഇത്തരം പാപങ്ങൾ തീർച്ചയായും ഉണ്ടാകുന്നതല്ലല്ലോ. അപ്പോൾ ഇക്കാര്യങ്ങൾ ഇവിടെ എടുത്തു പറഞ്ഞതിൽനിന്ന് ഒരു സംഗതി നമുക്ക് മനസ്സിലാക്കാം. മുകളിൽ പ്രസ്താവിച്ച അഞ്ച് ഗുണങ്ങളും പ്രത്യക്ഷത്തിൽ ഒരുവനിൽ ഉള്ളതോടുകൂടിത്തന്നെ അവൻ ഈ മൂന്നിൽ ഏതെങ്കിലും ഒരു പാപത്തിൽ ഒരുപക്ഷേ ആകപ്പെട്ടുകൂടായ്കയില്ല. ഒരാൾ അല്ലാഹുവിനെ ആരാധിക്കുകയും, അവനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നതോടൊപ്പംതന്നെ വേറെ വല്ലതിനെയും ആരാധിച്ചും, പ്രാർത്ഥിച്ചും കൊണ്ടിരുന്നേക്കാം. അല്ലാഹുവിനോടുകൂടെ വേറെ ഒരു ഇലാഹിനെയും വിളിക്കുകയില്ല' (**لايدعون مع الله الها اخر**) എന്ന് പറഞ്ഞതിൽനിന്ന് ഈ സംഗതി നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. അതുപോലെത്തന്നെ, കേവലം സൽഗുണവാനായ മനുഷ്യൻ, ചിലപ്പോൾ മനുഷ്യസഹജമായ വികാരവിചാരങ്ങൾക്ക് വിധേയനായി കൊലയിലോ വ്യഭിചാരത്തിലോ ചെന്നുപെട്ടേക്കാം. ഈ മൂന്ന് വൻകുറ്റങ്ങളിലും അകപ്പെടാതിരിക്കുന്നതിന് പുറമെയാണ് വാസ്തവത്തിൽ റഹ്മാൻെറ അടിയാൻമാരുടെ മറ്റു ഗുണങ്ങൾ ഇവിടെ വിലയിരുത്തപ്പെടുന്നത്. പക്ഷേ, ഇവരും മനുഷ്യരാണല്ലോ. മനുഷ്യൻെറ പക്കൽ അബദ്ധം പിണഞ്ഞേക്കും, അവൻെറ മനസ്ഥിതിയിൽ മാറ്റം വന്നേക്കും. അങ്ങനെ, ഈ വൻകുറ്റങ്ങളിൽ ഏതെങ്കിലും ഒന്ന് അവൻ പ്രവർത്തിച്ചുപോയാൽ പിന്നീട് അവന് രക്ഷാമാർഗ്ഗമില്ലേ? തീർച്ചയായും ഉണ്ട്. അതിനെപ്പറ്റി അടുത്ത വചനത്തിൽ തന്നെ പ്രതിപാദിക്കുന്നുമുണ്ട്. ഈ പാപങ്ങളുടെ ഭയങ്കരത കാണിക്കുകയാണ് ഈ ആയത്ത് ചെയ്യുന്നത്.

ശിർക്കിലും, (ആരാധനയിലും പ്രാർത്ഥനയിലും മറ്റുള്ളവരെ പങ്കുചേർക്കുന്നതിലും) വ്യഭിചാരത്തിലും അനുവദനീയമായ ഒരു ഇനവുമില്ല. കൊലയിലാകട്ടെ, ചിലത് അനുവദിക്കപ്പെട്ടതും, ചിലത് ആവശ്യമായതുമുണ്ടായിരിക്കും. പ്രതികാരശിക്ഷാനിയമം നടത്തേണ്ടി വരുക, ശത്രുക്കളുമായി യുദ്ധത്തിലേർപ്പെട്ടിരിക്കുക, അപ്പോൾ അത് ചെയ്യേണ്ടതായിവരും. അതുകൊണ്ടാണ് കൊലയെ സംബന്ധിച്ച് പറഞ്ഞപ്പോൾ 'ന്യായപ്രകാരമല്ലാതെ' (**الابالحق**) എന്ന് പറഞ്ഞിരിക്കുന്നത്. ഈ മൂന്ന് മഹാപാപങ്ങളുടെ ഗൗരവം എത്രമാത്രമുണ്ടെന്ന് മനസ്സിലാക്കുവാൻ, അവയുടെ ശിക്ഷയെക്കുറിച്ച് ഇതേ വചനങ്ങളിൽ തന്നെ അല്ലാഹു പറഞ്ഞ വാക്കുകൾ മാത്രം മതിയാകും. അതിന് ഒരു വിശദീകരണം ആവശ്യമില്ല. എന്നാൽ, ഈ മൂന്ന് മഹാപാപങ്ങളുടെ കൂട്ടത്തിൽ തന്നെ ഏറ്റവും നികൃഷ്ടമായ ഇനങ്ങൾ ഏതാണെന്ന് ഒരു ഹദീസിൽ നബി (ﷺ) വിവരിക്കുന്നത് നോക്കുക:-

عن ابن مسعود رضہ انه قال قلت يارسول الله اي الذنب اعظم قال ان تدعو لله ندا وهو خلقك فقلت ثم اي قال ان تقتل ولدك خشية ان يطعم معك قلت ثم اي قال ان تز نی حليلة جارك فانزل الله تصديق ذلك والذين لا يدعون مع الله الها اخر –الأية–رواه الشيخان

(ഇബ്നുമസ്ഊദ് (رضي الله عنه) പറയുന്നു: ഞാൻ ചോദിച്ചു: ''അല്ലാഹുവിൻെറ റസൂലേ, പാപത്തിൽ വെച്ച് ഏറ്റവും വമ്പിച്ചത് ഏതാണ്?'' അവിടുന്ന് പറഞ്ഞു: 'നിന്നെ സൃഷ്ടിച്ചത് അല്ലാഹുവാണ് എന്നിരിക്കെ, നീ അവന് സമാനെവെച്ച് പ്രാർത്ഥിക്കലാണ്. 'ഞാൻ ചോദിച്ചു: 'പിന്നെ ഏതാണ്?' അവിടുന്ന് പറഞ്ഞു: 'നിൻെറ സന്താനം നിൻെറ ഒന്നിച്ച് ഭക്ഷണം കഴിക്കുമെന്ന് പേടിച്ച് നീ അതിനെ കൊലപ്പെടുത്തുന്നതാണ് 'ഞാൻ ചോദിച്ചു: 'പിന്നെ ഏതാണ്?' തിരുമേനി പറഞ്ഞു: 'നീ നിൻെറ അയൽക്കാരൻെറ ഭാര്യയെ വ്യഭിചാരം ചെയ്യലാണ്.' അനന്തരം ഇപ്പറഞ്ഞതിൻെറ സത്യവൽക്കരണമായിക്കൊണ്ട് **والذين لا يدعون** എന്ന് തുടങ്ങുന്ന (നാമിപ്പോൾ വായിച്ചുകൊണ്ടിരിക്കുന്ന) ആയത്ത് അവതരിച്ചു. (ബു: മു.)

അല്ലാഹു അല്ലാത്തവർക്ക് ചെയ്യുന്ന ഏതുതരം ആരാധനയും, അവരോട് ചെയ്യുന്ന എല്ലാ പ്രാർത്ഥനയും, ശിർക്കിൽ ഉൾപ്പെട്ടതാണ്. എന്നാൽ, അല്ലാഹുവാണ് സ്രഷ്ടാവെന്ന് അറിയുന്ന ഒരാൾ, അവന് മാത്രം പ്രത്യേകമായുള്ള അധികാരാവകാശങ്ങളിലോ, വിശിഷ്ട ഗുണങ്ങളിലോ, മറ്റാരെയെങ്കിലും അവനോട് സമമായി കൽപിച്ച് അവരോട് പ്രാർത്ഥന നടത്തുന്നത്-പ്രാർത്ഥനയാണല്ലോ ആരാധനയുടെ കഴമ്പ്-ഏറ്റവും വലിയ ശിർക്കാകുന്നു.

അതുപോലെത്തന്നെ, നിയമപ്രകാരമല്ലാത്ത എല്ലാ കൊലയും വൻകുറ്റം തന്നെ. അത് സ്വന്തം മക്കളെയാകുമ്പോൾ ഗൗരവം കൂടുന്നു. അതോടൊപ്പം കൊലയുടെ ഉദ്ദേശ്യം തന്റെ സന്താനത്തിന് ഭക്ഷണം കൊടുക്കേണ്ടുന്ന ഭാരവും കൂടി വഹിക്കേണ്ടി വരുമല്ലോ എന്ന ഭയം (ദാരിദ്ര്യഭയം) ആകുമ്പോൾ അതിലും കൂടുതൽ ഗൗരവപ്പെട്ടതാകുന്നു. കാരണം, ഈ ഭൂമിയിൽ ഉണ്ടാകുന്ന ഓരോ ജീവിക്കുമുള്ള ഉപജീവനമാർഗ്ഗം ഈ ഭൂമിയിൽ അല്ലാഹു നിക്ഷേപിച്ചിട്ടുണ്ട്. അക്കാര്യം അവൻ ഏറ്റുപറയുകയും ചെയ്തിരിക്കുന്നു. അത് ഉപയോഗപ്പെടുത്തുകയും, അതിന് പരിശ്രമിക്കുകയും ചെയ്യേണ്ടത് മനുഷ്യന്റെ ചുമതലയാണ്. ഈ ചുമതല കഴിയും വണ്ണം നിറവേറ്റുകയും, അതിന്റെ ലാഭനഷ്ടങ്ങൾ അനുഭവിക്കുകയുമല്ലാതെ, മക്കളെ വധിച്ചതുകൊണ്ട് അതിന് പരിഹാരമുണ്ടാകുന്നതല്ല. ഒന്നോ രണ്ടോ മാത്രം മക്കളുള്ളവരും, തീരെ മക്കളില്ലാത്തവരും ദരിദ്രൻമാരായും, ധാരാളം മക്കളുള്ളവർ ധനികൻമാരായും നാം സദാ കാണുന്നുണ്ടല്ലോ. ദരിദ്രത്തെ ഭയന്ന് സന്താനങ്ങളെ (ജനിച്ചതും, ജനിക്കാനിരിക്കുന്നതും) നശിപ്പിക്കുന്നതിന്റെ അർത്ഥം, സ്രഷ്ടാവിനെയും, അവന്റെ വാഗ്ദാനത്തെയും, അവന്റെ കഴിവിനെയും, സർവ്വജ്ഞതയെയുമെല്ലാം തന്നെ നിഷേധിക്കലാകുന്നു. ഇവിടെ സന്ദർഭം മറ്റൊന്നായതുകൊണ്ട് ഇതിനെപ്പറ്റി കൂടുതൽ വിവരിക്കേണ്ടതില്ല. മൂന്നാമത്തെ മഹാപാപം വ്യഭിചാരമാണ്. എല്ലാ വ്യഭിചാരവും വമ്പിച്ച കുറ്റമാകുന്നു. എന്നാൽ, അന്യന്റെ ഭാര്യയായിരിക്കുക, മാത്രമല്ല, തന്റെ എല്ലാവിധ ഗുണകാംക്ഷക്കും ബന്ധപ്പെട്ടവനായ അയൽക്കാരമേതു കൂടിയായിരിക്കുക, അപ്പോൾ വ്യഭിചാരത്തിന്റെ ഇനങ്ങളിൽവെച്ച് ഇത് കൂടുതൽ നികൃഷ്ടമായിത്തീരുന്നു.

ഏറ്റവും വമ്പിച്ച പാപമേതാണെന്നാണല്ലോ ഇബ്നുമസ്ഊദ് (رضي الله عنه) ചോദിച്ചത്. അതുകൊണ്ടാണ് ഓരോന്നിലും വെച്ച് കൂടുതൽ നീചമായ ഇനങ്ങളെ നബി (ﷺ) എടുത്തു പറഞ്ഞതും. ഈ വൻകുറ്റങ്ങൾ ചെയ്താൽതന്നെയും, അവർക്ക് നിരാശപ്പെടേണ്ടതില്ലെന്നും, അതിന് പരിഹാരമുണ്ടെന്നും അടുത്ത വചനങ്ങളിൽ അല്ലാഹു ഓർമ്മപ്പെടുത്തുന്നു:-

إِلَّا مَن تَابَ وَءَامَنَ وَعَمِلَ عَمَلًا صَٰلِحًا فَأُو۟لَٰٓئِكَ يُبَدِّلُ ٱللَّهُ سَيِّـَٔاتِهِمْ حَسَنَٰتٍ ۗ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿٧٠﴾

70 പക്ഷെ, ആരെങ്കിലും പശ്ചാത്തപിക്കുകയും, വിശ്വസിക്കുകയും, സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്യുന്നതായാൽ, അങ്ങിനെയുള്ളവരുടെ തിൻമകളെ അല്ലാഹു നൻമകളായി മാറ്റുന്നതാകുന്നു. അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

وَمَن تَابَ وَعَمِلَ صَٰلِحًا فَإِنَّهُۥ يَتُوبُ إِلَى ٱللَّهِ مَتَابًا ﴿٧١﴾

71 ആരെങ്കിലും പശ്ചാത്തപിക്കുകയും സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്യുന്നതായാൽ, നിശ്ചയമായും, അവൻ അല്ലാഹുവിങ്കലേക്ക് ശരിക്ക് പശ്ചാത്തപിച്ച് മടങ്ങുകയാണ് ചെയ്യുന്നത്.

---

70 إِلاَّ പക്ഷേ, ഒഴികെ. مَن تَابَ ആരെങ്കിലും പശ്ചാത്തപിച്ചാൽ, പശ്ചാത്തപിച്ചവൻ (ഒഴികെ) . وَآمَنَ വിശ്വസിക്കുകയും ചെയ്ത. وَعَمِلَ പ്രവർത്തിക്കുകയും ചെയ്ത. عَمَلاً صَالِحًا സൽക്കർമ്മം, നല്ല പ്രവൃത്തി. فَأُلَٰئِكَ എന്നാൽ അക്കൂട്ടർ (അങ്ങിനെയുള്ളവർ) . يُبَدِّلُ اللهُ അല്ലാഹു മാറ്റും, പകരമാക്കും. سَيِّئَاتِهِمْ അവരുടെ തിൻമകളെ, കുറ്റങ്ങളെ. 3\ حَسَنَاتٍമകളായിട്ട്. وَكَانَ اللهُ അല്ലാഹു ആകുന്നു. غَفُورًا വളരെ പൊറുക്കുന്നവൻ. رَّحِيمًا കരുണാനിധി, ദയാലു. 71 وَمَن تَابَ ആർ പശ്ചാത്തപിച്ചുവോ. وَعَمِلَ പ്രവർത്തിക്കുകയും ചെയ്തു. صَالِحًا നല്ലത്, സൽക്കർമ്മം. فَإِنَّهُ എന്നാൽ നിശ്ചയമായും അവൻ. يَتُوبُ പശ്ചാത്തപിക്കുന്നു, മടങ്ങുന്നു. إِلَى اللهِ അല്ലാഹുവിങ്കലേക്ക്. مَتَابًا ഒരു പശ്ചാത്താപം, മടക്കം (ശരിയായ മടക്കം) .

ചെയ്തതിനെപ്പറ്റി മനഃപൂർവ്വം ഖേദിക്കുക, ചെയ്തുവരുന്ന തെറ്റ് നിറുത്തൽ ചെയ്ത് പിന്നീട് ആവർത്തിക്കാതിരിക്കുക, ഇതാണ് 'തൗബഃ' അല്ലെങ്കിൽ പശ്ചാത്താപം (التوبة) എന്നു പറയുന്നത്. പശ്ചാത്താപം ശരിയായിട്ടുള്ളതാകേണമെങ്കിൽ, പിന്നീടതിൻെറ അടയാളം പ്രവർത്തനത്തിൽ പ്രത്യക്ഷപ്പെടേണ്ടതാകുന്നു. അതുകൊണ്ടാണ് ഇവിടെയെന്നപോലെ മറ്റു പലേടത്തും തൗബഃയെക്കുറിച്ച് പറയുമ്പോൾ അതിനെത്തുടർന്ന് സൽക്കർമ്മം പ്രവർത്തിക്കുന്നതിനെയും ഖുർആൻ സാധാരണ പറഞ്ഞുകാണുന്നത്. ഈ ആയത്തിൽ സൽക്കർമ്മത്തിന് പുറമെ 'വിശ്വസിക്കുകയും' എന്നുകൂടി പറഞ്ഞിരിക്കുകയാണ്. മേൽപ്രസ്താവിച്ച മൂന്ന് മഹാപാപങ്ങളിൽ ഒന്നാമത്തേത് ശിർക്കാണല്ലോ. യഥാർത്ഥത്തിൽ സത്യവിശ്വാസമുള്ളവരിൽ നിന്ന് ശിർക്ക് ഉണ്ടാകുവാൻ നിവൃത്തിയില്ല. ആകയാൽ ശിർക്കിൽനിന്ന് മോചനം ലഭിക്കേണ്ടതിനും പശ്ചാത്താപം സ്വീകരിക്കേണ്ടതിനും ഒന്നാമതായി അവൻെറ വിശ്വാസം പുതുക്കേണ്ടതുണ്ട്. തുടർന്ന് പറഞ്ഞ രണ്ട് പാപങ്ങൾ (കൊലയും വ്യഭിചാരവും) ചെയ്തവന് വിശ്വാസം അടിയോടെ നഷ്ടപ്പെട്ടുവെന്ന് പറയാവതല്ലെങ്കിലും, അവൻെറ വിശ്വാസം കേവലം ദുർബ്ബലമാണെന്ന് തീർച്ചയാണ്. അത്രയും ഭയങ്കരങ്ങളാണല്ലോ അവ രണ്ടും. ആകയാൽ അവൻെറ വിശ്വാസം ഒന്ന് ശക്തിപ്പെടുത്തേണ്ടതുമുണ്ട്. ഇതുകൊണ്ടായിരിക്കാം ഇവിടെ تا ب وامن وعمل عملا صالحا (പശ്ചാത്തപിക്കുകയും, വിശ്വസിക്കുകയും. സൽക്കർമ്മം പ്രവർത്തിക്കുകയും) എന്ന് പ്രത്യേകം പറഞ്ഞിരിക്കുന്നത്. الله اعلم

ഇപ്രകാരം പശ്ചാത്താപം ചെയ്തവരുടെ പാപങ്ങൾ പൊറുക്കുക മാത്രമല്ല, നൻമകളായി മാറ്റുകയും ചെയ്യുമെന്ന് വാഗ്ദാനം ചെയ്തിട്ടുള്ളത് വളരെ ശ്രദ്ധേയവും, ആവേശജനകവുമാകുന്നു. അല്ലാഹുവിൻെറ കാരുണ്യം എത്ര വിശാലം?! തിൻമകളെ നൻമകളായി മാറ്റുമെന്ന് പറഞ്ഞതിൻെറ ഉദ്ദേശ്യം, ചെയ്ത പാപങ്ങൾക്ക് പുണ്യഫലം ലഭിക്കുമെന്നല്ല. അവയ്ക്ക് നിശ്ചയിക്കപ്പെട്ട ശിക്ഷകൾ ഒഴിവാക്കപ്പെടുകയും, പശ്ചാത്തപിച്ചതിന് നല്ല പ്രതിഫലം നൽകപ്പെടുകയും ചെയ്യുന്നു. കൂടാതെ, പശ്ചാത്തപിക്കുന്നതിന് മുമ്പ് ചെയ്തുവന്നിരുന്ന തിൻമയുടെ സ്ഥാനത്ത് നൻമകൾ പ്രവർത്തിച്ച് പുണ്യം നേടുവാൻ സഹായം ലഭിക്കുകയും ചെയ്യുന്നു. ഇതാണ് ഉദ്ദേശ്യം. ശിർക്കിനും അവിശ്വാസത്തിനും വേണ്ടി അടരാടിയിരുന്നവരും, അക്രമത്തിലും പാപങ്ങളിലും മുഴുകിയിരുന്നവരുമായ എത്രയോ ആളുകൾ, അതിൽനിന്ന് പശ്ചാത്തപിച്ച് മടങ്ങിയശേഷം തൌഹീദിനും സത്യവിശ്വാസത്തിനും വേണ്ടി അതിലുമധികം സേവനങ്ങളും, ത്യാഗങ്ങളും അനുഷ്ഠിച്ചുവന്ന ചരിത്രങ്ങൾ ധാരാളം ഇസ്ലാമിലുണ്ട്. ഉമർ(ﷺ) , ഖാലിദുബ്നുൽവലീദ് (ﷺ) തുടങ്ങി വഹ്ശീ (ﷺ) മുതലായവരുടെ ചരിത്രങ്ങൾ പരിശോധിച്ചു നോക്കുക.

'ഒരു നൻമ ചെയ്വാൻ ഒരാൾക്ക് ഉദ്ദേശമുണ്ടായിട്ട് അത് പ്രവർത്തനത്തിൽ വരുത്തുവാൻ കഴിയാതെ വന്നാലും, ഒരു നൻമയുടെ പ്രതിഫലം അല്ലാഹു അവന് നൽകും. അത് പ്രവർത്തനത്തിൽ വരുത്തുന്നപക്ഷം, ചുരുങ്ങിയത് പത്തിരട്ടിയും, (പത്തു നൻമയുടെ പ്രതിഫലം) ചിലപ്പോൾ 700 ഇരട്ടി വരെയും, അതിലധികവും പ്രതിഫലം നൽകുന്നതാണ്. എന്നാൽ, ഒരാൾ ഒരു തിൻമ ചെയ്വാൻ ഉദ്ദേശിച്ചാൽ അതിൻെറ പേരിൽ യാതൊരു നടപടിയും എടുക്കപ്പെടുകയില്ല. അത് പ്രവർത്തിച്ചാൽ ഒരേഒരു തിൻമയുടെ കുറ്റം മാത്രം നൽകപ്പെടും.' എന്നിങ്ങിനെ നബി (ﷺ) ഒരു ഹദീസിൽ അരുളിച്ചെയ്തിട്ടുള്ളതായി ഇമാം ബുഖാരിയും, മുസ്ലിമും (ﷺ) രേഖപ്പെടുത്തിയിരിക്കുന്നു.

'അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു' എന്ന വാക്യം കൊണ്ടാണല്ലോ 70-ാം വചനം അവസാനിപ്പിച്ചിരിക്കുന്നത്. ഇതുപോലെയുള്ള സമാപനവാക്യങ്ങൾ മറ്റു പലേടത്തും ഖുർആനിൻ കാണാം. അതിലെല്ലാംതന്നെ, മേൽ ചൂണ്ടിക്കാട്ടിയതുപോലുള്ള

ചില യാഥാർത്ഥ്യങ്ങളുടെ സൂചനയാണ് അടങ്ങിയിട്ടുള്ളത്. റഹ്മാൻെറ അടിയാൻമാരുടെ 7-ാമത് ഗുണം ഇതാണ്:

72 (അവർ) കൃത്രിമത്തിന് സാക്ഷിയാകുകയും ചെയ്യാത്തവരായിരിക്കും; വ്യർത്ഥമായ കാര്യത്തിനരികെകൂടി പോകുന്നതായാൽ, അവർ മാന്യൻമാരായ നിലയിൽ പോകുകയും ചെയ്യുന്നതാണ്.

وَٱلَّذِينَ لَا يَشْهَدُونَ ٱلزُّورَ وَإِذَا مَرُّوا۟ بِٱللَّغْوِ مَرُّوا۟ كِرَامًا ﴿٧٢﴾

---

72 وَالَّذِينَ യാതൊരു കൂട്ടരുമാണ്. لاَ يَشْهَدُونَ അവർ സാക്ഷിയാവുകയില്ല, സാക്ഷി നിൽക്കുകയില്ല. الزُّورَ കൃത്രിമത്തിന്, കള്ളത്തിന് (കള്ളസാക്ഷ്യം) . وَإِذَا مَرُّوا അവർ പോയാൽ, നടന്നാൽ. بِاللَّغْوِ വ്യർത്ഥത്തിനരികെ, അനാവശ്യത്തിനരികെ. مَرُّوا അവർ പോകുന്നതാണ്, നടക്കുന്നതാണ്. كِرَامًا മാന്യൻമാരായിട്ട്.

'കൃത്രിമം' എന്നർത്ഥം കൽപിച്ചത് 'സൂർ' (زور) എന്ന പദത്തിനാണ്. 'അക്രമം, അനീതി, കളവ്, അസത്യം, തോന്നിയവാസം' ഇത്യാദി അർത്ഥങ്ങളിലും അത് ഉപയോഗിക്കപ്പെടും. 'യശ്ഹദൂന' (يشهدون) എന്ന വാക്കിനാകട്ടെ, 'സാക്ഷ്യം വഹിക്കുക, സാക്ഷിപറയുക, ഹാജരാകുക, കാണുക' എന്നിങ്ങിനെയും പല അർത്ഥങ്ങളുണ്ട്. കൃത്രിമമായുണ്ടാക്കപ്പെട്ട കാര്യങ്ങൾക്ക് 'മുസവ്വർ' (مزور) എന്ന് പറയുന്നു. ആകയാൽ, യാതൊരു അക്രമങ്ങൾക്കും, അസത്യത്തിനും അവർ അരുനിൽക്കുകയും, അതിൽ ഭാഗഭാക്കാക്കുകയും ചെയ്കയില്ലെന്നും സിദ്ധിക്കുന്നു. കള്ളസാക്ഷി (شهادة الزور) പറയലും, അത് ഏറ്റെടുക്കലും പ്രത്യേകിച്ചും അതിൽ ഉൾപ്പെടുന്നു. കള്ള സാക്ഷ്യത്തെ ഏഴു മഹാപാപങ്ങളിൽ ഒന്നായി നബി (ﷺ) എണ്ണിയിരിക്കുന്നത് പരക്കെ അറിയാവുന്നതാണല്ലോ. കള്ളസാക്ഷി പറഞ്ഞ ഒരാൾക്ക് നാൽപ്പത് അടിക്ക് പുറമെ, മുഖത്ത് അടയാളം വെക്കുക, തലമുടികളയിച്ച് അങ്ങാടിയിൽകൂടി നടത്തുക എന്നീ ശിക്ഷകൾ കൂടി ഉമർ (رضي الله عنه) നൽകുകയുണ്ടായിട്ടുണ്ടെന്ന് ചിലർ രേഖപ്പെടുത്തിക്കാണുന്നു.

'വ്യർത്ഥമായ കാര്യങ്ങളെ' (اللغو) ക്കുറിച്ച് സൂറത്തുൽ മുഅ്മിനിൻെറ ആദ്യഭാഗങ്ങളിൽ നാം പ്രസ്താവിച്ചിട്ടുണ്ട്. അനാവശ്യമായതും, ധാർമ്മികനിലവാരം താഴ്ത്തിക്കളയുന്നതും, ന്യായവിരുദ്ധമായതുമായ കാര്യങ്ങളെല്ലാം അതിൽ പെടുന്നു. മഹാനായ അബ്ദുൽ ഹഖ് ദഹ്ലവി (عبدالحق الد هلوى –رح) പ്രസ്താവിച്ചിട്ടുള്ളതു പോലെ, ഇന്നത്തെ നൃത്തം, സിനിമ, നാടകം തുടങ്ങിയ കലാവിനോദങ്ങളെന്നപേരിലറിയപ്പെടുന്ന എല്ലാ തോന്നിയവാസങ്ങളും, അവിശ്വാസികളായ ജനങ്ങളുടെ പലതരം ഉത്സവാദികോലാഹലങ്ങളും, ബിദ്അത്തുകാരുടെ (മതത്തിൽ അനാചാരങ്ങൾ കടത്തിക്കൂട്ടിയവരുടെ) പല ചടങ്ങുകളും, മാമൂലുകളും-എല്ലാം തന്നെ-വർജ്ജിക്കപ്പെടേണ്ടവയാകുന്നു. അല്ലാഹുവിൻെറ പ്രിയപ്പെട്ട ഈ അടിയാൻമാർ വ്യർത്ഥമായ കാര്യങ്ങളുടെ സമീപത്തുകൂടി പോകുമ്പോൾ മാന്യൻമാരായ നിലയിൽ പോകുമെന്ന് പറഞ്ഞതിൻെറ താൽപര്യം, അതിൽ പങ്കെടുക്കുകയില്ലെന്ന് മാത്രമല്ല, അതിൽ താൽപര്യം തോന്നുകയോ, ശ്രദ്ധപതിക്കുകയോ ചെയ്യാതെ, പ്രതിഷേധപൂർവ്വം തിരിഞ്ഞുപോകുമെന്നാകുന്നു. ഇതിനെപ്പറ്റി മറ്റൊരു സ്ഥലത്ത് അല്ലാഹു പ്രസ്താവിച്ചിട്ടുള്ളതിൽനിന്ന് ഇത് മനസ്സിലാക്കാം:-

واذا سمعوا اللغو اعرضوا عنه وقالوا لنا اعمالنا ولكم اعمالكم سلام عليكم لا نبتغى الجاهلين –القصص: ٥٥

സാരം: വ്യർത്ഥമായതുകേട്ടാൽ അവർ അതിൽനിന്നും തിരിഞ്ഞുപോകും. അവർ പറയുകയും ചെയ്യും: ''ഞങ്ങൾക്ക് ഞങ്ങളുടെ കർമ്മങ്ങൾ, നിങ്ങൾക്ക് നിങ്ങളുടെ കർമ്മങ്ങളും! നിങ്ങൾക്ക് സലാം. ഞങ്ങൾ വിഡ്ഢികളെ ആവശ്യപ്പെടുന്നില്ല.''

8-ാമത് ഗുണം ഇതാണ്:-

وَٱلَّذِينَ إِذَا ذُكِّرُوا۟ بِـَٔايَـٰتِ رَبِّهِمْ لَمْ يَخِرُّوا۟ عَلَيْهَا صُمًّا وَعُمْيَانًا ﴿٧٣﴾

73 (അവർ) യാതൊരുകൂട്ടരുമായിരിക്കും: തങ്ങളുടെ രക്ഷിതാവിൻെറ 'ആയത്തു' കൾ [വേദവാക്യങ്ങൾ] കൊണ്ട് അവർക്ക് ഉൽബോധനം ചെയ്യപ്പെട്ടാൽ, ബധിരന്മാരും, അന്ധന്മാരുമായ നിലയിൽ അതിൻമേൽ അവർ വീഴുകയില്ല.

73 وَالَّذِينَ യാതൊരു കൂട്ടരുമാണ്. إِذَا ذُكِّرُوا അവർക്ക് ഉൽബോധനം ചെയ്യപ്പെട്ടാൽ, ഓർമ്മിക്കപ്പെട്ടാൽ. بِآيَاتِ ആയത്തുകൾ (വേദവാക്യങ്ങൾ) കൊണ്ട്, ലക്ഷ്യങ്ങൾകൊണ്ട്, ദൃഷ്ടാന്തങ്ങൾ മുഖേന. رَبِّهِمْ അവരുടെ റബ്ബിൻെറ. لَمْ يَخِرُّوا അവർ വീഴുകയില്ല, നിലംപതിക്കയില്ല. عَلَيْهَا അതിന് മീതെ. صُمًّا ബധിരൻമാരായി. وَعُمْيَانًا അന്ധൻമാരായും.

അതായത്, അല്ലാഹുവിൻെറ ആയത്തുകൾ മുഖേന ഉപദേശിക്കപ്പെടുന്ന അവസരത്തിൽ-അവിശ്വാസികളും കപടവിശ്വാസികളും ചെയ്യാറുള്ളതുപോലെ-അശ്രദ്ധയും, അവഗണനയും അവർ കാണിക്കുകയില്ല. നേരെമറിച്ച് കണ്ണും കാതും കൊടുത്ത് സശ്രദ്ധം അത് മനസ്സിലാക്കുകയും, സബഹുമാനം അത് സ്വീകരിക്കുകയും ചെയ്‌വാൻ ആവേശപൂർവ്വം തയ്യാറാകുകയാണ് ചെയ്യുക. ചില ആളുകൾ തെറ്റിദ്ധരിച്ചതുപോലെ-അല്ലെങ്കിൽ താൽപര്യപൂർവ്വം ദുർവ്യാഖ്യാനം ചെയ്തതുപോലെ-അല്ലാഹുവിൻെറ ആയത്തുകൾ കൊണ്ട് ഉപദേശിക്കപ്പെടുമ്പോൾ അത് കണ്ണടച്ച് വിശ്വസിക്കാതെ, വിമർശനബുദ്ധ്യാ പരിശോധിച്ച് ബോധ്യപ്പെട്ടാൽ മാത്രമേ അത് സ്വീകരിക്കുകയുള്ളു എന്നല്ല ഈ വചനത്തിൻെറ സാരം. സാധാരണക്കാർ നൽകുന്ന ഉപദേശങ്ങളിൽ ഇതാവശ്യംതന്നെ. എന്നാൽ അല്ലാഹുവിൻെറ ആയത്തുകൾ വിമർശനപൂർവ്വം പരിശോധിച്ചേ സ്വീകരിക്കാവൂ എന്ന് പറയുന്നത് കേവലം അസംബന്ധവും അതിര് കവിച്ചലുമാകുന്നു. അല്ലാഹു പറയുന്നത് നോക്കുക:-

١)انما يؤمن باياتنا الذين اذاذكروا بها خروا سجدا وسبحوا بحمدربهم وهم لا يستكبرون –الم السجدة
٢)....اذا تتلى عليهم ايات الرحمن خروا سجدا وبكيا –مريم

സാരം: 1. യാതൊരുകൂട്ടർ മാത്രമേ നമ്മുടെ ആയത്തുകളിൽ വിശ്വസിക്കുന്നുള്ളു: അവർക്ക് അവകൊണ്ട് ഉൽബോധനം ചെയ്യപ്പെട്ടാൽ അവർ സുജൂദ് (സാഷ്ടാംഗം) ചെയ്യുന്നവരായും കൊണ്ട് വീഴുകയും, തങ്ങളുടെ റബ്ബിന് സ്തോത്രം ചെയ്തുകൊണ്ട് പ്രകീർത്തനം ചെയ്യുകയും ചെയ്യുന്നതാണ്. അവർ അഹംഭാവം നടിക്കുകയുമില്ല. (സൂ:സജദഃ) 2. അവർക്ക് (ഇതിന് മുമ്പ് പ്രസ്താവിക്കപ്പെട്ട പ്രവാചകൻമാർക്ക്) റഹ്മാൻെറ ആയത്തുകൾ ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ അവർ, സുജൂദ് ചെയ്യുന്നവരായും, കരയുന്നവരായുംകൊണ്ട് നിലംപതിക്കുന്നതാണ്. (സൂ: മർയം.) ഇവിടെ വിമർശനത്തിനും, പരിശോധനക്കും സ്ഥാനമുണ്ടോ എന്ന് ആലോചിച്ചുനോക്കുക! സജ്ജനങ്ങളുടെ 9-ാമത് ഗുണത്തെപ്പറ്റി അല്ലാഹു പറയുന്നു:-

وَٱلَّذِينَ يَقُولُونَ رَبَّنَا هَبْ لَنَا مِنْ أَزْوَٰجِنَا وَذُرِّيَّـٰتِنَا قُرَّةَ أَعْيُنٍ وَٱجْعَلْنَا لِلْمُتَّقِينَ إِمَامًا ﴿٧٤﴾

74 (അവർ ഇപ്രകാരം) പറഞ്ഞു കൊണ്ടിരിക്കുന്നവരുമായിരിക്കും: "ഞങ്ങളുടെ റബ്ബേ, ഞങ്ങളുടെ ഭാര്യമാരിൽനിന്നും, സന്തതികളിൽനിന്നും ഞങ്ങൾക്ക് നീ കൺകുളിർമ്മ (മനസ്സന്തോഷം) പ്രദാനം ചെയ്യേണമേ! ഞങ്ങളെ ഭയഭക്തൻമാർക്ക് മുമ്പൻമാരാക്കുക (മാതൃകയാ

ക്കുക) യും ചെയ്യേണമേ!!''

---

74 وَالَّذِينَ യാതൊരു കൂട്ടരും. يَقُولُونَ അവർ പറയും. رَبَّنَا ഞങ്ങളുടെ റബ്ബേ. هَبْ لَنَا ഞങ്ങൾക്ക് പ്രദാനം ചെയ്യേണേ. مِنْ أَزْوَاجِنَا ഞങ്ങളുടെ ഭാര്യമാരിൽ നിന്നും. وَذُرِّيَّاتِنَا ഞങ്ങളുടെ സന്തതികളിൽ നിന്നും. قُرَّةَ أَعْيُنٍ കൺകുളിർമ്മ (മനസ്സന്തോഷം) . وَاجْعَلْنَا ഞങ്ങളെ ആക്കുകയും വേണമേ. لِلْمُتَّقِينَ ഭയഭക്തൻമാർക്ക്, സൂക്ഷമതയുള്ളവർക്ക്. إِمَامًا മുമ്പൻമാർ, നേതാക്കൾ (മാതൃക) .

അവർ തങ്ങളുടെ സ്വന്തം കാര്യങ്ങളിൽ മാത്രമല്ല, കുടുംബത്തിൻെറ നൻമയിലും വളരെ താല്പര്യവും ആകാംഷയും ഉളളവരായിരിക്കും. കുടുംബജീവിതത്തിൽനിന്നും, സാമൂഹ്യജീവിതത്തിൽനിന്നും അകന്ന് ഏകാന്തത സ്വീകരിക്കുന്നതിനെ നിരുത്സാഹപ്പെടുത്തുകയാണല്ലോ ഇസ്‌ലാം ചെയ്യുന്നത്. അതുകൊണ്ട് തങ്ങളുടെ പത്നികളും സന്തതികളും സൽക്കർമ്മികളും, സജ്ജനങ്ങളും ആയിത്തീരുവാനും, അതുവഴി തങ്ങൾക്ക് ഇഹത്തിലും, പരത്തിലും കൺകുളിർമ്മയും, മനസ്സന്തോഷവും കൈവരുവാനും അവർ സദാ അല്ലാഹുവോട് പ്രാർത്ഥന നടത്തും. (*) മാത്രമല്ല, ഇസ്‌ലാമിക നടപടിക്രമങ്ങൾ ശരിക്കും ആചരിച്ചു വരുന്ന ഭയഭക്തൻമാർക്ക് തങ്ങളും, തങ്ങളുടെ പത്നികളും സന്താനങ്ങളും മുമ്പൻമാരായിരിക്കുവാനും-അഥവാ മാതൃകയായിരിക്കത്തക്കവണ്ണം മുന്നണിയിൽ നിൽക്കുന്നവരായിത്തീരുവാനും -അവർ പ്രാർത്ഥന ചെയ്യുന്നു. അവരുടെ ആഗ്രഹവും ഗുണകാംക്ഷയും അത്രയും വലുതായിരിക്കും.

നബി (ﷺ) പറയുന്നു:

اذامات ابن ادم انقطع عمله الا من ثلاث ولد صالح يدعو له وعلم ينتفع به من بعده صدقة جارية–مسلم

(ആദമിൻെറ മകൻ-മനുഷ്യൻ-മരണപ്പെട്ടാൽ അവൻെറ കർമ്മങ്ങൾ, മൂന്ന് കാര്യത്തെ സംബന്ധിച്ചിടത്തോളമല്ലാതെ മറ്റെല്ലാം മുറിഞ്ഞുപോകുന്നതാണ്. അതായത്, തനിക്കുവേണ്ടി പ്രാർത്ഥന നടത്തുന്ന മക്കൾ, തൻെറ കാലശേഷം ഉപകാരപ്രദമായിത്തീരുന്ന അറിവ്, സ്ഥായിയായ ദാനധർമ്മം എന്നിവ.(മു.) റഹ്മാൻെറ അടിയാൻമാരായ സഹനശീലരുടെ വിശിഷ്ടഗുണങ്ങൾ വിവരിച്ചശേഷം അവർക്ക് നൽകപ്പെടുന്ന പ്രതിഫലം എന്തായിരിക്കുമെന്ന് തുടർന്നു പറയുന്നു:-

75 അവർ സഹിച്ചതിൻെറ ഫലമായി അവർക്ക് മണിമേടകൾ പ്രതിഫലം നൽകപ്പെടുന്നതാണ്; അഭിവാദ്യത്തോടും, സമാധാനസന്ദേശത്തോടും (കൂടി) അതിൽ വെച്ച് അവർ എതിരേൽക്കപ്പെടുകയും ചെയ്യുന്നതാണ്.

أُوْلَٰٓئِكَ يُجْزَوْنَ ٱلْغُرْفَةَ بِمَا صَبَرُواْ وَيُلَقَّوْنَ فِيهَا تَحِيَّةً وَسَلَٰمًا ﴿٧٥﴾

76 അതിൽ അവർ നിത്യവാസികളായ നിലയിലായിരിക്കും (വസിക്കുക) . വളരെ നല്ല ഭവനവും, പാർപ്പിടവും!

خَٰلِدِينَ فِيهَا ۚ حَسُنَتْ مُسْتَقَرًّا وَمُقَامًا ﴿٧٦﴾

---

75 أُولَٰئِكَ അക്കൂട്ടർ, അവർ. يُجْزَوْنَ അവർക്ക് പ്രതിഫലം നൽകപ്പെടും. الْغُرْفَةَ ഉന്നതമാളിക, മണിമാടം. بِمَا صَبَرُوا അവർ സഹിച്ചതുകൊണ്ട്, ക്ഷമിച്ചതു നിമിത്തം. وَيُلَقَّوْنَ അവർ എതിരേൽക്കപ്പെടുകയും ചെയ്യും, കാണിച്ചുകൊടുക്കപ്പെടും. فِيهَا അതിൽവെച്ച്. تَحِيَّةً അഭിവാദ്യത്തോടെ,

---

* പ്രാർത്ഥനകളിൽ കഴിവതും, ഖുർആനിലും ഹദീസിലും കാണപ്പെടുന്ന പ്രാർത്ഥനാവാക്യങ്ങൾ തന്നെ ഉപയോഗിക്കുന്നത് നല്ലതാണ്.

കാഴ്ചയായി, ഉപചാരം. وَسَلَامًا സമാധാനസന്ദേശമായും, സലാമോടും, ശാന്തിയും. 76 خَالِدِينَ നിത്യവാസികളായ നിലയിൽ, ശാശ്വതരായിട്ട്. فِيهَا അതിൽ. حَسُنَتْ വളരെ നല്ലതാണ്, എത്ര നല്ലത്. مُسْتَقَرًّا താവളം, ഭവനം. وَمُقَامًا പാർപ്പിടവും.

അവർ ഒരിക്കലും അതിൽനിന്ന് പുറത്തുപോകേണ്ടിവരികയോ, അതിൽവെച്ച് മരണമടയുകയോ ചെയ്യുന്നതല്ല. അവർ സ്വർഗ്ഗത്തിൽ ശാശ്വതരായിരിക്കും. വസിക്കുവാനും സുഖിക്കുവാനും അതിൽപരം നല്ല ഭവനം വേറെയൊന്നില്ല എന്നുസാരം. നരകശിക്ഷയിൽനിന്ന് തങ്ങളെ ഒഴിവാക്കുവാനായി ഇവർ ചെയ്യുന്ന 'ദുആ' (പ്രാർത്ഥന) യിൽ നരകം വളരെ മോശപ്പെട്ട ഭവനവും പാർപ്പിടവുമാണെന്ന് പ്രസ്താവിച്ചിരുന്നുവല്ലോ, അതുകൊണ്ട് അതിനുനേരെ വിപരീതമായി, സ്വർഗ്ഗത്തിലെ മണിമാടങ്ങൾ വളരെ നല്ല ഭവനങ്ങളും വളരെ നല്ല പാർപ്പിടങ്ങളുമാണെന്ന് ഇവിടെ പ്രത്യേകം പ്രസ്താവിച്ചിരിക്കയാണ്.

അവസാനമായി, അവിശ്വാസികൾക്ക് കനത്ത ഒരു താക്കീത് നൽകുവാൻ നബി(ﷺ)യോട് കൽപിച്ചുകൊണ്ട് ഈ അദ്ധ്യായം അവസാനിപ്പിക്കുന്നു:-

قُلْ مَا يَعْبَؤُا۟ بِكُمْ رَبِّى لَوْلَا دُعَآؤُكُمْ ۖ فَقَدْ كَذَّبْتُمْ فَسَوْفَ يَكُونُ لِزَامًۢا ﴿٧٧﴾

77 (നബിയേ) പറയുക: ''നിങ്ങളുടെ പ്രാർത്ഥന ഇല്ലെങ്കിൽ, എന്റെ റബ്ബ് നിങ്ങളെപ്പറ്റി എന്ത് വകവെക്കുവാനാണ്?! (ഒന്നും വകവെക്കാനില്ല.) എന്നാൽ, നിങ്ങൾ തീർച്ചയായും കളവാക്കിയിരിക്കുകയാണ്. അതിനാൽ, വഴിയെ അത് (താക്കീതു ചെയ്യപ്പെട്ട ശിക്ഷ) അനിവാര്യമായിരിക്കുന്നതാണ്.''

---

77 قُلْ പറയുക. مَا يَعْبَأُ എന്തു വകവെക്കുവാനാണ്, വില കൽപിക്കുവാനാണ്, പരിണിക്കുവാനാണ്, വകവെക്കുകയില്ല, വിലവെക്കുകയില്ല. بِكُمْ നിങ്ങളെപ്പറ്റി. رَبِّي എന്റെ റബ്ബ്. لَوْلَا دُعَاؤُكُمْ നിങ്ങളുടെ പ്രാർത്ഥന ഇല്ലെങ്കിൽ, വിളിക്കൽ ഇല്ലെങ്കിൽ. فَقَدْ എന്നാൽ തീർച്ചയായും. كَذَّبْتُمْ നിങ്ങൾ കളവാക്കിയിരിക്കുന്നു, വ്യാജമാക്കിയിരിക്കുന്നു. فَسَوْفَ ആകയാൽ, വഴിയെ. يَكُونُ അതായിത്തീരും, ആകും. لِزَامًا അനിവാര്യം, ഒഴിവാക്കാത്തത്, വേറിടാത്തത്.

അവിശ്വാസികളെ അഭിമുഖീകരിച്ചുകൊണ്ടുള്ള ഈ വചനത്തിന്റെ ഉദ്ദേശ്യം വിവരിക്കുന്നതിൽ ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളുണ്ട്. ഓരോന്നിന്റെയും ചുരുക്കം ഇപ്രകാരമാകുന്നു:-

1) നിങ്ങൾ അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്നുവെന്ന് മാത്രമല്ല, അവരോട് പ്രാർത്ഥന നടത്തുകയും ചെയ്യുന്നു. അല്ലാഹുവിനോടല്ലാതെയുള്ള ഈ പ്രാർത്ഥന ഇല്ലായിരുന്നുവെങ്കിൽ നിങ്ങളെപ്പറ്റി അവൻ വളരെയൊന്നും വകവെക്കുമായിരുന്നില്ല; ഇത്ര ഗൗരവത്തോടെ വീക്ഷിക്കുകയും ചെയ്യുമായിരുന്നില്ല. നിങ്ങളാണെങ്കിൽ ഇതിനും പുറമെ സത്യപ്രബോധനത്തെ കളവാക്കുകയും ചെയ്തിരിക്കുന്നു. ആകയാൽ, നിങ്ങൾക്ക് ശിക്ഷ അനിവാര്യമായിരിക്കുന്നു. അത് താമസിയാതെ സംഭവിക്കുകയും ചെയ്യും.

2) നിങ്ങൾ ആരാധനയിലും പ്രാർത്ഥനയിലും ശിർക്ക് ചെയ്തുകൊണ്ടിരിക്കുന്നവരാണ്. എങ്കിലും, ചുരുക്കം ചില സന്നിദ്ധഘട്ടങ്ങളിലെങ്കിലും അല്ലാഹുവിനോട് നിങ്ങൾ നിഷ്കളങ്കമായി പ്രാർത്ഥന ചെയ്യാറുണ്ട്. അതുകൊണ്ടാണ് അവൻ നിങ്ങളെ ഇപ്പോൾ ശിക്ഷിക്കാത്തത്. എന്നാൽ, നിങ്ങൾ സത്യത്തെ കളവാക്കി നിഷേധിച്ചിരിക്കെകൊണ്ട് ശിക്ഷ നിങ്ങൾക്ക് അധികം താമസിയാതെ അനുഭവപ്പെടുകതന്നെ ചെയ്യും. അതിന് ഒഴിവുണ്ടാകുകയില്ല. (കപ്പൽ യാത്രക

ളിൽ വെച്ചും മറ്റും കഠിനമായ ആപൽഘട്ടം നേരിടുമ്പോൾ ബഹുദൈവാരാധകരായ മുശ്രിക്കുകൾ, അവരുടെ ആരാധ്യവസ്തുക്കളെ വിളിച്ച് പ്രാർത്ഥിക്കാതെ, അല്ലാഹുവിനോടുതന്നെ നിഷ്കളങ്കമായ പ്രാർത്ഥന നടത്തുമെന്നും, ആപത്ത് നീങ്ങി രക്ഷപ്പെട്ടാൽ വീണ്ടും പഴയപടി ശിർക്ക് പ്രവർത്തിക്കുന്നതാണെന്നും ഖുർആൻ പലേടത്തും പ്രസ്താവിച്ചിട്ടുള്ളത് (*) ഇവിടെ സ്മരണീയമാണ്.) മനുഷ്യൻ പൊതുവിൽ എത്രതന്നെ ധിക്കാരം പ്രവർത്തിച്ചാലും, ഇടയ്ക്കെങ്കിലും ചിലർ അല്ലാഹുവിനെ വിളിച്ചും പ്രാർത്ഥിച്ചും വരുന്നതുകൊണ്ടാണ് അവൻ അവരെ ഒന്നാകെ ശിക്ഷിച്ചു നശിപ്പിക്കാത്തത് എന്നത്രെ ഇതിലടങ്ങിയ തത്വം.

'അല്ലാഹുവേ, (മുഹമ്മദ് പ്രബോധനം ചെയ്യുന്ന) ഇതാണ് നിന്റെ പക്കൽനിന്നുള്ള യഥാർത്ഥ (സത്യ) മെങ്കിൽ, നീ ഞങ്ങളുടെമേൽ കല്ലുമഴ വർഷിപ്പിച്ചേക്കുക, അല്ലെങ്കിൽ ഞങ്ങൾക്ക് വേദനയേറിയ വല്ല ശിക്ഷയും കൊണ്ട് വന്നേക്കുക!' എന്ന് ധൈര്യസമേതം പ്രാർത്ഥിക്കുമാറ് ധിക്കാരികളായ മുശ്രിക്കുകളെ സംബന്ധിച്ച് അല്ലാഹു പറയുന്നത് നോക്കുക:- وما كان الله ليعذبهم وانت فيهم وما كان الله معذبهم وهم يستغفرون –لانفال (നബിയേ, നീ അവരിൽ ഉണ്ടായിരിക്കെ അല്ലാഹു അവരെ ശിക്ഷിക്കുവാൻ തയ്യാറില്ല, അവർ പാപമോചനം തേടാറുള്ള സ്ഥിതിക്കും അല്ലാഹു അവരെ ശിക്ഷിക്കുന്നവനല്ല എന്ന് സാരം.) നബി തിരുമേനി (ﷺ) ഇപ്രകാരം പറയുന്നു: هل تنصرون وترزقوالا بضعفائكم –البخارى (നിങ്ങൾക്ക് സഹായം ലഭിക്കുന്നതും, ആഹാരം നൽകപ്പെടുന്നതും നിങ്ങളുടെ അബലൻമാർ നിമിത്തമല്ലാതെ മറ്റു വല്ലതുകൊണ്ടുമാണോ?) ഈ തത്വം ഒരു കവി മനുഷ്യലോകത്തെ നോക്കിപ്പറഞ്ഞതെത്ര വാസ്തവം!-

لولا شيوخ للاله ركع * وصبية من اليتامى رضع
ومهملات في الفلاة رتع * صب عليكم العذاب الاوجع

സാരം: അല്ലാഹുവിന്ന് 'റുകൂഉ്' (കുമ്പിട്ട് നമസ്കാരകർമ്മം) ചെയ്തുവരുന്ന ചില വൃദ്ധൻമാരും, അനാഥകളിൽപെട്ട മുലകുടി പ്രായക്കാരായ ചില ശിശുക്കളും, മരുഭൂമിയിൽ അവഗണിക്കപ്പെട്ട് മേഞ്ഞു നടന്നുകൊണ്ടിരിക്കുന്ന കുറെ ജീവജന്തുക്കളും ഇല്ലായിരുന്നുവെങ്കിൽ (മനുഷ്യലോകമേ,) നിങ്ങളുടെമേൽ വളരെ വേദനപ്പെട്ട ശിക്ഷ ചൊരിയപ്പെടുമായിരുന്നു!

3) **دعاءكم** എന്ന വാക്കിന് നിങ്ങളുടെ പ്രാർത്ഥന എന്ന് അർത്ഥം കല്പിച്ചുകൊണ്ടാണ് മേൽകണ്ട രണ്ട് വ്യാഖ്യാനങ്ങൾ ഉള്ളത്. എന്നാൽ **دعاء** (ദുആ) എന്ന വാക്കിന് 'വിളി, ക്ഷണം' എന്നും അർത്ഥമുണ്ട്. ഈ അർത്ഥം കൽപ്പിച്ചുകൊണ്ടാണ് മൂന്നാമത്തെ വ്യാഖ്യാനം. അതിങ്ങിനെയാണ്: റസൂൽ നിങ്ങളെ തൌഹീദിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുകയാണല്ലോ. അദ്ദേഹത്തിന്റെ ഈ പ്രബോധനകൃത്യം നിലവിൽ നടന്നുകൊണ്ടിരിക്കയുമാണ് അതില്ലായിരുന്നുവെങ്കിൽ, അല്ലാഹു നിങ്ങളെപ്പറ്റി ഒട്ടും വില വെക്കുമായിരുന്നില്ല. നിങ്ങൾ പ്രബോധനത്തെ കളവാക്കിക്കഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക് നിങ്ങൾ ശിക്ഷക്ക് അവകാശപ്പെട്ടുകഴിഞ്ഞിരിക്കുന്നു. എന്നാൽ, അത് വഴിയെ അനുഭവപ്പെടുന്നതുമാണ്.

മേൽകണ്ട മൂന്നഭിപ്രായങ്ങൾക്ക് പുറമെ വേറെയും ചില അഭിപ്രായങ്ങൾ വ്യാഖ്യാതാക്കൾ പറഞ്ഞു കാണുന്നു. ഏതായാലും ഇത്രയും ചെറിയ ഒരു വചനം, പരസ്പര വൈരുദ്ധ്യം ഇല്ലാത്തതും, സാരവത്തായതുമായ പല വ്യാഖ്യാനങ്ങൾക്കും ഇടം നൽകത്തക്കവണ്ണം വിശാലമായ അർത്ഥം ഉൾക്കൊള്ളുന്നത് വിശുദ്ധ ഖുർആന്റെ ഒരു പ്രത്യേകത തന്നെയാകുന്നു.

اللهم اجعلنا من عبادك الصالحين واجعلنا للمتقين اماما
والحمدلله اولا واخرا

---

* സൂ: അൻആം 63, 64; നഹ്ൽ 53, 54; യൂനുസ് 22, 23 മുതലായവയിൽ കാണാം.

26 സൂറത്തു ശുഅറാഉ് سورة الشعراء

മക്കായിൽ അവതരിച്ചത് . വചനങ്ങൾ 227 . വിഭാഗം (റുകൂഅ്) 11
(അവസാനത്തെ 4 വചനങ്ങൾ മദീനായിൽ അവതരിച്ചത്.)

بِسۡمِ ٱللَّهِ ٱلرَّحۡمَـٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

طسٓمٓ ﴿١﴾

1 'ത്വാ-സീൻ-മീം'. (*)

تِلۡكَ ءَايَـٰتُ ٱلۡكِتَـٰبِ ٱلۡمُبِينِ ﴿٢﴾

2 (താഴെ കാണുന്ന) അവ സുവ്യക്തമായ വേദഗ്രന്ഥത്തിലെ സൂക്തങ്ങളാകുന്നു.

لَعَلَّكَ بَـٰخِعٞ نَّفۡسَكَ أَلَّا يَكُونُواْ مُؤۡمِنِينَ ﴿٣﴾

3 അവർ വിശ്വാസികളാകാത്തതിനാൽ നീ നിൻെറ ജീവൻ അപകടപ്പെടുത്തുന്നവനായേക്കാം! (അത് വേണ്ട.)

إِن نَّشَأۡ نُنَزِّلۡ عَلَيۡهِم مِّنَ ٱلسَّمَآءِ ءَايَةٗ فَظَلَّتۡ أَعۡنَـٰقُهُمۡ لَهَا خَـٰضِعِينَ ﴿٤﴾

4 നാം ഉദ്ദേശിക്കുന്നപക്ഷം, അവരുടെ മേൽ ഒരു ദൃഷ്ടാന്തം ആകശത്തുനിന്നും നാം ഇറക്കുന്നതാണ്; അപ്പോൾഅവരുടെ പിരടികൾ അതിന് കീഴൊതുങ്ങുന്നതായിത്തീരുകയും ചെയ്യുന്നതാണ്. (പക്ഷേ, അങ്ങിനെ ഉദ്ദേശിച്ചിട്ടില്ല) .

وَمَا يَأۡتِيهِم مِّن ذِكۡرٖ مِّنَ ٱلرَّحۡمَـٰنِ مُحۡدَثٍ إِلَّا كَانُواْ عَنۡهُ مُعۡرِضِينَ ﴿٥﴾

5 പരമകാരുണികനായുള്ളവൻെറ പക്കൽ നിന്നും പുതുതായി നൽകപ്പെടുന്ന ഒരു ഉൽബോധനവും തന്നെ - അവരതിൽ നിന്ന് തിരിഞ്ഞുകളയുന്നവരായിട്ടല്ലാതെ -അവർക്ക് വരുന്നില്ല! (ഏതുതന്നെ വന്നാലും അവർ തിരിഞ്ഞുകളയുന്നു.)

فَقَدۡ كَذَّبُواْ فَسَيَأۡتِيهِمۡ أَنۢبَـٰٓؤُاْ مَا كَانُواْ بِهِۦ يَسۡتَهۡزِءُونَ ﴿٦﴾

6 അങ്ങനെ, അവർ വ്യാജമാക്കിയിരിക്കുകയാണ്; അതിനാൽ, ഏതൊന്നിൽ അവർ പരിഹാസം കൊള്ളുന്നുവോ അതിൻെറ [ആ ശിക്ഷയുടെ] വൃത്താന്തങ്ങൾ അവർക്ക് വന്നുകൊള്ളും.

---

1 طسم 'ത്വാ-സീൻ-മീം'. 2 تِلْكَ അത്, അവ. آيَاتُ الْكِتَابِ വേദഗ്രന്ഥത്തിലെ സൂക്തങ്ങളാണ്, ആയത്തുകളാണ്. الْمُبِينُ സുവ്യക്തമായ, സ്പഷ്ടമായ. 3 لَعَلَّكَ നീ ആയേക്കാം, ആയിരിക്കാം. بَاخِعٌ അപകടപ്പെടുത്തുന്നവൻ. نَّفْسَكَ നിൻെറ ആത്മാവിനെ, ജീവനെ, നിന്നെത്തന്നെ. أَلاَّ يَكُونُوا അവർ ആകാശത്തതിനാൽ. مُؤْمِنِينَ വിശ്വാസികൾ, വിശ്വസിച്ചവർ. 4 إِن نَّشَأْ നാം ഉദ്ദേശിക്കുന്ന പക്ഷം. نُنَزِّلْ നാം ഇറക്കും, അവതരിപ്പിക്കും. عَلَيْهِم അവരുടെമേൽ, അവരിൽ. مِّنَ السَّمَاءِ ആകാശത്തുനിന്ന്. آيَةً ഒരു ദൃഷ്ടാന്തം. فَظَلَّتْ അപ്പോൾ ആയിത്തീരുന്നതാണ്. أَعْنَاقُهُمْ അവരുടെ പിരടികൾ. لَهَا അതിന്, അതിലേക്ക്. خَاضِعِينَ കീഴൊതുങ്ങുന്നവ. 5 وَمَا يَأْتِيهِم അവർക്ക് വരുന്നില്ല, ചെല്ലുന്നില്ല. مِّن ذِكْرٍ ഒരു ഉൽബോധനവും തന്നെ, ഒരു സ്മരണയും. مِّنَ الرَّحْمَنِ റഹ്മാനിൽനിന്ന്, പരകാരുണകനിൽനിന്ന്. مُحْدَثٍ പുതുതായി നൽകപ്പെട്ട, പുത്തനായ. إِلاَّ كَانُوا അവർ ആയിട്ടല്ലാതെ, ആകാതെ. عَنْهُ അതിനെപ്പറ്റി, അതിൽനിന്ന്. مُعْرِضِينَ തിരിഞ്ഞുകളയുന്നവർ, അശ്രദ്ധർ. 6 فَقَدْ كَذَّبُوا അങ്ങനെ അവർ വ്യാജമാക്കിക്കളഞ്ഞു. فَسَيَأْتِيهِمْ അതിനാൽ അവക്ക് വന്നുകൊള്ളും,

---

* ഇങ്ങിനെയുള്ള കേവലാക്ഷരങ്ങളെക്കുറിച്ച് നാം ഇതിന്നുമുമ്പ് പല പ്രാവശ്യം സംസാരിച്ചിട്ടുണ്ട്.

വരും. أَنبَاءُ യാതൊന്നിൻെറ വൃത്താന്തങ്ങൾ. مَا كَانُوا അവരാകുന്നു, ആയിരിക്കുന്നു. بِهِ അതു കൊണ്ട്, അതിനെപ്പറ്റി. يَسْتَهْزِئُونَ പരിഹാസംകൊള്ളുക, പുച്ഛിക്കുന്ന(വർ) .

മുശ്‌രിക്കുകളുടെ ഉപദ്രവം അതിൻെറ പാരമ്യത്തിലെത്തിയിരുന്ന ഘട്ടത്തിൽ അവതരിച്ച സൂറത്തുകളിൽ ഒന്നാണ് ഈ സൂറത്തും. കഴിയുന്നത്ര അപവാദങ്ങളും ആക്ഷേപങ്ങളും അവർ പുറപ്പെടുവിച്ചു കൊണ്ടിരിക്കുകയാണ്. നബി (ﷺ) ഒന്നിന് മറുപടി കൊടുക്കമ്പോൾ, അവർ വേറെ ഒന്ന് മുന്നാട്ട് കൊണ്ടുവരും. ചിലപ്പോൾ നബി (ﷺ) യോട് 'നീ പ്രവാച കനാണെങ്കിൽ ആ മലകൾ ഇങ്ങോട്ട് കൊണ്ട് വരിക, അല്ലങ്കിൽ ഇവിടെ ഒരു പുഴയുണ്ടാക്കൂ' എന്നിങ്ങിനെ തനി ബാലിശമായ ആവശ്യങ്ങൾ ഉന്നയിക്കും. നബി (ﷺ) ക്കാണെങ്കിൽ, അവർ വിശ്വസിച്ചുകാണുവാനുള്ള അത്യാഗ്രഹത്തിനും, അവരുടെ മർക്കടമുഷ്ടിയിലുള്ള വ്യസന ത്തിനും കണക്കുമില്ല. അവരിലാകട്ടെ, മത്സരവും, വാശിയും കൂടിക്കൊണ്ടുമിരിക്കുന്നു. ഈ അവസരത്തിൽ ഈ സൂറത്തു മുഖേന അല്ലാഹു തിരുമേനിയെ മനസ്സമാധാനപ്പെടുത്തി. ആശ്വസിപ്പിക്കുകയാണ്, അത്രയൊന്നും വ്യാകുലപ്പെട്ട് വിഷമിക്കേണ്ടതില്ല, ദൗത്യം നിർവ ഹിക്കൽ മാത്രമാണ് തൻെറ ചുമതല; അവരെ സംബന്ധിച്ചുള്ള നടപടി ഞാൻ ആയി ക്കൊള്ളാം; മുൻകഴിഞ്ഞ പ്രവാചകന്മാർക്കും അവരുടെ ജനങ്ങൾക്കുമിടയിലും ഇപ്രകാര മൊക്കെ ഉണ്ടായിട്ടുണ്ട്. എന്നിങ്ങനെ-പല നബിമാരുടെയും കഥകൾ തുടർന്ന് വിവരിച്ചു കൊണ്ട് - അല്ലാഹു തിരുമേനിയെ ഇതു മുഖേന സാന്ത്വനപ്പെടുത്തുന്നു.

7	ഭൂമിയിലേക്ക് അവർ നോക്കുന്നില്ലേ -എല്ലാ (തരം) ഉൽകൃഷ്ടമായ ഇണ വസ്തുക്കളിൽ നിന്നുമായി- എത്രയാണ് നാമതിൽ മുളപ്പിച്ചിട്ടുള്ളത് എന്ന്?!	أَوَلَمْ يَرَوْا إِلَى ٱلْأَرْضِ كَمْ أَنۢبَتْنَا فِيهَا مِن كُلِّ زَوْجٍ كَرِيمٍ ﴿٧﴾
8	നിശ്ചയമായും, അതിൽ ഒരു (വമ്പിച്ച) ദൃഷ്ടാന്തം ഉണ്ട്. (എങ്കിലും) അവരിൽ അധികമാളും വിശ്വസിക്കുന്നവരല്ല.	إِنَّ فِى ذَٰلِكَ لَءَايَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ﴿٨﴾
9	നിശ്ചയമായും, നിൻെറ രക്ഷിതാവുതന്നെ യാണ് പ്രതാപശാലിയും, കരുണാനിധി യും.	وَإِنَّ رَبَّكَ لَهُوَ ٱلْعَزِيزُ ٱلرَّحِيمُ ﴿٩﴾

---

7 أَوَلَمْ يَرَوْا അവർ കാണുന്നില്ലേ, നോക്കുന്നില്ലേ. إِلَى الْأَرْضِ ഭൂമിയിലേക്ക്. كَمْ എത്രയാണ് (എത്ര യോ) . أَنبَتْنَا നാം മുളപ്പിച്ചിരിക്കുന്നു, ഉൽപാദിപ്പിച്ചിരിക്കുന്നു. فِيهَا അതിൽ. مِن كُلِّ زَوْجٍ എല്ലാ ഇണ കളുമായിട്ട്, ഇണകളിൽ നിന്നും. كَرِيمٍ മാന്യമായ, ഉൽകൃഷ്ടമായ. 8 إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട്. لَآيَةً ഒരു (വമ്പിച്ച) ദൃഷ്ടാന്തം. وَمَا كَانَ അല്ല, ആയിട്ടില്ല. أَكْثَرُهُم അവരിൽ അധികവും. مُّؤْمِنِينَ വിശ്വസിക്കുന്നവർ, വിശ്വാസികൾ. 9 وَإِنَّ رَبَّكَ നിശ്ചയമായും നിന്റ റബ്ബ്. لَهُوَ അവർതന്നെ യാണ്. الْعَزِيزُ പ്രതാപശാലി. الرَّحِيمُ കരുണാനിധി

ചരിത്രപരമായ ദൃഷ്ടാന്തങ്ങൾ വിവരിക്കുന്നതിന് മുമ്പായി പ്രകൃതിപരമായ ഒരു ദൃഷ്ടാന്തം-എല്ലാവർക്കും സദാ കണ്ടറിയാവുന്ന ഒരു ദൃഷ്ടാന്തം - അല്ലാഹു ചൂണ്ടിക്കാട്ടു ന്നു: വിവിധ വർഗ്ഗങ്ങളും, അനേകതരം ജാതികളും ഉൾക്കൊള്ളുന്ന സസ്യലോകം! അവയു ടെ ഉൽപാദനം, കൗതുകം, ഉപയോഗം, ഘടനാക്രമം ആദിയായവയിലും, മുളച്ച് തഴച്ച് വളർച്ചയെത്തിയശേഷം നാശോന്മുഖമായിതീർന്ന് വീണ്ടും ഉൽപാദിതമായിക്കൊണ്ടിരിക്കുന്ന തിലും ബുദ്ധികൊടുത്ത് ആലോചിക്കുന്നപക്ഷം, ഈ അവിശ്വാസികൾക്ക് വേറെ ദൃഷ്ടാന്ത ങ്ങൾ അന്വേഷിക്കേണ്ടുന്ന ആവശ്യമില്ല. അല്ലാഹുവിലും മരണാനന്തര ജീവിതത്തിലും

വിശ്വസിക്കുവാൻ ഉപയുക്തമായ ധാരാളം തെളിവുകൾ അതിൽ തന്നെയുണ്ട്. പക്ഷെ, അതിൽ ചിന്തിക്കാത്തതുകൊണ്ട് മിക്കവരും സത്യവിശ്വാസം സ്വീകരിക്കുവാൻ തയ്യാറില്ലാതിരിക്കുകയാണ്. വാസ്തവത്തിൽ- അവർ വിശ്വസിക്കാത്തതിൻെറ ഫലം അവർ അനുഭവിക്കേണ്ടി വരുമെന്നല്ലാതെ- അല്ലാഹുവിൻെറ ശക്തിപ്രതാപങ്ങൾക്കോ, അവൻെറ മഹത്വത്തിനോ അതുമൂലം യാതൊരു കോട്ടവും ബാധിക്കുന്നതല്ലതന്നെ. അവൻ തികച്ചും പ്രതാപശാലിതന്നെയാണ്. അതേ സമയത്ത് കരുണാനിധിയുമാകുന്നു എന്നിങ്ങനെ അവിശ്വാസികളെ ഉണർത്തിക്കൊണ്ട് അടുത്ത വചനം മുതൽ പല ചരിത്ര സംഭവങ്ങളിലേക്കും അവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

വിഭാഗം 2

وَإِذْ نَادَىٰ رَبُّكَ مُوسَىٰٓ أَنِ ٱئْتِ ٱلْقَوْمَ ٱلظَّـٰلِمِينَ ﴿١٠﴾

10 (നബിയേ) നിൻെറ രക്ഷിതാവ് മൂസായോട് (ആ) അക്രമികളായ ജനങ്ങളുടെ അടുക്കൽ ചെല്ലുക എന്ന് വിളിച്ചുകൽപിച്ച സന്ദർഭം (ഓർക്കുക) ;

قَوْمَ فِرْعَوْنَ ۚ أَلَا يَتَّقُونَ ﴿١١﴾

11 -അതായത്, ഫിർഔൻെറ ജനതയുടെ അടുക്കൽ - അവർ സൂക്ഷിക്കുകയില്ലേ (എന്ന് നോക്കുക) ?!

قَالَ رَبِّ إِنِّىٓ أَخَافُ أَن يُكَذِّبُونِ ﴿١٢﴾

12 അദ്ദേഹം പറഞ്ഞു: ''രക്ഷിതാവേ, എന്നെ അവർ വ്യാജമാക്കുമെന്ന് ഞാൻ ഭയപ്പെടുന്നു;''

وَيَضِيقُ صَدْرِى وَلَا يَنطَلِقُ لِسَانِى فَأَرْسِلْ إِلَىٰ هَـٰرُونَ ﴿١٣﴾

13 ''എൻെറ മനസ്സ് ഇടുങ്ങിപ്പോയേക്കും, എനിക്ക് നാവോട്ടം (സംസാരവൈഭവം) ഉണ്ടാകാതിരിക്കുകയും ചെയ്തേക്കും; ആകയാൽ, ഹാറൂൻെറ അടുക്കലേക്ക് നീ (ദൂതനെ) അയച്ചാലും!''

وَلَهُمْ عَلَىَّ ذَنۢبٌ فَأَخَافُ أَن يَقْتُلُونِ ﴿١٤﴾

14 ''(മാത്രമല്ല) എൻെറമേൽ അവർക്ക് ഒരു കുറ്റവും (ആരോപിക്കുവാൻ) ഉണ്ട്. അതിനാൽ, അവർ എന്നെ കൊന്നുകളയുമെന്ന് ഞാൻ ഭയപ്പെടുന്നു.''

---

10 وَإِذْ نَادَىٰ വിളിച്ചു പറഞ്ഞ (കൽപിച്ച) സന്ദർഭം, വിളിച്ചപ്പോൾ. رَبُّكَ നിൻെറ റബ്ബ്. مُوسَىٰ മൂസായെ. أَنِ ائْتِ ചെല്ലണമെന്ന്. الْقَوْمَ ജനങ്ങളുടെ അടുക്കൽ. الظَّالِمِينَ അക്രമികളായ. 11 قَوْمَ فِرْعَوْنَ അതായത് ഫിർഔൻെറ ജനത. أَلَا يَتَّقُونَ അവർ ഭയപ്പെടുകയില്ലേ, സൂക്ഷിക്കാത്തതെന്താണ്. 12 قَالَ അദ്ദേഹം പറഞ്ഞു. رَبِّ എൻെറ റബ്ബേ. إِنِّي أَخَافُ ഞാൻഭയപ്പെടുന്നു. أَن يُكَذِّبُونِ അവർ എന്നെ വ്യാജമാക്കുമെന്ന്. 13 وَيَضِيقُ ഇടുങ്ങുകയും ചെയ്യും, ഞെരുങ്ങും, കുടുസ്സാവാം. صَدْرِي എൻെറ നെഞ്ച് (മനസ്സ്) . وَلَا يَنطَلِقُ ഓടാതിരിക്കയും (വടിവില്ലാതിരിക്കയും) ചെയ്യും. لِسَانِي എൻെറ നാവ്. فَأَرْسِلْ ആകയാൽ നീ അയക്കുക (ദൂതനെ) . إِلَىٰ هَارُونَ ഹാറൂൻെറ അടുക്കലേക്ക്. 14 وَلَهُمْ അവർക്കുണ്ട്. عَلَيَّ എൻെറ മേൽ, എൻെറ പേരിൽ. ذَنبٌ ഒരു കുറ്റം, തെറ്റ്. فَأَخَافُ അതിനാൽ ഞാൻ ഭയപ്പെടുന്നു. أَن يَقْتُلُونِ അവരെന്നെ കൊല്ലുമെന്ന്, കൊല്ലുന്നതിനെ.

മൂസാ (عليه السلام) നബിയുടെ കഥ കുറെ വിശദീകരിച്ച് പറഞ്ഞിട്ടുള്ള സൂറത്തുകളിൽ ഒന്നാണ് ഇതും. സൂ: ത്വാഹയിൽ കൂടുതൽ വിസ്തരിച്ച് പറഞ്ഞിട്ടുണ്ട്. ഓരോ വശത്തിൻെറയും ആവശ്യമായ വ്യാഖ്യാനത്തോടുകൂടി അവിടെ നാം വിവരിച്ചിട്ടുള്ളതുകൊണ്ട്

ഇവിടെ അതാവർത്തിച്ച് ദീർഘിപ്പിക്കാതെ അത്യാവശ്യ വിവരണം കൊണ്ട് മതിയാക്കുകയാണ്.

'ഹാറൂൻെറ അടുക്കലേക്ക് ദൂതനെ അഥവാ മലക്കിനെ അയക്കുക' എന്ന് പറഞ്ഞതിൻെറ താൽപര്യം, തനിക്ക് ഒരു സഹായകൻ എന്ന നിലക്ക് അദ്ദേഹത്തെ റസൂലായി നിയോഗിച്ച് തരേണമെന്നായിരുന്നു. 'എൻെറ മേൽ അവർക്ക് ഒരു കുറ്റം ആരോപിക്കുവാനുണ്ട്' എന്ന് പറഞ്ഞത്, അദ്ദേഹം മുമ്പ് ഒരു ഖിബ്ത്തിയെ കൊലപ്പെടുത്തിയ സംഭവത്തെ ഉദ്ദേശിച്ചാണ്. മൂസാ (عليه السلام) നബിയുടെ അപേക്ഷ അല്ലാഹു അനുവദിച്ചുകൊടുത്തു.

15 അവൻ [അല്ലാഹു] പറഞ്ഞു: ''ഒരിക്കലുമില്ല; എന്നാൽ നിങ്ങൾ രണ്ടുപേരും നമ്മുടെ ദൃഷ്ടാന്തങ്ങളുമായി പോയിക്കൊള്ളുക. നിശ്ചയമായും, നാം നിങ്ങളുടെ കൂടെ എല്ലാം കേട്ടുകൊണ്ടിരിക്കുന്നതാണ്. (ഞാൻ നിങ്ങളെ സഹായിക്കും.)

قَالَ كَلَّا ۖ فَٱذْهَبَا بِـَٔايَٰتِنَآ ۖ إِنَّا مَعَكُم مُّسْتَمِعُونَ ﴿١٥﴾

16 ''എന്നിട്ട് നിങ്ങൾ ഫിർഔൻെറയടുക്കൽ ചെന്ന് ഞങ്ങൾ രണ്ടുപേരും ലോകരക്ഷിതാവിൻെറ ദൂതൻമാരാണ് എന്ന് പറയുക;''

فَأْتِيَا فِرْعَوْنَ فَقُولَآ إِنَّا رَسُولُ رَبِّ ٱلْعَٰلَمِينَ ﴿١٦﴾

17 ''-ഇസ്രാഈൽ സന്തതികളെ ഞങ്ങളുടെ കൂടെ നീ വിട്ടയച്ചു തരേണമെന്ന്. (ഇതാണ് ദൗത്യം) ''

أَنْ أَرْسِلْ مَعَنَا بَنِىٓ إِسْرَٰٓءِيلَ ﴿١٧﴾

15 قَالَ അവൻ പറഞ്ഞു. كَلَّا ഒരിക്കലുമില്ല, അങ്ങനെയല്ല, അതുവേണ്ടാ. فَاذْهَبَا എന്നാൽ രണ്ടാളും പോകുക. بِآيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളുംകൊണ്ട്. إِنَّا നിശ്ചയമായും നാം. مَعَكُم നിങ്ങളുടെ കൂടെ, ഒന്നിച്ച്. مُّسْتَمِعُونَ കേട്ടുകൊണ്ടിരിക്കുന്നതാണ്, ശ്രദ്ധിച്ച് കേൾക്കുന്നവരാണ്. 16 فَأْتِيَا എന്നിട്ട് രണ്ടുപേരും ചെല്ലുവിൻ. فِرْعَوْنَ ഫിർഔൻെറ അടുക്കൽ. فَقُولاَ എന്നിട്ട് പറയുവിൻ. إِنَّا നിശ്ചയമായും ഞങ്ങൾ. رَسُولُ ദൂതൻമാരാണ്. رَبِّ الْعَالَمِينَ ലോകരക്ഷിതാവിൻെറ, ലോകരുടെ റബ്ബിൻെറ. 17 أَنْ أَرْسِلْ നീ വിട്ടയച്ചു തരണമെന്ന്. مَعَنَا ഞങ്ങളുടെകൂടെ, ഒപ്പം. بَنِي إِسْرائِيلَ ഇസ്റാഈൽ സന്തതികളെ (ഗോത്രത്തെ) .

തൗഹീദിലേക്ക് ജനങ്ങളെ ക്ഷണിക്കുക എന്നതാണ് എല്ലാ റസൂലുകളുടേയും പ്രഥമ പ്രധാനമായ കടമ. ഇതിനുപുറമെ, ധാർമ്മികമായും, സദാചാരപരമായുമുള്ള നിയമ നിർദ്ദേശങ്ങളും അവർ അറിയിച്ചുകൊടുക്കേണ്ടതുണ്ട്. എന്നാൽ, അതതു ജനങ്ങളുടെ പരിതസ്ഥിതിയനുസരിച്ച് ചില പ്രവാചകന്മാർക്ക് പ്രത്യേകമായി ചില കടമകളും നിർവ്വഹിക്കേണ്ടതുണ്ടായിരിക്കും. ഈ സൂറത്തിൽ തുടർന്നുവരുന്ന നബിമാരുടെ കഥകളിൽനിന്നും മറ്റും ഇത് മനസ്സിലാക്കാം. ഫിർഔൻെറയും, ഇസ്രാഈൽ ഗോത്രക്കാരുടേയും പ്രത്യേക പരിതസ്ഥിതി നിമിത്തം, ഇസ്രാഈല്യരെ ഫിർഔനിൽനിന്ന് മോചിപ്പിക്കുക എന്നത് മൂസാ (عليه السلام) നബിയെ സംബന്ധിച്ചിടത്തോളം, വളരെ പ്രധാനപ്പെട്ട ഒരു പ്രത്യേക കർത്തവ്യമായിരുന്നു. ഇസ്രാഈൽ ജനത ഏറെക്കുറെ 400 കൊല്ലത്തോളമായി ഖിബ്ത്തികളുടെ (ഈജിപ്തുകാരുടെ) അടിമകളും ഭൃത്യന്മാരുമായി കഴിഞ്ഞുകൂടുകയാണ്. അതികഠിനമായ മർദ്ദനങ്ങൾ സഹിച്ചുകൊണ്ടാണ് അവർ ഈജിപ്തിൽ ജീവിച്ചുവരുന്നത്. അവരിൽ മുൻകഴിഞ്ഞുപോയിട്ടുള്ള പ്രവാചകന്മാരാൽ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള ഫലസ്തീൻ പ്രദേശത്തേക്ക് അവരെ കൂട്ടിക്കൊണ്ടുപോയി രക്ഷപ്പെടുത്തുവൻ അവരെ തങ്ങൾക്ക് വിട്ടുകിട്ടണമെന്നാണ് മൂസ (عليه السلام) ഫിർഔനോട്

അല്ലാഹുവിൻെറ കൽപനപ്രകാരം ആവശ്യപ്പെടുന്നത്. അവനുണ്ടോ അതിന് സമ്മതിക്കുന്നു?!-

18 അവൻ [ഫിർഔൻ] പറഞ്ഞു: ''കുട്ടിയായിരുന്നപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽ നിന്നെ ഞങ്ങൾ വളർത്തിവന്നില്ലേ?! നിൻെറ ആയുഷ്കാലത്തിൽനിന്ന് കുറേ കൊല്ലങ്ങൾ ഞങ്ങളുടെ ഇടയിൽ നീ കഴിഞ്ഞുകൂടുകയും ചെയ്തിരിക്കുന്നു?!''

قَالَ أَلَمْ نُرَبِّكَ فِينَا وَلِيدًا وَلَبِثْتَ فِينَا مِنْ عُمُرِكَ سِنِينَ ﴿١٨﴾

19 ''നീ ചെയ്തിട്ടുള്ള (ആ ദുഷ്) പ്രവൃത്തിയും നീ ചെയ്തു. നീ കൃതഘ്നൻമാരിൽ പെട്ടവൻതന്നെ!''

وَفَعَلْتَ فَعْلَتَكَ ٱلَّتِى فَعَلْتَ وَأَنتَ مِنَ ٱلْكَـٰفِرِينَ ﴿١٩﴾

---

18 قَالَ അവൻ പറഞ്ഞു. أَلَمْ نُرَبِّكَ ഞങ്ങൾ നിന്നെ വളർത്തിവന്നില്ലേ. فِينَا ഞങ്ങളിൽ, ഞങ്ങളുടെ ഇടയിൽ. وَلِيدًا കുട്ടിയായിരിക്കെ, ശിശുവായിരിക്കെ. وَلَبِثْتَ നീ കഴിഞ്ഞുകൂടുകയും ചെയ്തു, താമസിക്കയും ചെയ്തു. فِينَا ഞങ്ങളിൽ, ഞങ്ങളുടെ ഇടയിൽ. مِنْ عُمُرِكَ നിൻെറ ആയുഷ്കാലത്തിൽ നിന്ന്. سِنِينَ കുറെ കൊല്ലങ്ങൾ. 19 وَفَعَلْتَ നീ പ്രവർത്തിക്കയും ചെയ്തു. فَعْلَتَكَ നിൻെറ (ദുഷിച്ച) പ്രവൃത്തി, വിക്രിയ. الَّتِي فَعَلْتَ നീ ചെയ്ത, പ്രവർത്തിച്ച. وَأَنتَ നീ, നീയാകട്ടെ. مِنَ الْكَافِرِينَ നന്ദികെട്ടവരില പെട്ടവൻതന്നെ, കൃതഘ്നരിൽ പെട്ടവനാണ്.

മൂസ(عليه السلام) നബിയെ ഒരു കുറ്റവാളിയും, നന്ദികെട്ടവനും ധിക്കാരിയുമായി ചിത്രീകരിക്കുവാനാണ്, ഫിർഔൻ ഇതൊക്കെപ്പറയുന്നത്. നീ ഒരു ചോരക്കുഞ്ഞായിരുന്നപ്പോൾ ഞങ്ങൾ നിന്നെ നദിയിൽ നിന്ന് രക്ഷപ്പെടുത്തി; ഞങ്ങൾ ലാളിച്ചു വളർത്തി; വളരെക്കാലം നീ ഞങ്ങളുടെ ഇടയിൽ സുഖസമ്പൂർണമായി കഴിഞ്ഞുകൂടി; ഇതെല്ലാ ഇരിക്കവെ ഞങ്ങളുടെ കൂട്ടത്തിൽ ഒരാളെ നീ കൊലചെയ്ത് നാടുവിടുകയും ചെയ്തു. ഇത്രയും നന്ദികേട് കാട്ടിയതിനു ശേഷം-ഇപ്പോഴിതാ-ഒരു പുതിയ മതവും, വാദവുമായി വന്നിരിക്കുന്നു! എന്നത്രെ ഫിഔൻെറ ആക്ഷേപം.

മൂസ (عليه السلام) നബി അവരുടെ കൂട്ടത്തിൽ 18 കൊല്ലമാണ് കഴിഞ്ഞുകൂടിയതെന്നും അതല്ല 30 കൊല്ലമാണെന്നും പറയപ്പെടുന്നു. ദിവ്യദൗത്യവുമായി ഈജിപ്തിൽ വന്നശേഷം ഒരു കൊല്ലത്തെ പരിശ്രമം കൊണ്ടാണ് ഫിർഔൻെറ സന്നിതിയിൽ അഭിമുഖസംഭാഷണത്തിന് അവസരം ലഭിച്ചതെന്നും ചിലർ പറഞ്ഞു കാണുന്നു. الله اعلم

20 അദ്ദേഹം പറഞ്ഞു: ''ആ അവസരത്തിൽ ഞാനത് ചെയ്കയുണ്ടായി; ഞാൻ (സൻമാർഗമറിയാതെ) പിഴവ് ബാധിച്ചവരിൽ പെട്ടവനായിരുന്നു.''

قَالَ فَعَلْتُهَآ إِذًا وَأَنَا۠ مِنَ ٱلضَّآلِّينَ ﴿٢٠﴾

21 ''അങ്ങനെ, നിങ്ങളെ ഭയപ്പെട്ടപ്പോൾ നിങ്ങളിൽ നിന്ന് ഞാൻ ഓടിപ്പോയി. അനന്തരം എൻെറ റബ്ബ് എനിക്ക് വിജ്ഞാനം പ്രദാനം ചെയ്തു; എന്നെ അവൻ മുർസലുകളിൽ ഉൾപ്പെടുത്തുകയും ചെയ്തു.''

فَفَرَرْتُ مِنكُمْ لَمَّا خِفْتُكُمْ فَوَهَبَ لِى رَبِّى حُكْمًا وَجَعَلَنِى مِنَ ٱلْمُرْسَلِينَ ﴿٢١﴾

22 ''അതാകട്ടെ, ഇസ്രാഈൽ സന്തതികളെ നീ അടിമകളാക്കിവെച്ചതിനാൽ, എൻെറ മേൽ നീ എടുത്തുപറയുന്ന ഒരനുഗ്രഹ മത്രെ''.

وَتِلْكَ نِعْمَةٌ تَمُنُّهَا عَلَيَّ أَنْ عَبَّدتَّ بَنِىٓ إِسْرَٰٓءِيلَ ﴿٢٢﴾

20 قَالَ അദ്ദേഹം പറഞ്ഞു. فَعَلْتُهَا അതു ഞാൻ പ്രവർത്തിച്ചു, ചെയ്തു. إِذًا അപ്പോൾ, ആ അവ സരത്തിൽ. وَأَنَا ഞാനാകട്ടെ, ഞാൻ. مِنَ الضَّالِّينَ (അറിവില്ലാതെ) പിഴവുപിണഞ്ഞവരിൽപെട്ടവ നായിരുന്നു. 21 فَفَرَرْتُ അങ്ങനെ (അതിനാൽ) ഞാൻ ഓടിപ്പോയി. مِنكُمْ നിങ്ങളിൽ നിന്ന്. لَمَّا خِفْتُكُمْ ഞാൻ നിങ്ങളെ ഭയപ്പെട്ടപ്പോൾ. فَوَهَبَ അനന്തരം (എന്നിട്ട്) പ്രദാനംചെയ്തു. لِي എനിക്ക്. رَبِّي എൻെറ റബ്ബ്. حُكْمًا വിജ്ഞാനം, വിധി, അധികാരം. وَجَعَلَنِي എന്നെ അവൻ ആക്കുക (ഉൾപ്പെടുത്തുക) യും ചെയ്തു. مِنَ الْمُرْسَلِينَ മുർസലുകളിൽ. 22 وَتِلْكَ അത്, അതാ കട്ടെ. نِعْمَةٌ ഒരു അനുഗ്രഹമാണ്. تَمُنُّهَا അത് നീ എടുത്തുപറയുന്നു, ദാക്ഷിണ്യം പറയുന്നു. عَلَيَّ എൻെറമേൽ. أَنْ عَبَّدتَّ നീ അടിമകളാക്കിയതിനാൽ. بَنِي إِسْرَائِيلَ ഇസ്റാഈൽ സന്തതികളെ.

മൂസ (عليه السلام) ആദ്യമായി കുറ്റം സമ്മതിക്കുകയും, ആ കൈതെറ്റ് വന്നുപോയ പരിത സ്ഥിതി വിവരിക്കുകയും ചെയ്തു. ഇന്ന് എനിക്ക് ലഭിച്ചിട്ടുള്ള അറിവും, ബോധവും അന്നെനിക്കുണ്ടായിരുന്നില്ല. എൻെറ പക്കൽ അബദ്ധത്തിൽ വന്നുപോയ ആ കുറ്റത്തിന് നിങ്ങളെന്നെ കൊന്നുകളയുമെന്ന് പേടിച്ച് ഞാൻ നാടുവിടുകയാണുണ്ടായത്. ഇപ്പോൾ എനിക്ക് അല്ലാഹു എനിക്ക വിജ്ഞാനവും പ്രവാചകത്വവും നൽകിയിരിക്കുന്നു. ആ നിലക്കാണ് ഞാൻ നിങ്ങളുടെ അടുക്കൽ അവൻെറ ദൗത്യവും കൊണ്ട് വന്നിരിക്കുന്നത്. പിന്നെ, നിങ്ങൾ എനിക്ക് ചെയ്ത ചില അനുഗ്രഹങ്ങൾ എടുത്തു പറയുകയുണ്ടായി. വാസ്ത വത്തിൽ അത് നിങ്ങളുടെ ഒരു അനുഗ്രഹമായി എടുത്തുദ്ധരിക്കുവാൻ സംഗതിയായത് ഇസ്രായിലിയരെ ആകമാനം നീ അടിമകളാക്കി നിർദ്ദാക്ഷണ്യം മർദ്ദിച്ചുവന്നതുകൊണ്ടാണ ല്ലോ. അതില്ലായിരുന്നെങ്കിൽ, മറ്റു കുട്ടികളെപ്പോലെ ഞാനും എൻെറ വീട്ടിൽ എൻെറ കുടുംബത്തിൻെറ കീഴിൽ തന്നെ വളർന്നുവരുമായിരുന്നു. ആ സ്ഥിതിക്ക് അതൊരു ദയാദാക്ഷണ്യമായി എടുത്തു പറയാനില്ല. എന്നൊക്കെയാണ് മൂസ(عليه السلام) നബി മറുപടി പറയുന്നത്.

'ഞങ്ങൾ ലോകരക്ഷിതാവിൻെറ ദൂതൻമാരാണെന്ന് മൂസാ (عليه السلام) പറഞ്ഞുവല്ലോ. ഫിർഔന് അത് സഹിക്കാൻ കഴിഞ്ഞില്ല.

23 ഫിർഔൻ പറഞ്ഞു: ''എന്താണ് ലോക രക്ഷിതാവ് (എന്ന് പറയുന്നത്) ?!''

قَالَ فِرْعَوْنُ وَمَا رَبُّ ٱلْعَٰلَمِينَ ﴿٢٣﴾

24 അദ്ദേഹം പറഞ്ഞു: ''ആകാശങ്ങളു ടെയും ഭൂമിയുടെയും അവയ്ക്കിടയിലു ള്ളതിൻെറയും രക്ഷിതാവാണ്- നിങ്ങൾ ദൃഢവിശ്വാസമുള്ളവരാണെങ്കിൽ!''

قَالَ رَبُّ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَآ ۖ إِن كُنتُم مُّوقِنِينَ ﴿٢٤﴾

23 قَالَ فِرْعَوْنُ ഫിർഔൻ പറഞ്ഞു. وَمَا എന്താണ്, ഏതാണ്. رَبُّ الْعَالَمِينَ ലോകരക്ഷിതാവ്, ലോക രുടെ റബ്ബ്. 24 قَالَ അദ്ദേഹം പറഞ്ഞു. رَبُّ السَّمَاوَاتِ ആകാശങ്ങളുടെ റബ്ബ്. وَالْأَرْضِ ഭൂമിയുടെയും. وَمَا بَيْنَهُمَا രണ്ടിനുമിടയിലുള്ളതിൻെറയും. إِن كُنتُم നിങ്ങളാണെങ്കിൽ. مُّوقِنِينَ ഉറപ്പിക്കുന്നവർ, ദൃഢ മായിവിശ്വസിക്കുന്നവർ.

ഇത് കേട്ടപ്പോൾ അവൻ ആശ്ചര്യം പ്രകടിപ്പിച്ചു. താനല്ലാതെ മറ്റൊരു റബ്ബും, ഇലാഹും ഇല്ലെന്ന് വാദം മുഴുകിയിരുന്ന അവൻ അത് പരിഹാസ്യമാക്കുവാൻ ശ്രമം നടത്തി.

قَالَ لِمَنْ حَوْلَهُۥٓ أَلَا تَسْتَمِعُونَ ﴿٢٥﴾

25 അവൻ തൻെറ ചുറ്റുമുള്ളവരോട് പറഞ്ഞു: ''നിങ്ങൾ ശ്രദ്ധിച്ചു കേൾക്കുന്നില്ലേ (-ഇവൻ പറയുന്നത്) ?!''

قَالَ رَبُّكُمْ وَرَبُّ ءَابَآئِكُمُ ٱلْأَوَّلِينَ ﴿٢٦﴾

26 അദ്ദേഹം പറഞ്ഞു: ''നിങ്ങളുടെ രക്ഷിതാവും നിങ്ങളുടെ പൂർവ്വികൻമാരായ പിതാക്കളുടെ രക്ഷിതാവും തന്നെ.''

25 قَالَ അവൻ പറഞ്ഞു. لِمَنْ യാതൊരുവരോട്. حَوْلَهُ അവൻെറ ചുറ്റുമുള്ള. أَلَا تَسْتَمِعُونَ നിങ്ങൾ ശ്രദ്ധിച്ചു കേൾക്കുന്നില്ലേ. 26 قَالَ അദ്ദേഹം പറഞ്ഞു. رَبُّكُمْ നിങ്ങളുടെ റബ്ബാണ്. وَرَبُّ آبَائِكُمُ നിങ്ങളുടെ പിതാക്കളുടെയും റബ്ബാണ്. الْأَوَّلِينَ പൂർവ്വികൻമാരായ, ആദ്യത്തേവരായ.

ഇങ്ങിനെ, മൂസാ (عليه السلام) നബി കാര്യം ഒന്നുകൂടി വ്യക്തമാക്കി. പക്ഷെ, ഫിർഔൻ പരിഹാസം വിട്ട് ശുണ്ഠിയിലേക്ക് നീങ്ങി.

قَالَ إِنَّ رَسُولَكُمُ ٱلَّذِىٓ أُرْسِلَ إِلَيْكُمْ لَمَجْنُونٌ ﴿٢٧﴾

27 അവൻ (സദസ്യരോട്) പറഞ്ഞു: ''നിങ്ങളുടെ അടുക്കലേക്ക് അയക്കപ്പെട്ടിട്ടുള്ള നിങ്ങളുടെ (ഈ) റസൂൽ നിശ്ചയമായും ഭ്രാന്തൻ തന്നെയാണ്!''

قَالَ رَبُّ ٱلْمَشْرِقِ وَٱلْمَغْرِبِ وَمَا بَيْنَهُمَآ ۖ إِن كُنتُمْ تَعْقِلُونَ ﴿٢٨﴾

28 അദ്ദേഹം പറഞ്ഞു: ''ഉദയസ്ഥാനത്തിൻെറയും, അസ്തമയ സ്ഥാനത്തിൻെറയും, അവ രണ്ടിനുമിടയിലുള്ളതിൻെറതും റബ്ബാകുന്നു (അവൻ) -നിങ്ങൾ മനസ്സിരുത്തുന്നുണ്ടെങ്കിൽ!''

27 قَالَ അവൻ പറഞ്ഞു. إِنَّ رَسُولَكُمُ നിശ്ചയമായും നിങ്ങളുടെ റസൂൽ. الَّذِي أُرْسِلَ അയക്കപ്പെട്ടവനായ. إِلَيْكُمْ നിങ്ങളിലേക്ക്. لَمَجْنُونٌ ഭ്രാന്തൻതന്നെ. 28 قَالَ അദ്ദേഹം പറഞ്ഞു. رَبُّ الْمَشْرِقِ ഉദയസ്ഥാനത്തിൻെറ റബ്ബാണ്. وَالْمَغْرِبِ അസ്തമനസ്ഥാനത്തിൻെറയും. وَمَا بَيْنَهُمَا രണ്ടിനുമിടയ്ക്കുള്ളതിൻെറയും. إِن كُنتُمْ നിങ്ങളാണെങ്കിൽ. تَعْقِلُونَ മനസ്സിരുത്തുന്ന, ബുദ്ധികൊടുക്കുന്നവർ

ഫിർഔന്ന് ഔദ്ധത്യം വർദ്ധിച്ചു. ന്യായത്തിൽകൂടി സംസാരിക്കുവാൻ അവൻ വഴി കാണുന്നില്ല. അങ്ങനെ ശക്തി ഉപയോഗിക്കുവാൻ മുതിർന്നു ഗർജ്ജിക്കുകയായി.

قَالَ لَئِنِ ٱتَّخَذْتَ إِلَٰهًا غَيْرِى لَأَجْعَلَنَّكَ مِنَ ٱلْمَسْجُونِينَ ﴿٢٩﴾

29 അവൻ പറഞ്ഞു: ''ഞാനല്ലാത്ത വല്ല ഇലാഹിനെയും നീ സ്വീകരിക്കുകയാണെങ്കിൽ, നിശ്ചയമായും ഞാൻ നിന്നെ തടവുകാരുടെ കൂട്ടത്തിലാക്കുക തന്നെ ചെയ്യും.''

قَالَ أَوَلَوْ جِئْتُكَ بِشَىْءٍ مُّبِينٍ ﴿٣٠﴾

30 അദ്ദേഹം പറഞ്ഞു: ''ഞാൻ സുപ്രത്യക്ഷമായ ഒരു കാര്യം [ദൃഷ്ടാന്തം] നിനക്ക് കൊണ്ടുവന്നാലോ?! (നീ സമ്മതിക്കുകയി

ല്ലേ?) ''

31 അവൻ പറഞ്ഞു: ''എന്നാൽ, നീ അത് കൊണ്ടു വരുക - നീ സത്യവാൻമാരിൽ പെട്ടവനാണെങ്കിൽ!''

قَالَ فَأْتِ بِهِۦٓ إِن كُنتَ مِنَ ٱلصَّـٰدِقِينَ ﴿٣١﴾

32 അങ്ങനെ, അദ്ദേഹം തൻെറവടി (താഴെ) ഇട്ടു; അപ്പോഴതാ, അതൊരു പ്രത്യക്ഷ മായ പാമ്പ്!

فَأَلْقَىٰ عَصَاهُ فَإِذَا هِىَ ثُعْبَانٌ مُّبِينٌ ﴿٣٢﴾

33 അദ്ദേഹം തൻെറ കൈ (കക്ഷത്തുനിന്ന്) പുറത്തേക്കെടുത്തു; അപ്പോഴതാ -നോ ക്കുന്നവർക്ക്- അതൊരു വെളുത്ത വസ്തു!

وَنَزَعَ يَدَهُۥ فَإِذَا هِىَ بَيْضَآءُ لِلنَّـٰظِرِينَ ﴿٣٣﴾

---

29 قَالَ അവൻ പറഞ്ഞു. لَئِنِ اتَّخَذْتَ നീ സ്വീകരിക്കുന്നപക്ഷം, ഏർപ്പെടുത്തിയാൽ. إِلَٰهًا غَيْرِي ഞാനല്ലാത്ത ഒരു ഇലാഹിനെ. لَأَجْعَلَنَّكَ നിശ്ചയമായും ഞാൻ നിന്നെ ആക്കുകതന്നെ ചെയ്യും. مِنَ الْمَسْجُونِينَ തടവുകാരിൽ, ബന്ധത്തിലാക്കപ്പെട്ടവരിൽ. 30 قَالَ അദ്ദേഹം പറഞ്ഞു. أَوَلَوْ جِئْتُكَ ഞാൻ നിനക്ക് വന്നുവെങ്കിലോ. بِشَيْءٍ ഒരു വസ്തുവുംകൊണ്ട്. مُّبِينٍ സ്പഷ്ടമായ, വ്യക്തമായ. 31 قَالَ അവൻ പറഞ്ഞു. فَأْتِ എന്നാൽ നീ വാ. بِهِ അതുംകൊണ്ട്. إِن كُنتَ നീ ആകുന്നുവെങ്കിൽ. مِنَ الصَّادِقِينَ സത്യവാൻമാരിൽ. 32 فَأَلْقَى അങ്ങനെ അദ്ദേഹം ഇട്ടു. عَصَاهُ തൻെറ വടി. فَإِذَا هِيَ അപ്പോഴതാ അത്. ثُعْبَانٌ ഒരു പാമ്പ്, സർപ്പം. مُّبِينٌ പ്രത്യക്ഷമായ. 33 وَنَزَعَ അദ്ദേഹം പുറത്തെ ടുത്തു, ഊരി എടുത്തു. يَدَهُ തൻെറ കൈ. فَإِذَا هِيَ അപ്പോഴതാ അത്. بَيْضَاءُ ഒരു വെളുത്ത വസ്തു, വെളുത്തതാകുന്നു. لِلنَّاظِرِينَ നോക്കുന്നവർക്ക്.

ഫിർഔൻ ശക്തി ഉപയോഗിക്കാനുള്ള ഭാവമാണെന്ന് കണ്ടപ്പോൾ, മൂസ (عليه السلام) ന്യായ വാദത്തിൽനിന്നും ദൃഷ്ടാന്തത്തിലേക്ക് തരിഞ്ഞു. കണ്ടാൽ ആരും സമ്മതിക്കത്തക്ക ദൃഷ്ടാന്തം കാട്ടിത്തന്നാൽ സമ്മതിക്കുമോ, എന്നായി. എന്നാലതൊന്നു കാണട്ടെ, എന്ന് ഫിർ ഔനും. പക്ഷേ, മൂസാ (عليه السلام) നബി വടിയുടെയും, കയ്യിൻെറയും ദൃഷ്ടാന്തങ്ങൾ കാണിച്ച പ്പോൾ ജാലവിദ്യയാണെന്ന് പറഞ്ഞു തള്ളുവാനും, ദുർവ്യാഖ്യാനം ചെയ്വാനും ഫിർഔൻ മുതിരുകയായി;-

വിഭാഗം-3

34 തൻെറ ചുററുമുള്ള പ്രമുഖന്മാരോട് അവൻ (ഫിർഔൻ) പറഞ്ഞു: ''നിശ്ചയ മായും, ഇവൻ അറിവുള്ള (നിപുണ നായ) ഒരു ജാലവിദ്യക്കാരൻതന്നെ!''

قَالَ لِلْمَلَإِ حَوْلَهُۥٓ إِنَّ هَـٰذَا لَسَـٰحِرٌ عَلِيمٌ ﴿٣٤﴾

35 ''അവൻ തൻെറ ജാലവിദ്യകൊണ്ട് നിങ്ങ ളുടെ നാട്ടിൽനിന്ന് നിങ്ങളെ പുറത്താ ക്കുവാൻ ഉദ്ദേശിക്കുകയാണ്. അതിനാൽ, [അവനെപ്പറ്റി] നിങ്ങൾ എന്ത് നിർദ്ദേശി ക്കുന്നു!''.

يُرِيدُ أَن يُخْرِجَكُم مِّنْ أَرْضِكُم بِسِحْرِهِۦ فَمَاذَا تَأْمُرُونَ ﴿٣٥﴾

36 അവർ പറഞ്ഞു: ''അവനും, അവൻെറ സഹോദരനും ഇടകൊടുക്കുക; നഗരങ്ങ ളിൽ, ശേഖരിക്കുന്ന ആളുകളെ നിയോ

قَالُوٓا۟ أَرْجِهْ وَأَخَاهُ وَٱبْعَثْ فِى ٱلْمَدَآئِنِ حَـٰشِرِينَ

ഗിക്കുകയും ചെയ്യുക;-

﴿٣٦﴾

37 അവർ, എല്ലാ അറിവുള്ള [നിപുണൻമാരായ] ജാലവിദ്യക്കാരേയും അങ്ങയുടെ അടുക്കൽ കൊണ്ടുവരട്ടെ.''

يَأْتُوكَ بِكُلِّ سَحَّارٍ عَلِيمٍ ﴿٣٧﴾

---

34 قَالَ അവൻ പറഞ്ഞു. لِلْمَلَإِ പ്രമുഖരോട്, പ്രധാനികളോട്. حَوْلَهُ തൻെറ ചുറ്റുമുള്ള. إِنَّ هَذَا നിശ്ചയമായും ഇവൻ. لَسَاحِرٌ ഒരു ജാലവിദ്യക്കാരൻ തന്നെ. عَلِيمٌ അറിവുള്ളവനായ. 35 يُرِيدُ അവൻ ഉദ്ദേശിക്കുന്നു. أَن يُخْرِجَكُم നിങ്ങളെ പുറത്താക്കുവാൻ. مِّنْ أَرْضِكُمْ നിങ്ങളുടെ ഭൂമിയിൽനിന്ന്, നാട്ടിൽ നിന്ന്. بِسِحْرِهِ അവൻെറ ജാലവിദ്യകൊണ്ട്,. فَمَاذَا അതിനാൽ എന്താണ്. تَأْمُرُونَ നിങ്ങൾ നിർദ്ദേശിക്കുന്നു, കല്പിക്കുന്നു. 36 قَالُوا അവർ പറഞ്ഞു. أَرْجِهْ അവന്ന് ഒഴിവുകൊടുക്കുക, സാവകാശം, കൊടുക്കുക. وَأَخَاهُ അവൻെറ സഹോദരന്നും. وَابْعَثْ നിയോഗിക്കുകയും ചെയ്യുക. فِي الْمَدَائِنِ നഗരങ്ങളിൽ, പട്ടണങ്ങളിൽ, രാജ്യങ്ങളിൽ. حَاشِرِينَ ശേഖരിക്കുന്നവരെ. 37 يَأْتُوكَ അവർ തനിക്ക് (അങ്ങേക്ക്) കൊണ്ടുവരട്ടെ, വരട്ടെ. بِكُلِّ سَحَّارٍ എല്ലാ സിഹ്റൻമാരെയും കൊണ്ട്, എല്ലാ ജാലവിദ്യക്കാരെയും. عَلِيمٍ അറിവുള്ള (നിപുണരായ) .

മൂസാ കാണിച്ചത് ഒരു ദിവ്യ ദൃഷ്ടാന്തമൊന്നുമല്ല- ജാലവിദ്യ (*) മാത്രമാണ്-പക്ഷെ അവനതിൽ നിപുണനാണ്; അതുവഴി അവൻ ജനങ്ങളെ വശീകരിച്ച് നാട്ടിൽനിന്ന് പുറത്ത് കൊണ്ട് പോവുകാനാണ് ഉദ്ദേഷിക്കുന്നത് എന്ന് ഫിർഔൻ സമർഥിച്ചു, എങ്കിലും ഇനി എന്തു വേണമെന്നറിയാതെ കുഴങ്ങി. ദർബാറിലുള്ളവരോട് നിർദേശം തേടി. തൽക്കാലം മൂസാ (عليه السلام) നബിയെയും സഹോദരൻ ഹാറൂൻ (عليه السلام) നബിയെയും ഒഴിവാക്കിവിടുവാനും നാട്ടിലെല്ലാമുള്ള സമർഥരായ ജാലവിദ്യക്കാരെ ശേഖരിച്ച് കൊണ്ടുവന്ന് ഒരു മത്സരം നടത്തുവാനും അവർ അഭിപ്രായപ്പെട്ടു. പെട്ടെന്ന് മൂസാ (عليه السلام) നബിയെ കൊലചെയ്യുകയോ മറ്റോ ചെയ്താൽ അത് ജനങ്ങളിൽ ആശയക്കുഴപ്പവും, ആശങ്കയും ഉള്ളവാക്കിയേക്കുമെന്ന് അവർ കരുതിയിരിക്കാം. ഏതായാലും വമ്പിച്ച ഒരു ജനാവലിയുടെ മുമ്പിൽ വെച്ച് പരസ്യമായിതന്നെ അത് നൽകണമെന്ന് അല്ലാഹുവും ഉദ്ദേശിച്ചു.

38 അങ്ങനെ, അറിയപ്പെട്ട ഒരു ദിവസത്തിലെ നിശ്ചിത സമയത്തേക്ക് ജാലവിദ്യക്കാർ ഒരുമിച്ചുകൂട്ടപ്പെട്ടു.

فَجُمِعَ ٱلسَّحَرَةُ لِمِيقَٰتِ يَوْمٍ مَّعْلُومٍ ﴿٣٨﴾

39 ജനങ്ങളോട് ചോദിക്കപ്പെട്ടു: ''നിങ്ങൾ സമ്മേളിക്കുന്നുണ്ടോ?-

وَقِيلَ لِلنَّاسِ هَلْ أَنتُم مُّجْتَمِعُونَ ﴿٣٩﴾

40 ''ജാലവിദ്യക്കാരാണ് വിജയികളാകുന്നതെങ്കിൽ, നമുക്ക് അവരെ പിൻതുടർന്നേക്കാമല്ലോ!''

لَعَلَّنَا نَتَّبِعُ ٱلسَّحَرَةَ إِن كَانُوا۟ هُمُ ٱلْغَٰلِبِينَ ﴿٤٠﴾

---

38 فَجُمِعَ السَّحَرَةُ അങ്ങനെ ജാലവിദ്യക്കാർ ഒരുമിച്ചുകൂട്ടപ്പെട്ടു. لِمِيقَاتِ يَوْمٍ ഒരു ദിവസത്തിലെ നിശ്ചിത സമയത്തേക്ക്. مَّعْلُومٍ അറിയപ്പെട്ട (നിർണ്ണയിക്കപ്പെട്ട) . 39 وَقِيلَ പറയപ്പെട്ടു. لِلنَّاسِ മനുഷ്യരോട്. هَلْ أَنتُم നിങ്ങളാണോ. مُّجْتَمِعُونَ സമ്മേളിക്കുന്നവർ (ഒരുമിച്ചുകൂടുന്നുവോ) . 40 لَعَلَّنَا نَتَّبِعُ

---

* 'ജാലവിദ്യ' എന്നർത്ഥം കൽപിച്ച 'സിഹ്ർ' (السحر) എന്ന വാക്കിൽ പല ഇനങ്ങളും ഉൾപ്പെടുമെന്ന് സൂ: അൽബഖറ 102ൻെറയും ത്വാഹാ 66-ൻെറയും വിവരണത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

നമുക്ക് പിൻപറ്റാം, തുടർന്നേക്കാം. السَّحَرَةَ ജാലവിദ്യക്കാരെ. إِن كَانُوا അവർ ആയിരുന്നാൽ. هُمُ അവർ തന്നെ. الْغَالِبِينَ ജയിച്ചവർ, വിജയികൾ.

അങ്ങനെ, ഉത്സവദിവസം പൂർവ്വാഹ്നസമയത്തേക്ക് എല്ലാവരും സമ്മേളച്ചു. അനേകം ജാലവിദ്യക്കാരും-ആയിരക്കണക്കിലുണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു-ധാരാളം പ്രേക്ഷകരും! രാജകീയമായ പ്രചാരണം മുറക്കു നടന്നിരിക്കുമല്ലോ. മിക്കവാറും ജാലവിദ്യക്കാർക്കു തന്നെയാണ് വിജയമുണ്ടാകുകയെന്നാണവരുടെ പ്രതീക്ഷ.

فَلَمَّا جَآءَ ٱلسَّحَرَةُ قَالُوا۟ لِفِرْعَوْنَ أَئِنَّ لَنَا لَأَجْرًا إِن كُنَّا نَحْنُ ٱلْغَٰلِبِينَ ﴿٤١﴾

41 അങ്ങിനെ, ജാലവിദ്യക്കാർ വന്നപ്പോൾ അവർ ഫിർഔനോട് പറഞ്ഞു: ''ഞങ്ങളാണ് വിജയികളാകുന്നതെങ്കിൽ, ഞങ്ങൾക്ക് തീർച്ചയായും വല്ല പ്രതിഫലവും ഉണ്ടായിരിക്കുമോ?''

قَالَ نَعَمْ وَإِنَّكُمْ إِذًا لَّمِنَ ٱلْمُقَرَّبِينَ ﴿٤٢﴾

42 അവൻ പറഞ്ഞു: ''അതെ, അപ്പോൾ, നിശ്ചയമായും നിങ്ങൾ (നമ്മുടെ സന്നിധിയിൽ) സാമീപ്യം നൽകപ്പെടുന്നവരിൽ പെട്ടവരുമായിരിക്കും.''

قَالَ لَهُم مُّوسَىٰٓ أَلْقُوا۟ مَآ أَنتُم مُّلْقُونَ ﴿٤٣﴾

43 മൂസാ അവരോട് [ജാലവിദ്യക്കാരോട്] പറഞ്ഞു: ''നിങ്ങൾക്ക് ഇടുവാനുള്ളത് ഇട്ടേക്കൂ''.

فَأَلْقَوْا۟ حِبَالَهُمْ وَعِصِيَّهُمْ وَقَالُوا۟ بِعِزَّةِ فِرْعَوْنَ إِنَّا لَنَحْنُ ٱلْغَٰلِبُونَ ﴿٤٤﴾

44 അപ്പോൾ, അവർ തങ്ങളുടെ കയറുകളും, വടികളും (നിലത്ത്) ഇട്ടു. അവർ (ഇപ്രകാരം) പറയുകയും ചെയ്തു: ''ഫിർഔന്റെ വീര്യംകൊണ്ട് നിശ്ചയമായും ഞങ്ങൾതന്നെയായിരിക്കും വിജയികൾ!''

فَأَلْقَىٰ مُوسَىٰ عَصَاهُ فَإِذَا هِىَ تَلْقَفُ مَا يَأْفِكُونَ ﴿٤٥﴾

45 അനന്തരം മൂസാ തന്റെ വടി ഇട്ടു. അപ്പോഴതാ, അവർ പകിട്ടാക്കിക്കാണിച്ചിരുന്നതിനെ (മുഴുവനും) അത് വിഴുങ്ങിക്കളയുന്നു!

فَأُلْقِىَ ٱلسَّحَرَةُ سَٰجِدِينَ ﴿٤٦﴾

46 അപ്പോൾ, ജാലവിദ്യക്കാർ 'സുജൂദാ'യി വീഴ്ത്തപ്പെട്ടു [സാഷ്ടാംഗം നിലംപതിച്ചു].

قَالُوٓا۟ ءَامَنَّا بِرَبِّ ٱلْعَٰلَمِينَ ﴿٤٧﴾

47 അവർ പറഞ്ഞു: ''ഞങ്ങൾ ലോകരക്ഷിതാവിൽ വിശ്വസിച്ചു,-

رَبِّ مُوسَىٰ وَهَٰرُونَ ﴿٤٨﴾

48 അതായത്, മൂസായുടേയും, ഹാറൂന്റെയും രക്ഷിതാവിൽ!''.

---

41 فَلَمَّا جَاءَ അങ്ങിനെ വന്നപ്പോൾ. السَّحَرَةُ ജാലവിദ്യക്കാർ. قَالُوا അവർ പറഞ്ഞു. لِفِرْعَوْنَ ഫിർഔനോട്. أَإِنَّ തീർച്ചയായും ഉണ്ടോ. لَنَا ഞങ്ങൾക്ക്. لَأَجْرًا പ്രതിഫലം, കൂലി. إِن كُنَّا ഞങ്ങളായിരുന്നാൽ, ആണെങ്കിൽ. نَحْنُ ഞങ്ങൾ തന്നെ. الْغَالِبِينَ വിജയികൾ. 42 قَالَ അവൻ പറഞ്ഞു. نَعَمْ അതെ, ഉവ്വ്. وَإِنَّكُمْ നിശ്ചയമായും നിങ്ങൾ. إِذًا അപ്പോൾ, എന്നാൽ. لَّمِنَ الْمُقَرَّبِينَ സാമീപ്യം നൽകപ്പെടുന്നവരിൽപെട്ടവരുമാണ് (അടുത്ത ആളുകളായിരിക്കും) . 43 قَالَ لَهُم مُّوسَى അവരോട് മൂസാ പറഞ്ഞു. أَلْقُوا നിങ്ങൾ ഇടുക, പ്രയോഗിക്കുക. مَا യാതൊന്ന്. أَنتُم مُّلْقُونَ നിങ്ങൾ (അത്) ഇടുന്നവരാകുന്നു. 44 فَأَلْقَوْا അങ്ങനെ അവർ ഇട്ടു. حِبَالَهُمْ അവരുടെ കയറുകൾ. وَعِصِيَّهُمْ അവരുടെ വടികളും. وَقَالُوا അവർ പറയുകയും ചെയ്തു. بِعِزَّةِ വീര്യംകൊണ്ട്, പ്രതാപംകൊണ്ട്, മഹ

ത്വത്താൽ. فِرْعَوْنَ ഫിർഔൻെറ. إِنَّا നിശ്ചയമായും ഞങ്ങൾ. لَنَحْنُ ഞങ്ങൾതന്നെയാണ്. الْغَالِبُونَ വിജയികൾ, ജയിക്കുന്നവർ. 45 فَأَلْقَى مُوسَى അനന്തരം മൂസാ ഇട്ടു. عَصَاهُ തൻെറ വടി. فَإِذَا هِيَ അപ്പോഴതാ അത്. تَلْقَفُ വിഴുങ്ങുന്നു. مَا يَأْفِكُونَ അവർ പകിട്ടാക്കിക്കാണിച്ചിരുന്നത്, കൃത്രിമം ചെയ്തിരുന്നത്. 46 فَأُلْقِيَ അപ്പോൾ ഇടപ്പെട്ടു (നിലംപതിച്ചു) . السَّحَرَةُ ജാലവിദ്യക്കാർ. سَاجِدِينَ സുജൂദ് ചെയ്യുന്നവരായനിലയിൽ, സുജൂദ് ചെയ്തുകൊണ്ട്. 47 قَالُوا അവർ പറഞ്ഞു. آمَنَّا ഞങ്ങൾ വിശ്വസിച്ചു. بِرَبِّ الْعَالَمِينَ ലോകരക്ഷിതാവിൽ. 48 رَبِّ مُوسَى മൂസായുടെ റബ്ബ്. وَهَارُونَ ഹാറൂൻെറയും.

എന്തോ ചില രാസപ്രയോഗങ്ങളടെയോ മറ്റോ സഹായത്താൽ പൊതുജനദൃഷ്ടിയിൽ പാമ്പുകളാണെന്ന് തോന്നിക്കുന്നവിധം ജാലവിദ്യക്കാർ നടത്തിയ പ്രദർശനം പാടെ പരാജയപ്പെട്ടു. അവർ നിലത്തിട്ടിരുന്ന കയറുകളും വടികളുമാകുന്ന കൃത്രിമപ്പാമ്പുകളെയെല്ലാം മൂസാ (عليه السلام) നബിയുടെ വടിയാകുന്ന ഭയങ്കരനായ ആ പെരുമ്പാമ്പ് വഴുങ്ങിക്കളഞ്ഞു. അവർ പരാജയം സമ്മതിച്ചു. അത് ദൈവിക ദൃഷ്ടാന്തം തന്നെയാണെന്ന് അവർക്ക് ശരിക്കും ബോധ്യപ്പെട്ടു. അവർ ലോക രക്ഷിതാവിങ്കൽ വിശ്വസിക്കുകയും അവന് സുജൂദായി നിലംപതിക്കുകയും ചെയ്തു. തങ്ങളുടെ വിശ്വാസം ഒട്ടും ധൈര്യക്ഷയം കൂടാതെ അവർ പ്രഖ്യാപിക്കുകയും ചെയ്തു ഫിർഔന്ന് ഇത് വമ്പിച്ച അടിയാണെന്ന് പറയേണ്ടതില്ലല്ലോ.

49 قَالَ ءَامَنتُمْ لَهُۥ قَبْلَ أَنْ ءَاذَنَ لَكُمْ ۖ إِنَّهُۥ لَكَبِيرُكُمُ ٱلَّذِى عَلَّمَكُمُ ٱلسِّحْرَ فَلَسَوْفَ تَعْلَمُونَ ﴿٤٩﴾

അവൻ [ഫിർഔൻ] പറഞ്ഞു: "നിങ്ങൾക്ക് ഞാൻ സമ്മതം നൽകും മുമ്പായി അവനെ നിങ്ങൾ വിശ്വസിച്ചു (അല്ലേ) ?! നിശ്ചയമായും, അവൻ നിങ്ങൾക്ക് ജാലവിദ്യ പഠിപ്പിച്ചുതന്ന നിങ്ങളുടെ നേതാവുതന്നെയാണ്. അതു കൊണ്ട് അടുത്തുതന്നെ നിങ്ങൾക്കറിയാറാകും;-

50 لَأُقَطِّعَنَّ أَيْدِيَكُمْ وَأَرْجُلَكُم مِّنْ خِلَـٰفٍ وَلَأُصَلِّبَنَّكُمْ أَجْمَعِينَ ﴿٥٠﴾

നിശ്ചയമായും, നിങ്ങളുടെ കൈകളും, കാലുകളും വ്യത്യസ്തമായനിലയിൽ ഞാൻ മുറിപ്പിച്ചുകളയും; നിങ്ങളെ മുഴുവനും ഞാൻ ക്രൂശിപ്പിക്കുകയും ചെയ്യും".

51 قَالُوا۟ لَا ضَيْرَ ۖ إِنَّآ إِلَىٰ رَبِّنَا مُنقَلِبُونَ ﴿٥١﴾

അവർ പറഞ്ഞു: "ഒരു ദോഷവുമില്ല [വിരോധവുമില്ല]; നിശ്ചയമായും ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിങ്കലേക്ക് മടങ്ങിച്ചെല്ലുന്നവരാകുന്നു.

52 إِنَّا نَطْمَعُ أَن يَغْفِرَ لَنَا رَبُّنَا خَطَـٰيَـٰنَآ أَن كُنَّآ أَوَّلَ ٱلْمُؤْمِنِينَ ﴿٥٢﴾

ഞങ്ങൾ സത്യവിശ്വാസികളിൽ ആദ്യത്തേവരായതിനാൽ, ഞങ്ങളുടെ തെറ്റുകൾ ഞങ്ങളുടെ റബ്ബ് ഞങ്ങൾക്ക് പൊറുത്തുതരുമെന്ന് ഞങ്ങളാശിക്കുന്നു".

---

49 قَالَ അവൻ പറഞ്ഞു. آمَنتُمْ لَهُ നിങ്ങൾ അവനെ വിശ്വസിച്ചു (അല്ലേ) . قَبْلَ أَنْ آذَنَ ഞാൻ സമ്മതം നൽകുന്നതിനുമുമ്പ്. لَكُمْ നിങ്ങൾക്ക്. إِنَّهُ لَكَبِيرُكُمُ നിശ്ചയമായും അവൻ നിങ്ങളുടെ വലിയവൻ (നേതാവ്) തന്നെ. الَّذِي عَلَّمَكُمُ നിങ്ങൾക്ക് പഠിപ്പിച്ചുതന്നവനായ. السِّحْرَ ജാലവിദ്യ. فَلَسَوْفَ ആകയാൽ വഴിയെ (അടുത്തുതന്നെ) . تَعْلَمُونَ നിങ്ങൾ അറിയും, നിങ്ങൾക്കറിയാം. 50 لَأُقَطِّعَنَّ നിശ്ചയമായും ഞാൻ മുറിപ്പിക്കും, ധാരാളം മുറിച്ചുകളയും. أَيْدِيَكُمْ നിങ്ങളുടെ കൈകൾ. وَأَرْجُلَكُم നിങ്ങളുടെ കാലുകളും. مِّنْ خِلَافٍ വ്യത്യസ്തമായ നിലയിൽ. وَلَأُصَلِّبَنَّكُمْ നിശ്ചയമായും ഞാൻ നിങ്ങളെ ക്രൂശിപ്പിക്കുകയും ചെയ്യും. أَجْمَعِينَ മുഴുവനും. 51 قَالُوا അവർ പറഞ്ഞു. لَا ضَيْرَ

ദോഷമില്ല, വിരോധമില്ല. إِنَّا നിശ്ചയമായും ഞങ്ങൾ. إِلَىٰ رَبِّنَا ഞങ്ങളുടെ റബ്ബിങ്കലേക്ക്. مُنقَلِبُونَ മടങ്ങിച്ചെല്ലുന്നവർതന്നെ, തിരിച്ചെത്തുന്നവരാണ്. 52 إِنَّا نَطْمَعُ നിശ്ചയമായും ഞങ്ങൾ ആഗ്രഹിക്കുന്നു, മോഹിക്കുന്നു. أَن يَغْفِرَ പൊറുത്തുതരുമെന്ന്. لَنَا ഞങ്ങൾക്ക്. رَبُّنَا ഞങ്ങളുടെ റബ്ബ്. خَطَايَانَا ഞങ്ങളുടെ തെറ്റുകൾ, പിഴവുകൾ. أَن كُنَّا ഞങ്ങൾ ആയതിനാൽ. أَوَّلَ الْمُؤْمِنِينَ സത്യവിശ്വാസികളിൽ ആദ്യത്തേവർ. പ്രഥമവിശ്വാസികൾ.

ഫിർഔൻ ക്രോധിച്ചു തൻെറ അനുമതികൂടാതെ ജാലവിദ്യക്കാർ അല്ലാഹുവിൽ വിശ്വസിച്ചത് വമ്പിച്ചതെറ്റായി അവൻ ചിത്രീകരിച്ചു. അവരങ്ങിനെ ചെയ്യാൻ കാരണം. മൂസാ (عليه السلام) നബി അവരുടെ നേതാവും ഗുരുവും ആയതാണെന്ന് പറഞ്ഞ് തൻെറ പരാജയം മറച്ചുവെക്കുവാൻ ശ്രമിച്ചു. ആ ശുദ്ധാത്മാക്കളായ സത്യവിശ്വാസികളുടെ കൈ കാുകൾ-ഒരു പുറത്തെ കാലും മറു പുറത്തെ കയ്യുമായി-മുറിച്ചും, അവരെ കുരിശിൽ തറച്ചും മൃഗീയമായി ശിക്ഷിക്കുമെന്ന് ആക്രോശിക്കുകയും ചെയ്തു എന്നാൽ, സത്യവിശ്വാസത്തിൽ ഉറച്ചു കഴിഞ്ഞ അവർ അതൊന്നും വിലവെച്ചില്ല. യാതൊരു വിരോധവുമില്ല ഞങ്ങൾ ഏതായാലും അല്ലാഹുവിങ്കലേക്ക് മടങ്ങിച്ചെല്ലുന്നവർ തന്നെയാണ്; മരണം ഒരിക്കൽ അനിവാര്യമാണ്; അതുകൊണ്ട് തൻെറ ശിക്ഷയൊന്നും ഞങ്ങൾ ഭയപ്പെടുന്നില്ല. മാത്രമല്ല ഞങ്ങൾ ദൃഷ്ടാന്തം കണ്ട ഉടനെത്തന്നെ ആദ്യമായി വിശ്വസിച്ചവരായതുകൊണ്ട് അല്ലാഹു ഞങ്ങളുടെ പാപങ്ങൾ പൊറുത്തുതരുമെന്ന് ഞങ്ങൾക്ക് പ്രതീക്ഷയുണ്ട്.' എന്നിങ്ങനെയാണവർ ഫിർഔന് സധീരം മറുപടി കൊടുത്തത് ഫിർഔനിൻെറ വിധിക്ക് ഈജിപ്തിൽ മറുകൈ ഇല്ലല്ലോ അങ്ങിനെ അവരെല്ലാം തൗഹീദിൻെറ രക്തസാക്ഷികളായിത്തീർന്നു.

പിന്നീട് കുറേക്കാലം മൂസാ (عليه السلام) ജനങ്ങളെ തൌഹീദിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നു. പല അമാനുഷിക ദൃഷ്ടാന്തങ്ങളും അല്ലാഹു അദ്ദേഹത്തിൻെറ കൈക്ക് കാണിച്ചു കൊടുത്തു. ഫിർഔനും അവൻെറ ജനതയും അവരുടെ പഴയനിലപാടിൽതന്നെ ഉറച്ചുനിന്നു. ഇസ്രാഈലിയരിൽപെട്ട കുറെ ആളുകൾ മാത്രം തൗഹീദിൽ വിശ്വസിച്ചു. മൂസ (عليه السلام) നബി പ്രബോധനം ചെയ്ത് തുടങ്ങിയതുമുതൽ ഇസ്രാഈൽ ഗോത്രക്കാർ കൂടുതൽ മർദനത്തിനിരയായിരുന്നു. അവർ മൂസാ (عليه السلام) നബിയെ പൊറുതിമുട്ടിക്കുകയുണ്ടായി. അവരെ രക്ഷിക്കാനായി അദ്ദേഹം പ്രാർഥിക്കുകയുണ്ടായി. അല്ലാഹു പ്രാർഥന സ്വീകരിച്ചു

വിഭാഗം-4

۞ وَأَوْحَيْنَآ إِلَىٰ مُوسَىٰٓ أَنْ أَسْرِ بِعِبَادِىٓ إِنَّكُم مُّتَّبَعُونَ ﴿٥٣﴾

53 നാം മൂസാക്ക് 'വഹ്‌യു' (ബോധനം) നൽകി: ''എൻെറ അടിയാൻമാരെയും കൊണ്ട് രാപ്രയാണം ചെയ്യുക (രാത്രി പോയിക്കൊള്ളുക) ; നിങ്ങൾ അനുഗമിക്കപ്പെടുന്നവരായിരിക്കും (ഫിർഔനും കൂട്ടരും നിങ്ങളുടെ പിന്നാലെ വരും) .''

فَأَرْسَلَ فِرْعَوْنُ فِى ٱلْمَدَآئِنِ حَـٰشِرِينَ ﴿٥٤﴾

54 അപ്പോൾ, (വിവരമറിഞ്ഞ്) ഫിർഔൻ നഗരങ്ങളിൽ (ജനങ്ങളെ) ശേഖരിക്കുന്ന ആളുകളെ അയച്ചു (അവർ ഇങ്ങിനെ പ്രചാരം ചെയ്തു) :-

إِنَّ هَـٰٓؤُلَآءِ لَشِرْذِمَةٌ قَلِيلُونَ ﴿٥٥﴾

55 ''നിശ്ചയമായും, ഇക്കൂട്ടർ കുറഞ്ഞ ആളുകളുള്ള ഒരു സംഘമത്രെ.

وَإِنَّهُمْ لَنَا لَغَآئِظُونَ

56 അവർ നിശ്ചയമായും നമ്മെ അരിശം കൊള്ളിച്ചവരുമാണ്.

57 നാമാകട്ടെ, ജാഗരൂകരായ ഒരു സംഘ ക്കാരുമാകുന്നു''.

وَإِنَّا لَجَمِيعٌ حَـٰذِرُونَ ﴿٥٧﴾

---

53 وَأَوْحَيْنَا നാം ബോധനം നൽകി, വഹ്‌യ് കൊടുത്തു. إِلَى مُوسَى മൂസാക്ക്. أَنْ أَسْرِ നീ രാപ്ര യാണം (രാവുയാത്ര) ചെയ്യുക എന്ന് بعادى എന്റെ അടിയാന്മാരുമായി انكم നിശ്ചയമായും നിങ്ങൾ متبعون പിൻതുടരപ്പെടുന്നവരായിരിക്കും. 54 فَأَرْسَلَ فِرْعَوْنُ അപ്പോൾ ഫിർഔൻ അയച്ചു. فِي الْمَدَائِنِ നഗരങ്ങളിൽ, രാജ്യങ്ങളിൽ. حَاشِرِينَ ശേഖരിക്കുന്നവരെ, ഒരുമിച്ചുകൂട്ടുന്നവരെ. 55 إِنَّ هَؤُلَاءِ നിശ്ചയമായും ഇക്കൂട്ടർ. لَشِرْذِمَةٌ ഒരു സംഘംതന്നെയാണ്, കൂട്ടംതന്നെ. قَلِيلُونَ കുറഞ്ഞആ ളുള്ള, കുറഞ്ഞവരായ. 56 وَإِنَّهُمْ നിശ്ചയമായും അവർ. لَنَا നമ്മെ. لَغَائِظُونَ അരിശംകൊള്ളിക്കുന്ന വരുമാണ്. 57 وَإِنَّا നിശ്ചയമായും നാം. لَجَمِيعٌ ഒരു സംഘക്കാരാണ്, കൂട്ടക്കാർതന്നെ. حَاذِرُونَ ജാഗരൂകരായ, ഉണർവ്വുള്ള.

വഹ്‌യ് അനുസരിച്ച് മൂസാ (عليه السلام) നബിയും ഇസ്രാഈലിയരും രാത്രി പുറപ്പെട്ടു. ഫിർഔൻ എങ്ങിനേയോ വിവരമറിഞ്ഞു. ഉടനടി പല ഭാഗത്തേക്കും ആളയച്ച് സൈന്യ സജ്ജീകരണം ചെയ്തു. ഇസ്രാഈൽ ജനത നന്നെ കുറച്ചേയുള്ളു. അവരെ പിടിക്കുവാൻ നമുക്ക് പ്രയാസമില്ല. അവർ മുമ്പേതന്നെ നമ്മെ അരിശം കൊള്ളിച്ചുവന്ന ജനയാണ്. അവരെ നാം എപ്പോഴും ജാഗരൂഗരായും ഗൗനിച്ചും തന്നെയാണ് കഴിഞ്ഞു കൂടുന്നതും. എന്നിങ്ങനെ പ്രഖ്യാപനം നടത്തി. ഒരു വമ്പിച്ച സേന തയ്യാറായി.

حاذرون എന്ന വാക്കിന് പകരം **حذرون** എന്നും ഇവിടെ വായിക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ നാം ജാഗ്രതയെടുത്തവരാണ്-അഥവാ ആയുധസാമഗ്രികൾ മുതലായ മുൻകരുതൽ ചെയ്തിട്ടുള്ള വരാണ്-എന്ന് സാരമാകുന്നു

58 അങ്ങനെ, നാം അവരെ തോപ്പുകളിൽ നിന്നും, (നദി മുതലായ) നീരുറവകളിൽ നിന്നും പുറത്തിറക്കി;

فَأَخْرَجْنَـٰهُم مِّن جَنَّـٰتٍ وَعُيُونٍ ﴿٥٨﴾

59 ഭണ്ഡാരങ്ങളിൽനിന്നും, മാന്യമായ സ്ഥാനത്തു നിന്നും (പുറത്തിറക്കി - അ വർ ഇസ്രാഈല്യരെ പിൻതുടർന്നു) .

وَكُنُوزٍ وَمَقَامٍ كَرِيمٍ ﴿٥٩﴾

60 അപ്രകാരമാണ് (സംഭവിച്ചത്) . അവയ്ക്ക് ഇസ്രാഈൽ സന്തതികളെ നാം അവക ാശപ്പെടുത്തുകയും ചെയ്തു.

كَذَٰلِكَ وَأَوْرَثْنَـٰهَا بَنِىٓ إِسْرَٰٓءِيلَ ﴿٦٠﴾

---

58 فَأَخْرَجْنَاهُم അങ്ങനെ നാമവരെ പുറത്തിറക്കി, പുറത്താക്കി. مِّن جَنَّاتٍ തോപ്പുകളിൽനിന്ന്. وَعُيُونٍ നീരുറവകളിൽനിന്നും, അരുവികളിൽനിന്നും. 59 وَكُنُوزٍ ഭണ്ഡാരങ്ങളിൽനിന്നും. وَمَقَامٍ സ്ഥാന ത്തുനിന്നും. كَرِيمٍ മാന്യമായ. 60 كَذَلِكَ അപ്രകാരമാണ്. وَأَوْرَثْنَاهَا അവയ്ക്ക് നാം അവകാശപ്പെ ടുത്തി, അതിന് അവകാശികളാക്കി. بَنِي إِسْرَائِيلَ ഇസ്റാഈൽ സന്തതികളെ.

ഉൽപന്നസമൃദ്ധങ്ങളായ തോട്ടങ്ങൾ. ജലാശയങ്ങൾക്കരികെ പരന്നുകിടക്കുന്ന വിശാ ലമായ വയൽപാടങ്ങൾ, നീലനദിയും ഉപനദികളും തുടങ്ങിയ ജലാശയങ്ങൾ, കണക്കില്ലാത്ത സ്വർണ്ണനിക്ഷേപങ്ങൾ, അന്തരീക്ഷത്തിൽ തല പൊക്കിനിൽക്കുന്ന കൊട്ടാരങ്ങൾ, അതി വിസ്തൃതമായ രമ്യഹർമ്മ്യങ്ങൾ എന്നിങ്ങനെ ഈജപ്തിൽ തങ്ങൾക്കുള്ള സർവ്വസ്വവും പിന്നിൽ വിട്ടേച്ചുകൊണ്ട് ഫിർഔനും സൈന്യവും പുറത്തുവന്നു-അല്ലാഹു അവരെ പുറത്തിറക്കി. അങ്ങിനെയാണ് അക്കഥ സംഭവിച്ചത്. അതേ പ്രകാരത്തിലുള്ള സുഖസൗകര്യ

ങ്ങൾ പിന്നീട് അല്ലാഹു ഇസ്രാഈല്യർക്ക് ഫലസ്തീനിൽ വെച്ച് നൽകുകയുണ്ടായി. ഇതിനെ സൂചിപ്പിച്ചുകൊണ്ടാണ് 'അവയക്ക് ഇസ്രാഈൽ സന്തതികളെ നാം അവകാശപ്പെടുത്തി' എന്ന് പറഞ്ഞത്. ഫിർഔനും കൂട്ടരും നശിപ്പിക്കപ്പെട്ടശേഷം ഇസ്രാഈല്യർ ഈജിപ്തിലേക്ക് മടങ്ങിയതായി ചരിത്രം കാണുന്നില്ല.

61 എന്നിട്ട് അവർ (ഫിർഔനും സൈന്യവും) ഉദയവേളയിലായിക്കൊണ്ട് അവരുടെ പിന്നാലെ വന്നു.

فَأَتْبَعُوهُم مُّشْرِقِينَ ﴿٦١﴾

62 അങ്ങനെ, രണ്ടു സംഘവും പരസ്പരം കണ്ടപ്പോൾ മൂസായുടെ ആൾക്കാർ പറഞ്ഞു: ''നിശ്ചയമായും നാം, പിടിയിലകപ്പെടുന്നവരാണല്ലോ!''

فَلَمَّا تَرَٰٓءَا ٱلْجَمْعَانِ قَالَ أَصْحَٰبُ مُوسَىٰٓ إِنَّا لَمُدْرَكُونَ ﴿٦٢﴾

63 അദ്ദേഹം (മൂസാ) പറഞ്ഞു: ''ഒരിക്കലുമില്ല, എന്റെ കൂടെ എന്റെ റബ്ബുണ്ട്; അവൻ എനിക്ക് (വേണ്ടുന്ന) മാർഗദർശനം നൽകിക്കൊള്ളും.''

قَالَ كَلَّآ ۖ إِنَّ مَعِىَ رَبِّى سَيَهْدِينِ ﴿٦٣﴾

---

61 فَأَتْبَعُوهُم എന്നിട്ട് അവർ അവരെ അനുഗമിച്ചു, പിന്നാലെ ചെന്നു. مُّشْرِقِينَ അവർ ഉദയവേളയിലായിക്കൊണ്ട് (ഉദയസമയത്ത്) . 62 فَلَمَّا تَرَاءَى അങ്ങനെ അന്യോന്യം കണ്ടപ്പോൾ, കാണാറായപ്പോൾ. الْجَمْعَانِ രണ്ടു സംഘവും. قَالَ പറഞ്ഞു. أَصْحَابُ مُوسَى മൂസായുടെ ആൾക്കാർ. إِنَّا لَمُدْرَكُونَ നാം പിടിയിൽപെടുന്നവർതന്നെ. 63 قَالَ അദ്ദേഹം പറഞ്ഞു. كَلَّا ഒരിക്കലുമില്ല, അങ്ങിനെയല്ല. إِنَّ مَعِيَ നിശ്ചയമായും എന്റെ കൂടെയുണ്ട്. رَبِّي എന്റെ റബ്ബ്. سَيَهْدِينِ അവൻ എനിക്ക് മാർഗ്ഗദർശനം നൽകിക്കൊള്ളും, എനിക്ക് വഴികാട്ടും

ഫിർഔനും പട്ടാളസംഘവും ഉദയസമയത്ത് തങ്ങളുടെ അടുത്തെത്താറായി കണ്ടപ്പോൾ, ഇസ്റാഈല്യർ മുറവിളി കൂട്ടുകയായി. അവർ ചെങ്കടലിനടുത്തെത്തിയിരിക്കുന്നു. പിന്നാലെ ശത്രുക്കളും, മുന്നിൽ സമുദ്രവും! മൂസാ (عليه السلام) നബിക്കറിയാം, അല്ലാഹു തങ്ങളെ രക്ഷിക്കുമെന്ന്. അദ്ദേഹം അവരെ സമാധാനിപ്പിച്ചു.

64 അപ്പോൾ, ''നിന്റെ വടികൊണ്ട് സമുദ്രത്തിൽ അടിക്കുക'' എന്ന് മൂസാക്ക് നാം (അല്ലാഹു) ബോധനം നൽകി. (അദ്ദേഹം അടിച്ചു.) അപ്പോൾ അത് പിളർന്നു. എന്നിട്ട് ഓരോ പിളർപ്പും വമ്പിച്ച മലന്തിണ്ണപോലെയായിത്തീർന്നു.

فَأَوْحَيْنَآ إِلَىٰ مُوسَىٰٓ أَنِ ٱضْرِب بِّعَصَاكَ ٱلْبَحْرَ ۖ فَٱنفَلَقَ فَكَانَ كُلُّ فِرْقٍ كَٱلطَّوْدِ ٱلْعَظِيمِ ﴿٦٤﴾

65 അവിടെവെച്ച് മറ്റേവരെ (ഫിർഔന്റെ സംഘത്തെ) നാം അടുപ്പിക്കുകയും ചെയ്തു.

وَأَزْلَفْنَا ثَمَّ ٱلْءَاخَرِينَ ﴿٦٥﴾

66 മൂസായെയും, അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും മുഴുവൻ നാം രക്ഷപ്പെടുത്തുകയും ചെയ്തു.

وَأَنجَيْنَا مُوسَىٰ وَمَن مَّعَهُۥٓ أَجْمَعِينَ ﴿٦٦﴾

67 പിന്നീട്, മറ്റേകൂട്ടരെ നാം മുക്കിക്കൊന്നു.

ثُمَّ أَغْرَقْنَا ٱلْءَاخَرِينَ ﴿٦٧﴾

68 നിശ്ചയമായും, അതിൽ ഒരു(വലിയ) ദൃഷ്ടാന്തം ഉണ്ട്. അവരിൽ അധികമാളും വിശ്വസിക്കുന്നവരല്ല. إِنَّ فِي ذَٰلِكَ لَآيَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ﴿٦٨﴾

69 നിശ്ചയമായും, നിൻെറ റബ്ബ് തന്നെയാണ് പ്രതാപശാലിയും, കരുണാനിധിയും. وَإِنَّ رَبَّكَ لَهُوَ الْعَزِيزُ الرَّحِيمُ ﴿٦٩﴾

---

64 فَأَوْحَيْنَا അപ്പോൾ നാം വഹ്‌യു (ബോധനം) നൽകി. إِلَىٰ مُوسَىٰ മൂസാക്ക്. أَنِ اضْرِب അടിക്കുക എന്ന് . بِّعَصَاكَ നിന്റെ വടി കൊണ്ട് . الْبَحْرَ സമുദ്രത്തിൽ, സമുദ്രത്തിന്. فَانفَلَقَ അപ്പോളതു പിളർന്നു. فَكَانَ എന്നിട്ടു ആയി. كُلُّ فِرْقٍ എല്ലാ പിളർപ്പും. كَالطَّوْدِ മലന്തിണ്ണപോലെ. الْعَظِيمِ വമ്പിച്ച. 65 وَأَزْلَفْنَا നാം അടുപ്പിക്കയും ചെയ്തു, അണയിച്ചു. ثَمَّ അവിടെവെച്ച്. الْآخَرِينَ മറ്റേവരെ, മറ്റേകൂട്ടരേ. 66 وَأَنجَيْنَا നാം രക്ഷപ്പെടുത്തുകയും ചെയ്തു. مُوسَىٰ മൂസായെ. وَمَن مَّعَهُ തന്റെ കൂടെയുള്ളവരെയും. أَجْمَعِينَ മുഴുവനും, എല്ലാവരെയും. 67 ثُمَّ أَغْرَقْنَا പിന്നെ നാം മുക്കി, മുക്കി നശിപ്പിച്ചു. الْآخَرِينَ മറ്റേവരെ. 68 إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട്. لَآيَةً ഒരു (വലിയ) ദൃഷ്ടാന്തം. وَمَا كَانَ ആയിട്ടില്ല, ഇല്ല, അല്ല. أَكْثَرُهُم അവരിൽ അധികമാളും. مُّؤْمِنِينَ വിശ്വാസികൾ, വിശ്വസിക്കുന്നവർ. 69 وَإِنَّ رَبَّكَ നിശ്ചയമായും നിൻെറ റബ്ബ്. لَهُوَ അവൻതന്നെയാണ്. الْعَزِيزُ പ്രതാപശാലി, വീര്യപ്പെട്ടവൻ. الرَّحِيمُ കരുണാനിധി.

വഹ്‌യ് കിട്ടിയ പ്രകാരം മൂസാ (عليه السلام) നബി തൻെറ വടികൊണ്ട് സമുദ്രത്തിൽ അടിച്ചതോടെ സമുദ്രം ഇരു പുറങ്ങളിലേക്കും മാറി നിന്നു. ഇസ്റാഈല്യർക്ക് സസുഖം കടന്നു പോകുമാറ് വിശാലമായ മാർഗം തുറക്കപ്പെട്ടു. ഇരുപുറങ്ങളിലും വമ്പിച്ച മലപോലെ ജലം ഉയർന്ന് ചിറച്ചു നിൽക്കുന്നതിനിടയിൽക്കൂടി അവർ മറുകരപറ്റി രക്ഷപ്പെട്ടു. അപ്പോഴേക്കും അവരെ പിടികൂടാൻ വേണ്ടി പിൻതുടർന്നു വരുന്ന ഫിർഔനും കൂട്ടരും ആ വിശാലമായ സമുദ്രകവാടത്തിലേക്ക് പ്രവേശിച്ച് കഴിഞ്ഞിരുന്നു. ഉടനെ വെള്ളം തമ്മിൽ കൂടിമുട്ടുകയും അവർ ആകമാനം മുങ്ങി നശിക്കുകയും ചെയ്തു.

മേലുദ്ധരിച്ച ആ വമ്പിച്ച സംഭവത്തിൽ, അല്ലാഹുവിൻെറ ഏകത്വത്തിനും, ശക്തി മാഹാത്മ്യത്തിനും മൂസാ (عليه السلام) നബിയുടെ സത്യതക്കുമെല്ലാംതന്നെ മതിയായ ദൃഷ്ടാന്തങ്ങളുണ്ട്. അതേ വിശ്വാസത്തിലേക്കാണ് മുഹമ്മദ് (ﷺ) നബിയും ജനങ്ങളെ ക്ഷണിക്കുന്നത്. എന്നരിക്കെ, അദ്ദേഹത്തിൽ വിശ്വസിക്കുവാനും. ഈ സംഭവം തെളിവായിത്തീരുന്നു. എന്നാൽ മനുഷ്യരിൽ അധികമാളുകളും, ചിന്തിക്കുന്നില്ല, വിശ്വസിക്കുന്നില്ല.

67, 68 എന്നീ ആയത്തുകളിലെ അതേ വാചകങ്ങൾ 8 ഉം 9 ഉം ആയത്തുകളിലും നാം കണ്ടുവല്ലോ. സസ്യലതാതികളുടെ ഉൽപാദനത്തിലടങ്ങിയ ദൃഷ്ടാന്തം ഓർമ്മിപ്പിച്ചു കൊണ്ടായിരുന്നു അവിടെ അത് പ്രസ്താവിച്ചത്. ഇവിടെ (ﷺ) മൂസാ (عليه السلام) നബിയുടെയും, ഫിർഔൻെറയും കഥയെതുടർന്നാണ്. ഇനിയും ഈ സൂറത്തിൽ തുടർന്നു വരുന്ന ഓരോ നബിമാരുടെ കഥക്കുശേഷവും ആവാക്യങ്ങൾ കാണാവുന്നതാണ്. അങ്ങിനെ, ഈ സൂറത്തിൽ അത് എട്ടുപ്രാവശ്യം ആവർത്തിക്കപ്പെട്ടിരിക്കയാണ്. പ്രസ്തുത ദൃഷ്ടാന്തസംഭവങ്ങൾ എല്ലാം തന്നെ മനുഷ്യസാധ്യമല്ലാത്തതും സാധാരണഗതിക്കതീതമായതുമാണെന്ന് ആ വാക്യങ്ങൾ ചൂണ്ടിക്കാട്ടുന്നു ഖുർആനിൽ ഇങ്ങിനെയുള്ള സൂചനകൾ നാം പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടെന്ന ഒരു സംഗതിയത്രെ. നമ്മെ ചിന്തിപ്പിക്കുവാനാണ് അതെന്ന് പറയേണ്ടതില്ല.

അല്ലാഹു പ്രതാപശാലിയാണ് (**العزيز**) എന്ന പറഞ്ഞതിൻെറ ഉദ്ദേശ്യം, മനുഷ്യർ എത്ര അനുസരണമില്ലാത്തവനും, ധിക്കാരിയുമായിരുന്നാൽപോലും, അവൻെറ പ്രതാപത്തിനും, മഹത്വത്തിനും യാതൊരു കോട്ടവും നേരിടുവാനില്ലന്നും അതിൻെറ നാശം മനുഷ്യർ

തന്നെയാണനുഭവിക്കേണ്ടിവരികയെന്നും ഓർമ്മപ്പെടുത്തുകയാകുന്നു. അതോടൊന്നിച്ചു തന്നെ 'കരുണാനിധി' (الرحيم യാണ് എന്നും ഉണർത്തിയിട്ടുള്ളത് നോക്കുക. മനുഷ്യൻ എന്ത് തെറ്റുകുറ്റം ചെയ്താലും ശരി, ഖേദിച്ച് മടങ്ങുന്ന പക്ഷം അത് പൊറുത്ത് കൊടുത്ത് കരുണ ചെയ്യുവാൻ അല്ലാഹു തയ്യാറാണന്നത്രെ അത് കാണിക്കുന്നത്. അപ്പോൾ മനുഷ്യൻ എല്ലാ സമയത്തും അല്ലാഹുവിൻെറ ശിക്ഷയെ ഭയപ്പെട്ടും, അവൻെറ കാരുണ്യത്തെ പ്രതീക്ഷിച്ചും കൊണ്ടിരിക്കേണ്ടതാകുന്നുവെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. നബി (ﷺ) തിരുമേനി ഇപ്രകാരം പ്രസ്താവിക്കുന്നു:-

لو يعلم المؤمن ما عند ا لله من العقوبة ماطمع بجنتهاحد ولويعلم الكافر ما عند ا للهمن الرحمة ما قنط من رحمته احد.
–رواه مسلم

(സത്യവിശ്വാസിയായ മനുഷ്യൻ അല്ലാഹുവിൻെറ അടുക്കലുള്ള ശിക്ഷയെക്കുറിച്ച് (പൂർണ്ണമായി) അറിഞ്ഞിരുന്നുവെങ്കിൽ, അവൻെറ സ്വർഗ്ഗം ലഭിക്കുമെന്ന് ഒരാളുംതന്നെ പ്രതീക്ഷിക്കുന്നതല്ല. അവിശ്വാസിയായ മനുഷ്യൻ അല്ലാഹുവിൻെറ പക്കലുള്ള കാരുണ്യത്തെക്കുറിച്ച് (ശരിക്ക്) അറിയുമായിരുന്നെങ്കിൽ, അവൻെറ കാരുണ്യത്തെക്കുറിച്ച് ഒരാളും തന്നെ നിരാശപ്പെടുന്നതുമല്ല) ഓരോന്നും അത്രയും വിശാലവും ശക്തിമത്തുമാണെന്ന് സാരം.

വിഭാഗം 5

وَٱتۡلُ عَلَيۡهِمۡ نَبَأَ إِبۡرَٰهِيمَ ۝٧٠

70 [നബിയേ] ഇബ്റാഹീമിൻെറ വൃത്താന്തവും അവരിൽ ഓതിക്കേൾപ്പിക്കുക;-

إِذۡ قَالَ لِأَبِيهِ وَقَوۡمِهِۦ مَا تَعۡبُدُونَ ۝٧١

71 അതായത്: അദ്ദേഹം തൻെറ പിതാവിനോടും, ജനങ്ങളോടും "നിങ്ങൾ എന്തിനെയാണ് ആരാധിക്കുന്നത്" എന്ന് ചോദിച്ച സന്ദർഭം.

قَالُواْ نَعۡبُدُ أَصۡنَامًا فَنَظَلُّ لَهَا عَٰكِفِينَ ۝٧٢

72 അവർ പറഞ്ഞു: "ഞങ്ങൾ ചില ബിംബങ്ങളെ ആരാധിച്ചു വരുന്നു; അങ്ങനെ, ഞങ്ങൾ അവയ്ക്ക് ഭജനമിരിക്കുന്നവരായിക്കൊണ്ടിരിക്കയാണ്."

قَالَ هَلۡ يَسۡمَعُونَكُمۡ إِذۡ تَدۡعُونَ أَوۡ يَنفَعُونَكُمۡ أَوۡ يَضُرُّونَ ۝٧٣

73 അദ്ദേഹം പറഞ്ഞു: "നിങ്ങൾ വിളി(ച്ചു പ്രാർത്ഥി) ക്കുമ്പോൾ അവർ നിങ്ങളെ (പ്രാർത്ഥിക്കുന്നതായി) കേൾക്കുമോ?. അല്ലെങ്കിൽ, അവർ നിങ്ങൾക്ക് (എന്തെങ്കിലും) ഉപകാരം ചെയ്യുകയോ, ഉപദ്രവം ചെയ്യുകയോ ചെയ്യുമോ?"

قَالُواْ بَلۡ وَجَدۡنَآ ءَابَآءَنَا كَذَٰلِكَ يَفۡعَلُونَ ۝٧٤

74 അവർ പറഞ്ഞു: (അതൊന്നുമില്ല) പക്ഷെ, ഞങ്ങളുടെ പിതാക്കൾ അപ്രകാരം ചെയ്തുവരുന്നതായി ഞങ്ങൾ കണ്ടിരിക്കുന്നു. (ഞങ്ങളവരെ അനുകരിച്ചുവെന്നുമാത്രം)

---

70 وَاتْلُ നീ ഓതിക്കൊടുക്കുക. عَلَيْهِمْ അവർക്ക്, അവരിൽ. نَبَأَ إِبْرَاهِيمَ ഇബ്റാഹീമിൻെറ വൃത്താന്തം, വർത്തമാനം. 71 إِذْ قَالَ അദ്ദേഹം പറഞ്ഞ സന്ദർഭം, പറഞ്ഞപ്പോൾ. لِأَبِيهِ തൻെറ പിതാവിനോട്, ബാപ്പയോട്. وَقَوْمِهِ തൻെറ ജനങ്ങളോടും. مَا تَعْبُدُونَ നിങ്ങൾ എന്തിനെയാണ് ആരാധിക്കുന്നത്. 72 قَالُوا അവർ പറഞ്ഞു. نَعْبُدُ ഞങ്ങൾ ആരാധിക്കുന്നു. أَصْنَامًا ചില ബിംബങ്ങളെ. فَنَظَلُّ അങ്ങനെ ഞങ്ങളായിക്കൊണ്ടിരിക്കുന്നു. لَهَا അവയ്ക്ക്, അവയുടെ അടുക്കൽ. عَاكِفِينَ ഭജനമിരിക്കുന്നവർ. 73 قَالَ അദ്ദേഹം പറഞ്ഞു. هَلْ يَسْمَعُونَكُمْ അവർ നിങ്ങളെ

കേൾക്കുമോ. إِذْ تَدْعُونَ നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, വിളിക്കുമ്പോൾ. أَوْ يَنفَعُونَكُمْ അല്ലെങ്കിൽ അവർ നിങ്ങൾക്ക് ഉപകാരം ചെയ്യുമോ. أَوْ يَضُرُّونَ അല്ലെങ്കിൽ അവർ ഉപദ്രവം ചെയ്യുമോ. 74 قَالُوا അവർ പറഞ്ഞു. بَلْ وَجَدْنَا പക്ഷേ, ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു, കണ്ടെത്തി. آبَاءَنَا ഞങ്ങളുടെ പിതാക്കളെ. كَذَٰلِكَ അപ്രകാരം, അങ്ങിനെ. يَفْعَلُونَ അവർ ചെയ്യുന്നതായി.

മൂസാ (ﷺ) നബിയുടെ കഥയെത്തുടർന്ന് ഇബ്രാഹീം (عليه السلام) നബിയുടെ ചില വൃത്താന്തങ്ങളാണ് അല്ലാഹു വിവരിക്കുന്നത്. പിതാവും നാട്ടുകാരും ആരാധിച്ചുവരുന്നത് വിഗ്രഹങ്ങളെയാണെന്ന് ഇബ്റാഹീം (عليه السلام) നബിക്കറിയാത്തതല്ല. അതിൻെറ നിരർത്ഥത വിവരിച്ച് കൊടുക്കുവാൻ ഒരസ്ഥിവാരമിടുകയാണ് അദ്ദേഹം ഈ ചോദ്യം വഴി ചെയ്യുന്നത്. തങ്ങൾ ബിംബങ്ങളെ ആരാധിക്കാറുണ്ടെന്ന് മാത്രമല്ല, അവയുടെ മുമ്പിൽ സ്ഥിരമായി നമിച്ചുകൊണ്ട് ഭജനമിരിക്കുകയും ചെയ്യാറുണ്ടെന്നും അവർ അറിയിച്ചു. ആ ഉത്തരം തന്നെയാണ് അദ്ദേഹത്തിന് അവരിൽ നിന്ന് ലഭിക്കേണ്ടതും. ശരി, അത്രയെല്ലാം അവയ്ക്ക് നിങ്ങൾ സ്ഥാനം കൽപിച്ചിട്ടുണ്ടെങ്കിൽ, നിങ്ങളുടെ പ്രാർത്ഥനകളും, അപേക്ഷകളും അവർ സാധിപ്പിച്ചു തരേണ്ടതാണല്ലോ. അവ അതൊക്കെ കേൾക്കുമോ? അതുമില്ലെങ്കിൽ അവ നിങ്ങൾക്ക് ഏതെങ്കിലും തരത്തിൽ ഉപകാരം ചെയ്യുമോ?. അതുമില്ലങ്കിൽ എന്തെങ്കിലും ഉപദ്രവം ചെയ്വാനെങ്കിലും അവക്ക് കഴിയുമോ എന്നെല്ലാമാണ് അദ്ദേഹം തുടർന്ന് ചോദിക്കുന്നത്. 'ഇല്ല, ഇല്ല' എന്നു മാത്രമാണവരുടെ ഉത്തരം. പക്ഷേ, ഈ ഉത്തരംകൊണ്ട് മതിയാക്കിയാൽ അവരുടെ മതം പൊളിഞ്ഞുപോകുമല്ലോ. അതുകൊണ്ട് അവർ തങ്ങളുടെ പൂർവ്വപിതാക്കളെ ശരണം പ്രാപിക്കുകയാണ്. ഞങ്ങളുടെ പിതാക്കൾ അവയെ ആരാധിച്ചു വരുന്നത് കണ്ടു. ഞങ്ങളും അതനുകരിച്ചു വന്നു. ഒരു കാര്യവുമില്ലാതെ, അവരങ്ങിനെ ചെയ്യുമേ? ഇതാണവരുടെ ന്യായീകരണം! ഇബ്റാഹീം (عليه السلام) നബി തുടർന്നു.

75 അദ്ദേഹം പറഞ്ഞു: ''എന്നാൽ, നിങ്ങൾ കണ്ടുവോ (മനസ്സിലാക്കിയിട്ടുണ്ടോ) -നിങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്നതിനെ-''

قَالَ أَفَرَءَيْتُم مَّا كُنتُمْ تَعْبُدُونَ ﴿٧٥﴾

76 ''[അതെ] നിങ്ങളും, നിങ്ങളുടെ മുൻകഴിഞ്ഞ പിതാക്കളും (ആരാധിക്കുന്നതിനെ) തന്നെ?!-''

أَنتُمْ وَءَابَآؤُكُمُ ٱلْأَقْدَمُونَ ﴿٧٦﴾

77 ''അവർ [ആ ആരാധ്യൻമാർ] എനിക്ക് ശത്രുക്കളാണ് -ലോകരക്ഷിതാവൊഴികെ''.

فَإِنَّهُمْ عَدُوٌّ لِّىٓ إِلَّا رَبَّ ٱلْعَٰلَمِينَ ﴿٧٧﴾

---

75 قَالَ അദ്ദേഹം പറഞ്ഞു. أَفَرَأَيْتُم എന്നാൽ നിങ്ങൾ കണ്ടുവോ (മനസ്സിലാക്കിയോ - ഒന്ന് പറയുവിൻ) . مَّا كُنتُمْ تَعْبُدُونَ നിങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്നതിനെ. 76 أَنتُمْ നിങ്ങൾ തന്നെ. وَآبَاؤُكُمُ നിങ്ങളുടെ പിതാക്കളും. الْأَقْدَمُونَ മുൻകഴിഞ്ഞവരായ, പൗരാണികരായ. 77 فَإِنَّهُمْ എന്നാൽ അവർ. عَدُوٌّ لِّي എനിക്ക് ശത്രുവാണ്. إِلاَّ رَبَّ الْعَالَمِينَ ലോകരക്ഷിതാവൊഴികെ.

ലക്ഷ്യമൊന്നും നോക്കാതെ പൂർവ്വീകന്മാരെ അനുഗ്രഹിക്കൽ (التَقْلِيد) മതത്തിൽ അംഗീകൃതമല്ലന്നുള്ളതിന്ന് ഇബ്റാഹീം (عليه السلام) നബിയുടെ ഈ വചനം മതിയായ തെളിവാണ്. അറിവില്ലാത്തവർ അറിവുള്ളവരോട് ചോദിച്ചറിയുന്നതിൽ വിരോധമില്ല. അതാവശ്യമാണുതാനും. പക്ഷേ, ഏതെങ്കിലും ചിലർ ചെയ്യുന്നതോ പറയുന്നതോ മാത്രം ആസ്പദമാക്കി അത് സ്വീകരിക്കുക അതിൻെറ ന്യായവും ലക്ഷ്യവും നോക്കാതിരിക്കുക, എതിരായ ലക്ഷ്യം കണ്ടാൽപോലും അത് കൈവിടാതിരിക്കുക. ഇതാണ് ആക്ഷേപിക്കപ്പെട്ട അനുകരണം. ഒരു കാര്യം പുതിയതോ പഴക്കമുള്ളതോ എന്നോ, അതിൻെറ അനുകൂലികൾ കുറവോ, അധിക

മോ എന്നോ ഉള്ളത് അക്കാര്യം ശരിയോ, തറ്റോ ആണെന്നതിന് തെളിവല്ല. അത് ന്യായമാണോ, അംഗീകൃതമാണോ, ലക്ഷ്യമുള്ളതാണോ, ഇതൊക്കെയാണ് അതിന്ന് മാനദണ്ഡമാക്കേണ്ടത്. ഈ വസ്തുതയത്രെ ഇബ്റാഹീം (عليه السلام) നബിയുടെ മറുപടിയിൽ അന്തർഭവിച്ചിട്ടുള്ളത്.

താൻ ഏക ആരാധ്യനായി സ്വീകരിച്ച ലോകരക്ഷിതാവ് ഏങ്ങനെയുള്ളവനാണെന്നും, അവനെ മാത്രം സ്വീകരിക്കുവാനുള്ള കാരണങ്ങൾ എന്താണെന്നും ഇബ്രാഹീം (عليه السلام) നബി തുടർന്ന് വിവരിക്കുന്നു:-

ٱلَّذِى خَلَقَنِى فَهُوَ يَهْدِينِ ﴿٧٨﴾

78 ''എന്നെ സൃഷ്ടിച്ചിട്ടുള്ളവനത്രെ [അവൻ]. എന്നിട്ട് അവൻ എനിക്ക് മാർഗ്ഗദർശനം നൽകുന്നു;''

وَٱلَّذِى هُوَ يُطْعِمُنِى وَيَسْقِينِ ﴿٧٩﴾

79 'അവൻ എനിക്ക് ഭക്ഷണം നൽകുന്നു, എനിക്ക് കുടിക്കുവാൻ (വെള്ളം) തരുകയും ചെയ്യുന്നു- അങ്ങിനെയുള്ളവനുമാകുന്നു;'

وَإِذَا مَرِضْتُ فَهُوَ يَشْفِينِ ﴿٨٠﴾

80 'എനിക്ക് രോഗം ബാധിച്ചാൽ, എന്നെ അവൻ സുഖപ്പെടുത്തുകയും ചെയ്യുന്നു;'

وَٱلَّذِى يُمِيتُنِى ثُمَّ يُحْيِينِ ﴿٨١﴾

81 'എന്നെ മരണപ്പെടുത്തുകയും, പിന്നീട് എന്നെ ജീവിപ്പിക്കുകയും ചെയ്യുന്നവനുമാണ്;

وَٱلَّذِىٓ أَطْمَعُ أَن يَغْفِرَ لِى خَطِيٓـَٔتِى يَوْمَ ٱلدِّينِ ﴿٨٢﴾

82 പ്രതിഫല നടപടിയുടെ ദിവസം[അന്ത്യനാളിൽ] എൻെറ തെറ്റ് എനിക്ക് പൊറുത്തുതരുമെന്ന് ഞാൻ ആശിക്കുന്നവനുമത്രെ [അവൻ].''

---

78 الَّذِي خَلَقَنِي എന്നെ സൃഷ്ടിച്ചവനാണ്. فَهُوَ എന്നിട്ട് അവൻ. يَهْدِينِ എനിക്ക് മാർഗ്ഗദർശനം നൽകുന്നു, വഴി കാണിക്കുന്നു. 79 وَالَّذِي യാതൊരുവനുമാണ്. هُوَ അവൻ. يُطْعِمُنِي എനിക്ക് ഭക്ഷണം നൽകുന്നു. وَيَسْقِينِ എനിക്ക് കുടിക്കുവാൻ തരുകയും ചെയ്യുന്നു. 80 وَإِذَا مَرِضْتُ എനിക്ക് രോഗം പിടിച്ചാൽ. فَهُوَ എന്നാലവൻ. يَشْفِينِ എന്നെ സുഖപ്പെടുത്തുന്നു. 81 وَالَّذِي يُمِيتُنِي എന്നെ മരിപ്പിക്കുന്നവനുമാണ്. ثُمَّ പിന്നെ. يُحْيِينِ എന്നെ ജീവിപ്പിക്കുന്നു. 82 وَالَّذِي യാതൊരുവനുമാണ്. أَطْمَعُ ഞാൻ ആശിക്കുന്നു, മോഹിക്കുന്നു. أَن يَغْفِرَ അവൻ പൊറുത്തുതരുമെന്ന്, പൊറുത്തുതരുവാൻ. لِي എനിക്ക്. خَطِيئَتِي എൻെറ തെറ്റ്, പിഴവ്, അബദ്ധം. يَوْمَ الدِّينِ പ്രതിഫല നടപടിയുടെ ദിവസം, നടപടി എടുക്കുന്ന ദിവസം.

മനുഷ്യൻെറ സൃഷ്ടി മുതൽ പരലോകജീവിതംവരേയുള്ള എല്ലാ പ്രധാന വശങ്ങളെയും സ്പർശിക്കുന്ന ഒരു വിവരണമാണ് ഇബ്റാഹീം (عليه السلام) നബിയുടെ ഈ പ്രസ്താവനയിലുള്ളത്. ഇവ ഓരോന്നിലും മറ്റാർക്കും യഥാർത്ഥത്തിൽ ഒരു പങ്കുമില്ലാത്ത സ്ഥിതിക്ക് മറ്റാരേയും അരാധ്യനായി സ്വീകരിക്കുവാൻ യാതൊരു ന്യായവുമില്ല എന്നാണ് അദ്ദേഹം താൽപര്യമാക്കുന്നത്. അല്ലാഹുവിൻെറ ഈ മഹൽഗുണങ്ങൾ എടുത്തുപറഞ്ഞപ്പോൾ, അതോടൊപ്പം തൻെറ ഇഹപരനന്മകൾക്കുവേണ്ടി അവനോട് ദുആ (പ്രാർത്ഥന) ചെയ്യാതിരിക്കുവൻ ഭക്തിനിർഭരമായ അദ്ദേഹത്തിൻെറ ഹൃദയത്തിന് സാധിക്കുന്നില്ല. അദ്ദേഹം ദുആ ചെയ്യുന്നു:-

83 ‘‘രക്ഷിതാവേ, എനിക്ക് വിജ്ഞാനം പ്രദാനം ചെയ്യേണമേ! എന്നെ സജ്ജനങ്ങളോട് ചേർത്തുതരുകയും വേണമേ!’’	رَبِّ هَبْ لِى حُكْمًا وَأَلْحِقْنِى بِٱلصَّٰلِحِينَ ﴿٨٣﴾
84 ‘‘പിൽക്കാലക്കാരിൽ എനിക്ക് സൽക്കീർത്തി ഉണ്ടാക്കിത്തരുകയും ചെയ്യേണമേ!’’	وَٱجْعَل لِّى لِسَانَ صِدْقٍ فِى ٱلْءَاخِرِينَ ﴿٨٤﴾
85 ‘‘എന്നെ സുഖാനന്ദത്തിന്റെ സ്വർഗ്ഗാവകാശികളിൽ ആക്കിത്തരുകയും വേണമേ!’’	وَٱجْعَلْنِى مِن وَرَثَةِ جَنَّةِ ٱلنَّعِيمِ ﴿٨٥﴾
86 ‘‘എന്റെ പിതാവിന് പൊറുത്തുകൊടുക്കുകയും ചെയ്യേണമേ! നിശ്ചയമായും, അദ്ദേഹം വഴിപിഴച്ചവരുടെ കൂട്ടത്തിൽ ആയിരിക്കുകയാണ്!’’	وَٱغْفِرْ لِأَبِىٓ إِنَّهُۥ كَانَ مِنَ ٱلضَّآلِّينَ ﴿٨٦﴾
87 ‘‘അവർ (മനുഷ്യർ) ഉയർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസം, എന്നെ അപമാനത്തിലാക്കരുതേ!-’’	وَلَا تُخْزِنِى يَوْمَ يُبْعَثُونَ ﴿٨٧﴾
88 ‘‘അതായത്: സ്വത്താകട്ടെ, മക്കളാകട്ടെ ഉപകരിക്കാത്ത ദിവസം;-’’	يَوْمَ لَا يَنفَعُ مَالٌ وَلَا بَنُونَ ﴿٨٨﴾
89 ‘‘നിർദ്ദോഷമായ (അന്യൂനമായ) ഹൃദയവുമായി അല്ലാഹുവിങ്കൽ ചെന്നവർക്കൊഴികെ (മറ്റാർക്കും ഉപകരിക്കാത്ത ദിവസം) .’’	إِلَّا مَنْ أَتَى ٱللَّهَ بِقَلْبٍ سَلِيمٍ ﴿٨٩﴾

83 رَبِّ എന്റെ റബ്ബേ. هَبْ لِي എനിക്ക് പ്രദാനം ചെയ്യണേ. حُكْمًا വിജ്ഞാനം, വിധി എന്നെ ചേർക്കുകയും വേണമേ. وَأَلْحِقْنِي എന്നെ ചേർക്കുകയും വേണമേ. بِالصَّالِحِينَ സജ്ജനങ്ങളോട്, സദ്വൃത്തരോട്. 84 وَاجْعَل لِّي എനിക്ക് ഉണ്ടാക്കിത്തരുകയും വേണമേ. لِسَانَ صِدْقٍ സൽകീർത്തി, സത്യത്തിന്റെ കീർത്തി. فِي الْآخِرِينَ പിൻഗാമികളിൽ, പിന്നീടുള്ളവരിൽ. 85 وَاجْعَلْنِي എന്നെ ആക്കുകയും വേണമേ. مِن وَرَثَةِ അനന്തരാവകാശികളിൽ (പെട്ടവൻ) . جَنَّةِ النَّعِيمِ സുഖാനന്ദത്തിന്റെ സ്വർഗ്ഗത്തിന്റെ. 86 وَاغْفِرْ പൊറുത്തുകൊടുക്കുകയും ചെയ്യണേ. لِأَبِي എന്റെ പിതാവിന്. إِنَّهُ كَانَ നിശ്ചയമായും അദ്ദേഹം ആയിരിക്കുന്നു. مِنَ الضَّالِّينَ വഴി പിഴച്ചവരിൽ. 87 وَلَا تُخْزِنِي എന്നെ അപമാനിക്കുകയും ചെയ്യരുതേ. يَوْمَ يُبْعَثُونَ അവർ ഉയർത്തെഴുന്നേല്പിക്കപ്പെടുന്ന ദിവസം. 88 يَوْمَ لَا يَنفَعُ ഉപകാരം ചെയ്യാത്ത ദിവസം. مَالٌ സ്വത്ത്, ഒരു മുതലും. وَلَا بَنُونَ മക്കളും (ഉപകാരം ചെയ്യാത്ത) . 89 إِلَّا مَنْ ഒരുവനൊഴികെ. أَتَى اللهَ അവൻ അല്ലാഹുവിങ്കൽ വന്നു, ചെന്നു. بِقَلْبٍ ഹൃദയത്തോടുകൂടി, ഹൃദയവുമായി. سَلِيمٍ നിർദ്ദോഷമായ, ന്യൂനതയില്ലാത്ത, സുരക്ഷിതമായ.

ഈ മഹത്തായ പ്രാർത്ഥനയിൽ അഞ്ചാറ് കാര്യങ്ങളാണ് ഇബ്റാഹീം (عليه السلام) നബി ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഈ പ്രർത്ഥന നാമും സദാചെയ്യേണ്ടതാകുന്നുവെന്ന് പറയേണ്ടതില്ല. 1-ാമത്തേത് വിജ്ഞാനം ലഭിക്കുവാനുള്ള അപേക്ഷയാണെല്ലോ. ഈ അപേക്ഷ സ്വീകരിച്ച് അല്ലാഹു അദ്ദേഹത്തിന് വിജ്ഞാനം കൊടുത്തിട്ടുണ്ടെന്ന് ഖുർആനിൽ നിന്നും മറ്റും ധാരാളം വ്യക്തമാണ്, 2-ാ മതായി സജ്ജനങ്ങളിൽ ഉൾപ്പെടുത്തുവാനുള്ള അപേക്ഷയാണ് ഇത് സ്വീകരിക്കപ്പെട്ടിട്ടുണ്ടെന്ന് ഖുർആനിൽ തന്നെ കാണാം. وانه في الاخرة لمن الصالحين –النحل (അദ്ദേഹം പരലോകത്ത് സജ്ജനങ്ങളിൽ പെട്ടവനാകുന്നു.) എന്ന് അല്ലാഹു പ്രസ്താവിക്കുന്നു. 3-ാമത്തേത് പിൻഗാമികളിൽ സൽകീർത്തി നിലനിർത്തണമെന്നുള്ളതാകുന്നു. ഇതിനെക്കുറിച്ചും

ഖുർആനിൽ പലേടത്തും കാണുവാൻ കഴിയും അദ്ദേഹത്തിനു മാത്രമല്ല, പുത്രനായ ഇസ്ഹാഖ് (عليه السلام) നബിയെയും പൗത്രൻ യഅ്ഖൂബ് (عليه السلام) നബിയേയും കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരിടത്ത് ഇങ്ങിനെ പറയുന്നുന്നു. وجعلنا لهم لسان صدق عليا–مريم (അവർക്ക് നാം ഉന്നതമായ സൽക്കീർത്തി ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തരിക്കുന്നു.) ദൈവിക വേദക്കാരായ ഏതു മതസ്ഥരും ഇബ്റാഹീം (عليه السلام) നബിയെ ബഹുമാനിക്കാത്തവരായിട്ടില്ല. പരലോകത്തുവെച്ച് സാധിക്കേണ്ടതായുള്ള രണ്ട് പ്രാർത്ഥനകളും –സ്വർഗ്ഗവാസികളിൽ ഉൾപ്പെടുത്തുവാനും പുനരുത്ഥാനദിവസം അപമാനത്തിലാക്കാതിരിക്കാനുമുള്ള, അപേക്ഷകളും – തന്നെ അല്ലാഹു സ്വീകരിച്ചിട്ടുണ്ടെന്ന് മേലുദ്ധരിച്ച ഖുർആൻ വചനം സാക്ഷ്യം നൽകുന്നു അദ്ദേഹം പരലോകത്ത് സജ്ജനങ്ങളിൽ പെട്ടവനാണ്, എന്ന പ്രസ്താവനയിൽ നിന്ന് ഇത് സ്പഷ്ടമാണല്ലോ.

പിതാവിന് പാപമോചനത്തിനുവേണ്ടിയുള്ള പ്രാർത്ഥനയാണ് ഇനി ബാക്കിയുള്ളത്. പിതാവിനോട് അദ്ദേഹം ചെയ്തിരുന്ന ഒരു വാഗ്ദാനമനുസരിച്ചാണ് ഈ പ്രാർത്ഥന അദ്ദേഹം ചെയ്തിരുന്നതെന്നും, പിന്നീട് പിതാവ് അല്ലാഹുവിൻെറ ശത്രു തന്നെയാണെന്ന് വ്യക്തമായപ്പോൾ അദ്ദേഹം ഒഴിഞ്ഞുകളയുകയുണ്ടായെന്നും സൂ: തൗബ: 114–ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അവിടെയും, സൂ: മർയമിലും, നാം ഇതിനെപ്പറ്റി സംസാരിച്ചിട്ടുണ്ട്.

നിർദോഷമായ–അഥവാ അവിശ്വാസത്തിൻെറ കറ ബാധിക്കാത്തതും, പാപപങ്കിലമല്ലാത്തതുമായ–സുരക്ഷിത ഹൃദയത്തോടുകൂടി അല്ലാഹുവിങ്കൽ വന്നവർക്ക് മാത്രമേ സ്വത്തുക്കളും മക്കളും പരലോകത്തുവെച്ച് ഉപയോഗപ്പെടുകയുള്ളുവെന്ന് ഇബ്റാഹീം (عليه السلام) നബിയുടെ പ്രാർത്ഥനയിൽ കൂടി അല്ലാഹു നമ്മെ ഓർമ്മിപ്പിക്കുന്നു ഇങ്ങിനെയുള്ളവർ, തങ്ങളുടെ സ്വത്തുക്കൾ നല്ല മാർഗത്തിൽ മാത്രം വിനിയോഗിക്കുന്നവരു തങ്ങളുടെ മക്കളെ സൽപന്ഥാവിൽ നയിക്കുവാൻ കഴിവതെല്ലാം ചെയ്യുന്നവരുമായിരിക്കുക സ്വാഭാവികമാണ് മനുഷ്യൻെറ മരണശേഷവും അവശേഷിക്കുന്ന മൂന്നു സൽക്കർമ്മങ്ങളിൽപ്പെട്ടതാണ് സദ്വൃത്തരായ മക്കളും, നിലനിന്നുവരുന്ന ദാനധർമ്മങ്ങളും എന്ന് നബി (ﷺ) അരുളിച്ചെയ്തിട്ടുള്ള ഒരു ഹദീസിൽ വന്നിട്ടുണ്ടല്ലോ. (ഹദീസിൻെറ പൂർണ്ണ രൂപം (സൂ: ഫുർഖാൻ 74–ാ ആയത്തിൻെറ വിവരണത്തിൽ കാണാം) നേരെ മറിച്ച്, പാപികളും അക്രമികളുമായ ആളുകൾക്ക് പരലോകത്തിൽ അവ രണ്ടുകൊണ്ടും ഗുണം ലഭിക്കുവാനില്ലെന്ന് മാത്രമല്ല, കൂടുതൽ ദോഷം വരുവാൻ തന്നെ കാരണമായേക്കുകയും സ്വത്തുക്കളും മക്കളും മാത്രമല്ല ഭൂമിയിലുള്ള മുഴുവനും തന്നെ ബലികൊടുത്തിട്ടെങ്കിലും രക്ഷകിട്ടിയാൽ കൊള്ളാമെന്നായിരിക്കും അന്ന് കുറ്റവാളികൾ കൊതിച്ചുപോകുക! (معاذالله) ആ വമ്പിച്ച ദിവസത്തിലുണ്ടാകുന്ന ചില സംഭവങ്ങളെ അല്ലാഹു തുടർന്ന് പ്രസ്ഥാവിക്കുന്നു :–

وَأُزْلِفَتِ ٱلْجَنَّةُ لِلْمُتَّقِينَ ﴿٩٠﴾

90 (ആ ദിവസം) ഭയഭക്തൻമാർക്ക് സ്വർഗ്ഗം അടുപ്പിക്കപ്പെടുന്നതാണ്.

وَبُرِّزَتِ ٱلْجَحِيمُ لِلْغَاوِينَ ﴿٩١﴾

91 ദുർമ്മാർഗ്ഗികൾക്ക് നരകം (മുന്നിൽ) വെളിവാക്കപ്പെടുകയും ചെയ്യും.

وَقِيلَ لَهُمْ أَيْنَ مَا كُنتُمْ تَعْبُدُونَ ﴿٩٢﴾

92 അവരോട് [ദുർമ്മാർഗ്ഗികളോട്] പറയപ്പെടും: ‘‘നിങ്ങൾ ആരാധിച്ചുവന്നിരുന്നവർ എവിടെ,–’’

مِن دُونِ ٱللَّهِ هَلْ يَنصُرُونَكُمْ أَوْ يَنتَصِرُونَ ﴿٩٣﴾

93 ‘‘അല്ലാഹുവിനു പുറമെ (ആരാധിച്ചു വന്നിരുന്നവർ) ?! അവർ നിങ്ങളെ സഹായിക്കുന്നുണ്ടോ, അല്ലെങ്കിൽ അവർ (സ്വയം) സഹായ നടപടി എടുക്കുന്നുണ്ടോ?!’’

94 അങ്ങനെ, അവരും [ആരാധ്യവസ്തുക്കളും] ദുർമ്മാർഗ്ഗികളും അതിൽ [നരകത്തിൽ] കമഴ്ത്തിത്തള്ളിയിടപ്പെടുന്നതാണ്;- فَكُبْكِبُوا۟ فِيهَا هُمْ وَٱلْغَاوُۥنَ ﴿٩٤﴾

95 'ഇബ്‌ലീസി'ൻെറ സൈന്യങ്ങൾ മുഴുവനുംതന്നെ (തള്ളിയിടപ്പെടും) وَجُنُودُ إِبْلِيسَ أَجْمَعُونَ ﴿٩٥﴾

96 അതിൽവെച്ച് (പരസ്പരം) വഴക്ക് കൂടിക്കൊണ്ടിരിക്കെ അവർ പറയും:- قَالُوا۟ وَهُمْ فِيهَا يَخْتَصِمُونَ ﴿٩٦﴾

97 ''അല്ലാഹുവാണ (സത്യം) ! നിശ്ചയമായും, ഞങ്ങൾ പ്രത്യക്ഷമായ വഴിപിഴവിൽ തന്നെയായിരുന്നു;'' تَٱللَّهِ إِن كُنَّا لَفِى ضَلَـٰلٍ مُّبِينٍ ﴿٩٧﴾

98 ''-ലോകരക്ഷിതാവിനോട് നിങ്ങളെ ഞങ്ങൾ സമപ്പെടുത്തിയിരുന്നപ്പോൾ!'' إِذْ نُسَوِّيكُم بِرَبِّ ٱلْعَـٰلَمِينَ ﴿٩٨﴾

---

90 وَأُزْلِفَتِ അടുപ്പിക്കപ്പെടും, സമീപിക്കപ്പെടും. الْجَنَّةُ സ്വർഗ്ഗം. لِلْمُتَّقِينَ ഭയഭക്തൻമാർക്ക്, (അല്ലാഹുവിനെ) സൂക്ഷിക്കുന്നവർക്ക്. 91 وَبُرِّزَتِ വെളിപ്പെടുകയും ചെയ്യും, പ്രത്യക്ഷമാക്കപ്പെടും. الْجَحِيمُ നരകം, കത്തിജ്വലിക്കുന്ന അഗ്നി. لِلْغَاوِينَ ദുർമ്മാർഗ്ഗികൾക്ക്, വഴികെട്ടവർക്ക്. 92 وَقِيلَ لَهُمْ അവരോട് പറയപ്പെടും. أَيْنَ എവിടെയാണ്. مَا യാതൊന്ന്. كُنتُمْ تَعْبُدُونَ നിങ്ങൾ ആരാധിച്ചു വന്നിരുന്ന. 93 مِن دُونِ اللهِ അല്ലാഹുവിനു പുറമെ, അല്ലാഹുവിനെകൂടാതെ. هَلْ يَنصُرُونَكُمْ അവർ നിങ്ങളെ സഹായിക്കുന്നുണ്ടോ. أَوْ يَنتَصِرُونَ അല്ലെങ്കിൽ അവർക്ക് സഹായം ലഭിക്കുന്നുണ്ടോ, സ്വയം സഹായ നടപടി എടുക്കുന്നുവോ. 94 فَكُبْكِبُوا അങ്ങനെ (അപ്പോൾ) അവർ കമഴ്ത്തി വീഴ്ത്തപ്പെടും, മറിച്ചിടപ്പെടും. فِيهَا അതിൽ. هُمْ അവർ, അവരും തന്നെ. وَالْغَاوُونَ ദുർമ്മാർഗ്ഗികളും, വഴികെട്ടവരും. 95 وَجُنُودُ إِبْلِيسَ ഇബ്‌ലീസിൻെറ സൈന്യങ്ങളും. أَجْمَعُونَ മുഴുവനും, എല്ലാവരും. 96 قَالُوا അവർ പറയും. وَهُمْ അവരായിരിക്കെ. فِيهَا അതിൽ. يَخْتَصِمُونَ തർക്കിച്ചുകൊണ്ടിരിക്കും, വഴക്കിട്ടുകൊണ്ടിരിക്കും. 97 تَاللهِ അല്ലാഹുവാണ (സത്യം) . إِن كُنَّا നിശ്ചയമായും ഞങ്ങളായിരിക്കുന്നു. لَفِي ضَلَالٍ വഴിപിഴവിൽതന്നെ. مُّبِينٍ പ്രത്യക്ഷമായ, തനി. 98 إِذْ نُسَوِّيكُم ഞങ്ങൾ നിങ്ങളെ സമപ്പെടുത്തിയിരുന്നപ്പോൾ. بِرَبِّ الْعَالَمِينَ ലോകരക്ഷിതാവിനോട്.

[നിങ്ങളെ ലോകരക്ഷിതാവായ അല്ലാഹുവിനോട് സമമാക്കി സങ്കൽപിച്ചുകൊണ്ട് ഞങ്ങൾ ആരാധിച്ചുവന്നപ്പോൾ,-അല്ലാഹുവാണ-നിശ്ചയമായും ഞങ്ങൾ തനി വഴിപിഴവിൽ തന്നെയായിരുന്നു!]

99 ''(ആ) മഹാപാപികളല്ലാതെ ഞങ്ങളെ വഴിപിഴപ്പിച്ചിട്ടില്ല!'' وَمَآ أَضَلَّنَآ إِلَّا ٱلْمُجْرِمُونَ ﴿٩٩﴾

100 ''ഇപ്പോൾ ഞങ്ങൾക്ക് ശുപാർശകൻമാരായി (ഒരാളും) ഇല്ല!'' فَمَا لَنَا مِن شَـٰفِعِينَ ﴿١٠٠﴾

101 ''അനുകമ്പയുള്ള ഒരു ചങ്ങാതിയുമില്ല!'' وَلَا صَدِيقٍ حَمِيمٍ ﴿١٠١﴾

102 ''ഇനി, ഞങ്ങൾക്ക് ഒരു മടക്കം കിട്ടിയിരുന്നെങ്കിൽ! എന്നാൽ ഞങ്ങൾ സത്യവിശ്വാസികളിൽ ഉൾപ്പെടുമായിരുന്നേനെ!'' فَلَوْ أَنَّ لَنَا كَرَّةً فَنَكُونَ مِنَ ٱلْمُؤْمِنِينَ ﴿١٠٢﴾

103 നിശ്ചയമായും അതിൽ (മേൽപറഞ്ഞതിൽ) ഒരു (വലുതായ) ദൃഷ്ടാന്തമുണ്ട്: അവരിൽ അധികമാളും വിശ്വസിക്കുന്നവരല്ല.

إِنَّ فِي ذَٰلِكَ لَآيَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ﴿١٠٣﴾

104 നിശ്ചയമായും, നിന്റെ രക്ഷിതാവ് തന്നെയാണ്, പ്രതാപശാലിയും കരുണാനിധിയും.

وَإِنَّ رَبَّكَ لَهُوَ الْعَزِيزُ الرَّحِيمُ ﴿١٠٤﴾

---

99 وَمَا أَضَلَّنَا ഞങ്ങളെ വഴിപിഴപ്പിച്ചിട്ടില്ല. إِلاَّ الْمجْرِمُونَ മഹാപാപികളൊഴികെ, കുറ്റവാളികളെല്ലാതെ. 100 فَمَا لَنَا ഇനി (ഇപ്പോൾ) ഞങ്ങൾക്കില്ല. مِن شَافِعِينَ ശുപാർശകൻമാരിൽ നിന്ന് (ഒരാളും) . 101 وَلاَ صَدِيقٍ ഒരു ചങ്ങാതിയും ഇല്ല, സ്നേഹിതനുമില്ല. حَمِيمٍ ചൂടുള്ള (അനുകമ്പയുള്ള, അനുഭാവം കാണിക്കുന്ന) . 102 فَلَوْ أَنَّ لَنَا ഇനി (അതുകൊണ്ട്) ഞങ്ങൾക്കുണ്ടായിരുന്നെങ്കിൽ. كَرَّةً ഒരു മടക്കം. فَنَكُونَ എന്നാൽ ഞങ്ങളായിരുന്നേനെ. مِنَ الْمُؤْمِنِينَ സത്യവിശ്വാസികളിൽ (പെട്ടവർ) . 103 إِنَّ فِي ذَلِكَ നിശ്ചയമായും അതിലുണ്ട്. لَآيَةً ഒരു ദൃഷ്ടാന്തം. وَمَا كَانَ അല്ല, ആയിട്ടില്ല. أَكْثَرُهُمْ അവരിൽ അധികവും, മിക്ക ആളുകളും. مُّؤْمِنِينَ സത്യവിശ്വാസികൾ, വിശ്വസിക്കുന്നവർ. 104 وَإِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ്. لَهُوَ അവൻതന്നെയാണ്. الْعَزِيزُ പ്രതാപശാലി. الرَّحِيمُ കരുണാനിധി.

ഇതാണ് അന്നത്തെ ദിവസം ഉണ്ടാവാനിരിക്കുന്ന ചില സ്ഥിതിഗതികൾ. ഈ ദിവസം അപമാനത്തിലകപ്പെടാതെ രക്ഷ നൽകണേ എന്നത്രെ ഇബ്റാഹീം (عليه السلام) നബി ദുആ ചെയ്യുന്നത്. അന്ന് രക്ഷയും, മോക്ഷവും നൽകി അനുഗ്രഹിക്കപ്പെടുന്ന സജ്ജനങ്ങളിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ-ആമീൻ.

നൂഹ് (عليه السلام) നബിയുടെ വൃത്താന്തമാണ് അടുത്ത വചനങ്ങളിൽ വരുന്നത്. തുടർന്നുകൊണ്ട് വേറെ ചില നബിമാരുടെ കഥകളും. അവയിലെല്ലാം ആവർത്തിച്ചു പറയപ്പെട്ടിട്ടുള്ള ചില ഭാഗങ്ങൾ കാണാം. അതും, ഓരോ നബിമാരോടും അവരുടെ സമുദായങ്ങൾ പെരുമാറി വന്ന രീതിയും, അവർ നടത്തിവന്ന കുതർക്കങ്ങളും പ്രത്യേകം മനസ്സിരുത്തേണ്ടതാകുന്നു. മതവിശ്വാസവും ഭയഭക്തിയും കുറഞ്ഞു വരുന്ന ഇക്കാലത്ത് പലരിൽനിന്നും പ്രകടമായിക്കാണാറുള്ള കടുത്ത മനോഭാവങ്ങളും, മതനിയമങ്ങൾക്കെതിരിൽ അവരാൽ ഉന്നയിക്കപ്പെടാറുള്ള യുക്തിവാദങ്ങളും കാണുമ്പോൾ, ആ പൗരാണിക സമുദായങ്ങളുടെ തനി അനുകരണമാണ് അവയെല്ലാം എന്ന് തോന്നിപ്പോകുന്നു

വിഭാഗം-6

105 നൂഹിന്റെ ജനത മുർസലുകളെ (ദൈവദൂതൻമാരെ) വ്യാജമാക്കി;

كَذَّبَتْ قَوْمُ نُوحٍ الْمُرْسَلِينَ ﴿١٠٥﴾

106 -അവരുടെ സഹോദരൻ നൂഹ് അവരോട് പറഞ്ഞപ്പോൾ: ''നിങ്ങൾ (അല്ലാഹുവിനെ) സൂക്ഷിക്കുന്നില്ലേ?!''

إِذْ قَالَ لَهُمْ أَخُوهُمْ نُوحٌ أَلَا تَتَّقُونَ ﴿١٠٦﴾

107 ''നിശ്ചയമായും, ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ റസൂലാകുന്നു.''

إِنِّي لَكُمْ رَسُولٌ أَمِينٌ ﴿١٠٧﴾

108 ''അതുകൊണ്ട് നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, എന്നെ അനുസരിക്കുകയും ചെയ്യുവിൻ.''

فَاتَّقُوا اللَّهَ وَأَطِيعُونِ ﴿١٠٨﴾

109 ''അതിൻെറ പേരിൽ ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. എൻെറ പ്രതിഫലം, ലോകരക്ഷിതാവിൻെറമേൽ അല്ലാതെ (മറ്റാർക്കും ബാധ്യത) ഇല്ല.

وَمَآ أَسۡـَٔلُكُمۡ عَلَيۡهِ مِنۡ أَجۡرٍۖ إِنۡ أَجۡرِيَ إِلَّا عَلَىٰ رَبِّ ٱلۡعَٰلَمِينَ ﴿١٠٩﴾

110 'അതിനാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും. എന്നെ അനുസരിക്കുകയും ചെയ്യുവിൻ.''

فَٱتَّقُواْ ٱللَّهَ وَأَطِيعُونِ ﴿١١٠﴾

---

105 كَذَّبَتْ വ്യാജമാക്കി. قَوْمُ نُوحٍ നൂഹിൻെറ ജനത. الْمُرْسَلِينَ മർസലുകളെ. 106 إِذْ قَالَ പറഞ്ഞപ്പോൾ. لَهُمْ അവരോട്. أَخُوهُمْ نُوحٌ അവരുടെ സഹോദരൻ നൂഹ്. أَلاَ تَتَّقُونَ നിങ്ങൾ സൂക്ഷിക്കുന്നില്ലേ, സൂക്ഷിക്കാത്തതെന്താണ്. 107 إِنِّي നിശ്ചയമായും ഞാൻ. لَكُمْ നിങ്ങൾക്ക്. رَسُولٌ أَمِينٌ വിശ്വസ്തനായ റസൂലാണ്, ദൈവദൂതനാണ്. 108 فَاتَّقُوا اللهَ അതുകൊണ്ട് അല്ലാഹുവിനെ സൂക്ഷിക്കുവിൻ. وَأَطِيعُونِ എന്നെ അനുസരിക്കുകയും ചെയ്യുവിൻ. 109 وَمَا أَسْأَلُكُمْ ഞാൻ നിങ്ങളോട് ചോദിക്കുന്നില്ല. عَلَيْهِ അതിൻെറ പേരിൽ, അതിനായി. مِنْ أَجْرٍ ഒരു പ്രതിഫലവും. إِنْ أَجْرِيَ എൻെറ പ്രതിഫലമല്ല. إِلاَّ عَلَى പേരിലല്ലാതെ. رَبِّ الْعَالَمِينَ ലോകരക്ഷിതാവിൻെറ. 110 فَاتَّقُوا اللهَ അതുകൊണ്ട് അല്ലാഹുവിനെ സൂക്ഷിക്കുവിൻ. وَأَطِيعُونِ എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

നാം മുമ്പ് പ്രാസ്താവിച്ചതുപോലെ, എല്ലാ റസൂലുകളുടെയും പ്രബോധനതത്വം ഒന്നായതുകൊണ്ടാണ് നൂഹ് (عليه السلام) നബിയുടെ ജനത 'മുർസലുകളെ' വ്യാജമാക്കി എന്ന് (ബഹുവചന രൂപത്തിൽ പറഞ്ഞത്. اتقوا الله (അല്ലാഹുവിനെ സൂക്ഷിക്കുവിൻ) എന്ന് പറഞ്ഞതിൻെറ താൽപര്യം, അവനിൽ ശരിയാംവണ്ണം വിശ്വസിക്കുകയും, അവൻെറ കൽപനാനിർദേശങ്ങൾ അനുസരിക്കുകയും, അവൻെറ ശിക്ഷയെ ഭയപ്പെടുകയും ചെയ്തുകൊണ്ടാണ് ജീവിക്കുക.- അഥവാ അല്ലാഹുവോട് ഭയഭക്തിയുള്ളവരായിരിക്കുക. - എന്നത്രെ. അതേ കാര്യങ്ങളാണ് നൂഹ് (عليه السلام) ഉപദേശിക്കുന്നത്. ആ പ്രദേശങ്ങളിൽ അദ്ദേഹത്തെ അനുസരിക്കണമെന്നാണ് واطيعون (എന്നെ അനുസരിക്കയും ചെയ്യുവിൻ) എന്ന് പറഞ്ഞതിമ ഉദ്ദേശ്യം.

പ്രസ്തുത ഉപദേശംകൊണ്ട് എന്തെങ്കിലും തരത്തിലുള്ള യാതൊരു പ്രതിഫലവും ആവശ്യപ്പെടുന്നില്ലന്നും, അതിനുള്ള പ്രതിഫലം അല്ലാഹുവിങ്കൽനിന്ന് മാത്രമേ പ്രതീക്ഷിക്കുന്നുള്ളുവെന്നും നൂഹ് (عليه السلام) നബിയും, താഴെ പറയുന്ന നബിമാരും അവരുടെ ജനങ്ങളോട് പറഞ്ഞിരുന്നതായി അല്ലാഹു ഈ സൂറത്തിൽ പ്രത്യേകം എടുത്തു ഉദ്ദരിക്കുന്നു. ജനങ്ങൾക്ക് സദുപദേശങ്ങളും, മതപ്രബോധനങ്ങളും നടത്തുന്ന ആളുകൾ ഗൗരവപൂർവ്വം ഓർമ്മിക്കേണ്ടുന്ന ഒരു കാര്യമാണിത്. അവരുടെ ഉപദേശങ്ങൾ എത്രതന്നെ സനാതനമായിരുന്നാലും, അതുവഴി ഭൗതികമായ കാര്യലാഭമാണ് ഉദ്ദേശിക്കുന്നതെങ്കിൽ, അതിന് നിലയും വിലയുമില്ലാതെ പോകുന്നതാണ്. അതിന് ആത്മീയ്യവീര്യം ഇല്ലാതായിത്തീരുകയും ചെയ്യും. അവരുടെ ലക്ഷ്യം അല്ലാഹുവിങ്കൽനിന്നുള്ള പ്രതിഫലം മാത്രമായിരിക്കേണ്ടതാകുന്നു. നൂഹ് (عليه السلام) നബിയുടെ ഉപദേശങ്ങൾക്ക് ആ ജനത നൽകിയ മറുപടിയും, അദ്ദേഹത്തിൻെറ പ്രത്യുത്തരവും നോക്കുക:

111 അവർ പറഞ്ഞു: ''ഈ അധമൻമാരായ ആളുകൾ നിന്നെ പിൻതുടർന്നിരിക്കെ, ഞങ്ങൾ നിന്നെ വിശ്വസിക്കുകയോ?!''

۞ قَالُوٓاْ أَنُؤۡمِنُ لَكَ وَٱتَّبَعَكَ ٱلۡأَرۡذَلُونَ ﴿١١١﴾

قَالَ وَمَا عِلْمِي بِمَا كَانُوا۟ يَعْمَلُونَ ﴿١١٢﴾

112 അദ്ദേഹം പറഞ്ഞു: ''അവർ പ്രവർത്തിച്ചു വരുന്നതിനെപ്പറ്റി എനിക്ക് എന്തറിവാണുള്ളത്?!''

إِنْ حِسَابُهُمْ إِلَّا عَلَىٰ رَبِّي ۖ لَوْ تَشْعُرُونَ ﴿١١٣﴾

113 ''അവരുടെ വിചാരണ നടത്തൽ എന്റെ രക്ഷിതാവിന്റെമേൽ അല്ലാതെ (മറ്റാർക്കും ബാധ്യത) ഇല്ല, നിങ്ങൾക്ക് ബോധമുണ്ടായിരുന്നുവെങ്കിൽ!''

وَمَآ أَنَا۠ بِطَارِدِ ٱلْمُؤْمِنِينَ ﴿١١٤﴾

114 ''ഞാൻ സത്യവിശ്വാസികളെ ആട്ടിക്കളയുന്നവനല്ല തന്നെ.''

إِنْ أَنَا۠ إِلَّا نَذِيرٌ مُّبِينٌ ﴿١١٥﴾

115 ''ഞാൻ പ്രത്യക്ഷമായ ഒരു മുന്നറിയിപ്പ് [താക്കീതു]കാരനല്ലാതെ (മറ്റൊന്നും) അല്ല.''

---

111 قَالُوا അവർ പറഞ്ഞു. أَنُؤْمِنُ ഞങ്ങൾ വിശ്വസിക്കുമോ. لَكَ നിന്നെ. وَاتَّبَعَكَ നിന്നെ പിൻതുടർന്നിരിക്കവെ. الْأَرْذَلُونَ അധമൻമാർ, താണ കിടയിലുള്ളവർ, നിസ്സാരൻമാർ. 112 قَالَ അദ്ദേഹം പറഞ്ഞു. وَمَا عِلْمِي എന്റെ അറിവ് എന്താണ് (എനിക്കെന്തറിവാണ്) . بِمَا യാതൊന്നിനെക്കുറിച്ച്. كَانُوا يَعْمَلُونَ അവർ പ്രവർത്തിച്ചിരുന്ന. 113 إِنْ حِسَابُهُمْ അവരുടെ വിചാരണ അല്ല. إِلاَّ عَلَى رَبِّي എന്റെ റബ്ബിന്റെമേൽ അല്ലാതെ. لَوْ تَشْعُرُونَ നിങ്ങൾ ബോധമുള്ളവരാകുന്നുവെങ്കിൽ, നിങ്ങൾക്ക് ബോധമുണ്ടായിരുന്നെങ്കിൽ. 114 وَمَا أَنَا ഞാനല്ല. بِطَارِدِ الْمُؤْمِنِينَ സത്യവിശ്വാസികളെ ആട്ടുന്നവൻ. 115 إِنْ أَنَا ഞാനല്ല. إِلاَّ نَذِيرٌ ഒരു മുന്നറിയിപ്പുകാരനല്ലാതെ, താക്കീതുകാരനല്ലാതെ. مُبِينٌ പ്രത്യക്ഷമായ, സ്പഷ്ടമായ.

നൂഹ് (عليه السلام) വിശ്വസിച്ചിരുന്ന ആളുകൾ അവർക്കിടയിൽ കേവലം നിസ്സാരൻമാരായി ഗണിക്കപ്പെടാറുള്ളവരായിരുന്നു. അല്ലെങ്കിൽ, അവരിൽ അധികഭാഗവും അങ്ങിനെയുള്ളവരായിരുന്നു. ധനം, കുലം, തൊഴിൽ വർഗ്ഗം ആദിയായവയുടെ അടിസ്ഥാനത്തിൽ മനുഷ്യർക്ക് ഉച്ചനീചത്വം കൽപിക്കുന്ന സ്വഭാവം മനുഷ്യരിൽ മുമ്പേയുള്ളതാണ്. സത്യത്തിന്റെ മുമ്പിലാകട്ടെ, നബിമാരുടെ ദൃഷ്ടിയിലാകട്ടെ, ഇത്തരം വിഭജനങ്ങൾക്ക് യാതൊരു സ്ഥാനവുമില്ലതാനും. ഒരു തത്വത്തിന്റെയോ, ആദർശത്തിന്റെയോ അനുകൂലികൾ ഉന്നതവർഗ്ഗത്തിൽ പെട്ടവരാണോ അല്ലേ എന്നുള്ളതല്ല അതിന്റെ സത്യതക്കുള്ള മാനദണ്ഡം. പലപ്പോഴും ഒരു സനാതനതത്വം സ്വീകരിക്കുവാൻ ആദ്യമായി മുന്നോട്ടു വരുന്നവർ സാധരണനിലക്ക് താണതരക്കാരായ ആളുകളായിരുന്നേക്കാം. നബി (ﷺ) തിരുമേനിയുടെ പ്രബോധനത്തിന്റെ ആദ്യഘട്ടങ്ങൾ പരിശോധിച്ചാലും ഇതിന് ഉദാഹരണം കാണാവുന്നതാണ്. ചിലപ്പോൾ, ഒരു തത്വമെന്ന നിലക്ക് ഉന്നതവിഭാഗത്തിൽ പെട്ടവരും അതിനെ അനുകൂലിച്ചിരുന്നാൽ തന്നെയും, അനുഷ്ഠാനത്തിങ്കലെത്തുമ്പോൾ അവർ പിന്നോക്കമായി കാണപ്പെടും. വളരെ മഹത്തായ ഒരു സംരംഭത്തിൽ-അലെങ്കിൽ ഒരു സഭയിൽ-പങ്കെടുക്കുന്നവർ മിക്കവാറും സാധുക്കളും, സാധാരണക്കാരുമാണെന്ന ഒരേ കാരണത്താൽ, 'ഭേദപ്പെട്ട വിഭാഗക്കാരാ'യ ആളുകൾ അതിൽ പങ്കെടുക്കുവാൻ വൈമനസ്യം കാണിക്കുന്നതും അപൂർവ്വമല്ല. ഈ ദോഷമാണ് നൂഹ് (عليه السلام) നബിയുടെ ജനതക്കും പിണഞ്ഞത്.

നബി (ﷺ) തിരുമേനിയിൽ വിശ്വസിക്കാത്തവരെപ്പററി സൂ: അഹ്ഖാഫിൽ ഇങ്ങിനെ പ്രസ്താവിക്കുന്നു:-

وقال الذين كفروا للذين امنوا لو كان خيرا ما سبقونا اليه واذا لم يهتدوابه فسيقولون هذا افك قديم الاحقاف – ١١

സാരം: (അവിശ്വസിച്ചവർ വിശ്വസിച്ചവരെക്കുറിച്ചു പറയുകയാണ്: ഇതൊരു നല്ല കാര്യമായിരുന്നെങ്കിൽ ഇതിലേക്ക് ഇവർ ഞങ്ങളെ മുൻകടക്കുകയില്ലായിരുന്നു എന്ന്. അവർ

ഇതുമൂലം സൻമാർഗ്ഗം പ്രാപിച്ചിട്ടില്ലാത്ത സ്ഥിതിക്ക് ഇതൊരു പഴഞ്ചൻ നുണയാണ് എന്ന് അവർ പറഞ്ഞേക്കാം.)

ഈ നിസ്സാരൻമാരാണ് നിൻെറ അനുയായികൾ എന്നിരിക്കെ, ഉന്നതൻമാരും, ഭേദപ്പെട്ട വരുമായ ഞങ്ങൾ നിന്നെ പിൻപററുന്നത് ഉചിതമല്ല; അവരെ നീ പുറംതള്ളുന്നപക്ഷം, ഞങ്ങൾ വിശ്വസിച്ചുകൊള്ളാം എന്നാണ് ആ ജനത പറയുന്നത്. നൂഹ് (عليه السلام) നബിയുടെ ഉത്തരം അർത്ഥഗർഭമാണ്. എന്നിൽ വിശ്വസിച്ചിട്ടുള്ളവർ ഏതേതു വിഭാഗത്തിൽപെട്ടവരാണ്, അവർ എന്തെല്ലാമായിരുന്നു പ്രവർത്തിച്ചിരുന്നത് എന്നൊക്കെ എനിക്കെങ്ങിനെ അറിയും? അതറിയേണ്ടുന്ന ആവശ്യമോ ബാധ്യതയോ എനിക്കില്ല. അവർ സത്യവിശ്വാസം സ്വീകരിച്ചു വോ ഇല്ലേ എന്നുള്ളതാണ് എന്നെ സംബന്ധിച്ചേടത്തോളം പ്രശ്നം. അവരുടെ രഹസ്യങ്ങൾ അല്ലാഹു പരിശോധിച്ചുകൊള്ളും. ഏതായാലും സത്യവിശ്വാസികളായിത്തീർന്ന അവരെ പുറംതള്ളുവാൻ ഞാനൊരിക്കലും തയ്യാറില്ല, നിങ്ങളെ താക്കീതു ചെയ്യൽ മാത്രമാണ് എൻെറ കടമ. അത് ഞാൻ നിർവ്വഹിക്കുന്നു. ഇഷ്ടമുണ്ടെങ്കിൽ സ്വീകരിച്ചേക്കുക. സ്വീകരിച്ചാൽ അതിൻെറ ഗുണവും, ഇല്ലെങ്കിൽ അതിൻെറ ദോഷവും നിങ്ങൾക്കു തന്നെ. എന്നൊക്കെ യാണ് ആ മറുപടിയുടെ ഉള്ളടക്കം. പക്ഷെ, ആ അഹങ്കാരികളുണ്ടോ അവരുടെ പിടിവാശി ഉപേക്ഷിക്കുന്നു?! അവർ ഭീഷണിയിളക്കി:-

116 അവർ പറഞ്ഞു; ''നീ (ഇതിൽനിന്ന്) വിരമിക്കുന്നില്ലെങ്കിൽ-നൂഹേ-തീർച്ചയായും നീ എറിഞ്ഞാട്ടപ്പെടുന്നവരുടെ കൂട്ടത്തിലായിത്തീരും സൂക്ഷിച്ചുകൊള്ളുക) !''

قَالُوا۟ لَئِن لَّمْ تَنتَهِ يَـٰنُوحُ لَتَكُونَنَّ مِنَ ٱلْمَرْجُومِينَ ﴿١١٦﴾

116 قَالُوا അവർ പറഞ്ഞു. لَئِن لَّمْ تَنتَهِ നിശ്ചയമായും നീ വിരമിക്കുന്നില്ലെങ്കിൽ. يَا نُوحُ നൂഹേ. لَتَكُونَنَّ തീർച്ചയായും നീ ആയിത്തീരും. مِنَ الْمَرْجُومِينَ എറിഞ്ഞാട്ടപ്പെടുന്നവരിൽ, ആട്ടിഓടിക്കപ്പെടുന്ന വരിൽ, എറിഞ്ഞുകൊല്ലപ്പെടുന്നവരിൽ.

നൂഹ് (عليه السلام) നബി അദ്ദേഹത്തിൻെറ നാട്ടുകാരും കുടുംബങ്ങളുമായ ജനതയെ - ഒന്നും-പത്തുമല്ല-തൊള്ളായിരത്തി അമ്പത് കൊല്ലക്കാലം ഇടതടവില്ലാതെ തൗഹീദിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നിട്ടും ആ ജനതയിൽനിന്നുണ്ടായിത്തിർന്ന പ്രതികരണത്തിൻെറ അവ സാന രൂപമാണ് ഈ ആയത്തിൽ നാം കാണുന്നത്. അത്രയും കാലത്ത് നടന്ന ഒരു നീണ്ട ചരിത്രത്തിൻെറ രത്ന ചുരുക്കമാണ് ഇക്കഴിഞ്ഞ ചുരുക്കം ആയത്തുകളിൽ നാം വായിച്ചത്. ഇക്കാലത്തിനിടക്ക് അദ്ദേഹത്തിൻെറ പ്രബോധനം സ്വീകരിച്ച് സത്യവിശ്വാസം കൈക്കൊണ്ട വരാകട്ടെ, വളരെ കുറച്ചാളുകൾ മാത്രമായിരുന്നു (**وما أمن معه الا قليل –هود**) ഇനി, ആ ജനതയിൽ നിന്ന് യാതൊരു ആശക്കും വഴിയില്ലന്ന് ആ പ്രവാചകവര്യന് ബോധ്യം വന്നു

117 അദ്ദേഹം പറഞ്ഞു: ''എൻെറ രക്ഷിതാവേ, എൻെറ ജനങ്ങൾ എന്നെ വ്യാജമാക്കിയിരിക്കുന്നു!-''

قَالَ رَبِّ إِنَّ قَوْمِى كَذَّبُونِ ﴿١١٧﴾

118 ''ആകയാൽ, എനിക്കും അവർക്കുമിടയിൽ നീ ഒരു തുറന്ന തീരുമാനം ഏർപ്പെടുത്തിത്തരേണമേ! എന്നെയും, സത്യവിശ്വാസികളായി എൻെറ കൂടെയുള്ളവരെയും രക്ഷപ്പെടുത്തുകയും ചെയ്യേണമേ!''

فَٱفْتَحْ بَيْنِى وَبَيْنَهُمْ فَتْحًا وَنَجِّنِى وَمَن مَّعِىَ مِنَ ٱلْمُؤْمِنِينَ ﴿١١٨﴾

فَأَنجَيۡنَٰهُ وَمَن مَّعَهُۥ فِي ٱلۡفُلۡكِ ٱلۡمَشۡحُونِ ﴿١١٩﴾

119 അപ്പോൾ, അദ്ദേഹത്തെയും അദ്ദേഹത്തിൻെറ കൂടെയുള്ളവരെയും നിറക്കപ്പെട്ട കപ്പലിൽ നാം രക്ഷപ്പെടുത്തിക്കൊടുത്തു.

ثُمَّ أَغۡرَقۡنَا بَعۡدُ ٱلۡبَاقِينَ ﴿١٢٠﴾

120 പിന്നെ, ബാക്കിയുള്ളവരെ (അതിന്) ശേഷം നാം മുക്കി നശിപ്പിക്കുകയും ചെയ്തു.

إِنَّ فِي ذَٰلِكَ لَأٓيَةٗۖ وَمَا كَانَ أَكۡثَرُهُم مُّؤۡمِنِينَ ﴿١٢١﴾

121 നിശ്ചയമായും അതിൽ ഒരു (വലിയ) ദൃഷ്ടാന്തമുണ്ട്; അവരിൽ അധികമാളും വിശ്വസിക്കുന്നവരല്ല.

وَإِنَّ رَبَّكَ لَهُوَ ٱلۡعَزِيزُ ٱلرَّحِيمُ ﴿١٢٢﴾

122 നിശ്ചയമായും, നിൻെറ റബ്ബ് തന്നെയാണ് പ്രതാപശാലിയും, കരുണാനിധിയും.

---

117 قَالَ അദ്ദേഹം പറഞ്ഞു. رَبِّ എൻെറ രക്ഷിതാവേ. إِنَّ قَوْمِي നിശ്ചയമായും എൻെറ ജനത. كَذَّبُونِ എന്നെ വ്യാജമാക്കിയിരിക്കുന്നു. 118 فَافْتَحْ അതുകൊണ്ട് നീ തുറന്ന് (ഏർപ്പെടുത്തി) തരേണമേ. بَيْنِي എൻെറ ഇടയിലും. وَبَيْنَهُمْ അവരുടെ ഇടയിലും. فَتْحًا ഒരു തുറവി (തുറന്ന തീരുമാനം, വ്യക്തമായ വിധി) . وَنَجِّنِي എന്നെ രക്ഷിക്കുകയും വേണമേ. وَمَن مَّعِيَ എൻെറ കൂടെയുള്ളവരെയും. مِنَ الْمُؤْمِنِينَ സത്യവിശ്വാസികളായിട്ട്, മുഅ്മിനുകളിൽനിന്ന്. 119 فَأَنجَيْنَاهُ അപ്പോൾ നാം അദ്ദേഹത്തെ രക്ഷപ്പെടുത്തിക്കൊടുത്തു. وَمَن مَّعَهُ തൻെറ കൂടെയുള്ളവരെയും. فِي الْفُلْكِ കപ്പലിൽ. الْمَشْحُونِ നിറക്കപ്പെട്ട. 120 ثُمَّ പിന്നെ. أَغْرَقْنَا നാം മുക്കി, മുക്കി നശിപ്പിച്ചു. بَعْدُ ശേഷം, പിന്നീട്. الْبَاقِينَ ശോഷിച്ചവരെ, ബാക്കിയുള്ളവരെ. 121 إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട്. لَآيَةً ഒരു ദൃഷ്ടാന്തം. وَمَا كَانَ أَكْثَرُهُم അവരിൽ അധികമാളുകളല്ല. مُّؤْمِنِينَ വിശ്വസിക്കുന്നവർ, വിശ്വസിച്ചവർ. 122 وَإِنَّ رَبَّكَ നിശ്ചയമായും നിൻെറ റബ്ബ്. لَهُوَ الْعَزِيزُ അവൻ തന്നെയാണ് പ്രതാപശാലി. الرَّحِيمُ കരുണാനിധി.

സത്യവിശ്വാസത്തിൻെറ വിജയത്തിനും, അവിശ്വാസത്തിൻെറയും ധിക്കാരത്തിൻെറയും പരാജയത്തിനും, വ്യക്തവും പരസ്യവുമായ ഒരു ദൃഷ്ടന്തം ആയിത്തീരുമാറ് ഒരു തുറന്ന തീരുമാനം ഉണ്ടാക്കിത്തരേണമേ എന്ന് നൂഹ് (عليه السلام) നബി അവസാനം അല്ലാഹുവോട് പ്രാർത്ഥിച്ചു. ആല്ലാഹു അത് സ്വീകരിച്ചു. കൽപന പ്രകാരം അദ്ദേഹം ഒരു വലിയ കപ്പൽ നിർമ്മിച്ചു. തൻെറ കൂടെ സത്യവിശ്വാസികളായിരുന്നവരെ മുഴുവനും അതിൽ കയറ്റി. അദ്ദേഹത്തിൽ വിശ്വസിച്ചിരുന്നവർ ആകെ 80 പേരായിരുന്നുവെന്നും, അതിൽ പകുതി സ്ത്രീകളായിരുന്നുവെന്നും പറയപ്പെട്ടു കാണുന്നു. الله اعلم നാടാകെ മുങ്ങിനശിച്ച ഒരു മഹാജലപ്രളയമുണ്ടായി. കപ്പലിലുള്ളവർ മാത്രം രക്ഷപ്പെടുകയും, മറ്റുള്ളവരെല്ലാം അതിൽ മുങ്ങി നശിക്കുകയും ചെയ്തു.

ഈ സംഭവത്തിൻെറ വിശദവിവരം സൂ: അഅ്റാഫ്, ഹൂദ്, നൂഹ് എന്നിവയിൽ പ്രസ്ഥാവിക്കപ്പെട്ടിരിക്കുന്നു. തുടർന്നുള്ള ആയത്തുകളിൽ ഹൂദ് (عليه السلام) നബിയുടെ വൃത്താന്തം ആരംഭിക്കുന്നു:-

വിഭാഗം-7

كَذَّبَتۡ عَادٌ ٱلۡمُرۡسَلِينَ ﴿١٢٣﴾

123 'ആദ്' (ഗോത്രം) മുർസലുകളെ [ദൈവദൂതൻമാരെ] വ്യാജമാക്കി;

إِذۡ قَالَ لَهُمۡ أَخُوهُمۡ هُودٌ أَلَا تَتَّقُونَ ﴿١٢٤﴾

124 -അവരുടെ സഹോദരൻ ഹൂദ് അവരോട് പറഞ്ഞപ്പോൾ: ''നിങ്ങൾ സൂക്ഷിക്കുന്നി

ല്ലേ?!''

125 ''നിശ്ചയമായും, ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ റസൂലാകുന്നു.'

إِنِّي لَكُمْ رَسُولٌ أَمِينٌ ﴿١٢٥﴾

126 ''അതുകൊണ്ട് നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

فَٱتَّقُواْ ٱللَّهَ وَأَطِيعُونِ ﴿١٢٦﴾

127 ''അതിൻെറ പേരിൽ ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല; എൻെറ പ്രതിഫലം, ലോകരക്ഷിതാവിൻെറ മേൽ അല്ലാതെ (മറ്റാർക്കും ബാധ്യത) ഇല്ല.''

وَمَآ أَسۡـَٔلُكُمۡ عَلَيۡهِ مِنۡ أَجۡرٍۖ إِنۡ أَجۡرِيَ إِلَّا عَلَىٰ رَبِّ ٱلۡعَٰلَمِينَ ﴿١٢٧﴾

128 ''നിങ്ങൾ നേരമ്പോക്ക് കാണിച്ചുകൊണ്ട് (വൃഥാ) എല്ലാ മേടുകളിലും അടയാളസ്തംഭം കെട്ടി (നിർമ്മിച്ചു) വരുകയാണോ?!''

أَتَبۡنُونَ بِكُلِّ رِيعٍ ءَايَةٗ تَعۡبَثُونَ ﴿١٢٨﴾

129 ''നിങ്ങൾ നിത്യവാസം ചെയ്തേക്കാമെന്ന ഭാവേന നിങ്ങൾ വൻകെട്ടിടങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു?!''

وَتَتَّخِذُونَ مَصَانِعَ لَعَلَّكُمۡ تَخۡلُدُونَ ﴿١٢٩﴾

130 ''നിങ്ങൾ കയ്യൂക്ക് നടത്തുക [എതിർക്കുക] യാണെങ്കിൽ, നിഷ്ഠൂരൻമാരായ നിലയിൽ കയ്യൂക്ക് നടത്തുകയും [പിടികൂടുകയും] ചെയ്യുന്നു!''

وَإِذَا بَطَشۡتُم بَطَشۡتُمۡ جَبَّارِينَ ﴿١٣٠﴾

131 ''ആകയാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, എന്നെ അനുസരിക്കുകയും ചെയ്യുവിൻ.''

فَٱتَّقُواْ ٱللَّهَ وَأَطِيعُونِ ﴿١٣١﴾

132 ''നിങ്ങൾക്കറിയാവുന്നതുകൊണ്ട് നിങ്ങൾക്ക് സഹായം നൽകിയിട്ടുള്ളവനെ [അല്ലാഹുവിനെ] നിങ്ങൾ സൂക്ഷിക്കുവിൻ;''

وَٱتَّقُواْ ٱلَّذِيٓ أَمَدَّكُم بِمَا تَعۡلَمُونَ ﴿١٣٢﴾

133 ''കന്നുകാലികളെ [ആടുമാടൊട്ടകങ്ങളെ] യും, മക്കളെയുംകൊണ്ട് അവൻ നിങ്ങൾക്ക് സഹായം നൽകിയിരിക്കുന്നു.''

أَمَدَّكُم بِأَنۡعَٰمٖ وَبَنِينَ ﴿١٣٣﴾

134 ''തോപ്പുകൾകൊണ്ടും നീരുറവകൾകൊണ്ടും (സഹായം നൽകിയിരിക്കുന്നു) ''

وَجَنَّٰتٖ وَعُيُونٍ ﴿١٣٤﴾

135 ''നിശ്ചയമായും ഒരു വമ്പിച്ച ദിവസത്തിലെ ശിക്ഷ നിങ്ങളുടെമേൽ ഞാൻ ഭയപ്പെടുന്നു!''

إِنِّيٓ أَخَافُ عَلَيۡكُمۡ عَذَابَ يَوۡمٍ عَظِيمٖ ﴿١٣٥﴾

---

123 كَذَّبَتْ عَادٌ ആദ് വ്യാജമാക്കി. الْمُرْسَلِينَ മുർസലുകളെ. 124 إِذْ قَالَ لَهُمْ അവരോട് പറഞ്ഞപ്പോൾ. أَخُوهُمْ هُودٌ അവരുടെ സഹോദരൻ ഹൂദ്. أَلَا تَتَّقُونَ നിങ്ങൾ സൂക്ഷിക്കുന്നില്ലേ. 125 إِنِّي നിശ്ചയമായും ഞാൻ. لَكُمْ നിങ്ങൾക്ക്. رَسُولٌ أَمِينٌ വിശ്വസ്തനായ റസൂലാകുന്നു. 126 فَاتَّقُوا اللهَ അതുകൊണ്ട് നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ. وَأَطِيعُونِ എന്നെ അനുസരിക്കുകയും ചെയ്യുവിൻ. 127 وَمَا أَسْأَلُكُمْ ഞാൻ നിങ്ങളോട് ചോദിക്കുന്നില്ല. عَلَيْهِ അതിന്, അതിൻെറപേരിൽ. مِنْ أَجْرٍ യാതൊരു പ്രതിഫലവും. إِنْ أَجْرِيَ എൻെറ പ്രതിഫലം അല്ല. إِلاَّ അല്ലാതെ, ഒഴികെ. عَلَى മേൽ,

പേരിൽ. رَبِّ الْعَالَمِينَ ലോകരക്ഷിതാവിൻെറ. 128 أَتَبْنُونَ നിങ്ങൾ കെട്ടിയുണ്ടാക്കുന്നുവോ, കെട്ടിട മുണ്ടാക്കുന്നുവോ. بِكُلِّ رِيعٍ എല്ലാ മേടുകളിലും, ഉയർന്ന കുന്നുകളിലും. آيَةً അടയാളം (അടയാ ളസ്തംഭം) . تَعْبَثُونَ നിങ്ങൾ നേരമ്പോക്ക് കാണിച്ചുകൊണ്ട്, വൃഥാ വേല ചെയ്തുകൊണ്ട്, വിള യാടുന്ന നിലയിൽ. 129 وَتَتَّخِذُونَ നിങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. مَصَانِعَ വൻകെട്ടിടങ്ങൾ (കൊട്ടാര മന്ദിരങ്ങൾ മുതലായവ) . لَعَلَّكُمْ നിങ്ങളായേക്കാമെന്ന നിലയിൽ, ആകമെന്ന ഭാവ ത്തിൽ. تَخْلُدُونَ നിത്യവാസം ചെയ്യുന്ന, ശാശ്വസരായിരിക്കുന്ന(വർ) . 130 وإِذَا بَطَشْتُمْ നിങ്ങൾ കയ്യൂക്ക് നടത്തിയാൽ, പിടികൂടിയാൽ, എതിർത്താൽ. بَطَشْتُمْ നിങ്ങൾ കയ്യൂക്ക് നടത്തുന്ന താണ്, എതിർക്കുന്നതാണ്,. جَبَّارِينَ നിഷ്ഠൂരൻമാരായിക്കൊണ്ട്, സേച്ഛാധിപൻമാരായിട്ട്. 131 فَاتَّقُوا اللهَ അതുകൊണ്ട് അല്ലാഹുവിനെ സൂക്ഷിക്കുവിൻ. وَأَطِيعُونِ എന്നെ അനുസരിക്കുകയും ചെയ്യുവിൻ. 132 وَاتَّقُوا നിങ്ങൾ സൂക്ഷിക്കുവിൻ. الَّذِي യാതൊരുവനെ. أَمَدَّكُم നിങ്ങൾക്കവൻ സഹായം നൽകിയിരിക്കുന്നു. بِمَا تَعْلَمُونَ നിങ്ങൾക്കറിയാവുന്നതുകൊണ്ട്. 133 أَمَدَّكُم നിങ്ങൾക്ക വൻ സഹായം നൽകിയിരിക്കുന്നു. بِأَنْعَامٍ കന്നുകാലികളെക്കൊണ്ട്, ആടുമാടൊട്ടകത്തിൽ. وَبَنِينَ മക്കളെയും. 134 وَجَنَّاتٍ തോപ്പുകളെയും തോട്ടങ്ങളെയും. وَعُيُونٍ നീരുറവുകളെയും, അരുവിക ളെയും. 135 إِنِّي നിശ്ചയമായും ഞാൻ. أَخَافُ ഞാൻ ഭയപ്പെടുന്നു. عَلَيْكُمْ നിങ്ങളുടെ മേൽ, നിങ്ങ ളിൽ. عَذَابَ يَوْمٍ ഒരു ദിവസത്തിലെ ശിക്ഷ. عَظِيمٍ വമ്പിച്ച.

യമൻ പ്രദേശങ്ങളിൽപ്പെട്ട ഹസ്രമൂത്തി (حضر موت) ന്നടുത്ത് വടക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്നതും അഹ്ഖാഫ് (الاحقاف) എന്ന പേരിൽ അറിയപ്പെടുന്നതുമായ സ്ഥലങ്ങളാ യിരുന്നു ആദ് സമുദായക്കാരുടെ വാസസ്ഥലം. ഇന്നവിടെ മണൽക്കാടായിക്കിടക്കുകയാണ്. അതിന് വടക്കുഭാഗത്തായി 'റുബ് ഉൽഖാലി' (الربع الخالى) എന്ന പ്രസിദ്ധമായ അറേബ്യൻ മരു ഭൂമിയും സ്ഥിതിചെയ്യുന്നു വമ്പിച്ച തോട്ടങ്ങൾ, അരുവികൾ, കൃഷിസ്ഥലങ്ങൾ ആദിയാ യവയാൽ ഫലഭൂയിഷ്ടമായിരുന്ന ആ രാജ്യം ഇപ്പോൾ ജനശൂന്യമായിക്കിടക്കുകയാണ്.

നൂഹ് (عليه السلام) നബിയുടെ ജനതക്ക് ശേഷം നിലവിൽ വന്ന ഒരു സമുദായമാണ് ആദുഗോത്രം എന്ന് സൂ: അത്ത്റഫ്: 69ൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ, അത് ഇബ്റാഹീം (عليه السلام) നബിക്ക് മമ്പോ പിമ്പോ എന്ന് ഖണ്ഡിതമായി അറിയപ്പെടുന്നില്ല. മുമ്പായിരുന്നുവെന്നാണ് പലരും പറഞ്ഞുകാണുന്നത്. കയ്യൂക്കിലും മെയ്യൂക്കിലും വളരെ കവിഞ്ഞു നിന്നിരുന്ന അവർ പരുത്ത ദേഹമുള്ളവരുമായിരുന്നു. ഇന്ത്യാ, തുർക്കിസ്ഥാൻ മുതലായ, വിദൂരരാജ്യങ്ങളുമായി അവർ കച്ചവടം നടത്തിയിരുന്നുവത്രെ. ഉയർന്ന് പൊന്തി നിൽക്കുന്ന മേടുകളിൽ വലിയ വലിയ സംതഭങ്ങൾ കെട്ടിപ്പൊക്കുകയും, കൊട്ടാരസമാന മായ വമ്പിച്ച മന്ദിരങ്ങൾ, അണക്കെട്ടുകൾ, വെള്ളത്താവളങ്ങൾ മുതലായവ നിർമ്മിക്കുകയും അവരുടെ പതിവായിരുന്നു. ഇതെല്ലാം ഉപയോഗത്തെയോ, ആവശ്യത്തെയോ, അടിസ്ഥാന മാക്കിയല്ല കേവലം നേരംമ്പാക്കിനും അഭിമാനത്തിനും വേണ്ടിമാത്രമായിരുന്നു.

ആദ് സമുദായം വിഗ്രഹാരാധനയിൽ മുഴുകിയിരുന്ന അവസരത്തിലാണ് ഹൂദ് നബി (عليه السلام) അവരിലേക്ക് റസൂലായി നിയോഗിക്കപ്പെട്ടത്. മേൽകണ്ടപ്രകാരം അദ്ദേഹം അവരെ കഴിയുന്നത്ര ഉപദേശിച്ചുനോക്കി. നിഷ്ഠൂര ബുദ്ധികളായിരുന്ന അവരിൽനിന്നുണ്ടായ മറുപടയുടെ ചുരുക്കം ഇതായിരുന്നു:

قَالُوا۟ سَوَآءٌ عَلَيْنَآ أَوَعَظْتَ أَمْ لَمْ تَكُن مِّنَ ٱلْوَٰعِظِينَ ﴿١٣٦﴾

136 അവർ പറഞ്ഞു: ''(ഹൂദേ) നീ സദുപദേശം നൽകിയോ, അല്ലെങ്കിൽ നീ ഉപദേഷ്ടാക്കളിൽ പെട്ടവനായില്ലയോ, ഞങ്ങളെ സംബന്ധിച്ച് (രണ്ടും) സമമാകുന്നു.''

إِنۡ هَـٰذَآ إِلَّا خُلُقُ ٱلۡأَوَّلِينَ ﴿١٣٧﴾

137 ''ഇത് മുൻകഴിഞ്ഞവരുടെ സമ്പ്രദായമല്ലാതെ (മറ്റൊന്നും) അല്ല.''

وَمَا نَحۡنُ بِمُعَذَّبِينَ ﴿١٣٨﴾

138 ''(നീ താക്കീത് ചെയ്യുന്നതുപോലെ) ഞങ്ങൾ ശിക്ഷിക്കപ്പെടുന്നവരല്ലതന്നെ''.

136 قَالُوا അവർ പറഞ്ഞു. سَوَاءٌ عَلَيْنَا ഞങ്ങളിൽ (ഞങ്ങളെ സംബന്ധിച്ച്) സമമാണ്. أَوَعَظْتَ നീ സദുപദേശം ചെയ്തുവോ. أَمْ لَمْ تَكُن അല്ലെങ്കിൽ നീ ആയില്ലയോ. مِّنَ الْوَاعِظِينَ സദുപദേശം നൽകുന്നവരിൽ. 137 إِنْ هَذَا ഇതല്ല. إِلَّا خُلُقُ സ്വഭാവമല്ലാതെ, സമ്പ്രദായമല്ലാതെ. الْأَوَّلِينَ മുൻകഴിഞ്ഞവരുടെ, ആദ്യത്തെ കൂട്ടരുടെ, മുൻഗാമികളുടെ. 138 وَمَا نَحْنُ ഞങ്ങളല്ല. بِمُعَذَّبِينَ ശിക്ഷിക്കപ്പെടുന്നവർ.

ഹൂദേ, നീ വൃഥാ ഞങ്ങളെ ഉപദേശിച്ച് ബുദ്ധിമുട്ടേണ്ടതില്ല നീ ഉപദേശിച്ചാലും, ഇല്ലങ്കിലും ഞങ്ങൾ ഞങ്ങളുടെ ഈ സമ്പ്രദായത്തിൽ നിന്ന് പന്മാറുവാൻ പോകുന്നില്ല, ഇത് ഞങ്ങൾ പുത്തനായി സ്വീകരിച്ചതൊന്നുമല്ല. പൂർവ്വപിതാക്കളായിട്ടേ സ്വീകരിച്ചുവരുന്നതാണ്. അവർ ജീവിച്ചു മരണപ്പെട്ടുപോയതുപോലെ ഞങ്ങളും ജീവിക്കുകയും മരിക്കുകയും ചെയ്യും. എന്നല്ലാതെ ഒരു പുനർജീവിതമോ, ശിക്ഷാനടപടിയോ ഒന്നും ഉണ്ടാകുവാൻ പോകുന്നില്ല. എന്നൊക്കെയാണ് അവരുടെ മറുപടി. സൂ: ഹൂദിൽ ഇവരെപ്പറ്റി അല്ലാഹു ഇങ്ങിനെ പറഞ്ഞുകാണാം,

قالوا يا هود ما جئتنا ببينة ومانحن بتاركى الهتنا عن قولك وما نحن لك بمؤ منين –هود ٥٣

(അവർ പറഞ്ഞു: ഹൂദേ, നീ ഞങ്ങൾക്ക് ഒരു തെളിവും കൊണ്ടുവന്നിട്ടില്ല. നിൻെറ വാക്കിനാൽ ഞങ്ങൾ ഞങ്ങളുടെ ദൈവങ്ങളെ - ആരാധ്യവസ്തുക്കളെ - ഉപേക്ഷിക്കുന്നവരല്ല. ഞങ്ങൾ നിന്നെ വിശ്വസിക്കുന്നവരുമല്ല.)

ഇമാം ഇബ്നുജരീർ (رحمه الله) പറഞ്ഞതുപോലെ, ഇവരും മക്കാമുശ്രിക്കുകളുടെ മാതിരി ലോകത്തിനൊരു സൃഷ്ടാവും രക്ഷിതാവുമുണ്ടെന്ന വിശ്വാസക്കരായിരുന്നുവെന്നാണ് മനസ്സിലാക്കേണ്ടത്-അഥവാ, നിരീശ്വരവാദികളായിരുന്നില്ല. ഞങ്ങളുടെ നടപടികൾ മുൻഗാമികളുടെ നടപടികൾ തന്നെയാണെന്നും , അതുമൂലം ഞങ്ങൾക്ക് ശിക്ഷബാധിക്കാൻ പോകുന്നില്ലന്നും പറയുവാൻ കാരണം അതാണ്. വിഗ്രഹങ്ങൾ അല്ലാഹുവിൻെറ മുമ്പിൽ തങ്ങൾക്ക് ശുപാർശചെയ്യുമെന്ന് ഇവരും വിശ്വസിച്ചിരുന്നു. അതിനായി ഇവരും വിഗ്രഹാരാധന നടത്തിവന്നു.

فَكَذَّبُوهُ فَأَهۡلَكۡنَـٰهُمۡۗ إِنَّ فِي ذَٰلِكَ لَأٓيَةٗۖ وَمَا كَانَ أَكۡثَرُهُم مُّؤۡمِنِينَ ﴿١٣٩﴾

139 അങ്ങനെ, അവർ അദ്ദേഹത്തെ കളവാക്കി. അതിനാൽ, അവരെ നാം [അല്ലാഹു] നശിപ്പിച്ചു. നിശ്ചയമായും, അതിൽ ഒരു (വലിയ) ദൃഷ്ടാന്തം ഉണ്ട്. അവരിൽ, അധികമാളും വിശ്വസിക്കുന്നവരല്ല.

وَإِنَّ رَبَّكَ لَهُوَ ٱلۡعَزِيزُ ٱلرَّحِيمُ ﴿١٤٠﴾

140 നിശ്ചയമായും, നിൻെറ രക്ഷിതാവുതന്നെയാണ് പ്രതാപശാലിയും, കരുണാനിധിയും.

139 فَكَذَّبُوهُ അങ്ങനെ അവരദ്ദേഹത്തെ കളവാക്കി, വ്യാജമാക്കി. فَأَهْلَكْنَاهُمْ അപ്പോൾ നാമവരെ നശിപ്പിച്ചു. إِنَّ فِي ذَلِكَ നിശ്ചയമായും അതിലുണ്ട്. لَآيَةً ഒരു ദൃഷ്ടാന്തം. وَمَا كَانَ ആയില്ല, അല്ല. أَكْثَرُهُم അവരിൽ അധികവും, മിക്കവരും. مُّؤْمِنِينَ വിശ്വസിക്കുന്നവർ, വിശ്വാസികൾ. 140 وَإِنَّ رَبَّكَ നിശ്ചയമായും നിൻെറ റബ്ബ്. لَهُوَ അവൻതന്നെ. الْعَزِيزُ പ്രതാപശാലി. الرَّحِيمُ കരുണാനിധി.

ആദ് സമുദായത്തിന് ബാധിച്ച ശിക്ഷ അതിഘോരമായ കാറ്റായിരുന്നു. ഏഴു രാത്രിയും ഏട്ടു പകലും നീണ്ടുനിന്ന ഭയങ്കര കൊടുങ്കാറ്റ്! ദീർഘകായന്മാരായിരുന്ന അവരെല്ലാം, ഈത്തപ്പന കടപുഴകി വീണകണക്കെ, അതിൽ വീണടിഞ്ഞു നശിച്ചുപോയി! കാറ്റ് തട്ടിയ വസ്തുക്കളെല്ലാം നശിച്ച് ദ്രവിച്ച് തുരുമ്പുകളായിത്തീരുകയും ചെയ്തു. അങ്ങിനെ ആ സമുദായം പാടെ നാമാവശേഷമായിപ്പോയി!. (فهل ترى لهم من باقية –الحاقة)

വിഭാഗം-8

141 ‘ഥമൂദ്’ (ഗോത്രം) ദൈവദൂതൻമാരെ [മുർസലുകളെ] വ്യാജമാക്കി:

كَذَّبَتْ ثَمُودُ ٱلْمُرْسَلِينَ ﴿١٤١﴾

142 -അവരുടെ സഹോദരൻ സ്വാലിഹ് അവരോട് പറഞ്ഞപ്പോൾ: “നിങ്ങൾ സൂക്ഷിക്കുന്നില്ലേ?!”

إِذْ قَالَ لَهُمْ أَخُوهُمْ صَٰلِحٌ أَلَا تَتَّقُونَ ﴿١٤٢﴾

143 ‘നിശ്ചയമായും, ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ റസൂലാകുന്നു.’

إِنِّى لَكُمْ رَسُولٌ أَمِينٌ ﴿١٤٣﴾

144 ‘അതുകൊണ്ട് നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, എന്നെ അനുസരിക്കുകയും ചെയ്യുവിൻ.’

فَٱتَّقُوا۟ ٱللَّهَ وَأَطِيعُونِ ﴿١٤٤﴾

145 ‘അതിൻെറ പേരിൽ ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല; എൻെറ പ്രതിഫലം, ലോകരക്ഷിതാവിൻെറമേൽ അല്ലാതെ (മറ്റാർക്കും ബാധ്യത) ഇല്ല.’

وَمَآ أَسْـَٔلُكُمْ عَلَيْهِ مِنْ أَجْرٍ ۖ إِنْ أَجْرِىَ إِلَّا عَلَىٰ رَبِّ ٱلْعَٰلَمِينَ ﴿١٤٥﴾

146 ഇവിടെയുള്ളതിൽ [ഭൗതികസുഖങ്ങളിൽ] നിങ്ങൾ നിർഭയരായ നിലയിൽ വിട്ടേക്കപ്പെടുന്നതാണോ?!’

أَتُتْرَكُونَ فِى مَا هَٰهُنَآ ءَامِنِينَ ﴿١٤٦﴾

147 ‘അതായത്, തോപ്പുകളിലും നീരുറവകളിലും,-’

فِى جَنَّٰتٍ وَعُيُونٍ ﴿١٤٧﴾

148 ‘വിളകളിലും, (പഴങ്ങളുടെ ഭാരത്താൽ) കുലയൊടിഞ്ഞു വീഴാറായ ഈത്തപ്പനകളിലും?!’

وَزُرُوعٍ وَنَخْلٍ طَلْعُهَا هَضِيمٌ ﴿١٤٨﴾

149 ‘ആഹ്ലാദചിത്തരായുംകൊണ്ട് നിങ്ങൾ മലകളിൽ നിന്നും (പാറ) വെട്ടിത്തുരന്ന് വീടുണ്ടാക്കുകയും ചെയ്യുന്നു!’

وَتَنْحِتُونَ مِنَ ٱلْجِبَالِ بُيُوتًا فَٰرِهِينَ ﴿١٤٩﴾

150 “ആകയാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, എന്നെ അനുസരിക്കുകയും ചെയ്യുവിൻ.”

فَٱتَّقُوا۟ ٱللَّهَ وَأَطِيعُونِ ﴿١٥٠﴾

151 ‘അതിക്രമികളുടെ കൽപന നിങ്ങൾ അനുസരിക്കുകയും അരുത്;-’

وَلَا تُطِيعُوٓا۟ أَمْرَ ٱلْمُسْرِفِينَ ﴿١٥١﴾

152 “അതായത്, നാട്ടിൽ കുഴപ്പമുണ്ടാക്കുകയും, (നാട്) നന്നാക്കാതിരിക്കുകയും ചെയ്യുന്നവരുടെ (കൽപന) .”

ٱلَّذِينَ يُفْسِدُونَ فِى ٱلْأَرْضِ وَلَا يُصْلِحُونَ ﴿١٥٢﴾

141 كَذَّبَتْ ثَمُودُ ഥമൂദ് വ്യാജമാക്കി. الْمُرْسَلِينَ മുർസലുകളെ. 142 إِذْ قَالَ لَهُمْ അവരോട് പറഞ്ഞപ്പോൾ. أَخُوهُمْ صَالِحٌ അവരുടെ സഹോദരൻ സ്വാലിഹ്. أَلاَ تَتَّقُونَ നിങ്ങൾ സൂക്ഷിക്കുന്നില്ലേ. 143 إِنِّي لَكُمْ നിശ്ചയമായും ഞാൻ നിങ്ങൾക്ക്. رَسُولٌ أَمِينٌ വിശ്വസ്തനായ റസൂലാണ്. 144 فَاتَّقُوا اللهَ ആകയാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ. وَأَطِيعُونِ എന്നെ അനുസരിക്കുകയും ചെയ്യുവിൻ. 145 وَمَا أَسْأَلُكُمْ നിങ്ങളോട് ഞാൻ ചോദിക്കുന്നില്ല. عَلَيْهِ അതിന്, അതിൻെറ പേരിൽ. مِنْ أَجْرٍ ഒരു പ്രതി ഫലവും. إِنْ أَجْرِيَ എൻെറ പ്രതിഫലമല്ല. إِلاَّ അല്ലാതെ, ഒഴികെ,. عَلَى رَبِّ الْعَالَمِينَ ലോകരക്ഷിതാവിൻെറ മേൽ. 146 أَتُتْرَكُونَ നിങ്ങൾ വിട്ടേക്കപ്പെടുമോ, ഉപേക്ഷിച്ചുവിടപ്പെടുമോ. فِي مَا هَهُنَا ഇവിടെയുള്ളതിൽ. آمِنِينَ നിർഭയരായിക്കൊണ്ട്, വിശ്വസ്തരായിക്കൊണ്ട്. 147 فِي جَنَّاتٍ തോപ്പുകളിലായിട്ട്. وَعُيُونٍ നീരുറവുകളിലും. 148 وَزُرُوعٍ വിളകളിലും, കൃഷികളിലും. وَنَخْلٍ ഈത്തപ്പനകളിലും. طَلْعُهَا അവയുടെ കുല. هَضِيمٌ ഒടിഞ്ഞു തൂങ്ങിയതാണ്, ഒടിഞ്ഞു വിഴാറായതാണ്. 149 وَتَنحِتُونَ നിങ്ങൾ വെട്ടിത്തുറക്കുന്നു തുറന്നുണ്ടാക്കുന്നു, ശിൽപ വേല ചെയ്യുന്നു. مِنَ الْجِبَالِ മലകളിൽ നിന്ന്. بُيُوتًا വീടുകളെ, ചില വീടുകളെ. فَارِهِينَ ആഹ്ലാദചിത്തരായി, സുഖലോലുപൻമാരായി. 150 فَاتَّقُوا اللهَ ആകയാൽ അല്ലാഹുവിനെ സൂക്ഷിക്കുവിൻ . 151 وَأَطِيعُونِ എന്നെ അനുസരിക്കുകയും ചെയ്യുവിൻ. وَلاَ تُطِيعُوا നിങ്ങൾ അനുസരിക്കുകയുമരുത്. أَمْرَ الْمُسْرِفِينَ അതിക്രമികളുടെ കൽപന, അതിരുകടന്നവരുടെ നിർദ്ദേശം.. 152 الَّذِينَ യാതൊരുകൂട്ടർ. يُفْسِدُونَ അവർ കുഴപ്പമുണ്ടാക്കുന്നു, നാശമുണ്ടാക്കുന്നു. فِي الْأَرْضِ ഭൂമിയിൽ, നാട്ടിൽ. ³\ وَلاَ يُصْلِحُونَമയുണ്ടാക്കുന്നുമില്ല, നന്നാക്കുകയുമില്ല.

ഹിജാസിൽനിന്ന് സിറിയയിലേക്ക് പോകുന്ന ഒട്ടകപ്പാതയിൽ സ്ഥിതിചെയ്യുന്ന രാജ്യമായിരുന്നു പ്രാചീന ഗോത്രമായ 'ഥമൂദി'ൻെറ വാസ സ്ഥലം, അൽഹിജ്ർ الحجر എന്നും 'മദാഇനുസ്വാലിഹ്' (സ്വാലിഹിൻെറ പട്ടണങ്ങൾ= مدائن صالح) എന്നും ഇതിന് പേർ പറയുന്നു. മദീനായിൽനിന്ന് വടക്ക് സുമാർ 180 നാഴികയും, തബൂക്കിൽനിന്ന് തെക്കുകിഴക്ക് ഏകദേശം 170 നാഴികയും അകലെയായി അത് സ്ഥിതിചെയ്യുന്നു. മിക്ക ഭാഗവും മലമ്പാറകളാൽ ആവൃതമാണ്. ക്രിസ്താബ്ദം 1880-ൽ അറബി രാജ്യങ്ങൾ സന്ദർശിച്ച ഡൗട്ടി (*) എന്ന ഒരു യൂറോപ്പ്യൻ സഞ്ചാരി, ആ രാജ്യങ്ങളെ സംബന്ധിച്ചെഴുതിയ ഗ്രന്ഥത്തിൽ അൽഹിജ്റിൻെറ ഒരു വിവരണം രേഖപ്പെടുകത്തിയിട്ടുണ്ട്.

മലമ്പാറകൾ വെട്ടി നിർമിച്ച വീടുകൾ, ക്ഷേത്രങ്ങൾ, ദർബാറുകൾ മുതലായവയുടെ അവശിഷ്ടങ്ങൾ താഴെ പറയുന്ന പ്രകാരം സ്വാലിഹ് (عليه السلام) നബിയുടെ ഒട്ടകത്തെ അവിശ്വാസികൾ അപകടപ്പെടുത്തിയ സ്ഥലം (مبرك الناقة= ഒട്ടകം മുട്ടുകുത്തിയ സ്ഥലം) അത് വെള്ളം കുടിച്ചിരുന്ന കിണർ മുതലായവ ഇന്നും കാണാവുന്നതായി ആ ചരിത്ര ഗവേഷകൻ രേഖപ്പെടുത്തിയിരിക്കുന്നു. എത്രയോ കൊല്ലങ്ങൾക്ക് മമ്പു തന്നെ അറബികൾ ദൂരദേശങ്ങളുമായി കച്ചവടം നടത്തിയിരുന്നു. സുദീർഘമായ ഒട്ടകമാർഗങ്ങളിലൂടെയായിരുന്നു അത്. അറേബ്യാ ഉപഭൂഖഡത്തിൻെറ തെക്കേ അറ്റത്ത് യമനിൽനിന്നു തുടങ്ങി മക്കാ, മദീന, തബൂക്ക്, മദാഇൻ, ലൂത്ത് (عليه السلام) നബിയുടെ രാജ്യങ്ങൾ എന്നീ പ്രദേശങ്ങൾ വഴി അത് മആനി معان ൽ എത്തുന്നു. അനന്തരം ഒരു ശാഖ ഈജിപ്തിലേക്കും മറ്റേത് നേരെ ദിമിശ്ഖി دمشق -ഡമാസ്ക്കസ്) ലേക്കും പിരിഞ്ഞുപോകുന്നു. ഈ പാത കേവലം ഒരു വാണിജ്യമാർഗം മാത്രമല്ല, അറബികളുടെ പൊതുവായ ഹജ്ജുമാർഗം درب الحج കൂടിയാണ്. അതുകൊണ്ടാണ്, ലൂത്ത് (عليه السلام) നബി സ്വാലിഹ് (عليه السلام) നബി എന്നിവരുടെ സമുദായങ്ങളുടെ ചരിത്രം പറയുമ്പോൾ, അറബികൾക്ക് പരിചയമുള്ള സ്ഥലങ്ങളെന്ന നിലക്ക് ഖുർആൻ അവയെ വിവരിക്കുന്നതും ഓർമ്മിപ്പിക്കുന്നതും.

---

* C. M. Doughty

നബി (ﷺ) തിരുമേനി ഒരിക്കൽ ആ നാട്ടിനടുത്തുകൂടി പോയപ്പോൾ, അല്ലാഹുവിൻെറ ശാപത്തിന് ഇരയായ നാട്ടിൽ കരഞ്ഞുകൊണ്ടല്ലാതെ നിങ്ങൾ പ്രവേശിക്കരുതെന്ന് സഹാബികളെ ഉപദേശിക്കുകയുണ്ടായി . ഭൗതികമായ ആർഭാടങ്ങളിലും, ആഡംബര ജീവിതത്തിലും, മുഴുകിയിരുന്ന ഈ സമുദായവും, വിഗ്രഹാരാധനക്കാരായിരുന്നു. ഇതര സമുദായങ്ങളെപ്പോലേത്തന്നെ അവരും തങ്ങളുടെ പ്രവാചകനോട് പെരുമാറി:-

قَالُوٓاْ إِنَّمَآ أَنتَ مِنَ ٱلۡمُسَحَّرِينَ ﴿١٥٣﴾

153 അവർ പറഞ്ഞു: ‘‘നിശ്ചയമായും നീ ആഭിചാരബാധിതരിൽ പെട്ടവൻ തന്നെയാണ്.’

مَآ أَنتَ إِلَّا بَشَرٞ مِّثۡلُنَا فَأۡتِ بِـَٔايَةٍ إِن كُنتَ مِنَ ٱلصَّـٰدِقِينَ ﴿١٥٤﴾

154 ‘‘നീ ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനല്ലാതെ (മറ്റൊന്നും) അല്ല. ആകയാൽ, നീ സത്യവാൻമാരിൽ പെട്ടവനാണെങ്കിൽ, ഒരു ദൃഷ്ടാന്തം കൊണ്ടുവാ?’’

قَالَ هَـٰذِهِۦ نَاقَةٞ لَّهَا شِرۡبٞ وَلَكُمۡ شِرۡبُ يَوۡمٖ مَّعۡلُومٖ ﴿١٥٥﴾

155 അദ്ദേഹം പറഞ്ഞു: ‘‘ഇതാ (ദൃഷ്ടാന്തമായി) ഒരൊട്ടകം! ഒരു (ദിവസത്തെ) വെള്ളം കുടി അതിനും, ഒരു നിശ്ചിത ദിവസത്തെ വെള്ളം കുടി നിങ്ങൾക്കും (ഊഴം) ആകുന്നു.’’

وَلَا تَمَسُّوهَا بِسُوٓءٖ فَيَأۡخُذَكُمۡ عَذَابُ يَوۡمٍ عَظِيمٖ ﴿١٥٦﴾

156 ‘‘യാതൊരു (തരത്തിലുള്ള) തിന്മകൊണ്ടും നിങ്ങൾ അതിനെ തൊട്ടുപോകരുത് [ഉപദ്രവിക്കരുത്];- (കാരണം,) അപ്പോൾ ഒരു വമ്പിച്ച ദിവസത്തെ ശിക്ഷ നിങ്ങളെ പിടികൂടിയേക്കും.’’

فَعَقَرُوهَا فَأَصۡبَحُواْ نَـٰدِمِينَ ﴿١٥٧﴾

157 എന്നാൽ, അവർ അതിനെ (കുതികാൽ വെട്ടി) അറുത്തുകളഞ്ഞു. അങ്ങിനെ, അവർ ഖേദക്കാരായിത്തീർന്നു.

فَأَخَذَهُمُ ٱلۡعَذَابُۚ إِنَّ فِي ذَٰلِكَ لَأٓيَةٗۖ وَمَا كَانَ أَكۡثَرُهُم مُّؤۡمِنِينَ ﴿١٥٨﴾

158 ഉടനെ, ശിക്ഷ അവരെ പിടികൂടി. നിശ്ചയമായും, അതിൽ ഒരു (വലിയ) ദൃഷ്ടാന്തമുണ്ട്. അവരിൽ അധികമാളും വിശ്വസിക്കുന്നവരല്ല.

وَإِنَّ رَبَّكَ لَهُوَ ٱلۡعَزِيزُ ٱلرَّحِيمُ ﴿١٥٩﴾

159 നിശ്ചയമായും നിൻെറ രക്ഷിതാവ് തന്നെയാണ് പ്രതാപശാലിയും കരുണാനിധിയും.

---

153 قَالُوا അവർ പറഞ്ഞു. إِنَّمَا أَنتَ നിശ്ചയമായും നീ. مِنَ الْمُسَحَّرِينَ സിഹ്ർ (ആഭിചാരം, മാരണം) ബാധിതരിൽ പെട്ടവൻതന്നെ, (മാരണം ചെയ്യപ്പെട്ടവനാണ്) . 154 مَا أَنتَ നീ അല്ല. إِلاَّ بَشَرٌ ഒരു മനുഷ്യനല്ലാതെ. مِّثْلُنَا ഞങ്ങളെപ്പോലുള്ള. فَأْتِ ആകയാൽ നീ വാ. بِآيَةٍ ദൃഷ്ടാന്തവും കൊണ്ട്. إِن كُنتَ നീ ആണെങ്കിൽ. مِنَ الصَّادِقِينَ സത്യവാൻമാരിൽ, സത്യവാദികളിൽ(പെട്ടവൻ) . 155 قَالَ അദ്ദേഹം പറഞ്ഞു. هَذِهِ نَاقَةٌ ഇതാ ഒരൊട്ടകം. لَّهَا അതിന്, അതിന്നാണ്. شِرْبٌ ഒരു കുടി, (ഒരു പ്രാവശ്യത്തെ കുടിക്കൽ) . وَلَكُمْ നിങ്ങൾക്കാണ്, നിങ്ങൾക്കുമുണ്ട്. شِرْبُ ഒരു ദിവസത്തെ കുടി. يَوْمٍ مَّعْلُومٍ നിശ്ചിതമായ, നിർണ്ണയിക്കപ്പെട്ട, അറിയപ്പെട്ട. 156 وَلاَ تَمَسُّوهَا നിങ്ങളിതിനെ തൊടരുത്, സ്പർശിക്കരുത്. بِسُوءٍ ഒരു തിന്മകൊണ്ടും. فَيَأْخُذَكُمْ എന്നാൽ നിങ്ങൾക്ക് പിടിപപെട്ടേക്കും, നിങ്ങളെ ബാധിച്ചേക്കും. عَذَابُ يَوْمٍ ഒരു ദിവസത്തെ ശിക്ഷ. عَظِيمٍ വമ്പിച്ച. 157 فَعَقَرُوهَا

എന്നാൽ അവർ അതിനെ കുത്തി അറുത്തു, കുതികാൽ വെട്ടി. فَأَصْبَحُوا അങ്ങനെ (അതുകാര ണം) അവർ ആയി. نَادِمِينَ ഖേദക്കാർ, വ്യസനിച്ചവർ . 158 فَأَخَذَهُمُ ഉടനെ (അതിനാൽ) അവരെ പിടികൂടി. الْعَذَابُ ശിക്ഷ. إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട്. لَآيَةً ഒരു ദൃഷ്ടാന്തം. وَمَا كَانَ ആയി രുന്നില്ല, അല്ല. أَكْثَرُهُم അവരിൽ അധികവും. مُؤْمِنِينَ വിശ്വസിക്കുന്നവർ, വിശ്വാസികൾ. 159 وَإِنَّ رَبَّكَ നിശ്ചയമായും നിൻെറ റബ്ബ്. لَهُوَ അവൻതന്നെ. الْعَزِيزُ പ്രതാപശാലി. الرَّحِيمُ കരുണാനിധി.

ആരിൽനിന്നോ ആഭിചാരബാധയേറ്റ് നിനക്ക് ബുദ്ധി ഭ്രമിച്ചുപോയിരിക്കയാണ്. അതു കൊണ്ടാണ് നീ ഇങ്ങിനെയൊക്കെ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഞങ്ങളിൽ കവിഞ്ഞ ഒരു വിശേഷതയും നിനക്കില്ല. നീ പറയുന്ന വാദം ശരിയാണെങ്കിൽ ഒരു ദൃഷ്ടാന്തം ഞങ്ങൾക്ക് കാട്ടിത്തരണം. എന്നാണ് ഇവർ സ്വാലിഹ് (عليه السلام) നബിയോട് പറയുന്നത്. അവസാനം ഒരു ഒട്ടകത്തെ അല്ലാഹു അവർക്ക് ദൃഷ്ടാന്തമാക്കിക്കൊടുത്തു. അതിന് എന്തോ ചില അസാധാരണത്വമുണ്ടായിരുന്നു. (*) അവരുടെ വെള്ളത്താവളത്തിൽ നിന്ന് വെള്ളം കുടിക്കു വാൻ-ഒരു ദിവസം ഒട്ടകത്തിനും, ഒരു ദിവസം അവർക്കും എന്ന്-പ്രത്യേകം ഊഴം നിശ്ചയിച്ചിരുന്നു. ഇതവർക്ക് സഹിക്കാതായി.

ഒട്ടകത്തിൻെറ തീറ്റ; വെള്ളംകുടി മുതലായ ഒന്നിലും കൈകടത്തരുത് എന്നൊക്കെ പ്രവാചകൻ അവരെ മുടക്കിയിരുന്നു. അങ്ങനെ വല്ലതും ചെയ്താൽ അവർക്ക് വമ്പിച്ച ശിക്ഷ അനുഭവപ്പെടുമെന്ന് താക്കീതും നൽകി. പക്ഷേ, കുറേ കഴിഞ്ഞപ്പോൾ, അതിനെ കൊന്നുകളയുവാൻ അവർ ഒരാളെ ശട്ടംകെട്ടി. അവനതിന് ധൈര്യപ്പെടുകയും ചെയ്തു. ഒട്ടകത്തെ അപകടപ്പെടുത്തിയാൽ മൂന്ന് ദിവസംകൊണ്ട് ശിക്ഷബാധിക്കുമെന്നായിരുന്നു മുന്നറിയിപ്പ്. സംഭവം കഴിഞ്ഞശേഷം അവർ അതിനെക്കുറിച്ച് ഖേദക്കാരായി. എങ്കിലും ഫലമെന്ത്?! താക്കീദ് ചെയ്യപ്പെട്ട കഠോരശിക്ഷ-ഒരു തരം ഭൂകമ്പവും, ഒരു വമ്പിച്ച ശബ്ദവും, അഥവാ ഇടിത്തീയും-ഉണ്ടായി. അവർ നിശ്ശേഷം നശിച്ചുപോയി! പ്രവാചകനും, സത്യവി ശ്വസികളും നേരത്തെതന്നെ സ്ഥലംവിട്ടുപോയി രക്ഷപ്പെട്ടിരുന്നു. രക്ഷപ്പെട്ടവർ 120 പേരും, നശിച്ചുപോയവർ 5000 വീട്ടുകാരുമായിരുന്നുവെന്ന് ചിലർ രേഖപ്പെടുത്തിക്കാണുന്നു. അല്ലാ ഹുവിന്നറിയാം.

ഥമൂദ് ഗോത്രക്കാർ ദൃഷ്ടാന്തം ആവശ്യപെട്ടപ്പോൾ സ്വാലിഹ് (عليه السلام) ദുആ ചെയ്തു. ഒരു പാറക്കല്ല് പൊട്ടിക്കീറി അതിൽ നിന്നാണ് ഒട്ടകം പ്രത്യക്ഷപ്പെട്ടതെന്നും. ആവശ്യ മുള്ളവർക്കെല്ലാം ഇഷ്ടംപോലെ കറന്ന് കുടിക്കുമാറ് ധാരാളം പാലുണ്ടായിരുന്ന ഒട്ടകമായിരുന്നു അതെന്നും മറ്റും ചില വ്യാഖ്യാതാക്കൾ പ്രസ്താവിക്കുന്നുണ്ട്. പക്ഷേ ഇതിനൊന്നും വിശ്വാസ്യയോഗ്യമായ തെളിവ് കാണുന്നില്ല. ഥമൂദ് ഗോത്രക്കാരുടെ ചരിത്രം അടുത്ത സൂറത്തിലും മറ്റു പല സൂറത്തിലും അല്ലാഹു ഉദ്ദരിച്ചിട്ടുള്ളതാകുന്നു.

വിഭാഗം-9

160 ലൂത്ത്വിൻെറ ജനത മുർസലുകളെ വ്യാജ മാക്കി;-	كَذَّبَتْ قَوْمُ لُوطٍ ٱلْمُرْسَلِينَ ﴿١٦٠﴾
161 അവരുടെ സഹോദരൻ ലൂത്ത്വ് അവ രോട് പറഞ്ഞപ്പോൾ: ''നിങ്ങൾ സൂക്ഷി ക്കുന്നില്ലേ?!''	إِذْ قَالَ لَهُمْ أَخُوهُمْ لُوطٌ أَلَا تَتَّقُونَ ﴿١٦١﴾

---

* അത് കേവലം ഒരു സാധാരണ ഒട്ടകം മാത്രമായിരുന്നുവെന്ന് ചിലർ പറഞ്ഞുകാണുന്നു. ഇതിനെക്കുറിച്ച് സുറത്തുൽ ഖമറിൽവെച്ച് നമുക്ക് സംസാരിക്കാം. ان شاء الله

162 ‘‘നിശ്ചയമായും, ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ റസൂലാകുന്നു.’’ إِنِّى لَكُمْ رَسُولٌ أَمِينٌ ﴿١٦٢﴾

163 ‘‘അതുകൊണ്ട് നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, എന്നെ അനുസരിക്കുകയും ചെയ്യുവിൻ.’’ فَٱتَّقُوا۟ ٱللَّهَ وَأَطِيعُونِ ﴿١٦٣﴾

164 ‘‘അതിൻെറ പേരിൽ യാതൊരു പ്രതിഫലവും ഞാൻ നിങ്ങളോട് ചോദിക്കുന്നില്ല. എൻെറ പ്രതിഫലം, ലോകരക്ഷിതാവിൻെറപേരിൽ അല്ലാതെ (മറ്റാർക്കും ബാധ്യത) ഇല്ല.’’ وَمَآ أَسْـَٔلُكُمْ عَلَيْهِ مِنْ أَجْرٍ ۖ إِنْ أَجْرِىَ إِلَّا عَلَىٰ رَبِّ ٱلْعَـٰلَمِينَ ﴿١٦٤﴾

---

160 كَذَّبَتْ വ്യാജമാക്കി. قَوْمُ لُوطٍ ലൂത്ത്വിൻെറ ജനത. الْمُرْسَلِينَ മുർസലുകളെ. 161 إِذْ قَالَ لَهُمْ അവരോട് പറഞ്ഞപ്പോൾ. أَخُوهُمْ لُوطٌ അവരുടെ സഹോദരൻ ലൂത്ത്വ്. أَلاَ تَتَّقُونَ നിങ്ങൾ സൂക്ഷിക്കുന്നില്ലേ. 162 إِنِّي നിശ്ചയമായും ഞാൻ. لَكُمْ നിങ്ങൾക്ക്. رَسُولٌ أَمِينٌ വിശ്വസ്തനായ റസൂലാണ്. 163 فَاتَّقُوا الله ആകയാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ. وَأَطِيعُونِ എന്നെ അനുസരിക്കുകയും ചെയ്യുവിൻ. 164 وَمَا أَسْأَلُكُمْ നിങ്ങളോട് ഞാൻ ചോദിക്കുന്നില്ല. عَلَيْهِ അതിൻെറ പേരിൽ . مِنْ أَجْرٍ ഒരു പ്രതിഫലവും. إِنْ أَجْرِيَ എൻെറ പ്രതിഫലമല്ല. إِلاَّ عَلَى മേലല്ലാതെ. رَبِّ الْعَالَمِينَ ലോകരക്ഷിതാവിൻെറ**.**

അവരുടെ സഹോദരൻ (**اخوهم**) എന്നും, വിശ്വസ്തനായ റസൂൽ (رسول امين) എന്നും ഓരോ നബിമാരെപ്പറ്റിയും വിശേഷിപ്പിച്ച് പറഞ്ഞതിൽ ചില സൂചനകളുണ്ട്. അവരെപ്പോലെ അവരുടെ കൂട്ടത്തിൽ കഴിഞ്ഞുകൂടിയിരുന്ന ആളും, അവർക്ക് സുപരിചിതനും, അവരുമായി ബന്ധപ്പെട്ടവനുമായ വ്യക്തിയെയായിരുന്നു ഓരോ സമുദായത്തിലേക്കും റസൂലായി നിയോഗിക്കപ്പെട്ടിരുന്നത് എന്നത്രെ ഒരു സൂചന: മറ്റൊന്ന്: പ്രവാചകത്വം ലഭിക്കുന്നതുവരെ വശ്വസ്തനും സത്യവാനുമാണെന്ന് സമ്മതിക്കപ്പെട്ടിരുന്ന വ്യക്തികളാണ് അവർ എന്നുള്ളതാണ്. ആ സ്ഥിതിക്ക് ഓരോ സമുദായത്തിന്നും സുപരിചിതനും സുസമ്മതനുമായ അവരുടെ പ്രവാചകനെ നിഷേധിക്കുവാൻ ന്യായമില്ലല്ലൊ.

162,163,164 എന്നീ ആയത്തുകളിലെ വാക്യങ്ങൾ ലൂത്ത്വ് (عليه السلام) നബി മാത്രമല്ല. ഇതിനു മുമ്പ് പ്രസ്താവിക്കപ്പെട്ട നബിമാരും അവരുടെ സമുദായങ്ങളോട് പറഞ്ഞിരുന്നുവെന്ന് നാം കണ്ടു. തുടർന്ന് വരുന്ന ശുഐബ് (عليه السلام) നബിയുടെ വാക്യങ്ങളിലും അതേ വാക്കുകൾ കാണാം. എല്ലാ റസൂലുകളുടെയും പരമപ്രധാനമായ പ്രബോധനതത്വം ഏതാണെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. അതിന് പുറമെ, അതത് സമുദായത്തിൻെറയും, സന്ദർഭത്തിൻെറയും പരിതസ്ഥിതിയനുസരിച്ച് ചില പ്രത്യേക വിഷയങ്ങൾ ഓരോ റസൂലിനും പ്രത്യേകം ഉപദേശിക്കുവാനുണ്ടായിരുന്നു- ഓരോരുത്തരുടെയും പ്രസ്താവനകൾ പരിശേധിച്ചാൽ-കാണാവുന്നതാണ്. അക്കൂട്ടത്തിൽ, ലൂത്ത്വ് (عليه السلام) നബിയുടെ ജനങ്ങൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന ഒരു നീചപ്രവൃത്തിയെ-പ്രകൃതിവിരുദ്ധമായ ഒരു ദുർന്നടപ്പിനെ-പ്പറ്റി അദ്ദേഹം അവരോട് എടുത്തുപറയുന്നു:

165 ‘‘ലോകരിൽ നിന്ന് നിങ്ങൾ (മാത്രം) ആണുങ്ങളുടെ അടുക്കൽ ചെല്ലുകയോ?!’’ أَتَأْتُونَ ٱلذُّكْرَانَ مِنَ ٱلْعَـٰلَمِينَ ﴿١٦٥﴾

166 ‘‘നിങ്ങളുടെ ഇണകളായി നിങ്ങളുടെ രക്ഷിതാവ് നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ചു وَتَذَرُونَ مَا خَلَقَ لَكُمْ رَبُّكُم مِّنْ أَزْوَٰجِكُم ۚ بَلْ

أَنتُمْ قَوْمٌ عَادُونَ ﴿١٦٦﴾

തന്നതിനെ [ഭാര്യമാരെ] നിങ്ങൾ വിട്ടുകളയുകയും ചെയ്യുന്നു?! എന്നാൽ, നിങ്ങൾ അതിക്രമകാരികളായ ഒരു ജനത തന്നെ!''

---

165 أَتَأْتُونَ നിങ്ങൾ ചെല്ലുന്നുവോ. الذُّكْرَانَ ആണുങ്ങളുടെ അടുക്കൽ. مِنَ الْعَالَمِينَ ലോകരിൽ നിന്ന്. 166 وَتَذَرُونَ നിങ്ങൾ വിട്ടുകളയുകയും ചെയ്യുന്നു, ഉപേക്ഷിക്കുകയും ചെയ്യുന്നു. مَا خَلَقَ സൃഷ്ടിച്ചിട്ടുള്ളതിനെ. لَكُمْ നിങ്ങൾക്കുവേണ്ടി. رَبُّكُمْ നിങ്ങളുടെ റബ്ബ്. مِّنْ أَزْوَاجِكُمْ നിങ്ങളുടെ ഇണകളായി, ഭാര്യമാരിൽനിന്ന്. بَلْ എന്നാൽ, പക്ഷേ. أَنتُمْ നിങ്ങൾ. قَوْمٌ ഒരു ജനതയാണ്. عَادُونَ അതിക്രമകാരികളായ.

സ്വന്തം ഭാര്യമാരെ വീട്ടിൽ വിട്ടേച്ച് അവർക്കുപകരം പുരുഷന്മാരെക്കൊണ്ട് കാമനിവൃത്തിവരുത്തുന്ന അതിനികൃഷ്ടമായ ഒരു സമ്പ്രദായത്തെക്കുറിച്ചാണ് ലൂത്ത് (عليه السلام) നബി ആക്ഷേപിക്കുന്നത്. ഈ ലജ്ജാവഹമായ വഴക്കം മുമ്പൊരു സമുദായത്തിനും പതിവില്ലാത്തതായിരുന്നു. ഇതുകൂടാതെ, കവർച്ച, കൊള്ള, മുതലായ പല തോന്നിയവാസങ്ങളും ഇവർ നടത്തിയിരുന്നതായി സൂറത്തുൽ 'അങ്കബൂത്തി'ൽ (**العنكبوت**) കാണാം. ലൂത്ത് (عليه السلام) നബിയുടെ ഉപദേശങ്ങളൊന്നും അവർ ചെവിക്കൊണ്ടില്ലെന്നു മാത്രമല്ല, അവർ അദ്ദേഹത്തിന് ഇങ്ങിനെ ഒരു അന്ത്യശാസനവും നൽകി:

قَالُوا۟ لَئِن لَّمْ تَنتَهِ يَـٰلُوطُ لَتَكُونَنَّ مِنَ ٱلْمُخْرَجِينَ ﴿١٦٧﴾

167 അവർ പറഞ്ഞു: ''നീ വിരമിക്കാത്തപക്ഷം ലൂത്തേ-തീർച്ചയായും നീ പുറത്താക്കപ്പെടുന്നവരുടെ കൂട്ടത്തിലായിത്തീരുന്നതാണ്''.

قَالَ إِنِّى لِعَمَلِكُم مِّنَ ٱلْقَالِينَ ﴿١٦٨﴾

168 അദ്ദേഹം പറഞ്ഞു: ''നിശ്ചയമായും ഞാൻ നിങ്ങളുടെ (ഈ) പ്രവൃത്തിയോട് കഠിന വിദ്വേഷമുള്ളവരിൽ പെട്ടവനാണ്''.

---

167 قَالُوا അവർ പറഞ്ഞു. لَئِن لَّمْ تَنتَهِ തീർച്ചയായും നീ വിരമിച്ചില്ലെങ്കിൽ. يَا لُوطُ ലൂത്തേ. لَتَكُونَنَّ നിശ്ചയമായും നീ ആയിത്തീരും. مِنَ الْمُخْرَجِينَ പുറത്താക്കപ്പെടുന്നവരിൽ. 168 قَالَ അദ്ദേഹം പറഞ്ഞു. إِنِّي നിശ്ചയമായും ഞാൻ. لِعَمَلِكُمْ നിങ്ങളുടെ പ്രവൃത്തിയോട്. مِّنَ الْقَالِينَ കഠിനവിദ്വേഷമുള്ളവരിൽ പെട്ടവനാണ്, വളരെ വെറുക്കുന്നവനാണ്.

നിൻെറ ഉപദേശങ്ങളൊക്കെ നിറുത്തൽ ചെയ്യാത്തപക്ഷം ഞങ്ങൾ നിന്നെ ബഹിഷ്കരിച്ച് നാട്ടിൽ നിന്ന് പുറം തള്ളുമെന്നായിരുന്നു അവരുടെ അന്ത്യശാസനം. ലൂത്ത് (عليه السلام) നബിയാകട്ടെ, തൻെറ കഠിനമായ പ്രധിഷേധവും വെറുപ്പും തുറന്നു പ്രഖ്യാപിച്ചു. അവരിൽ നിന്നും ഇനി പ്രതീക്ഷക്ക് പഴുതില്ലന്ന് കണ്ടപ്പോൾ അദ്ദേഹം അല്ലാഹുവോട് പ്രാർത്ഥിച്ചു:-

رَبِّ نَجِّنِى وَأَهْلِى مِمَّا يَعْمَلُونَ ﴿١٦٩﴾

169 ''രക്ഷിതാവേ, ഇവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിൽനിന്ന് എന്നെയും എൻെറ സ്വന്തക്കാരെയും നീ രക്ഷപ്പെടുത്തണേ!''

فَنَجَّيْنَـٰهُ وَأَهْلَهُۥٓ أَجْمَعِينَ ﴿١٧٠﴾

170 അങ്ങനെ, അദ്ദേഹത്തെയും, തൻെറ സ്വന്തക്കാരെ മുഴുവനും നാം രക്ഷപ്പെടുത്തി;-

إِلَّا عَجُوزًا فِي ٱلۡغَٰبِرِينَ ﴿١٧١﴾
171 -അവശേഷിച്ചവരിൽ പെട്ട ഒരു വൃദ്ധ സ്ത്രീ ഒഴികെ.

ثُمَّ دَمَّرۡنَا ٱلۡأٓخَرِينَ ﴿١٧٢﴾
172 പിന്നെ, മറ്റുള്ളവരെ നാം തകർത്തു (നിശ്ശേഷം നശിപ്പിച്ചു) കളഞ്ഞു.

وَأَمۡطَرۡنَا عَلَيۡهِم مَّطَرٗاۖ فَسَآءَ مَطَرُ ٱلۡمُنذَرِينَ ﴿١٧٣﴾
173 അവരുടെമേൽ നാം ഒരു (തരം) മഴ വർഷിപ്പിക്കുകയും ചെയ്തു. മുന്നറിയിപ്പ് നൽകപ്പെട്ടവരുടെ (ആ) മഴ വളരെ ചീത്ത!

إِنَّ فِي ذَٰلِكَ لَأٓيَةٗۖ وَمَا كَانَ أَكۡثَرُهُم مُّؤۡمِنِينَ ﴿١٧٤﴾
174 നിശ്ചയമായും, അതിൽ ഒരു (വലിയ) ദൃഷ്ടാന്തം ഉണ്ട്. അവരിൽ, അധികമാളും വിശ്വസിക്കുന്നവരല്ല.

وَإِنَّ رَبَّكَ لَهُوَ ٱلۡعَزِيزُ ٱلرَّحِيمُ ﴿١٧٥﴾
175 നിശ്ചയമായും, നിൻെറ റബ്ബുതന്നെയാണ് പ്രതാപശാലിയും, കരുണാനിധിയും.

---

169 رَبِّ രക്ഷിതാവേ. نَجِّنِي എന്നെ രക്ഷപ്പെടുത്തണേ. وَأَهْلِي എൻെറ സ്വന്തക്കാരെയും, ആൾക്കാരെയും, കുടുംബത്തെയും. مِمَّا يَعْمَلُونَ അവർ പ്രവർത്തിക്കുന്നതിൽനിന്ന്. 170 فَنَجَّيْنَاهُ അപ്പോൾ അദ്ദേഹത്തെ നാം രക്ഷപ്പെടുത്തി. وَأَهْلَهُ തൻെറ സ്വന്തക്കാരെയും. أَجْمَعِينَ മുഴുവനും. 171 إِلَّا عَجُوزًا ഒരു വൃദ്ധസ്ത്രീ ഒഴികെ, ഒരു കിഴവിയെ അല്ലാതെ. فِي الْغَابِرِينَ അവശേഷിച്ചവരിൽപെട്ട, പിന്തി നിന്നവരിൽ. 172 ثُمَّ പിന്നെ. دَمَّرْنَا നാം തകർത്തു, നിശ്ശേഷം നശിപ്പിച്ചു. الْآخَرِينَ മറ്റുള്ളവരെ, മറ്റേ കൂട്ടരെ. 173 وَأَمْطَرْنَا നാം വർഷിപ്പിക്കുകയും ചെയ്തു, മഴ പെയ്യിപ്പിച്ചു. عَلَيْهِم അവരിൽ. مَّطَرًا ഒരു മഴ. فَسَاءَ വളരെ ചീത്ത, മോശപ്പെട്ടത്. مَطَرُ الْمُنذَرِينَ താക്കീത് (മുന്നറിയിപ്പ്) നൽകപ്പെട്ടവരുടെ മഴ. 174 إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട്. لَآيَةً ഒരു ദൃഷ്ടാന്തം. وَمَا كَانَ അല്ല, ആയിട്ടില്ല. أَكْثَرُهُم അവരിലധികവും. مُّؤْمِنِينَ വിശ്വസിക്കുന്നവർ. 175 وَإِنَّ رَبَّكَ നിശ്ചയമായും നിൻെറ റബ്ബ്. لَهُوَ അവൻ തന്നെയാണ്. الْعَزِيزُ പ്രതാപശാലി. الرَّحِيمُ കരുണാനിധി.

ലൂത്ത് (عليه السلام) നബിയുടെ ദുആ അല്ലാഹു സ്വീകരിച്ചു. അദ്ദേഹത്തോടും അദ്ദേഹത്തിൻെറ കുടംബത്തോടും പ്രഭാതത്തിനുമുമ്പായി നാടുവിട്ടുകൊള്ളുവാൻ അല്ലാഹു കൽപിച്ചു. ആ നാട്ടിൽ അദ്ദേഹത്തിൻെറ ഒരേ ഒരു വീടല്ലാതെ മുസ്ലിം വീടുണ്ടായിരുന്നില്ല. (الذاريات:٣٦) ലൂത്ത് (عليه السلام) നബിയുടെ ഭാര്യയായിരുന്ന ഒരു സ്ത്രീ അദ്ദേഹത്തിൽ വിശ്വസിച്ചിരുന്നില്ല. അവൾ തോന്നിയവാസികളുടെ പക്ഷക്കാരിയായിരുന്നു. അവൾ അദ്ദേഹത്തോടൊപ്പം പുറത്തുപോകാതെ അവശേഷിക്കുകയും, ജനങ്ങൾക്ക് ബാധിച്ച ശിക്ഷയിൽ അകപ്പെടുകയും ചെയ്തു. 171-ാം വചനത്തിൽ പ്രസ്താവിച്ച (عجوز) വൃദ്ധ സ്ത്രീ അവളാകുന്നു. ഈ ജനതയെപ്പറ്റി ഖുർആനിൽ പലേടത്തും പ്രസ്താവിച്ചിട്ടുണ്ട്. ഹൂദ്, ഹിജർ (هود ، الحجر) എന്നീ സൂറത്തുകളിൽ പറഞ്ഞിട്ടുള്ളതിൻെറ സംക്ഷിപ്തം ഇതാണ്:-

ഇബ്റാഹീം (عليه السلام) നബിയുടെ വാർദ്ധക്യകാലത്ത് അദ്ദേഹത്തിന് ഒരു കുട്ടിജനിക്കുവാൻ പോവുന്നു എന്ന സന്തോഷവാർത്ത അറിയിക്കുവാനായി വന്ന ദൂതന്മാർ (മലക്കുകൾ) അതിനുശേഷം ലൂത്ത് (عليه السلام) നബിയുടെ അടുക്കൽ ചെന്നു. കേവലം മൃഗീയ സ്വഭാവികളായ തൻെറ നാട്ടുകാർ തൻെറ അതിഥികളെ മാനഭംഗപ്പെടുത്തുവാൻ ശ്രമിക്കുമോ എന്ന് അദ്ദേഹത്തിന് ഭയമായി. അതിഥികൾ മലക്കുകളാണെന്ന വസ്തുത അദ്ദേഹം മനസ്സിലാക്കിയിരുന്നില്ല. (അവർ സുന്ദരന്മാരായ യുവാക്കളുടെ രൂപത്തിലായിരുന്നു പ്രത്യക്ഷപ്പെട്ടിരുന്നതും.) ആ തെമ്മാടികൾ ഇവരെപ്പറ്റി അറിഞ്ഞു. അവർ സസന്തോഷം അവിടെ എത്താതിരുന്നില്ല. ലൂത്ത് (عليه السلام) നബിയാകട്ടെ, ധർമ്മസങ്കടത്തിലായി. 'ഹേ ജനങ്ങളെ, വേണമെങ്കിൽ എൻെറ പെൺമക്കളിതാ, അവരെ ഞാൻ വിവാഹംകഴിച്ചുതരാം, എൻെറ വിരുന്നുകാരെ

സംബന്ധിച്ച് നിങ്ങളെന്നെ വഷളാക്കരുത്.' എന്നൊക്കെ അദ്ദേഹം അവരോട് പറഞ്ഞു. 'ലൂത്ത്വേ, നിൻെറ പെൺമക്കളെയൊന്നും ഞങ്ങൾക്കാവശ്യമില്ല. ഞങ്ങളുടെ ഉദ്ദേശം എന്താണെന്ന് നിനക്കറിയാമല്ലോ' എന്നായിരുന്നു അവരുടെ മറുപടി. അദ്ദേഹത്തിൻെറ പാരവശ്യം കണ്ടപ്പോൾ മലക്കുകൾ തങ്ങളുടെ സ്ഥിതി വിവരിച്ചു കൊടുത്തു. 'ഞങ്ങൾ അല്ലാഹുവിങ്കൽനിന്നുള്ള ദൂതന്മാരാണ്. ഈ ജനതയെ നശിപ്പിക്കുവാനായി അയക്കപ്പെട്ടവരാണ്, അതുകൊണ്ട് താങ്കളും കുടുംബവും രാത്രി തന്നെ സ്ഥലം വിടണം, പോകുമ്പോൾ ആരും തിരിഞ്ഞു നോക്കരുത്, താങ്കളുടെ ഭാര്യ തിരിഞ്ഞുനിന്നേക്കും, അവളും ആപത്ത് പിണയേണ്ടവളാണ്. ശിക്ഷ വർഷിക്കുന്നത് നേരം പുലരുന്നതോടെയായിരിക്കും. എന്നീ വിവരങ്ങൾ അറിയിച്ചു. അതേ പ്രകാരം സംഭവം നടക്കുകയും ചെയ്തു. ഒരുതരം അട്ടഹാസം (ഘോര ശബ്ദം) ആകാശത്തുനിന്ന് അൽഭുതകരമായ ഒരസാധാരണ മഴ. (ചൂളക്കല്ലുകളാൽ വർഷിപ്പിക്കപ്പെട്ട മഴ) എന്നിവ സംഭവിക്കുകയും രാജ്യം കീഴ്മേലായി മറിക്കപ്പെടുകയും ഉണ്ടായി!

ബൈബിളിലും ഈ സംഭവം വിവരിച്ചിരിക്കുന്നു. അതിൽ ശിക്ഷയുടെ സ്വഭാവം പറഞ്ഞിട്ടുള്ളത് ഇങ്ങിനെയാണ്: 'യഹോവ (ദൈവം) സോദോമിൻെറയും, ഗൊമോരയുടെയും (*) മേൽ യഹോവയുടെ സന്നിധിയിൽനിന്ന്, ആകാശത്തുനിന്നു തന്നെ, ഗന്ധകവും, തീയ്യും വർഷിപ്പിച്ചു. ആ പട്ടണങ്ങൾക്കും, പ്രദേശത്തിന് മുഴുവനും ആ പട്ടണത്തിലെ നവാസികൾക്കും, നിലത്തെ സസ്യങ്ങൾക്കും ഉന്മൂലനാശം വരുത്തി. ലോത്തിൻെറ ഭാര്യ അവൻെറ പിന്നിൽനിന്ന് തിരിഞ്ഞുനോക്കി, ഉപ്പുതൂണായി ഭവിച്ചു.' (ഉൽപ്പത്തി, അ: 18,19)

ഈ സംഭവത്തിൻെറ ദൃഷ്ടാന്തമായി, അതിൻെറ അറികുറികൾ നിലനിർത്തിക്കൊണ്ട് 'ലൂത്ത്വ് കടൽ **بحر لوط** ചാവുകടൽ **بحر الميت** എന്നീ പേരുകളിൽ അറിയപ്പെടുന്ന തടാകം ഇന്നും സ്ഥിതിചെയ്യുന്നുവെന്ന്, സൂ അബിയാഇൽ നാം ചൂണ്ടിക്കാട്ടുകയുണ്ടായി. ലൂത്ത്വ് (عليه السلام) നബിയുടെ ജനതയുടെ വാസസ്ഥലങ്ങളാണ് സോദോമും, ഗോമോരായും. ഈ രാജ്യങ്ങൾ പ്രസ്തുത തടാകത്തിൻെറ പരിസരപ്രദേശങ്ങളിലായിരുന്നു. അവ നശിപ്പിക്കപ്പെട്ടതോടെ ആ തടാകത്തിൽ ലയിച്ചു പോകുകയാണുണ്ടായത്. ഈ സൂറത്തിൻെറ അവസാനത്തിൽ കൊടുക്കുന്ന വ്യാഖ്യാനകുറിപ്പൽനിന്നും ഈ വിഷയകമായി കൂടുതൽ മനസ്സിലാക്കാവുന്നതാണ്. അടുത്ത ആയത്തുകളിൽ ശഐബ് (عليه السلام) നബിയുടെ കഥയുടെ ചുരുക്കം കാണാം:-

വിഭാഗം-10

كَذَّبَ أَصْحَٰبُ لْـَٔيْكَةِ ٱلْمُرْسَلِينَ ﴿١٧٦﴾

176 'ഐക്കത്ത്' [മരക്കാവു]കാർ മുർസലുകളെ വ്യാജമാക്കി;-

إِذْ قَالَ لَهُمْ شُعَيْبٌ أَلَا تَتَّقُونَ ﴿١٧٧﴾

177 അതായത്, ശുഐബ് അവരോടു പറഞ്ഞപ്പോൾ. ''നിങ്ങൾ സൂക്ഷിക്കുന്നില്ലേ?!''

إِنِّي لَكُمْ رَسُولٌ أَمِينٌ ﴿١٧٨﴾

178 ''നിശ്ചയമായും, ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ റസൂലാകുന്നു.''

فَٱتَّقُوا۟ ٱللَّهَ وَأَطِيعُونِ ﴿١٧٩﴾

179 ''ആകയാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, എന്നെ അനുസരിക്കുകയും ചെയ്യുവിൻ.''

* سدوم وعمورية

180 ''അതിൻെറ പേരിൽ ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. എൻെറ പ്രതിഫലം, ലോകരക്ഷിതാവി ൻെറമേൽ അല്ലാതെ (ബാധ്യത) ഇല്ല.''	وَمَآ أَسۡـَٔلُكُمۡ عَلَيۡهِ مِنۡ أَجۡرٍۖ إِنۡ أَجۡرِيَ إِلَّا عَلَىٰ رَبِّ ٱلۡعَٰلَمِينَ ﴿١٨٠﴾

176 كَذَّبَ വ്യാജമാക്കി. أَصْحَابُ الْأَيْكَةِ ഐക്കത്തുകാർ . الْمُرْسَلِينَ മുർസലുകളെ. 177 إِذْ قَالَ لَهُمْ അവരോട് പറഞ്ഞപ്പോൾ. شُعَيْبٌ ശുഐബ്. أَلَا تَتَّقُونَ നിങ്ങൾ സൂക്ഷിക്കുന്നില്ലേ. 178 إِنِّي لَكُمْ നിശ്ചയമായും ഞാൻ നിങ്ങൾക്ക്. رَسُولٌ أَمِينٌ വിശ്വസ്തനായ ഒരു റസൂലാണ്. 179 فَاتَّقُوا اللَّهَ അതുകൊണ്ട് നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുവിൻ. وَأَطِيعُونِ എന്നെ അനുസരിക്കുകയും ചെയ്യുവിൻ. 180 وَمَا أَسْأَلُكُمْ നിങ്ങളോട് ഞാൻ ചോദിക്കുന്നില്ല. عَلَيْهِ അതിൻെറ പേരിൽ. مِنْ أَجْرٍ ഒരു പ്രതിഫലവും. إِنْ أَجْرِيَ എൻെറ പ്രതിഫലമല്ല. إِلاَّ عَلَى മേൽ അല്ലാതെ. رَبِّ الْعَالَمِينَ ലോകരത്ഷിതാവിൻെറ.

ഐക്കത്ത് الا يكة എന്നാൽ, വൃക്ഷങ്ങൾ അധികം തിങ്ങിനിൽക്കുന്ന മരക്കാവ് എന്നർത്ഥം. മദ്‌യനിൻെറ അടുത്തായിരുന്നു ഈ മരക്കാവ്. മദിയൻകാരടക്കമുള്ള അവിടുത്തെ നിവാസികളിലേക്കാണ് ശുഐബ് (عليه السلام) നബിയെ അല്ലാഹു റസൂലാക്കി നിയോഗിച്ചു. ഐക്കത്തുകാരും, മദിയൻകാരും വെവ്വേറെ രണ്ടു ജനങ്ങളായിരുന്നു എന്നും ശുഐബ് (عليه السلام) നബി ഒരു പ്രാവശ്യം അവരിലേക്കും മറ്റൊരുപ്രാവശ്യം ഇവരിലേക്കും റസൂലായി നിയോഗിക്കപ്പെടുകയാണുണ്ടായതെന്നും. ചില പഠതന്മമാർ പ്രസ്താവിക്കുന്നു . പക്ഷേ രണ്ടുകൂട്ടരും ഒരേ ജനതയായിരുന്നു വെന്നാണ് ശരിയായ അഭിപ്രായമെന്ന് ഇബ്നുകഥീർ (رحمه الله) മറ്റു ചിലരും ഉറപ്പിച്ച് പറഞ്ഞിരിക്കുന്നു. ഏതായാലും അദ്ദേഹം നിയോഗിക്കപ്പെട്ട ആ സമുദായം അളക്കത്തിലും തൂക്കത്തിലും വഞ്ചനയും കൃത്രിമവും നടത്തുന്നവരും കൊള്ള, കവർച്ച മുതലായ അക്രമങ്ങൾ ചെയ്തിരുന്നവരുമായിരുന്നു. ശുഐബ് (عليه السلام) അവരെ ഇങ്ങിനെ ഉപദേശിച്ചു.

181 ''നിങ്ങൾ അളവ് പൂർത്തിയാക്കിക്കൊടുക്കുവിൻ; (ജനങ്ങളെ) നഷ്ടപ്പെടുത്തുന്നവരുടെ കൂട്ടത്തിൽ ആകരുത്.''	۞ أَوۡفُواْ ٱلۡكَيۡلَ وَلَا تَكُونُواْ مِنَ ٱلۡمُخۡسِرِينَ ﴿١٨١﴾
182 ''ശരിയായിട്ടുള്ള തുലാസ്സുകൊണ്ട് തൂക്കുകയും ചെയ്യുവിൻ.''	وَزِنُواْ بِٱلۡقِسۡطَاسِ ٱلۡمُسۡتَقِيمِ ﴿١٨٢﴾
183 ''ജനങ്ങൾക്ക് അവരുടെ സാധനങ്ങൾ (കബളിച്ചെടുത്ത്) ചേതപ്പെടുത്തുകയും ചെയ്യരുത്; കുഴപ്പക്കാരായിക്കൊണ്ട് നാട്ടിൽ അനർത്ഥം ചെയ്യുകയും അരുത്.''	وَلَا تَبۡخَسُواْ ٱلنَّاسَ أَشۡيَآءَهُمۡ وَلَا تَعۡثَوۡاْ فِي ٱلۡأَرۡضِ مُفۡسِدِينَ ﴿١٨٣﴾
184 ''നിങ്ങളെയും, ആദിമ സൃഷ്ടികളെ [പൂർവ്വജനങ്ങളെ] യും സൃഷ്ടിച്ചുണ്ടാക്കിയവനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ.''	وَٱتَّقُواْ ٱلَّذِي خَلَقَكُمۡ وَٱلۡجِبِلَّةَ ٱلۡأَوَّلِينَ ﴿١٨٤﴾

181 أَوْفُوا നിങ്ങൾ പൂർത്തിയാക്കിക്കൊടുക്കുവിൻ. الْكَيْلَ അളത്തം, അളവ്. وَلاَ تَكُونُوا നിങ്ങൾ ആകരുത്. مِنَ الْمُخْسِرِينَ നഷ്ടപ്പെടുത്തുന്നവരിൽ. 182 وَزِنُوا നിങ്ങൾ തൂക്കുകയും ചെയ്യുവിൻ. بِالْقِسْطَاسِ തുലാസ്സ് (ത്രാസ്സ്) കൊണ്ട്. الْمُسْتَقِيمِ ശരിയായ, ചൊവ്വായ. 183 وَلاَ تَبْخَسُوا ചേതപ്പെടുത്തുകയും അരുത്, നഷ്ടമുണ്ടാക്കരുത്. النَّاسَ ജനങ്ങൾക്ക്. أَشْيَاءَهُمْ അവരുടെ വസ്തുക്കൾ, സാധന

ങ്ങൾ. وَلَا تَعْثَوْا നിങ്ങൾ അനർത്ഥം(നാശം) ചെയ്കയും അരുത്. فِي الْأَرْضِ ഭൂമിയിൽ. مُفْسِدِينَ കുഴപ്പമുാക്കുന്നവരായി, നാശകാരികളായി. 184 وَاتَّقُوا സൂക്ഷിക്കുകയും ചെയ്യുവിൻ. الَّذِي خَلَقَكُمْ നിങ്ങളെ സൃഷ്ടിച്ചവനെ. وَالْجِبِلَّةَ സൃഷ്ടികളെയും, ജനങ്ങളെയും. الْأَوَّلِينَ ആദിമൻമാരായ, പൂർവ്വികരായ.

സത്യനിഷേധികളായ ഇതര സമുദായങ്ങൾ അവരുടെ നബിമാരോട് പറഞ്ഞ മറുപടികളിൽ നിന്നും വിഭിന്നമായിരുന്നില്ല ഇവരുടെ മറുപടിയും. ധാർമ്മികബോധം നഷ്ടപ്പെട്ട് ദേഹേച്ഛകൾക്കും ഭൗതികസുഖങ്ങൾക്കും പ്രാധാന്യം നൽകിവരുന്ന എല്ലാവരുടെയും നില ഇതു തന്നെയായിരിക്കും. അതിൽ മുൻകാലക്കാരും പിൽക്കാലക്കാരും തമ്മിൽ വലിയ വ്യത്യാസമൊന്നും കാണുകയില്ല. റസൂലുകളെ ധിക്കരിച്ച പല സമുദായങ്ങളുടെയും സ്ഥിതിഗതികൾ ചൂണ്ടിക്കാട്ടിയശേഷം അല്ലാഹു ഒരിടത്ത് നബി (ﷺ) യോടായി പറഞ്ഞിട്ടുള്ള ചില വചനങ്ങൾ ഇവിടെ സ്മരണീയമാകുന്നു:-

كذلك ما اتى الذين من قبلهم من رسول الا قالوا ساحر او مجنون اتوا صوابه‌بل هم قوم طاغون فتول عنهم فما انت بملوم وذكر فان الذكرى تنفع المؤمنين—الذاريات

സാരം: ഇതുപോലെത്തന്നെ, ഇവരുടെ മമ്പുള്ളവരും ഏതൊരു റസൂൽ ചെല്ലുന്നതായാലും, അദ്ദേഹം ജാലവിദ്യക്കാരൻ (അഥവാ ആഭിചാരി) എന്നോ, ഭ്രാന്തൻ എന്നോ പറയാതിരുന്നിട്ടില്ല. അവരന്യോന്യം ഇതുസംബന്ധിച്ച് ഒസിയ്യത്ത് ചെയ്തിരിക്കുകയാണോ?!. പക്ഷേ, (അതല്ല) അവർ ധിക്കാരികളായ ജനങ്ങളാകുന്നു. അതുകൊണ്ട്, നീ അവരിൽ നിന്ന് മാറിനിന്ന് കൊള്ളുക. (അലരുടെ പാട്ടിന് വിട്ടേക്കുക) എന്നാൽ നീ ആക്ഷേപിക്കപ്പെടുന്നവനല്ലതന്നെ. നീ ഒർമ്മപ്പെടുത്തുക. (ഉപദേശിക്കുക) യും ചെയ്യുക. കാരണം, ഉപദേശം വിശ്വാസികൾക്ക് ഫലം ചെയ്യുന്നതാകുന്നു. (51:52-55)

قَالُوٓا۟ إِنَّمَآ أَنتَ مِنَ ٱلْمُسَحَّرِينَ ١٨٥

185 അവർ പറഞ്ഞു: ''നിശ്ചയമായും നീ, ആഭിചാരബാധിതരിൽ പെട്ടവൻതന്നെയാകുന്നു.''

وَمَآ أَنتَ إِلَّا بَشَرٌ مِّثْلُنَا وَإِن نَّظُنُّكَ لَمِنَ ٱلْكَـٰذِبِينَ ١٨٦

186 ''നീ ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനല്ലാതെ (മറ്റൊന്നും) അല്ല; നീ വ്യാജവാദികളിൽ പെട്ടവൻതന്നെയാണെന്ന് നിശ്ചയമായും ഞങ്ങൾ നിന്നെക്കുറിച്ച് ധരിക്കുന്നു.''

فَأَسْقِطْ عَلَيْنَا كِسَفًا مِّنَ ٱلسَّمَآءِ إِن كُنتَ مِنَ ٱلصَّـٰدِقِينَ ١٨٧

187 ''അതുകൊണ്ട്, ആകാശത്തുനിന്ന് ചില തുണ്ടങ്ങൾ ഞങ്ങളുടെ മേൽ നീ വീഴ്ത്തിക്കൊള്ളുക; -നീ സത്യവാദികളിൽ പെട്ടവനാണെങ്കിൽ!''

قَالَ رَبِّىٓ أَعْلَمُ بِمَا تَعْمَلُونَ ١٨٨

188 അദ്ദേഹം പറഞ്ഞു: ''നിങ്ങൾ പ്രവർത്തിച്ചുവരുന്നതിനെക്കുറിച്ച് എൻെറ റബ്ബ് നല്ലവണ്ണം അറിയുന്നവനാകുന്നു.''

---

185 قَالُوا അവർ പറഞ്ഞു. إِنَّمَا أَنتَ നിശ്ചയമായും നീ. مِنَ الْمُسَحَّرِينَ സിഹ്ർ(ആഭിചാരം, മാരണം) ബാധിച്ചവരിൽ പെട്ടവനാകുന്നു. 186 وَمَا أَنتَ നീ അല്ല. إِلاَّ بَشَرٌ മനുഷ്യനല്ലാതെ. مِّثْلُنَا ഞങ്ങളെപ്പോലുള്ള. وَإِن نَّظُنُّكَ നിശ്ചയമായും ഞങ്ങൾ നിന്നെ ധരിക്കുന്നു, വിചാരിക്കുന്നു. لَمِنَ الْكَاذِبِينَ കള്ളം പറയുന്നവരിൽ (വ്യാജവാദികളിൽ) പെട്ടവൻതന്നെ എന്ന്. 187 فَأَسْقِطْ എന്നാൽ (അതുകൊണ്ട്) നീ വീഴ്ത്തുക. عَلَيْنَا ഞങ്ങളിൽ, ഞങ്ങളുടെ മേൽ. كِسَفًا തുണ്ടങ്ങളെ, കഷ്ണങ്ങളെ.

مِّنَ السَّمَاءِ ആകാശത്ത്നിന്ന്. إِن كُنتَ നീ ആണെങ്കിൽ. مِنَ الصَّادِقِينَ സത്യവാൻമാരിൽനിന്ന്, സത്യവാദികളിൽ (പെട്ടവൻ) . 188 قَالَ അദ്ദേഹം പറഞ്ഞു. رَبِّي أَعْلَمُ എൻെറ റബ്ബ് നല്ലവണ്ണം അറിയുന്നവനാണ്, കൂടുതൽ അറിയുന്നവനാണ്. بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി.

(അതുകൊണ്ട് നിങ്ങളെ സംബന്ധിച്ച് വേണ്ടുന്ന നടപടികൾ അവൻ എടുത്തുകൊള്ളുന്നതാകുന്നു. എൻെറ കടമ ഞാൻ നിർവ്വഹിക്കുന്നുവെന്നുമാത്രം.)

فَكَذَّبُوهُ فَأَخَذَهُمْ عَذَابُ يَوْمِ ٱلظُّلَّةِ ۚ إِنَّهُۥ كَانَ عَذَابَ يَوْمٍ عَظِيمٍ ﴿١٨٩﴾

189 അങ്ങനെ, അവർ അദ്ദേഹത്തെ വ്യാജമാക്കി. അതിനാൽ, മേഘത്തണലിൻെറ ദിവസത്തിലെ ശിക്ഷ അവരെ പിടികൂടി. നിശ്ചയമായും, അത് ഒരു വമ്പിച്ച ദിവസത്തിലെ ശിക്ഷയായിരുന്നു!

---

189 فَكَذَّبُوهُ അങ്ങനെ അവർ അദ്ദേഹത്തെ വ്യാജമാക്കി. فَأَخَذَهُمْ അതിനാൽ അവരെ പിടികൂടി, പിടിപെട്ടു. عَذَابُ ശിക്ഷ. يَوْمِ الظُّلَّةِ മേഘത്തണലിൻെറ ദിവസത്തിലെ. إِنَّهُ كَانَ തീർച്ചയായും അതാകുന്നു. عَذَابَ يَوْمٍ ഒരു ദിവസത്തിലെ ശിക്ഷ. عَظِيمٍ വമ്പിച്ച.

ആദ്യം അവർക്ക് അധികഠിനമായ ഉഷ്ണം ബാധിച്ചു. തണലും വെള്ളവും പ്രയോജനപ്പെടാതായി, ശ്വാസം കഴിപ്പാൻ പോലും വിഷമമായി. അങ്ങിനെയിരിക്കെ, ഒരു വലിയ കാർമേഘം അന്തരീക്ഷത്തിൽ പ്രത്യക്ഷപ്പെട്ടു. അവരെല്ലാം മൈതാനിയിൽ അതിൻെറ തണലിൽ കൂട്ടമായി ഒരുമിച്ചുകൂടി. പെട്ടെന്ന് മേഘം അവരിൽ ഒരു അഗ്നിവർഷം നടത്തി. അതിൽ അവരെല്ലാം വെന്തുനശിച്ചുപോയി!. ഇതായിരുന്നു അവർക്ക് മേഘത്തണലിൻെറ ദിവസത്തിൽ ബാധിച്ച ശിക്ഷ (عذاب يوم الظلة) എന്നാണ് പല ഖുർആൻ വ്യഖ്യാതാക്കളും പ്രസ്താവിക്കുന്നത്. ആ ദിവസം അവരെ സംബന്ധിച്ചേടത്തോളം എത്രമേൽ വമ്പിച്ച ദിവസമാണെന്ന് പറയേണ്ടതില്ലല്ലോ?. കഴിഞ്ഞ കഥകളുടെയെല്ലാം അവസാനത്തിൽ അല്ലാഹു ഓർമ്മിപ്പിച്ചു വന്നതുപോലെ ഇവിടെയും അല്ലാഹു ഓർമ്മിപ്പിക്കുന്നു:-

إِنَّ فِى ذَٰلِكَ لَءَايَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ﴿١٩٠﴾

190 നിശ്ചയമായും അതിൽ ഒരു (വലിയ) ദൃഷ്ടാന്തമുണ്ട്. അവരിൽ അധികമാളും വിശ്വസിക്കുന്നവരല്ല.

وَإِنَّ رَبَّكَ لَهُوَ ٱلْعَزِيزُ ٱلرَّحِيمُ ﴿١٩١﴾

191 നിശ്ചയമായും നിൻെറ റബ്ബ് തന്നെയാണ് പ്രതാപശാലിയും, കരുണാനിധിയും.

---

190 إِنَّ فِي ذَلِكَ നിശ്ചയമായും അതിലുണ്ട്. لَآيَةً ഒരു ദൃഷ്ടാന്തം. وَمَا كَانَ أَكْثَرُهُم അവരിൽ അധികമാളുകളും അല്ല. مُّؤْمِنِينَ വിശ്വസിക്കുവർ, വിശ്വാസികൾ. 191 وَإِنَّ رَبَّكَ നിശ്ചയമായും നിൻെറ റബ്ബ്. لَهُوَ അവൻതന്നെയാണ് . الْعَزِيزُ പ്രതാപശാലി. الرَّحِيمُ കരുണാനിധി.

ഈ സൂറത്തിൻെറ ആദ്യവചനങ്ങളിൽ അവിശ്വാസികൾക്ക് നൽകപ്പെടുന്ന ഉൽബോധനങ്ങളുടെ നേരെ അവർ കൈകൊണ്ട അവഗണനയെക്കുറിച്ചും, പരിഹാസത്തെക്കുറിച്ചും പ്രസ്താവിക്കുകയുണ്ടായി, അതിനെത്തുടർന്ന് അല്ലാഹുവിൻെറ ഏകത്വത്തിനും, മഹത്വത്തിനുമുള്ള-പ്രകൃതിപരവും, ചരിത്രപരവുമായ-പല ദൃഷ്ടാന്തങ്ങളും വിവരിച്ചു. നബി (ﷺ) അവർക്ക് നൽകുന്ന ഈ ഉൽബോധം-അതെ അവർക്ക് ഓതിക്കേൾപ്പിക്കുന്ന വിശുദ്ധ ഖുർആൻ-എങ്ങനെയുള്ളതാണ്, അത് നബി (ﷺ) ക്ക് എവിടെനിന്നു ലഭിച്ചു എന്നിത്യാദി കാര്യങ്ങളെക്കുറിച്ചാണ് ഇനിയുള്ള വചനങ്ങളിൽ പ്രതിപാദിക്കുന്നത്:-

വിഭാഗം-11

192 നിശ്ചയമായും അത് [ഖുർആൻ] ലോക രക്ഷിതാവ് അവതരിപ്പിച്ചതുതന്നെ.

وَإِنَّهُۥ لَتَنزِيلُ رَبِّ ٱلْعَٰلَمِينَ ﴿١٩٢﴾

193 (ആ) വിശ്വസ്തനായ ആത്മാവ് [ജിബ്രീൽ] അതുംകൊണ്ട് ഇറങ്ങിയിരിക്കുകയാണ്;-

نَزَلَ بِهِ ٱلرُّوحُ ٱلْأَمِينُ ﴿١٩٣﴾

194 നിൻെറ ഹൃദയത്തിൽ, നീ താക്കീത് നൽകുന്നവരുടെ കൂട്ടത്തിൽ ആയിരിക്കുവാൻവേണ്ടി;-

عَلَىٰ قَلْبِكَ لِتَكُونَ مِنَ ٱلْمُنذِرِينَ ﴿١٩٤﴾

195 സ്പഷ്ടമായ അറബിഭാഷയിൽ.

بِلِسَانٍ عَرَبِيٍّ مُّبِينٍ ﴿١٩٥﴾

---

192 وَإِنَّهُ നിശ്ചയമായും അത്. لَتَنزِيلُ അവതരിപ്പിച്ചതു തന്നെ, ഇറക്കിക്കൊടുക്കൽ തന്നെ. رَبِّ الْعَالَمِينَ ലോകരക്ഷിതാവിൻെറ, ലോകരുടെ റബ്ബിൻെറ. 193 نَزَلَ بِهِ അതുമായി അവതരിച്ചു, അതുംകൊണ്ട് ഇറങ്ങിയിരിക്കുന്നു. الرُّوحُ الْأَمِينُ വിശ്വസ്തനായ ആത്മാവ്. 194 عَلَى قَلْبِكَ നിൻെറ ഹൃദയത്തിൽ. لِتَكُونَ നീ ആയിരിക്കുവാൻവേണ്ടി. مِنَ الْمُنذِرِينَ താക്കീത് ചെയ്യുന്നവരിൽ (പെട്ടവൻ). 195 بِلِسَانٍ ഒരു ഭാഷയിൽ. عَرَبِيٍّ അറബിയായ. مُّبِينٍ സ്പഷ്ടമായ, വ്യക്തമായ.

'നീ, ജനങ്ങൾക്ക് താക്കീത് നൽകുന്ന മുർസലുകളുടെ കൂട്ടത്തിൽപെട്ട ആളായിരിക്കാൻ വേണ്ടി നിൻെറ ഹൃദയത്തിൽ അതുമായി - വിശുദ്ധ ഖുർആനുമായി-വിശ്വസ്തനായ ആത്മാവ് ഇറങ്ങിയിരിക്കയാണ്. അത് ലോകരക്ഷിതാവായ അല്ലാഹു അവതരിപ്പിച്ചതു തന്നെയാകുന്നു. സ്പഷ്ടമായ അറബിഭാഷയിലാണ് അതുള്ളത്' എന്നു സാരം. ഈ ചെറിയ നാല് ആയത്തുകളിൽ പല പ്രധാന സംഗതികളും അടങ്ങിയിട്ടുണ്ട്. അതിൻെറ സംഗ്രഹം ഇങ്ങിനെ മനസ്സിലാക്കാം:-

(1) 'അല്ലാഹു അവതരിപ്പിച്ചത്' എന്ന് പറയാതെ, ലോകരക്ഷിതാവ് അവതരിപ്പിച്ചത് (تنزيل رب العالمين) എന്നാണല്ലോ അല്ലാഹു പറഞ്ഞത്. അപ്പോൾ, സ്വഭാവികമായും അല്ലാഹുവിൻെറ രക്ഷാകർത്തൃത്വത്തിൻകീഴിൽ നിലകൊള്ളുന്ന എല്ലാ ജനവിഭാഗങ്ങൾക്കും മാർഗദർശകവും, അനുയോജ്യവുമായിരിക്കണം അത് (ഖുർആൻ). എല്ലാവരും തങ്ങളുടെ രക്ഷിതാവിനാൽ അവതരിപ്പിക്കപ്പെട്ട ആ ഗ്രന്ഥം സ്വീകരിക്കുവാൻ കടമപ്പെട്ടവരായിരിക്കും. അവരുടെ യഥാർത്ഥ നന്മകൾ എന്തൊക്കെയാണെന്നും, ഏതൊക്കെയാണെന്നും ശരിക്കും കണക്കിലെടുത്തുകൊണ്ടായിരിക്കും അത് അവതരിപ്പിച്ചിരിക്കുക. അവരുടെ നന്മക്കും ഗുണത്തിനും അതിനെക്കാൾ ഉതകുന്ന മറ്റൊരു പ്രമാണം ഉണ്ടായിരിക്കയില്ല.

(2) 'ലോകരക്ഷിതാവ് അവതരിപ്പിച്ചതുതന്നെ' (وانه لتنزيل الخ) എന്ന് ഊന്നിപ്പറഞ്ഞതും അർത്ഥവത്താകുന്നു. അത് (ഖുർ ആൻ) മുഹമ്മദ് (ﷺ) നബി സ്വന്തം നിലക്ക് പറഞ്ഞതല്ല. മറ്റു വല്ല മനുഷ്യരിൽനിന്നോ, ജിന്ന്, മലക്ക്, മുതലായവരിൽനിന്നോ രൂപംകൊണ്ടതല്ല. അല്ലാഹുതന്നെയാണ് അവതരിപ്പിച്ചിരിക്കുന്നത്. നബി (ﷺ) ക്ക് എത്തിച്ചുകൊടുത്തത് ജിബ്രീൽ (عليه السلام) ആയതുകൊണ്ട് അത് അല്ലാഹുവൽ നിന്നല്ലാതെയാകുന്നുമില്ല. അല്ലാഹു അദ്ദേഹം മുഖേന അത് എത്തിച്ചുകൊടുത്തുവെന്ന് മാത്രമേയുള്ളു. എന്നൊക്കെ ഈ പ്രയോഗത്തിൽ സൂചനകളുണ്ട്.

(3) സൂറത്തു-ശൂറാ (الشورى) 51- ൽ വന്നതുപോലെ, അല്ലാഹുവിൽനിന്ന് പ്രവാചക

ന്മാർക്ക്, ദിവ്യസന്ദേശങ്ങൾ ലഭിക്കുന്നത്, ഒന്നിലധികം പ്രകാരത്തിൽ ആകാവുന്നതാണ്. അവയിൽ ഒന്ന് ഒരു മലക്കിനെ ദൂതനായി അയച്ച് അദ്ദേഹം മുഖാന്തിരം സന്ദേശമെത്തിക്കുക എന്നുള്ളതാകുന്നു. ഇപ്രകാരമാണ് ഖുർആൻെറ അവതരണം നടന്നിട്ടുള്ളത്. 'അതുംകൊണ്ട് വിശ്വസ്തനായ ആത്മാവ് ഇറങ്ങിയിരിക്കുകയാണ്, (نزل به الروح الامين) എന്ന്, പറഞ്ഞത് ഇതിനെക്കുറിച്ചാകുന്നു. 'വിശ്വസ്തനായ ആത്മാവ്' കൊണ്ടുദ്ദേശം ജിബ്രീൽ (عليه السلام) തന്നെ. ജിബ്രീൽ തങ്ങളുടെ ശത്രുവാണെന്നും മറ്റും ജൂതന്മാർ പറഞ്ഞുവന്നതിനെക്കുറിച്ചുള്ള ഒരു പ്രസ്താവനയിൽ അല്ലാഹു ഇങ്ങിനെ പറയുന്നു: 'ആരെങ്കിലും ജിബ്‌രീലിന് ശത്രുവാണെങ്കിൽ (ആയിക്കൊള്ളട്ടെ) എന്നാൽ, അദ്ദേഹം നിൻെറ ഹൃദയത്തിൽ അല്ലാഹുവിൻെറ ഉത്തരവുപ്രകാരം അത് അവതരിപ്പിച്ചിരിക്കുകയാണ്.
(من كان عدوا لجبريل فانه نزله على قلبك بإذن الله البقرة:٩٧) ജിബ്രീൽ(عليه السلام) നെ ഉദ്ദേശിച്ച് 'അൽ-റൂഹുൽ അമീൻ' എന്നാണല്ലോ ഇവിടെ പറഞ്ഞത്. ചിലപ്പോൾ 'അൽ-റൂഹ്' (الروح ആത്മാവ്) എന്നും, ചിലപ്പോൾ 'റൂഹുൽ ഖുദുസ്സ്' (الروح القدس) പരിശുദ്ധാത്മാവ്) എന്നും പറയാറുണ്ട് അല്ലാഹുവിൽനിന്ന് നബിമാർക്ക് വഹ്‌യുകൾ (ദിവ്യസന്ദേശങ്ങൾ) എത്തിച്ചുകൊടുക്കുന്ന മഹാദൂതനാണ് (الناموس الاكبر) അദ്ദേഹം. അഭൗതിക സൃഷ്ടികളായ ആത്മീയജീവികളത്രെ മലക്കുകൾ. അതുകൊണ്ട് ആത്മാവ് എന്നർത്ഥമുള്ള 'റൂഹ്' എന്ന പ്രയോഗം ഇവിടെ സ്പഷ്ടമാണ്. ഒരു പ്രത്യേക ആളെ ഉദ്ദേശിക്കുന്നതിനെയാണ് 'അൽ' (ال) എന്ന അവ്യയം കുറിക്കുന്നത്. ആ പ്രത്യേക ആത്മാവത്രെ ജിബ്രീൽ (عليه السلام) .

(4) ജിബ്രീൽ (عليه السلام) നെ വിശ്വസ്തൻ (الامين) എന്ന് വിശേഷിപ്പിച്ചതിലും രഹസ്യമുണ്ട്. യാതൊരു കൃത്രിമമോ, മാറ്റത്തിരുത്തമോ അദ്ദേഹത്തിൽനിന്ന് സംഭവിക്കുകയില്ല. അല്ലാഹു ഏൽപ്പിച്ച അതേ പ്രകാരംതന്നെ സൂക്ഷ്മമായും കൃത്യമായും അദ്ദേഹം തമ ദൗത്യം നിർവഹിക്കുന്നതാണ് എന്ന താൽപര്യം അല്ലാഹുവിൻെറ കൽപന പ്രകാരമല്ലാതെ അത് സംഭവിക്കുകയില്ലന്ന് മേലുദ്ധരിച്ച ആയത്തിലും പ്രസ്താവിച്ചുവല്ലോ.

(5) നബി (ﷺ) തിരുമേനിയുടെ ഹൃദയത്തിലാണ് ഖുർആൻ അവതരിപ്പിക്കുന്നതെന്ന് ഇവിടെയും, സൂ: അൽ ബഖറഃയിലെ ആയത്തിലും അല്ലാഹു വ്യക്തമാക്കുന്നു. കാര്യങ്ങൾ ഗ്രഹിക്കുവാനും, സ്മരിക്കുവാനുമുള്ള ആ ആന്തരീകശക്തിയാണിവിടെ 'ഹൃദയം' (قلب) കൊണ്ടുദ്ദേശം. അഥവാ ഹൃദയമെന്ന് പറയപ്പെടുന്ന ശാരീരികമായ അംശമോ, അവയവമോ അല്ല ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ജിബ്രീൽ (عليه السلام) ആ വചനങ്ങൾ ഓതിക്കൊടുക്കുന്നു. തിരുമേനിക്ക് അത് ഹൃദിസ്ഥമാവുകയും ചെയ്യുന്നു. പിന്നീടത് മറന്നുപോകുന്നതുമല്ല.
(سنقرئك فلا تنسى الاعلى) (നിനക്ക് നാം ഓതിത്തരും: എന്നിട്ട് നീ മറക്കുകയില്ല.)

ഖുർആനാകുന്ന ദിവ്യവചനങ്ങളുടെ സാരാംശമോ, അർത്ഥമോ അല്ല-അക്ഷരങ്ങൾ സഹിതമുള്ള വചനങ്ങൾ തന്നെയാണ്-നബി (ﷺ) ക്ക് മലക്ക് എത്തിച്ചുകൊടുക്കുന്നത്. അതുകൊണ്ടാണ് ഖുർആന് അല്ലാഹുവിൻെറ വചനം (كلام الله) എന്ന് പറയുന്നത്. 'നാം നിനക്ക് അത് പാരായണം ചെയ്തുതരുന്നു (نتلوها عليك –الجاثية) എന്നും, നാം അത് ഓതിത്തരുമ്പോൾ ആ ഓതിത്തന്നതിനെ പിൻപറ്റിക്കൊള്ളുക (فإذا قرا ناه فاتبع قرأنه– القيامة) എന്നും മറ്റും അല്ലാഹു ഖർആനെപ്പറ്റി പ്രസ്താവിക്കുന്നതിൽ നിന്നും ഇത് മനസ്സിലാക്കാം. ഒരിക്കൽ നബി (ﷺ) യോട് ഒരാൾ, അവിടുത്തേക്ക് 'വഹ്‌യു' വരുന്നത് എങ്ങിനെയാണെന്ന് ചോദിക്കുകയുണ്ടായി. അപ്പോൾ അവിടുന്ന് ഇങ്ങിനെ മറുപടി പറഞ്ഞു:-

احيانا يأتنى مثل صلصلة الجرس و هو اشده علي فيفصم عنى وقد وعيت عنهما قال واحيانا يمثل لى الملك رجلا فيكلمنى فاعى مايقول متفق عليه

(സാരം: ചിലപ്പോൾ മണിയടിക്കുന്നതിൻെറ ചലചല ശബ്ദം പോലെയാണത് എനിക്ക് വരുന്നത്. അതാണ്, എനിക്ക് കൂടുതൽ പ്രയാസകരമായിട്ടുള്ളത്. അങ്ങിനെ, അത് തീരുമ്പോഴേക്കും മലക്ക് പറയുന്നത് എനിക്ക് പാഠമായിട്ടുണ്ടായിരിക്കും. ചില സന്ദർഭങ്ങളിൽ, മലക്ക് മനുഷ്യരൂപത്തിൽ എനിക്ക് പ്രത്യക്ഷപ്പെടും, അപ്പോൾ അദ്ദേഹം പറയുന്നത് എനിക്ക്

പാഠമാകുന്നു ....(ബു, മു) വഹ്‌യിന്റെ ഇനങ്ങളെ സംബന്ധിച്ചും മറ്റും സൂ: ശൂറ 51-ൽ വെച്ച് കൂടുതൽ വിവരം നമുക്ക് ലഭിക്കുന്നതാണ്. **ان شاء الله**

(6) 'സ്പഷ്ടമായ അറബി ഭാഷയിലാണ് (**بلسان عربي مبين**) എന്നു പറഞ്ഞുവല്ലോ. ഖുർആൻ അറബിഭാഷയിലാകുവാനുള്ള കാരണം, അറബിഭാഷയിൽ തന്നെയുള്ള അവാന്തര വിഭാഗങ്ങളും, പ്രാദേശിക വ്യത്യാസങ്ങളും നോക്കുമ്പോൾ ഖുർആൻ അംഗീകരിച്ചിട്ടുള്ള ഭാഷാശൈലിയുടെ സവിശേഷത, അറബിഭാഷാ സാഹിത്യത്തിൽ അതിനുള്ള പ്രത്യേകത മുതലായതിനെപ്പറ്റി മുഖവുര, അദ്ധ്യായം IV-ലും സൂ: ത്വാഹാ 113-ന്റെ വിവരണത്തിലും മറ്റും നാം വിവരിച്ചിട്ടുള്ളത് ഇവിടെ സ്മരിക്കുക. 'സ്പഷ്ടമായ ഭാഷ' (**لسان مبين**) ഖുറൈശികൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന ഭാഷാശൈലിയെ ഉദ്ദേശിച്ച് പറയപ്പെടാറുണ്ടെന്നും, ഖുർആന്റെ ഭാഷ ഖുറൈശികളുടെ ഭാഷാരീതിയോട് കൂടുതൽ അടുപ്പമുണ്ടെന്നും മുഖവുരയിൽ നാം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഏതായാലും, എല്ലാ ഭാഷകളുമെന്നപോലെ അറബി ഭാഷയും കാലാന്തരത്തിൽ-ഭാഷണരീതി, രചനാശൈലി, സാഹിത്യപ്രയോഗം ആദിയായവയിൽ-പല മാറ്റങ്ങൾക്കും വിധേയമായിക്കൊണ്ടിരിക്കുകയാകുന്നു. എന്നാൽ, ഖുർആന്റെ ഭാഷാശൈലിയാകട്ടെ- അന്നും, ഇന്നും-പുതുമയോടും, നവചൈതന്യത്തോടും കൂടി അതേ സ്പഷ്ടമായ രൂപത്തിൽ തന്നെ അവശേഷിക്കുന്നു. എന്നും അങ്ങിനെത്തന്നെ നിലനിൽക്കുകയും ചെയ്യും.

وَإِنَّهُۥ لَفِى زُبُرِ ٱلْأَوَّلِينَ ﴿١٩٦﴾

196 നിശ്ചയമായും അത് [ഖുർആൻ] മുൻഗാമികളുടെ ഗ്രന്ഥങ്ങളിലുമുണ്ട്.

أَوَلَمْ يَكُن لَّهُمْ ءَايَةً أَن يَعْلَمَهُۥ عُلَمَٰٓؤُا۟ بَنِىٓ إِسْرَٰٓءِيلَ ﴿١٩٧﴾

197 ഇസ്രാഈൽ സന്തതികളിലെ പണ്ഡിതന്മാർക്ക് അതറിയാമെന്നുള്ളത് ഇവർക്ക് [ഈ അവിശ്വാസികൾക്ക്] ഒരു ലക്ഷ്യമാകുന്നില്ലയോ?!

---

196 وَإِنَّهُ നിശ്ചയമായും അത്. لَفِي زُبُرِ ഗ്രന്ഥങ്ങളിലുണ്ട്, ഏടുകളിൽ തന്നെയുണ്ട് . الْأَوَّلِينَ പൂർവ്വീകൻമാരുടെ, മുൻഗാമികളുടെ. 197 أَوَ لَمْ يَكُن ആകുന്നില്ലയോ, അല്ലേ. لَّهُمْ آيَةً അവർക്ക് ഒരു ലക്ഷ്യം, ദൃഷ്ടാന്തം. أَن يَعْلَمَهُ അതിനെ അറിയുമെന്നത്, അദ്ദേഹത്തെ (നബിയെ) അറിയുമെന്നുള്ളത്. عُلَمَاءُ പണ്ഡിതൻമാർ, അറിവുള്ളവർ. بَنِي إِسْرَائِيلَ ഇസ്റാഈൽ സന്തതികളിലെ. ഇസ്റാഈല്യരുടെ.

അത് അഥവാ ഖുർ ആൻ മുൻഗാമികളുടെ ഗ്രന്ഥങ്ങളിലുണ്ട് എന്ന് പറഞ്ഞതിന്റെ താൽപര്യം. അതിന്റെ മൂലസിദ്ധാന്തങ്ങളും, പ്രധാന തത്വങ്ങളും മുൻ കഴിഞ്ഞ വേദഗ്രന്ഥങ്ങളിലും ഉണ്ടെന്നും, ആകയാൽ ഖുർആൻ പുത്തനായ ഒരു സിദ്ധാന്തം കൊണ്ടുവന്നിരിക്കുകയല്ലന്നുമാകുന്നു. ഖുർആനെക്കുറിച്ചും, അതിന്റെ മഹത്വത്തെക്കുറിച്ചും ആ ഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടെന്നും ഇവിടെ ഉദ്ദേശ്യമായിരിക്കാവുന്നതാണ് . ഈ രണ്ടു വിധത്തിലും ഈ വചനം വ്യക്യാനിക്കപ്പെട്ടിട്ടുണ്ട്. രണ്ടും വാസ്തവമാണുതാനും. പൂർവ്വഗ്രന്ഥങ്ങൾ അവയുടെ സാക്ഷാൽ രൂപത്തിൽ ഇന്ന് നിലവിലില്ല,. യാതൊരു തരത്തിലുള്ള മാറ്റത്തിനോ, കൈകടത്തലിനോ വിധേയമാകാത്ത ഭാഗമേതെങ്കിലും അവയിൽ ശേഷിപ്പുണ്ടോ എന്നുപോലും തീർത്ത് പറയാൻ സാധ്യമല്ല. നബി(ﷺ) യെയും ഖുർആനേയും സംബന്ധിക്കുന്നത്ര വശങ്ങളിൽ പ്രത്യകിച്ചും കൈകടത്തപ്പെട്ടിരിക്കുകയാണെന്നതും സ്മരണീയമാണ്. എന്നിട്ടുപോലും മേൽപറഞ്ഞ രണ്ടുസംഗതികൾ - ഖുർആന്റെ പ്രധാന സിദ്ധാന്തങ്ങളും തത്വങ്ങളും അവയിൽ അടങ്ങിയിട്ടുണ്ടെന്നും, ഖുർ ആനെയും ഖുർ ആന്റെ മഹത്വത്തെയും, സംബന്ധിച്ച് അതിൽ പ്രസ്താവിച്ചിട്ടിണ്ടെന്നുള്ളതിനു-ആ ഗ്രന്ഥങ്ങളിൽ അങ്ങിങ്ങായി പല തെളിവുകളും ഇന്നും അവശേഷിക്കുന്നുണ്ടുതാനും.

ബൈബിളിൽ പഴയ നിയമം എന്ന പേരിൽ എന്നറിയപ്പെടുന്ന പൂർവ്വവിഭാഗങ്ങളിലാണ് താരതമ്യേന കൂടുതൽ തെളിവുകൾ കാണുക. മൂസ(ﷺ) നബിയോയും ഈസാ (ﷺ) നബിക്ക് മമ്പുള്ള പല നബിമാരുടെയും വേദഗ്രന്ഥങ്ങളെന്ന നിലക്കാണ് ഈ വിഭാഗം പൊതുവിൽ വേദക്കാർ കരുതിവന്നത്. പുതിയനിയമം എന്ന പേരിൽ അറിയപ്പെടുന്ന അവ സാനത്തെ ഭാഗം ഈസാ (ﷺ) നബിയുടെ ശേഷം അദ്ദേഹത്തിന് ദിവ്യത്ത്വം കൽപിച്ചു കൊണ്ടുള്ള ഒരടിസ്ഥാനത്തിൽ വിരചിതമായിട്ടാണ് കാണപ്പെടുന്നത്. ഇന്ന് ഇഞ്ചീലുകൾ (الاناجيل) അഥവാ സുവിശേഷ പുസ്തകങ്ങൾ എന്ന പറയപ്പെടുന്ന ഓരോന്നും തന്നെ, അദ്ദേഹത്തിന് ശേഷം ഓരോരുത്തരുടെ കൈക്ക് വിരചിതമായതാണെന്നുള്ളതിൽ സംശ യമില്ല. അതേ സമയത്ത് പുതിയ പുസ്തകങ്ങൾ പരിശോധിച്ചാൽ അവ കേവലം ചില നിയമ ത്തിലെ ഇഞ്ചീലുകളും (സുവിശേഷങ്ങളും) ക്രൈസ്തവ സിദ്ധാന്തങ്ങളുമല്ലാതെ, ന്യായ പ്രമാണങ്ങളോ നിയമ സംഹിതയോ അല്ലെന്നും ഒരു വസ്തുതയത്രെ. പഴയനിയമത്തിൽ എത്ര തന്നെ മാറ്റത്തിരുത്തലുകൾ വന്നുപോയിട്ടുണ്ടെങ്കിൽകൂടി- അവ പരിശോധിക്കുന്ന പക്ഷം-അതിൽ ന്യായപ്രമാണവും നിയമ സംഹിതയും അടങ്ങിയിട്ടുണ്ടെന്ന് കാണാ വുന്നതാണ്. ഒരു സമുദായത്തിൻെറ വിജയത്തിന്നാവശ്യമായ ധാർമിക നിയമ സമൂഹ മായിരുന്നു അത് എന്ന ഒരു പ്രതീതി അതിൽ നിന്ന് അനുഭവപ്പെടും. ഇതെല്ലാം ഇവിടെ വിവരിക്കേണ്ടുന്ന ആവശ്യമില്ല. ചുരുക്കത്തിൽ മേൽ ചൂണ്ടിക്കാട്ടിയ കാരണങ്ങളാൽ പഴയ നിയമങ്ങളെ അപേക്ഷിച്ച് പുതിയ നിയമത്തിൽ ഖുർആനെക്കുറിച്ചോ വളരെ കുറഞ്ഞ സ്പർശനമേ കണ്ടെത്തുവാൻ കഴിയുകയുള്ളുവെന്നത് സ്വാഭാവികമാണ്.

ഇന്നത്തെ ബൈബിളിൻെറ സ്ഥിതി എന്തായിരുന്നാലും ശരി, തൗറാത്തിലും, ഇഞ്ചീലിലും നബി (ﷺ) യെക്കുറിച്ച് വ്യക്തമായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടായിരുന്നുവെന്ന തിൽ സംശയമില്ല. സൂ: അഅ്റാഫിൽ അല്ലാഹു പറയുന്നു.

الذين يتبعون الرسول النبى الامى الذى يجدونه مكتوبا عندهم في التورىة والانجيل الخ–الاعراف: ١٥٧

(.........ഞങ്ങളുടെ പക്കൽ തൗറാത്തിലും, ഇഞ്ചീലിലും എഴുതിരേഖപ്പെടുത്തപ്പെട്ടതായി അവർ കാണുന്ന അക്ഷര ജ്ഞാനമില്ലാത്ത പ്രവാചകനായ റസൂലുനെ പിൻപറ്റുന്നവർ..........)

നബി(ﷺ) ദിവ്യത്ത്വം (الرسالة) ലഭിക്കുന്നതിന്ന് മുമ്പ് വേദക്കാർക്ക് പൊതുവിലും യഹൂ ദർക്ക് പ്രത്യേകിച്ചും വരുവാനിരിക്കുന്ന ഒരു പ്രവാചകൻെറ ലക്ഷണങ്ങൾ സൂചിപ്പിച്ചിരുന്നു. അവിരടെ വേദപ്രമാണങ്ങളിൽ നിന്ന് അറിവായ ആ അടയാളങ്ങൾ സാക്ഷാൽകൃതമായി ക്കാണുന്ന ഒരു അന്ത്യ പ്രവാചകനെ അവർ അക്ഷമയോടെ കാത്തിരിക്കുന്നുണ്ടായിരുന്ന. പക്ഷേ അവർക്കറിയാമായിരുന്ന അക്കാര്യം യഥാർത്ഥത്തിൽ പുലർന്നു വന്നപ്പോൾ അവർ അത് നിഷേധിക്കുകയാണുണ്ടായത്. (فلما جاءهم ما عرفوا كفروا به –البقرة: ٨٩) പ്രസ്തുത അടയാള ങ്ങൾ കണ്ടതിൻെറ അടിസ്ഥാനത്തിൽ തന്നെ വേദക്കാരായ കുറേ ആളുകൾ നബി (ﷺ) യിൽ വിശ്വസിക്കുകയുണ്ടായിട്ടുള്ളതും ചരിത്രപ്രസ്ദ്ധമാകുന്നു. അവരിൽ പഠിതന്മാരായിരുന്ന അബ്ദുല്ലാഹിബ്നുസലാം (رضي الله عنه) സൽമാനുൽ ഹാരിസി(رضي الله عنه) എന്നീ പേരുകൾ അക്കൂട്ടത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്.

വേദക്കാരല്ലാതിരുന്ന അറബികളെ സംബന്ധിച്ച് പറയുകയാണെങ്കിൽ അവർക്ക് വേദ ഗ്രന്ഥങ്ങൾ പരിചിതമല്ലങ്കിലും വേദക്കാർ മഖേന ലഭിച്ച അറിവിൻെറ അടിസ്ഥാനത്തിൽ അവരും അതിനെക്കുറിച്ച് അജ്ഞരായിരുന്നില്ല അതുകൊണ്ടാണ്, ഇസ്രായേൽ പഠിതന്മാർക്ക് അറിയുമെന്ന വസ്തുത അവർക്കൊരു ലക്ഷ്യമല്ലയോ എന്ന് അല്ലാഹു ചോദിച്ചത്. നബി (ﷺ) തിരുമേനി ഇസ്രായേൽ വർഗത്തിൽപെട്ട ആളല്ലാതിരുന്നതാണ് വേദക്കാർ ഈ ഒരൊറ്റ ലക്ഷ്യത്തിൻെറ പശ്ചാത്തലത്തിൽ മാത്രം നബി (ﷺ) യിൽ വശ്വസിക്കുവാൻഅവകാശ

പ്പെട്ടവരായിരുന്നു. പക്ഷേ തങ്ങളുടെ വിഗ്രഹാരാധന മുതലായ അനാചാരങ്ങളെ തിരുമേനി ശരിവെക്കാതിരുന്നതുനിമിത്തം അവരും നബി(ﷺ) യെ എതിർത്തുകളഞ്ഞു.

197-ാം വചനത്തിലെ **يعلمه** എന്ന വാക്കിന് അറിയും എന്ന് നാം അർത്ഥം കൽപിച്ചത് അത് എന്ന തർവ്വ നാമം കൊണ്ടുദ്ദേശ്യം ഖുർആനാണെന്നും,. നബി(ﷺ) യാണെന്നും വരാവുന്നതാണ്. നബി (ﷺ) യാണെന്നുവെക്കുമ്പോൾ അദ്ദേഹത്തെ അറിയും എന്നാണർത്ഥം കൊടുക്കേണ്ടത്, ഉദ്ദേശ്യം ഈ രണ്ടിൽ ഏതായാലും സാരത്തിൽ രണ്ടും ഒന്നുതന്നെ, കാരണം, നബി(ﷺ) യും ഖുർആനും പരസ്പരം ബന്ധപ്പെട്ടുനിൽക്കുന്നു ഒന്നിൻെറ നിഷേധവും, സ്വീകരണവും മറ്റേതിനും ബാധകമാകുന്നതുമാനണല്ലോ. ഖുർആൻെറ സത്യതക്കുള്ള തെളിവും നബി(ﷺ) ക്കുള്ള തെളിവും ഒന്നുതന്നെ.

ഖുർആൻെറ വ്യക്തമായ സിദ്ധാന്തങ്ങൾക്കും, പ്രസ്താവനകൾക്കും എതിരായി ബൈബിളിൽ പലതും കാണാം. അതുമായി യോജിക്കുന്ന (വിഗ്രഹാരാധന തുടങ്ങിയ തുറകളിൽ) ചിലവശങ്ങളും അതിലുണ്ട്. അതുകൊണ്ടാണ് വേദക്കാർ പറയുന്നത് നിങ്ങൾ സത്യമാക്കുകയും അസത്യമാക്കുകയും ചെയ്യരുത്. (**لاتصدقوا اهل الكتاب ولا تكذبو هم –كما في البخارى**) എന്ന നബി (ﷺ) പറഞ്ഞത്. തക്കതായ ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ സത്യമാണെന്നു കാണുന്നതിനെ സത്യാമായി സ്വീകരിക്കുകയും, അതേ അടിസ്ഥാനത്തിൽ തെറ്റായി കാണുന്നതിനെ തള്ളിക്കളയുകയും ചെയ്യേണ്ടതുണ്ടെന്നും, രണ്ടും തീർച്ചപ്പെടുത്തുവാൻ തെളിവില്ലാത്ത വിഷയങ്ങളെ സംബന്ധിച്ചാണ് നബി(ﷺ) ഇത് പ്രസ്താവിച്ചിട്ടുള്ളതെന്നും നാം മുഖവുരയിൽ വിവരിച്ചിരിക്കുന്നു. എനി നിലവിലുള്ള ബൈബിളിൽതന്നെ ഖുർആൻെറയും നബി(ﷺ) യുടെയും സത്യതക്ക് തെളിവ് നൽകുന്ന ചില പ്രസ്താവനകൾ ഉദാഹരണാർത്ഥം നമുക്കിവിടെ പരിശോധിച്ചു നോക്കാം:-

1. ആവർത്തന പുസ്തകത്തിൽ മൂസ (عليه السلام) നബിയോടായി യഹോവ (ദൈവം) ഇങ്ങിനെ പറയുന്നു, നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്ക് (ഇസ്രായീലിയർക്ക്) അവരുടെ സഹോദരന്മമാരുടെ ഇടയിൽനിന്നും എഴുന്നേൽപിച്ച് എൻെറ വചനങ്ങളെ അവൻെറ നാവിന്മേലാക്കും. ഞാൻ അവനെട് കൽപിക്കുന്നത് ഒക്കെയും അവൻ അവരോട് പറയും. അവൻ എൻെറ നാമത്തിൽ പറയുന്ന എൻെറ വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ അവനോട് ഞാൻ ചോദിക്കും. എന്നാൽ, ഒരു പ്രവാചകൻ ഞാൻ അവനോട് കൽപിക്കാത്ത വചനം എൻെറ നാമത്തിൽ അഹങ്കാരത്തോടെ പ്രസ്താവിക്കുകയോ, അന്യദൈവങ്ങളുടെ നാമത്തിൽ സംസാരിക്കുകയോ ചെയ്താൽ ആപ്രവാചകൻ മരണ ശിക്ഷ അനുഭവിക്കണം. അതു യഹോവ അരുളിച്ചയ്യാത്ത വചനം എന്നു ഞങ്ങൾ എങ്ങിനെ അറിയും എന്നു നിൻെറ ഹൃദയത്തിൽ പറഞ്ഞാൽ, ഒരു പ്രവാചകൻ യഹോവയുടെ നാമത്തിൽ സംസാരിക്കുന്ന കാര്യം സംഭവിക്കുകയും ഒത്തുവരികയും ചെയ്താൽ അത് യഹോവ അരുളിച്ചെയ്തതല്ല. പ്രവാചകൻ അത് സ്വയംകൃതമായി സംസാരിച്ചതത്രെ. അവനെ പേടിക്കരുത്. (ആവർത്തനം: 18 ൽ 18-22)

ഈ പ്രവചനം യേശുവാ (**يوشع –ع**) പ്രവാചകനെ സംബന്ധിച്ചാണെന്ന് വേദക്കാർ ദുർവ്യാക്യാനിക്കാറുണ്ട് എന്നാൽ അതേ പുസ്തകത്തിൻെറ അവസാനത്തിലുള്ള മൂസ(عليه السلام) നബിയുടെ മരണ വാർത്ത വിവരിച്ചതിനെ തുടർന്ന് ഇങ്ങിനെ പറഞ്ഞു കൊണ്ടാണ് അത് അവസാനിക്കിന്നത്: .....മോശെ പ്രവർത്തിച്ച ഭയങ്കര കാര്യമൊക്കെയും വിചാരിച്ചാൽ യഹോവ അഭിമുഖമായി അറിഞ്ഞ മോശയെപോലെ ഒരു പ്രവാചകൻ യിസ്രായേലിൽ പിന്നെ ഉണ്ടായിട്ടില്ല. ഈ വാക്യങ്ങൾ മൂസ (عليه السلام) ക്ക് ശേഷം ആരോ എഴുതിച്ചേർത്തതാണെന്ന് സ്പഷ്ടമാണ്. അദ്ദേഹം മരണമടഞ്ഞ ഉടനെത്തന്നെ ആയിരിക്കാനും തരമില്ല: കുറേക്കാലം ചെന്ന ശേഷമായിരിക്കണം അതെഴുതപ്പട്ടത്. എങ്ങിനെ നോക്കിയാലും കേവലം

മൂസ (عليه السلام) നബിയുടെ വാല്യക്കാരനും, അദ്ദേഹത്തിൻെറ കാലശേഷം അദ്ദേഹത്തിൻെറ പിൻഗാമിയും, പ്രതിനിധിയുമായിരുന്ന യോശുവാ പ്രവാചകനായിരുന്നു മേൽകണ്ട പ്രവചനം കൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് സങ്കൽപിക്കാൻ യാതൊരു മാർഗവുമില്ല. യേശുവാ പ്രവാചകനാകട്ടെ, ഒരു വേദഗ്രന്ധമോ ഒരു പുതിയനിയമ വ്യവസ്ഥയോ കൊണ്ടുവന്നിട്ടുമില്ല. മൂസ (عليه السلام) നബിയുടെ പിൻഗാമി എന്ന നിലയിൽ, അദ്ദേഹത്തിൻെറ പ്രവർത്തനങ്ങൾ (ഇസ്രായീലിയരെ ഫലസ്ഥീനിൽ കുടിയിരുത്തുക മുതലായവ) പൂർത്തീകരിക്കുക മാത്ര മായിരുന്നു നിർവഹിച്ചതും.

ഇസ്രായീലിയർക്ക് മൂസ(عليه السلام) മഖാന്തരം നൽകപ്പെട്ട ഈ പ്രവചനത്തിൽ അവരുടെ സഹോദരന്മാരുടെ ഇടയിൽ നിന്ന് ഒരു പ്രവാചകനെ എഴുന്നേൽപിക്കുമെന്നാണല്ലോ പറഞ്ഞത്. അതിൻെറ ഉദ്ദേശ്യം ഇസ്രായേൽ വർഗത്തിൽ നിന്നായിരിക്കും അതെന്ന് വ്യക്തമാണ്. അതായത് അറബികളിൽ നിന്നുതന്നെ. യേശുവാ പ്രവാചകനാകട്ടെ, ഇസ്മായീലി വർഗക്കാരനോ അറബിയോ അല്ല. ഈ പ്രവചനം നിവൃത്തിയാക്കുന്നത് യേശ ുകൃസ്തുവിനെ കൊണ്ടാണെന്നാണ മറ്റൊരു വാദം. അദ്ദേഹവും ഇസ്രായീൽ വർഗത്തിൽ ജനിച്ച ആളാണ്. – ഇസ്മായീലിയല്ല. അതിനും പുറമെ, യോഹന്നാൻ എഴുതിയ സുവിശേഷം (ഇഞ്ചീൽ) ഈ വാദത്തെ നിഷേധിക്കുന്നതും കാണാം. അതിൽ പറയുന്നു:

’നീ ആർ എന്ന് യോഹന്നാനോട് ചോതിക്കുന്നതിന് യഹൂദന്മാർ യെരുശ്ശലമിൽ നിന്ന് പുരോഹിതന്മാരെയും ലേവ്യരെയും അവൻെറ അടുക്കൽ അയച്ചപ്പോൾ, അവൻെറ സാക്ഷ്യം എന്തെന്നാൽ അവൻ മറുക്കാതെ പറഞ്ഞു. ഞാൻ കൃസ്തുവല്ല എന്ന് ഏറ്റു പറഞ്ഞു. പന്നെ എന്ത്? എന്ന അവരോട് ചോദിച്ചതിന് അല്ല എന്ന് പറഞ്ഞു. നീ ആപ്രവാചകനാണോ? എന്നതിന് അല്ല എന്ന് അവൻ ഉത്തരം പറഞ്ഞു. അവർ അവനോട്, നീ ആരാകുന്നു? ഞങ്ങളെ അയച്ചവരോട് ഉത്തരം പറയേണ്ടതിന് നീനിന്നെക്കുറിച്ചുതന്നേ എന്തു പറയുന്നു? എന്നു ചോദിച്ചു. അതിന് അവൻ: യശയ്യാ പ്രവാചകൻ പറഞ്ഞതുപോലെ കർത്താവിൻെറ വഴി നേരെ ആക്കുവിൻ എന്ന് ഒരു മരുഭൂമിയിൽ വിളിച്ചു പറയുന്നവൻെറ ശബ്ദം ഞാൻ ആകുന്നു എന്നു പറഞ്ഞു....... (യോഹന്നാൻ 1 ൽ 19–24

അവർ അക്കാലത്ത് ഒരു കൃസ്ത്യുവിനേയും. ഒരു ഏലിയാവിനേയും, ഒരു പ്രവാചകനേയും പ്രതീക്ഷിച്ചുവരുന്നുണ്ടായിരുന്നുവെന്ന് ഇതിൽ നിന്ന് മനസ്സിലായല്ലൊ. ആ പ്രവാചകനാകട്ടെ, കൃസ്തുവോ, യോഹന്നാനോ, (യഹ്‌യാ നബിയോ) അല്ലാതെ മറ്റൊരാളാ യിരിക്കണമെന്നും, തീർച്ചയാണ്. എന്നാൽ യശയ്യാ പ്രവാചകൻ പറഞ്ഞതുപോലെ കർത്താവിൻെറ വഴി നേരേയാക്കുവിൻ എന്ന് മരുഭൂമിയിൽ വിളിച്ചു പറയുന്നവൻ ആരായിരി ക്കും? യശയ്യാ പ്രവാചകൻെറ ഈ പ്രവചനം, യശയ്യാ പുസ്തകം 60 ഉം 61 ഉം അദ്ധ്യായത്തി ൽ സുദീർഘമായി വർണിച്ചു കാണാം. അതിൻെറ ഉള്ളടക്കങ്ങൾ പരിശോധിക്കുമ്പോഴും, മൊശെ (മൂസ നബി) യിസ്രായേൽ മക്കളെ അനുഗ്രഹിച്ചു പറഞ്ഞിട്ടുള്ള ചില വാക്യങ്ങൾ നോക്കുമ്പോഴുംആ മരുഭൂമിയിൽ വിളിച്ചു പറയുന്ന പ്രവാചകൻ മുഹമ്മദ് മുസ്തഫാ തിരുമേനി (ﷺ) അല്ലാതെ മറ്റാരുമായിരിക്കില്ല. ആവർത്തന പുസ്തകത്തിലെ ആ വാക്യങ്ങൾ ഇപ്രകാരമാകുന്നു.

‘യഹോവ സിനായിൽ നിന്നു വന്നു അവർക്ക് സേയീരിൽ നിന്ന് ഉദിച്ചു. പാറാൻ പർവ്വതത്തിൽ നിന്ന് വിളങ്ങി. ലക്ഷോപലക്ഷം വിശുദ്ധന്മാരുടെ അടുക്കൽ നിന്ന് വന്നു.......... (ആവർത്തന പസ്തകം 33ൽ 2) ഇവിടെ സിനായിലെ (طورسيناء) വരവ് മൂസാ (عليه السلام) നബിയെയും, സേയീരിലെ (جبل ساعير) ഉദയം ഈസാ (عليه السلام) നബിയെയും, പാറാനിലെ (جبل فاران) വിളങ്ങൽ മുഹമ്മദ് നബിയെയും (عليهم الصلوة والسلام) കുറിക്കുന്നു. ആവർത്തന

പുസ്തകത്തിൽ ചൂണ്ടിക്കാട്ടിയ മരുഭൂമി, അറേബ്യൻ മരുഭൂമിയെയും, സൂചിപ്പിക്കുന്നു. മേൽ പറഞ്ഞ ഓരോ മലയും സ്ഥിതിചെയ്യുന്ന സ്ഥാനം കൊണ്ട് തന്നെ ഇത് മനസ്സിലാക്കാം.

198 അ റബികളിൽ (ഏതെങ്കിലും) ചിലരുടെ മേൽ നാം അത് [ഖുർആൻ] അവതരിപ്പി ച്ചിരുന്നുവെങ്കിൽ,- وَلَوْ نَزَّلْنَٰهُ عَلَىٰ بَعْضِ ٱلْأَعْجَمِينَ ﴿١٩٨﴾

199 എന്നിട്ട് അദ്ദേഹം അതവർക്ക് ഓതിക്കൊ ടുക്കുകയും ചെയ്താൽ, അവർ അതിൽ വിശ്വസിക്കുന്നവരായിരിക്കയില്ല. فَقَرَأَهُۥ عَلَيْهِم مَّا كَانُوا۟ بِهِۦ مُؤْمِنِينَ ﴿١٩٩﴾

---

198 وَلَوْ نَزَّلْنَاهُ നാം അതിനെ ഇറക്കിയിരുന്നെങ്കിൽ. عَلَى بَعْضِ ചിലരുടെമേൽ. ٱلْأَعْجَمِينَ അനറബിക ളിൽ (അറബികളല്ലാത്തവരിൽ) . 199 فَقَرَأَهُ എന്നിട്ടത് അദ്ദേഹം ഓതിക്കൊടുത്താൽ, വായി ച്ചാൽ. عَلَيْهِم അവർക്ക്, അവരിൽ. مَّا كَانُوا അവരായിരിക്കയില്ല. بِهِ അതിൽ. مُؤْمِنِينَ വിശ്വസിക്കുന്ന വർ.

മുഹമ്മദ് നബി(ﷺ) ഒരു അറബിയാണ്. അദ്ദേഹത്തിമ ആകമനത്തെക്കുറിച്ച് വേദക്കാരായ പഠിതന്മാർക്ക് അറിയുകയും ചെയ്യാം. ആ നിലക്ക് ഇവർ -മുശ്‌രിക്കുകളായ അറബികൾ- അദ്ദേഹത്തിൽ വിശ്വിക്കുവാൻ കടമപ്പെട്ടവരാകുന്നു. അവരത് ചെയ്യുന്നുല്ല. എന്നിരിക്കുമ്പോൾ. അറബിയല്ലാത്ത ഒരാളുടെ കൈക്കാണ് ഈ ഗ്രന്ഥം- സ്പഷ്ടമായ അറബി ഭാഷയിലുള്ള ഖുർആൻ-അവതരിക്കപ്പെട്ടിട്ടുള്ളതെങ്കിൽ തീർച്ചയായും ഇവർ വിശ്വസിക്കുകയില്ലല്ലോ? എനി ഖുർആൻ അന്യഭാഷയിലും, റസൂൽ അറബിയും ആയാലത്തെ സ്ഥിതിയോ?. അതും അങ്ങിനെ ത്തന്നെ. സൂ: ഹാമിം സജദയിൽഅല്ലാഹു പ്രസ്ഥാവിച്ചത് പോലെ. അപ്പോൾ അവർ പറഞ്ഞേ ക്കും: ഞങ്ങൾക്ക് ഇത് വിസ്തരിച്ച് വിവരിച്ച് തരേണ്ടതല്ലേ! വേദഗ്രന്ഥം അന്യഭാഷയിലും പ്രവാചകൻ അറബിയും ആയിരിക്കുകയോ? ഇതെന്ത് കഥയാണ്, എന്നൊക്കെ (ولو جعلناه قرانا اعجميا لقالوا—الخ – حم السجدة: ٤٤) ചുരുക്കത്തിൽ അവർ വിശ്വസിക്കാതിരിക്കാനുള്ള കാരണം അതൊന്നുമല്ല. അത് മറ്റൊന്നാണ്. അത് അടുത്ത വചനത്തിൽനിന്നു മനസ്സിലാക്കാം.

200 അപ്രകാരം (ആ) കുറ്റവാളികളുടെ ഹൃദ യങ്ങളിൽ നാം അത് [ആ അവിശ്വാസ നയം] കടത്തിയിരിക്കുകയാണ്. كَذَٰلِكَ سَلَكْنَٰهُ فِى قُلُوبِ ٱلْمُجْرِمِينَ ﴿٢٠٠﴾

201 വേദനയേറിയ ശിക്ഷ കാണുന്നതുവരേ ക്കും അവർ അതിൽ വിശ്വസിക്കുകയില്ല; لَا يُؤْمِنُونَ بِهِۦ حَتَّىٰ يَرَوُا۟ ٱلْعَذَابَ ٱلْأَلِيمَ ﴿٢٠١﴾

202 -അങ്ങനെ, അവർക്കറിയാത്തനിലയിൽ പെട്ടന്ന് അതവർക്ക് വന്നെത്തുകയും (ചെയ്യുന്നതുവരെ) ;- فَيَأْتِيَهُم بَغْتَةً وَهُمْ لَا يَشْعُرُونَ ﴿٢٠٢﴾

203 അപ്പോൾ അവർ പറഞ്ഞേക്കും: ''ഞ ങ്ങൾ താമസം നൽകപ്പെടുന്നവരാണോ [ഞങ്ങൾക്ക് വല്ല ഒഴിവും ലഭിക്കുമോ]?!'' فَيَقُولُوا۟ هَلْ نَحْنُ مُنظَرُونَ ﴿٢٠٣﴾

204 എന്നാൽ, നമ്മുടെ ശിക്ഷയെപ്പറ്റിയാണോ അവർ ധൃതികൂട്ടിക്കൊണ്ടിരിക്കുന്നത്?! أَفَبِعَذَابِنَا يَسْتَعْجِلُونَ ﴿٢٠٤﴾

205 ഇനി-നീ കണ്ടുവോ? (ആലോചിച്ചുനോ ക്കൂ!) - കുറേ കൊല്ലങ്ങളോളം നാം അവ ർക്ക് സുഖഭോഗം നൽകുന്നതായാൽ,- أَفَرَءَيْتَ إِن مَّتَّعْنَٰهُمْ سِنِينَ ﴿٢٠٥﴾

ثُمَّ جَآءَهُم مَّا كَانُوا۟ يُوعَدُونَ ﴿٢٠٦﴾

206 പിന്നീട്, താക്കീത് നൽകപ്പെട്ടുവരുന്നത് [ശിക്ഷ] അവർക്ക് വരികയുംചെയ്താൽ,-

مَآ أَغْنَىٰ عَنْهُم مَّا كَانُوا۟ يُمَتَّعُونَ ﴿٢٠٧﴾

207 അവർക്ക് സുഖഭോഗം നൽകപ്പെട്ടിരുന്നത് അവരെ സംബന്ധിച്ച് എന്താണ് ഫലം ചെയ്യുക?! (ഒന്നും തന്നെയില്ല)

وَمَآ أَهْلَكْنَا مِن قَرْيَةٍ إِلَّا لَهَا مُنذِرُونَ ﴿٢٠٨﴾

208 ഏതൊരു രാജ്യവും തന്നെ, അതിന് [ആ രാജ്യക്കാർക്ക്] മുന്നറിയിപ്പ് നൽകുന്നവർ ഉണ്ടായിരിക്കാതെ നാം നശിപ്പിച്ചിട്ടില്ല,

ذِكْرَىٰ وَمَا كُنَّا ظَـٰلِمِينَ ﴿٢٠٩﴾

209 -ഉൽബോധനമെന്ന നിലക്ക്. (നശിപ്പിച്ചതിൽ) നാം അക്രമം ചെയ്തവരായിട്ടുമില്ല.

---

200 كَذَٰلِكَ അപ്രകാരം. سَلَكْنَاهُ അതിനെ നാം കടത്തി, പ്രവേശിപ്പിച്ചിരിക്കുന്നു. فِي قُلُوبِ ഹൃദയങ്ങളിൽ. الْمُجْرِمِينَ കുറ്റവാളികളുടെ, പാപികളുടെ. 201 لاَ يُؤْمِنُونَ അവർ വിശ്വസിക്കയില്ല. بِهِ അതിൽ. حَتَّىٰ يَرَوُا അവർ കാണുന്നതുവരെ. الْعَذَابَ ശിക്ഷയെ. الْأَلِيمَ വേദനയേറിയ. 202 فَيَأْتِيَهُم അങ്ങനെ അതവർക്ക് വന്നെത്തുകയും. بَغْتَةً പെട്ടന്ന്. وَهُمْ അവരായിരിക്കെ. لاَ يَشْعُرُونَ അറിയുന്നില്ല, ബോധമില്ലാത്ത(വർ) . 203 فَيَقُولُوا അപ്പോൾ അവർ പറയും. هَلْ نَحْنُ നാമാണോ. مُنظَرُونَ താമസം ചെയ്യപ്പെടുന്നവർ, ഒഴിവ് നൽകപ്പെടുന്നുവർ. 204 أَفَبِعَذَابِنَا എന്നാൽ നമ്മുടെ ശിക്ഷയെപ്പറ്റിയോ. يَسْتَعْجِلُونَ അവർ ധൃതികൂട്ടുന്നു. 205 أَفَرَأَيْتَ ഇനി നീ കണ്ടുവോ. إِن مَّتَّعْنَاهُمْ നാം അവർക്ക് സുഖഭോഗം നൽകിയാൽ, സൗഖ്യം കൊടുത്താൽ. سِنِينَ കുറെ കൊല്ലങ്ങൾ. 206 ثُمَّ جَاءَهُم പിന്നെ അവർക്ക് വരുകയും (ചെയ്താൽ) . مَّا യാതൊന്ന്. كَانُوا അവരായിരുന്നു. يُوعَدُونَ താക്കീത് നൽകപ്പെടും. 207 مَا أَغْنَىٰ ഉപകാരം(ഫലം) ചെയ്കയില്ല, എന്തുഫലം ചെയ്യുന്നതാണ്. عَنْهُم അവർക്ക്, അവരെ സംബന്ധിച്ച്. مَّا كَانُوا يُمَتَّعُونَ അവർക്ക് സൗഖ്യം നൽകപ്പെട്ടിരുന്നത്. 208 وَمَا أَهْلَكْنَا നാം നശിപ്പിച്ചിട്ടില്ല. مِن قَرْيَةٍ ഏതൊരു രാജ്യവും. إِلاَّ لَهَا അതിനില്ലാതെ. مُنذِرُونَ മുന്നറിയിപ്പുകാർ, താക്കീതുകാർ. 209 ذِكْرَىٰ ഉൽബോധനമായിട്ട്, ഉപദേശമായി. وَمَا كُنَّا നാമായിട്ടുമില്ല. ظَالِمِينَ അക്രമം ചെയ്യുന്നവർ.

ഏതു ദൃഷ്ടാന്തം കണ്ടാലും വിശ്വസിക്കാതിരിക്കത്തക്കവണ്ണമുള്ള നിഷേധനയമാണയവരുടെ ഹൃദയത്തിൽ കടന്നുകൂടിയിരിക്കുന്നത്. അതുകൊണ്ട് ആ വമ്പിച്ച ശിക്ഷ അനുഭവപ്പെടുന്നതുവരെ അവർ വിശ്വസിക്കുകയില്ല. ശിക്ഷ വരുന്നതാകട്ടെ, വളരെ പെട്ടന്നും. അവർ ഒട്ടും അറിയാത്ത വിധത്തിലുമായിരിക്കും, അത് വന്നെത്തുമ്പോൾ അവർ ഖേദിക്കും അൽപസമയത്തേക്കെങ്കിലും അതിൽ നിന്നൊരു ഒഴിവ് കിട്ടിയാൽ കൊള്ളാമെന്നവർ കൊതിച്ചുപോകും. പക്ഷേ എപ്പോഴാണ് ആ ശിക്ഷ വരുക (متى هذا الوعد) നീ പറയുന്ന ശിക്ഷ ഇങ്ങോട്ട് കൊണ്ട്വാ!' (فأتنا بما تعدنا) എന്നൊക്കെ അവർ ബദ്ധപ്പെട്ടു കൊണ്ടിരിക്കുകയാണ്. എന്നാൽ ശിക്ഷപെട്ടെന്ന് സംഭവിച്ചില്ലെന്ന് വന്നാൽ അതു കൊണ്ട് അവർക്ക് വല്ല ഒഴിവും ലഭിക്കുവാനുണ്ടോ? ഇല്ല. കുറേ നീണ്ട കാലത്തോളം അവർക്ക് സുഖജീവിതം നയിക്കുവാൻ സാധിച്ചാൽ തന്നെയും പിന്നീടവർക്ക് അതനുഭവപ്പെടാതിരിക്കയില്ല. അപ്പോൾ ആ സുഖജീവിതംകൊണ്ട് ഒരു ഫലവും അവർക്ക് ഉണ്ടാകുവാൻ പോകുന്നില്ല.

ഇവരെപ്പോലുള്ള ധിക്കാരികളായ പല സമുദായങ്ങളും ഇതിന്ന് മുമ്പ് നശിപ്പിക്കപ്പെട്ടിട്ടുണ്ട്. അവർക്കൊന്നും തന്നെ പ്രവാചകന്മാർ ഉപദേശവും, താക്കീതും ചെയ്വാനില്ലാതിരുന്നിട്ടില്ല. അവരെ നിഷേധിക്കുകയും ധിക്കരിക്കുകയും ചെയ്തതാണ് നാശത്തിന് കാരണം. അല്ലാതെ, അല്ലാഹു അക്രമം പ്രവർത്തിച്ചിരിക്കുകയല്ല. അതുപോലെ ഇവരെയും അല്ലാഹു ശിക്ഷിക്കുന്നപക്ഷം അതൊരിക്കലും അനീതിയായിരിക്കയില്ല.

210 ഇതുംകൊണ്ട് [ഖുർആനുമായി] പിശാചുക്കൾ ഇറങ്ങുകയുണ്ടായിട്ടില്ല;	وَمَا تَنَزَّلَتْ بِهِ ٱلشَّيَـٰطِينُ ﴿٢١٠﴾
211 അവർക്കത് യോജിക്കയുമില്ല; അവർക്ക് (അതിന്) സാധ്യമാകുന്നതുമല്ല.	وَمَا يَنۢبَغِى لَهُمْ وَمَا يَسْتَطِيعُونَ ﴿٢١١﴾
212 നിശ്ചയമായും, അവർ (അത്) കേൾക്കുന്നതിൽ നിന്ന് നീക്കംചെയ്യപ്പെട്ടവരാകുന്നു.	إِنَّهُمْ عَنِ ٱلسَّمْعِ لَمَعْزُولُونَ ﴿٢١٢﴾

210 وَمَا تَنَزَّلَتْ ഇറങ്ങിയിട്ടില്ല. بِهِ അതുംകൊണ്ട്. الشَّيَاطِينُ പിശാചുക്കൾ. 211 وَمَا يَنبَغِي അത് യോജിക്കുകയുമില്ല. لَهُمْ അവർക്ക്. وَمَا يَسْتَطِيعُونَ അവർക്ക് അതിന്നു സാധ്യമാകുന്നതുമല്ല. 212 إِنَّهُمْ നിശ്ചയമായും അവർ. عَنِ السَّمْعِ കേൾക്കുന്നതിൽനിന്ന്, കേൾക്കുന്നതിനെക്കുറിച്ച്. لَمَعْزُولُونَ നീക്കം ചെയ്യപ്പെട്ടവരാണ്, വേറിട്ട് നിറുത്തപ്പെട്ടവരാണ്.

ഖുർആനെപ്പറ്റി അവിശ്വാസികൾ പുറപ്പെടുവിച്ച പല ആരോപണങ്ങളിൽ ഒന്നാണ്, അത് പിശാചിൽനിന്ന് ലഭിച്ചതാണെന്നുള്ള വാദവും. അതിന് ഖണ്ഡനമാണിത്. പിശാച് ഖുർആൻ കൊണ്ട് വന്നിട്ടില്ല. എന്നുള്ളതിൽ മൂന്ന് തെളിവുകൾ അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

1. അതവർക്ക് യോജിച്ചതല്ല (ما يبتغى لهم) എന്നാകുന്നു. പിശാചിൻെറ പ്രകൃതിയും. അവൻെറ ഉദ്ദേശലക്ഷ്യവും ഒന്നും തന്നെ ഖുർആനുമായി തീരെ പൊരുത്തപ്പെടാത്തതാകുന്നു. ഏറ്റവും ദുഷിച്ച പ്രകൃതി, തീൻമയും നാശവും വരുത്തണമെന്ന ഉദ്ദേശം, മനുഷ്യനെ വഴിപിഴപ്പിക്കണമെന്ന ലക്ഷ്യം ഇതൊക്കെയാണ് പിശാചിനുള്ളത്. ഖുർആനാകട്ടെ സന്മാർഗത്തിലേക്കാണ് നയിക്കുന്നതും. ദുർമാർഗത്തിൽ നിന്ന് തടയുന്നതും, മനസ്സിനും ആത്മാവിനും പ്രകാശം നൽകുന്നതുമാകുന്നു. ഈ പരസ്പര വൈരുധ്യങ്ങൾ തമ്മിലെങ്ങിനെ യോജിക്കും.?

2. എനി പിശാച് ഖുർആനുമായി വരുന്നതിൽ മേൽപറഞ്ഞ പൊരുത്തക്കേടൊന്നും ഇല്ലന്ന് സങ്കൽപിക്കുക: എന്നാലും അവർക്കതിന് സാധ്യമല്ല. (وما يستطعون) ഖുർആൻെറ മഹത്വം താങ്ങുവാൻ അവർക്ക് കെൽപില്ല. ഈ ഖുർആനിനെ നാം ഒരു പർവ്വതത്തിൻെറ മേൽ ഇറക്കിയിരുന്നെങ്കിൽ, ആത് പേടിക്കുന്നതായും, പൊട്ടിപൊളിയുന്നതായും നീ കാണുമായിരുന്നു. (لوانزلنا هذاالقران على جبل الخ) എന്നാണ് അല്ലാഹു സൂ: അൽ അശ്റിൽ-ഉപമാരൂപത്തിൽ-ഖുർആൻെറ മഹത്വത്തെപ്പറ്റി പ്രസ്താവിച്ചിരിക്കുന്നത്. എന്നിരിക്കെ മലക്കിനല്ലാതെ-പിശാചിന്-അത് അല്ലാഹുവിൽ നിന്ന് ഏറ്റുവാങ്ങി പ്രവാചകന്മാർക്ക് എത്തിച്ചുകൊടുക്കുക സാധ്യമല്ല. വഹ്‌യ് സ്വീകരിക്കുമ്പോൾ നബി(ﷺ) തിരുമേനി-വളരെ തണുപ്പുള്ള അവസരത്തിൽ പോലും-വിയർത്തൊലിക്കുമാറ് പ്രയാസമേറിയതാണ് അത്.

3. എനിയൊരു മാർഗമാണുള്ളത് മലക്കുകളിൽനിന്ന് കേൾക്കുകയും. എന്നിട്ടത് ഭൂമിയിൽ വന്ന് ഓതിക്കൊടുക്കുകയും ചെയ്യുക എന്നുള്ളതാകുന്നു ഇതിനും നിവൃത്തിയില്ല. കാരണം പിശാചുക്കൾ മുമ്പ് ആകാശം വരെ കേറിപ്പോകുകയും, മലക്കുകളിൽ നിന്ന് ചില വാർത്തകൾ കേൾക്കുവാൻ അവർക്ക് സാധ്യമാവുകയും ചെയ്തിരുന്നു. എന്നാൽ, ഇപ്പോൾ-നബി(ﷺ) ക്ക് വഹിയ് വരുവാൻ ആരംഭിച്ചത് മുതൽക്ക് --പിശാചുക്കളുടെ ആകാശത്തേക്കുള്ള കയറ്റവും, മലക്കുകളിൽനിന്ന് കേൾക്കുവാനുള്ള സാധ്യതയും തീരെ തടസ്സം ചെയ്യപ്പെട്ടിരിക്കുകയാണ്. (انهم عن السمع لمعزولون) . നബി(ﷺ) യിൽനിന്നും ഖർആൻ പാരായണം കേട്ട ഒരു സംഘം ജിന്നുകൾചെയ്ത ഒരു നീണ്ട പ്രസ്താവന സൂറത്ത് ജിന്നിൽ ആല്ലാഹു ഉദ്ദരിച്ചിട്ടുണ്ട്. ആതിൽ ജിന്നുകൾ ഇപ്രകാരം പറഞ്ഞതായികാണാം:-

انا لمسنا السمآء ملئت حرسا شديد وشهبا وانا كنا نقعد منهامقاعد للسمعفمن يستمع الان يجد له شهابا رصدا–الجن (ഞങ്ങൾ ആകാശത്തെ സ്പർശിച്ചു നോക്കി, അപ്പോൾ അത് ശക്തിമത്തായ പാറാവുകാരാലും, തീജ്വാലകളാലും നിറക്കപ്പെട്ടിരിക്കുന്നതായി കണ്ടെത്തിയിരിക്കുന്നു. ഞങ്ങൾ അതിൽ പലഇരിപ്പിടങ്ങളിലും കേൾക്കുവാനായി ഇരിക്കാറുണ്ടായിരുന്നു. എന്നാൽ, ഇപ്പോൾ ആരെങ്കിലും കേൾക്കുവാൻ ശ്രമിക്കുന്നതായാൽ അവനെ കാത്തുകൊണ്ടിരിക്കുന്ന തീ ജ്വാലയെ അവൻ കണ്ടെത്തുന്നതാണ്.) കൂടുതൽ വിവരം സൂറത്തു-സ്വാഫ്ഫാത്തിൽ വെച്ചുകാണാം. إن شاء الله സൂറത്തു ഹിജ്റിനുശേഷമുള്ള വ്യാഖ്യാനക്കുറിപ്പുംശ്രദ്ധിക്കുക.

ഖുർആൻ അല്ലാഹുവിൽനിന്നുതന്നെയുള്ളതാണെന്നും, അതിൽ പിശാചിൻെറയോ മറ്റോ കൈകടത്തൽ ഉണ്ടായിട്ടില്ലെന്നും സ്ഥാപിക്കുകയും അതുവഴി നബി(ﷺ) യുടെ പ്രവാചകത്വത്തിന് സത്യസാക്ഷ്യം നൽകുകയും ചെയ്തശേഷം, തിരുമേനിയോട് തൗഹീദിൽനിന്ന് ഒട്ടും വ്യതിചലിക്കാതെ ഉറച്ച് നിൽക്കുവാനും, സ്വന്തം കുടുംബത്തിന് പ്രത്യേകം താക്കീത് ചെയ്വാനും മറ്റും ഉപദേശിക്കുന്നു:-

فَلَا تَدْعُ مَعَ ٱللَّهِ إِلَٰهًا ءَاخَرَ فَتَكُونَ مِنَ ٱلْمُعَذَّبِينَ ﴿٢١٣﴾

213 ആകയാൽ, അല്ലാഹുവിനോടു കൂടി വേറെ ഒരു ആരാധ്യനെയും നീ വിളി (ച്ച് പ്രാർത്ഥി) ക്കരുത്; എന്നാൽ നീ ശിക്ഷിക്കപ്പെടുന്നവരുടെ കൂട്ടത്തിലായിത്തീരും.

وَأَنذِرْ عَشِيرَتَكَ ٱلْأَقْرَبِينَ ﴿٢١٤﴾

214 നിൻെറ അടുത്ത കുടുംബങ്ങൾക്ക് (ശിക്ഷയെക്കുറിച്ച്) മുന്നറിയിപ്പ് നൽകുകയും ചെയ്യണം.

وَٱخْفِضْ جَنَاحَكَ لِمَنِ ٱتَّبَعَكَ مِنَ ٱلْمُؤْمِنِينَ ﴿٢١٥﴾

215 സത്യവിശ്വാസികളായി നിന്നെ പിന്തുടർന്നിട്ടുള്ളവർക്ക് നിൻെറ പാർശ്വം താഴ്ത്തിക്കൊടുക്കുകയും ചെയ്യുക [അവരുമായി സൗമ്യത്തിൽ പെരുമാറുക.]

فَإِنْ عَصَوْكَ فَقُلْ إِنِّى بَرِىٓءٌ مِّمَّا تَعْمَلُونَ ﴿٢١٦﴾

216 എന്നാൽ, അവർ നിന്നോട് അനുസരണക്കേട് കാണിക്കുകയാണെങ്കിൽ നീ പറഞ്ഞേക്കുക: ‘‘നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് ഞാൻ നിരുത്തരവാദിയാണ്’’ എന്ന്.

وَتَوَكَّلْ عَلَى ٱلْعَزِيزِ ٱلرَّحِيمِ ﴿٢١٧﴾

217 പ്രതാപശാലിയും കരുണാനിധിയുമായുള്ളവൻെറ മേൽ (എല്ലാ കാര്യങ്ങളും) ഭരമേൽപിക്കുകയും ചെയ്യുക.

---

213 فَلاَ تَدْعُ ആകയാൽ നീ വിളിക്കരുത്, പ്രാർത്ഥിക്കരുത്. مَعَ اللهِ അല്ലാഹുവോടുകൂടി. إِلَهًا آخَرَ വേറെ ഇലാഹിനെ, ആരാധ്യനെ. فَتَكُونَ അപ്പോൾ നീ ആയിത്തീരും, ആകും. مِنَ الْمُعَذَّبِينَ ശിക്ഷിക്കപ്പെടുന്നവരിൽ(പെട്ടവൻ) . 214 وَأَنذِرْ നീ മുന്നറിയിപ്പ് (താക്കീത്) നൽകുകയും ചെയ്യുക. عَشِيرَتَكَ നിൻെറ കുടുംബത്തിന്, ബന്ധുക്കളെ. الْأَقْرَبِينَ അടുത്തവരായ. 215 وَاخْفِضْ താഴ്ത്തുകയും ചെയ്യുക. جَنَاحَكَ നിൻെറ പാർശ്വത്തെ, പക്ഷത്തെ, ഭാഗത്തെ. لِمَنِ اتَّبَعَكَ നിന്നെ പിൻതുടർന്നവർക്ക്. مِنَ الْمُؤْمِنِينَ സത്യവിശ്വാസികളിൽ നിന്ന്, വിശ്വാസികളായിട്ട്. 216 فَإِنْ عَصَوْكَ എന്നാലവൻ നിന്നോട് അനുസരണക്കേട് കാട്ടിയാൽ, എതിര് പ്രവർത്തിച്ചാൽ. فَقُلْ അപ്പോൾ നീ പറയുക. إِنِّي നിശ്ചയമായും ഞാൻ. بَرِئٌ നിരുത്തരവാദിയാണ്, ഒഴിവായവനാണ്. مِّمَّا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച്. 217 وَتَوَكَّلْ നീ ഭരമേൽപിക്കുകയും ചെയ്യുക, അർപ്പിക്കുക. عَلَى الْعَزِيزِ പ്രതാപശാലിയുടെമേൽ. الرَّحِيمِ കരുണാനിധിയായ.

'നിൻെറ അടുത്ത കുടുംബങ്ങൾക്ക് മുന്നറിയിപ്പ് നൽകുക. എന്നുള്ള വചനം അവതരിച്ചപ്പോൾ, റസൂൽ(ﷺ) തിരുമേനി ഖുറൈശി ഗോത്രങ്ങളെ വിളിച്ചുവരുത്തി അവരോട് പൊതുവായും, പ്രത്യേകം പ്രത്യേകമായും ഇങ്ങിനെ അറിയിച്ചതായി അബുഹുറൈറ (رضي الله عنه) ഉദ്ദരിക്കുന്നു:

'ഖുറൈശികളുടെ സമൂഹമേ! നിങ്ങളുടെ ദേഹങ്ങളെ നരഗത്തിൽനിന്നും നിങ്ങൾ രക്ഷപ്പെടുത്തുവിൻ! നിങ്ങൾക്ക് യാതൊരു ഉപദ്രവമാകട്ടെ, ഉപകാരമാകട്ടെ ചെയ്യാൻ നശ്ചയമായും എനിക്ക് കഴിയുന്നതല്ല. (انقذوا انفسكم من النارفانى لا املك لكم ضرا ولانفعا) ലുഅയ്യിൻെറ മകനായ (كعب) കഅബിൻെറ സന്തതികളെ! നിങ്ങൾ നിങ്ങളുടെ ദേഹങ്ങളെ നരകത്തിൽനിന്നു രക്ഷപ്പെടുത്തിക്കൊള്ളുവിൻ! നിങ്ങൾക്ക് യാതൊരു ഉപദ്രവമാകട്ടെ ഉപകാരമാകട്ടെ ചെയ്യാൻ നിശ്ചയമായും എനിക്ക് കഴിയികയില്ല. ഇങ്ങിനെ ഖുസയ്യ് (قصى) ഗോത്രക്കാരെയും, അബ്ദുൽ മുത്തലിബ് ഗോത്രക്കാരെയും, വിളിച്ച് ഇതുപോലെ പറഞ്ഞു. പിന്നീട് സ്വന്തം മകൾ ഫാത്തിമ(رضي الله عنها) യെ വിളിച്ചു പറഞ്ഞു:മുഹമ്മദിൻെറ മകൾ ഫാത്ത്വിമ നിൻെറ ദേഹത്തെ നരകത്തിൽനിന്ന് രക്ഷപ്പെടുത്തിക്കൊള്ളുക! നിനക്ക് യാതൊരു ഉപദ്രവമോ ഉപകാരമോ ചെയ്യാൻ എനിക്ക് കഴിയികയില്ല. അറിഞ്ഞേക്കൂ: നങ്ങൾക്ക് (എന്നോട്) നിശ്ചയമായും രക്തബന്ധമുണ്ട്. അത് ഞാൻ നനക്കേണ്ട പ്രകാരം നനച്ചുകൊള്ളുന്നതാണ്. അതായത്: ഇഹത്തിൽ ഞാൻ നിങ്ങളോട് കുടുംബ ബന്ധം പാലിക്കുന്നതാകുന്നു. അല്ലാഹുവിൽ നിന്നും (ഉണ്ടാകുന്ന) യാതൊന്നും തന്നെ ഞാൻ നിങ്ങൾക്ക് ഒഴിവാക്കുകയില്ല. (ബുഖാരി മുസ്ലിം)

സ്വന്തം കുടുംബത്തിൻെറ രക്ഷാമാർഗങ്ങളിൽ പ്രത്യേകം ഔത്സുക്യം കാണിക്കേണ്ടതുണ്ടെന്നും നേതാക്കൾ തങ്ങളുടെ അനുയായികളോട് വിനയത്തിലും സൗമ്യത്തിലും പെരുമാറേണ്ടതാണെന്നും ഈ വചനങ്ങളിൽ നിന്ന് മനസ്സിലാക്കാം. വേണ്ടത്ര ഉപദേശിച്ചിട്ടും ജനങ്ങൾ അനുസരിക്കാതെ പിടിവാശിയിൽ നിലകൊള്ളുന്ന പക്ഷം, കാര്യങ്ങൾ അല്ലാഹുവിൽ ഭരമേൽപ്പിച്ചുകൊണ്ട് ഒഴിഞ്ഞുനിൽക്കേണ്ടതാണെന്നും ഈ വചനങ്ങളിൽ നിന്ന് മനസ്സിലാക്കാം. അല്ലാഹുവിൽ ഭരമേൽപിക്കുക എന്ന് പറയാതെ, പ്രധാപശാലിയും, കരുണാനിധിയായുള്ളവനിൽ ഭരമേൽപിക്കുക എന്ന് പറഞ്ഞത് അർത്ഥവത്താകുന്നു പ്രതാപവും ശക്തിയും ഇല്ലാത്തവരിൽ ഭരമേൽപിക്കുന്നത് കൊണ്ട് പ്രയോചനമൊന്നും ലഭിക്കുവാനില്ലല്ലോ. കാരുണ്യമില്ലാത്തവന് പ്രതാപമുണ്ടായിട്ടും കാര്യമില്ലതാനും. ഈ രണ്ടു ഗുണങ്ങളും അങ്ങേയറ്റം പരിപൂർണമായവൻ അല്ലാഹു മാത്രമാണ്. കുടാതെ. അടുത്ത വചനങ്ങളിൽ അനുസ്മരിക്കുന്നത് പോലെ എല്ലാം കണ്ടും കേട്ടും അറിയുന്ന സർവ്വജ്ഞാനിയും അവനാകുന്നു അപ്പോൾ തവക്കലിന് (കാര്യങ്ങൾ ഭരമേൽപിക്കുവാൻ) ഏതുനിലക്കും അർഹൻ അവൻതന്നെ അവനിൽ ഭരമേൽപിക്കുന്നവൻ ഒരിക്കലും നിരാശപ്പെടേണ്ടതില്ല. അവരെ അവൻ സഹായിക്കുകയും വിജയിപ്പിക്കുകയും തന്നെ ചെയ്യും.

218 അതായത്: നീ നിന്ന് (നമസ്കരിച്ചു) കൊണ്ടിരിക്കുന്ന സമയത്ത് നിന്നെ കണ്ടുകൊണ്ടിരിക്കുന്നവൻ;

ٱلَّذِى يَرَىٰكَ حِينَ تَقُومُ ﴿٢١٨﴾

219 'സുജൂദ്' [സാഷ്ടാംഗ നമസ്കാരം] ചെയ്യുന്നവരുടെകൂട്ടത്തിൽ നീ ചലിച്ചുകൊണ്ടിരിക്കുന്നതും (കാണുന്നവൻ) .

وَتَقَلُّبَكَ فِى ٱلسَّـٰجِدِينَ ﴿٢١٩﴾

220 നിശ്ചയമായും, അവൻ തന്നെയാണ് (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനും.

إِنَّهُۥ هُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٢٢٠﴾

218 الَّذِي യാതൊരുവന്‍. يَرَاكَ അവന്‍ നിന്നെ കാണുന്നു, കണ്ടുകൊണ്ടിരിക്കുന്നു. حِينَ تَقُومُ നീ നിന്നുകൊണ്ടിരിക്കുന്ന സമയത്ത്, എഴുന്നേല്‍ക്കുമ്പോള്‍. 219 وَتَقَلُّبَكَ നീ ചലിക്കുന്നതും, നിന്‍റെ നീക്കവും. فِي السَّاجِدِينَ സുജൂദ് ചെയ്യുന്നവരുടെ കൂട്ടത്തില്‍. 220 إِنَّهُ നിശ്ചയമായും അവന്‍. هُوَ അവന്‍ തന്നെ. السَّمِيعُ കേള്‍ക്കുന്നവന്‍. الْعَلِيمُ അറിയുന്നവന്‍, സര്‍വ്വജ്ഞന്‍.

(حين تقوم) എന്ന വാക്കിനാണ് നമസ്കരിക്കുന്ന സമയം എന്ന് അര്‍ത്ഥം കൊടുത്തിരിക്കുന്നത് നീ നില്‍ക്കുന്ന സമയം-അഥവാ എഴുന്നേല്‍കുന്ന സമയം എന്നാണ് നേരെ വാക്കര്‍ത്ഥം നമസ്കാരത്തിലേക്ക് എഴുന്നേല്‍കുന്ന-അഥവാ നമസ്കാരത്തിന് പുറപ്പെടുന്ന-സമയം എന്നും ഇവിടെ ഉദ്ദേശ്യമാകാം. ചില ഖുര്‍ആന്‍ വ്യാഖ്യാതാക്കള്‍ ഈ അര്‍ത്ഥമാണ് കല്‍പിച്ചിട്ടുള്ളതും രണ്ടില്‍ ഏതര്‍ത്ഥം കല്‍പിച്ചാലും ഇവിടെ ആയത്തിന്‍െറ താല്‍പര്യത്തില്‍ വ്യത്യാസം വരുവാനില്ല. അല്ലാഹു നിന്‍റെ ഓരോ അവസ്ഥയെയും പ്രവൃത്തിയെയും കണ്ടറിഞ്ഞുകൊണ്ടിരിക്കുന്നവനാണ് എന്നത്ര ചുരുക്കത്തില്‍ ആയത്തിന്‍െറ താല്‍ര്യം. പല ഘടകങ്ങള്‍ കൂടിച്ചേര്‍ന്നതാണ്, നമസ്കാരര്‍മ്മം. അതിലെ മൂന്ന് പ്രധാന ഘടകങ്ങളത്രെ നിറുത്തം, (القيام) റുകൂഉ്, (الركوع= കുമ്പിട്ടുനില്‍കല്‍) സുജൂദ് (السجود=സ്രാഷ്ടാംഗം ചെയ്യല്‍) എന്നിവ. ആകയാല്‍ ഈ മൂന്നു വാക്കുകള്‍ അവയില്‍നിന്നുളവാകുന്ന ക്രിയാരൂപങ്ങളും നാമവിശേഷണങ്ങളുമെല്ലാംതന്നെ ചില സന്ദര്‍ഭങ്ങളില്‍നമസ്കാരത്തെ ഉദ്ദേശിച്ചു പ്രയോഗിക്കപ്പെടുക സാധാരണമാകുന്നു.

നമസ്കാരത്തിന്‍െറ വിഷയത്തില്‍ നബി(ﷺ) തിരുമേനി എത്രമാത്രം താല്‍പര്യം പ്രകടിപ്പിച്ചിരുന്നു എന്നവസ്തുത പ്രസിദ്ധമാണല്ലൊ. അഞ്ചുനേരത്തെ നിര്‍ബന്ധ നമസ്കാരത്തിന് പുറമെ, അവയുടെമുമ്പും പിമ്പുമായിക്കൊണ്ടും, ചിലപ്രത്യക സന്ദര്‍ഭങ്ങളിലായിക്കൊണ്ടും അവിടുന്ന് പല ഐഛിക നമസ്കാരങ്ങളും (النوافل) പതിവാക്കിയിരുന്നു. രാത്രിയില്‍ വളരെയേറസമയം അവിടന്ന് നമസ്കാരത്തില്‍ ചിലവഴിച്ചിരുന്നതും ചിലപ്പോള്‍ കാലില്‍ നീരുകെട്ടിവീങ്ങുമാറ് നിന്ന് നമസ്കരിച്ചിരുന്നതും, അങ്ങേയറ്റം ഭക്തിനിര്‍ഭരമായ നിലയില്‍ അത് നിര്‍വ്വഹിച്ചിരുന്നതും, നബിചര്യയില്‍ പരക്കെ അറിയപ്പെട്ട സംഗതികളാണ്. വല്ല ആപല്‍ഭയവും നേരിട്ടാല്‍ അവിടുന്ന് നമസ്കാരത്തെ അഭയം പ്രാപിക്കുക പതിവായിരുന്നു. നമസ്കാരമാണെങ്കില്‍ ശാരീരികമായ ആരാധനാ കര്‍മ്മങ്ങളില്‍ വെച്ച് ഏറ്റവും ശ്രേഷ്ഠമായതും അല്ലാഹുവിന്‍െറ മുമ്പില്‍ ഏറ്റവുമധികം ഭക്തി അര്‍പിക്കുന്നതുമായ ഒരു കര്‍മ്മവും! ഈ നിലക്ക നീ നിന്ന് നമസ്കരിതും-അഥവാ നമസ്കാരത്തിന് നില്‍ക്കുന്നതും-സുജൂദ് ചെയ്യുന്നവരുടെ കുട്ടത്തില്‍ ചലിച്ചുകൊണ്ടിരിക്കുന്നതും-അഥവാ നമസ്കരിക്കുന്നവര്‍ക്ക് നേതൃത്വം നല്‍കിക്കൊണ്ട് അവരുടെ കൂട്ടത്തില്‍ കഴിഞ്ഞുകൂടുന്നതും-അല്ലാഹു കാണുന്നുണ്ടെന്ന് നബി(ﷺ) യോട് അഭിമുഖമായി പ്രസ്താവിച്ചിട്ടുള്ളത് നബി(ﷺ) യെ സംബന്ധിച്ചേടത്തോളം. മഹത്തായ ഒരു സന്തോഷ വാര്‍ത്തയും, അനുമോദനവും തന്നെയാകുന്നു. അതൊന്നും അല്ലാഹു പാഴാക്കുകയില്ല.: അതിനെല്ലാമുള്ള വമ്പിച്ച പ്രതിഫലങ്ങളും, ഉന്നതമായ സ്ഥാനങ്ങളും, താങ്കള്‍ക്കു ലഭിക്കുക തന്നെ ചെയ്യും: അങ്ങേ അറ്റത്തെ ഭക്തിപുരസ്സരം നടത്തുന്ന താങ്കളുപ്രാര്‍ത്ഥനാകര്‍മ്മങ്ങള്‍ക്ക് ഉത്തരം ലഭിക്കാതിരിക്കുകയില്ല. എന്നിങ്ങനെയുള്ള സൂചനകള്‍ അതിലടങ്ങുന്നു.

അതേ സമയത്ത് നമ്മെ സംബന്ധിച്ചേടത്തോളം, മറ്റൊരു സൂചനയും അതില്‍ അന്തര്‍ഭവുച്ചുകാണാം നമസ്കാരത്തില്‍ മനസ്സാന്നിദ്ധ്യവും, ഭയഭക്തിയും ഒഴിച്ചുകൂടാത്താതാണെന്നും അല്ലാഹു നമ്മെ നേക്കിക്കണ്ടുകൊണ്ടിരിക്കുന്നുവെന്ന ബോധത്തോടു കൂടിയായിരിക്കണം നമസ്കരിക്കുന്നതെന്നും അത് ധനിപ്പിക്കുന്നു. നബി(ﷺ) ഒരു ഹദീസില്‍ ഇപ്രകാരം അരുളിചെയ്തിട്ടുള്ളത് ഇവിടെ പ്രസ്താവ്യമാണ്. **اعبد الله كانك تراه فان لم لكن تراه فانه يراك –مسلم** (നീ അല്ലാഹുവെ കണ്ടുകൊണ്ടിരിക്കുന്ന പ്രകാരം അവന്ന് ഇബാദത്ത്-ആരാധന-ചെയ്യുക

എന്നാൽ നീ അവനെ കാണുന്നില്ലങ്കിലും നിശ്ചയമായും അവൻ നിന്നെ കണ്ടുകൊണ്ടി രിക്കുന്നു.(മുസ്ലിം)

هَلۡ أُنَبِّئُكُمۡ عَلَىٰ مَن تَنَزَّلُ ٱلشَّيَٰطِينُ ﴿٢٢١﴾

221 ആരുടെമേലാണ് പിശാചുക്കൾ ഇറങ്ങുന്നതെന്ന് ഞാൻ നിങ്ങൾക്ക് വർത്തമാനം അറിയിച്ചു തരട്ടെയോ?!-

تَنَزَّلُ عَلَىٰ كُلِّ أَفَّاكٍ أَثِيمٖ ﴿٢٢٢﴾

222 മഹാ വ്യാജകനും ദുഷ്ടനുമായ എല്ലാവരുടെയും മേലത്രെ (പിശാചുക്കൾ) ഇറങ്ങുന്നത്.

يُلۡقُونَ ٱلسَّمۡعَ وَأَكۡثَرُهُمۡ كَٰذِبُونَ ﴿٢٢٣﴾

223 അവർ ചെവികൊടുക്കുന്നതാണ്; അവരിൽ അധികമാളും വ്യാജം പറയുന്നവരാകുന്നു.

---

221 هَلْ أُنَبِّئُكُمْ ഞാൻ നിങ്ങൾക്ക് വർത്തമാനം അറിയിച്ചു തരട്ടെയോ. عَلَى مَن ആരുടെ മേലാണ്. تَنَزَّلُ ഇറങ്ങുന്നത് (എന്ന്) . الشَّيَاطِينُ പിശാചുക്കൾ. 222 تَنَزَّلُ അവ ഇറങ്ങുന്നു. عَلَى كُلِّ أَفَّاكٍ എല്ലാ മഹാവ്യാജകൻെറമേലും, വലിയ നുണക്കാരുടെ മേൽ. أَثِيمٍ ദുഷ്ടനായ, വളരെ കുറ്റം ചെയ്യുന്നവനായ. 223 يُلْقُونَ അവർ ഇട്ടുകൊടുക്കുന്നു. السَّمْعَ കേൾവി, കേട്ടത്. وَأَكْثَرُهُمْ അവരിൽ അധികമാളും. كَاذِبُونَ വ്യാജം (കളവ്) പറയുന്നവരാണ്.

ഖുർആൻ പിശാച് മുഖേന അവതരിച്ചതല്ല, അത് പിശാചിന് യോജിച്ചതും. സാധ്യമാകുന്നതും അല്ല. എന്നൊക്കെ ഇതിന് മുമ്പ് പ്രസ്താവിച്ചുവല്ലോ. എന്നാൽ പിശാച് ഏതു തരത്തിലുള്ള ആളുകളുമായിട്ടാണ് ബന്ധപ്പെടുക അവൻെറ വരവും ഉപദേശവും ഉണ്ടാകുക ആർക്കാണ് എന്നത്രെ ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത്. കള്ളവും നുണയും പതിവാക്കിയ മഹാ വ്യാജന്മാർ. പാപങ്ങളും ദുശ്പ്രവൃത്തികളും പതിവാക്കിയ ദുഷ്ടന്മാർ. ഇവരാണ് പിശാചിൻെറ ബന്ധുക്കൾ.അവരിലാണ് പിശാചിൻെറ സാന്നിദ്ധ്യവും, ഉപദേശവും ഉണ്ടാവുക. മനുഷ്യർക്ക് അറിയാൻ കഴിവില്ലാത്ത ചില കാര്യങ്ങൾ പിശാചുക്കൾക്ക് അറിയാൻ സാധിച്ചേക്കും അവർ ഒരുതരം അദൃശ്യ സൃഷ്ടികളാണല്ലൊ. നബി(ﷺ) തിരുമേനിക്ക് പ്രവാചകത്വം ലഭിക്കുന്നതിന് മുമ്പ് അവർ ആകാശം വരെ കയറിയിരുന്നുവെന്നും, മലക്കുകളിൽനിന്ന് ചില വാർത്തകൾ കട്ടുകേട്ടിരുന്നുവെന്നും നാം മുമ്പ് ചൂണ്ടികാണിച്ചിട്ടുണ്ട്. ഇങ്ങിനെയുള്ള വാർത്തകൾ പിശാചുക്കൾ അത്തരക്കാർക്ക് എത്തിച്ചുകൊടുക്കുകയും, അതിൽകൂടി ധാരാളം വ്യാജങ്ങളും കൂട്ടിക്കലർത്തി അവർ ജനമദ്ധ്യേ പ്രചരിപ്പിക്കുകയും ചെയ്യുന്നതാണ്.

ഇമാം ബുഖാരി (رحمه الله) യിൽ നിന്നും ഉദ്ദരിക്കുന്ന ഒരു ഹദീസ് ഈ വിഷയം വ്യക്തമാക്കുന്നു. ഹദീസ് ഇപ്രകാരമാണ്, ചില ആളുകൾ ഗണിതക്കാരെ (ജോത്സ്യക്കാരെ സംബന്ധിച്ച് നബി(ﷺ) യോട് ചോദിക്കുകയുണ്ടായി. നബി(ﷺ) പറഞ്ഞു ليسوا بشيئ (അവർ ഒന്നും തന്നെയല്ല-അഥവാ അതിൽ യാതൊരടിസ്ഥാനവുമില്ല. അപ്പോൾ അവർ ചോദിച്ചു: അവർ ചിലകാര്യങ്ങളെകുറിച്ച് സംസാരിക്കുന്നത്, യാഥാർത്യമാകാറുണ്ടല്ലോ. അപ്പോൾ തിരുമേനി ഇങ്ങിനെ മറുപടി പറഞ്ഞു. تلك الكلمة من الحق يخطفها الجنى فيقرقرها في اذنه وليه كقرقرة الدجاج فيخلطون معها اكثر من مئة كذبة (യഥാർത്ഥമായി പുലരുന്ന ആ വാക്ക് ജിന്നുവർഗത്തിൽ പെട്ടവർ തട്ടിയെടുക്കുന്നതാണ്. എന്നിട്ട് അവർ തൻെറ ബന്ധുക്കളുടെ കാതിൽ, പിടക്കോഴി കറ കറ എന്ന് കുറുകും പ്രകാരം അത് കുറുകി-മന്ത്രിച്ച്-കൊടുക്കുന്നു. അങ്ങിനെ അവർ അതിൽ കൂടി നൂറിലേറെ കളവും കൂട്ടിക്കലർത്തുന്നു. رواه البخارى ഈ വിഷയകമായി ബുഖാരി(رحمه الله) , മുസ്ലിം(رحمه الله) മുതലായവർ പലമാർഗങ്ങളിൽ നിന്നും ഹദീസുകൾ വേറേയും ഉദ്ദരിച്ചുകാണാം.

പിശാചുക്കൾ മലക്കുകളിൽ നിന്ന് കട്ടുകേൾക്കുന്നതിനെ ഉദ്ദേശിച്ചാണ് ഈ ഹദീസിൽ ജിന്നുവർഗത്തൽ പെട്ടവർ തട്ടിയെടുക്കുന്നത് (يخطفها الجنى) എന്ന് പറഞ്ഞിട്ടുള്ളത്.

പിശാചിൻെറ വൈതാളികരായ ചില പ്രശ്നക്കാരിൽ നിന്നും, ഗണിതക്കാരിൽ നിന്നും- അവർ പല പേരുകളിലും അറിയപ്പെടാറുണ്ടെങ്കിലും ശരി-കേൾക്കാറുള്ള ചുരുക്കം ചില വാർത്തകൾ ശരിയായി അനുഭവപ്പെട്ടു കാണുന്നതിനാൽ ഇന്നും എത്രയോ ആളുകൾ വഞ്ചിതരായിക്കൊണ്ടിരിക്കുന്നു. അത്തരക്കാരെ സമീപിക്കുന്ന പാമരന്മാർക്കോ, പ്രസ്തുത വൈതാളികന്മാർക്കോ കണ്ടറിയുവാൻ കഴിഞ്ഞിട്ടില്ലാത്ത ഏതെങ്കിലും വാർത്തകൾ പിശാച് കണ്ടറിയുകയും, പല വ്യാജമന്ത്രങ്ങളുടെ കൂട്ടത്തിൽ ആ വാർത്തയും അവൻ അവർക്ക് ദുർബോധനം ചെയ്യുകയും ചെയ്തേക്കുന്നതാണ്. അത് കൊണ്ടാണ്- ഹദീസിൽ സൂചിപ്പിച്ച പ്രകാരം- ഏതോ ചില കാര്യങ്ങൾ പ്രശ്നക്കാർ പറയുന്നത് ഒത്തുവരുന്നത്. ഈ വാസ്തവം അവർ മനസ്സിലാക്കുന്നില്ല. (പിശാചുക്കളേയും, അവർ മലക്കുകളിൽ നിന്ന് ചിലത് കട്ടുകേട്ടിരുന്നതിനെയും കുറിച്ച് കൂടുതൽ വിവരം സൂറത്ത് വസ്സഫ്-ഫാത്തിൽ കാണാം. إن شاء الله സൂ: ഹിജിറിന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പും നോക്കുക.

223 ാം വചനത്തിൽ (يلقون السمع) എന്ന വാക്കിനാണ് അവർ ചെവികൊടുക്കുന്നുവെന്ന് നാം അർത്ഥം കൽപിച്ചത്. ശ്രദ്ധിച്ചു കേൾക്കുക-കേൾക്കുവാനായി ചെവിയോർക്കുക,-എന്ന് താൽപര്യം: എന്നാൽ السمع (സംഉ) എന്നാൽ കേൾവി എന്നും يلقون (യൽകുന) എന്നാൽ ഇട്ടുകൊടുക്കും എന്നുമത്രെ പഥാഅർത്ഥം. രണ്ടും കൂടി മേൽപ്രകാരം ഘടിപ്പിക്കുമ്പോൾ, നാം പറഞ്ഞ ഉദ്ദേശാർത്ഥം വരുന്നു. ഈ പ്രയോഗം ഇതേ അർത്ഥത്തിൽ സൂ: ഖാഫ് 37 ലും കാണാം. കൂടാതെ (السمع) എന്ന വാക്ക് കേൾക്കപ്പെട്ട കാര്യം (المسموع) എന്ന അർത്ഥത്തിലും വരാവുന്നതാണ്. يلقون എന്ന ക്രിയയിൽ അതിൻെറ കർത്താവായി സ്ഥിതി ചെയ്യുന്ന സർവ്വനാമം (ضمير) പശാചുക്കളെ ഉദ്ദേശിച്ചും, മഹാവ്യാജകന്മാരും ദുഷ്ടന്മാരുമായ ആളുകളെ ഉദ്ദേശിച്ചും ആയിരിക്കാനും ഇടയുണ്ട്. അതുപോലെതന്നെ അവരിൽ അധികവും എന്ന് നാം അർത്ഥം കൽപിച്ച واكثرهم എന്ന വാക്കിലെ هم എന്ന സർവ്വനാമവും ഈ രണ്ടു കൂട്ടരിൽ ഓരോന്നിലേക്കും മടങ്ങുന്നതാകുകയും ചെയ്യാം. ഈ വസ്തുതകൾ കണക്കിലെടുത്തുകൊണ്ട് ഈ വചനത്തിൻെറ സാരം താഴെ കാണുന്ന രൂപങ്ങളിലെല്ലാം വിവരിക്കപ്പെട്ടുകാണാം. പക്ഷേ പ്രത്യക്ഷത്തിൽ അവ ഏറെകുറെ വ്യത്യസ്തങ്ങളായി തോന്നാമെങ്കിലും നാം മുകളിൽ നൽകിയ വിവരണത്തിൽ നിന്ന് പുറത്ത്പോവുന്നില്ലതാനും.

(1) പിശാചുക്കളിൽ നിന്ന് ചില വാർത്തകൾ അറിയുവാനായി ചെവികൊടുക്കുകയും-പരിശ്രമം നടത്തുകയും-അങ്ങിനെ അവർക്ക് ലഭിച്ചേക്കുന്ന വാർത്തകളിൽ ധാരാളം കളവും കൂട്ടിച്ചേർത്തുകൊണ്ട് അവർ തങ്ങളുടെ ബന്ധുക്കളായ ഗണിതക്കാർ മുതലായവർക്ക് നൽകുകയും ചെയ്യുന്നു. (2) പിശാചുക്കൾ കേട്ട വാർത്തകളെ അവർ തങ്ങളുടെ ബന്ധക്കൾക്ക് രഹസ്യമായി ബോധനം നൽകുകയും. ആ ബന്ധുക്കൾ അതിൽ ധരാളം കളവുകൾ കൂട്ടിച്ചേർത്തു ജനമധ്യെ പ്രചാരം ചെയ്കയും ചെയ്യുന്നു. (3) വ്യജക്കാരികളായ ദഷ്ട ജനങ്ങൾ പിശാചുക്കളിൽ നിന്ന് വാർത്തകൾ ലഭിക്കുവാനായി ശ്രമം നടത്തുകയും അവർ ഈ ദുഷ്ടന്മാർക്ക് കള്ളവാർത്തകൾ രഹസ്യബോധനം നൽകുകയും ചെയ്യുന്നു. (4) പ്രസ്തുത ദുഷ്ട വർഗം പിശാചുക്കളിൽ നിന്ന് കേൾക്കുന്ന വിവരങ്ങൾ കള്ളം കലർത്തിക്കൊണ്ട് പ്രചരിപ്പിക്കുന്നു. (كما في الرازى وغيره)

ഖുർആൻ ഒരുതരം കവിതയാണ്, മുഹമ്മദ് ഒരു കവിയാണ് എന്നിങ്ങനെയും ശത്രുക്കൾ ആരോപിക്കുക പതിവായിരുന്നു. ഇതിൻെറ നിരർത്ഥതയെകുറിച്ചാണ് അടുത്തവചനങ്ങളിൽ കാണുന്നത്.

224 കവികളാകട്ടെ, അവരെ പിൻപറ്റുക ദുർ മ്മാർഗ്ഗികളാകുന്നു.

وَٱلشُّعَرَآءُ يَتَّبِعُهُمُ ٱلْغَاوُۥنَ ﴿٢٢٤﴾

225 നീ കണ്ടിട്ടില്ലേ, അവർ (ഭാവനയുടെ) എല്ലാ താഴ്‌വരയിൽകൂടിയും അലഞ്ഞു നടക്കുന്നതാണ് എന്ന് ?!-

أَلَمْ تَرَ أَنَّهُمْ فِى كُلِّ وَادٍ يَهِيمُونَ ﴿٢٢٥﴾

226 അവർ, തങ്ങൾ പ്രവർത്തിക്കാത്തത് പറഞ്ഞു കൊണ്ടിരിക്കുമെന്നും (കണ്ടിട്ടില്ലേ) ?!

وَأَنَّهُمْ يَقُولُونَ مَا لَا يَفْعَلُونَ ﴿٢٢٦﴾

---

224 وَالشُّعَرَاءُ കവികളാകട്ടെ. يَتَّبِعُهُمُ അവരെ പിൻപറ്റുന്നു, അനുഗമിക്കും. الْغَاوُونَ വഴിതെറ്റിയവർ, ദുർമ്മാർഗ്ഗികൾ. 225 أَلَمْ تَرَ നീ കണ്ടില്ലേ. أَنَّهُمْ നിശ്ചയമായും അവർ. فِي كُلِّ وَادٍ എല്ലാ താഴ്‌വരയിൽ കൂടിയും എല്ലാ തുറയിലും. يَهِيمُونَ അലഞ്ഞു നടക്കുന്നു, ചുറ്റിത്തിരിയുന്നു(എന്ന്) . 226 وَأَنَّهُمْ നിശ്ചയമായും അവർ. يَقُولُونَ പറയുന്നു (എന്നും) . مَا لاَ يَفْعَلُونَ അവർ ചെയ്യാത്തത്.

ഖുർആൻ കവിവാക്യമല്ലെന്ന് സൂ: അൽഹ്ഖ്വ (الحاقة) . 41 ലും നബി(ﷺ) ക്ക് കവിത അറിഞ്ഞുകൂട അത് അവിടുത്തേക്ക് യോജിക്കുന്നതുമല്ല എന്ന് സൂറത്ത് യാസീൻ 69 ലും അല്ലാഹു വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. നബി(ﷺ) ക്ക് അതു യോജിച്ചതെല്ലെന്നുള്ളതിൽ അടങ്ങിയ രഹസ്യം ഈ വചനത്തിൽ ഗ്രഹിക്കാവുന്നതാണ്. ജനങ്ങളെ സ്വാതീനിക്കുവാനും ഹൃദയങ്ങളെ വശീകരിക്കാനും കവിതക്കുള്ള ശക്തി വളരെ വമ്പിച്ചതാണ്. ഏറെക്കുറെ എല്ലാകാലത്തും, ഏതുഭാഷക്കാർക്കുമിടയിലും കവികൾക്ക് ജനമദ്ധ്യേ ഒരു സ്ഥാനമുണ്ടായിരിക്കും. ഖുർആൻ അവതരിക്കുന്ന കാലത്തുള്ള അറബികൾക്കിടയിൽ കവികൾക്കുള്ള സ്ഥാനം ഏറ്റവും വമ്പിച്ചതായിരുന്നു. പ്രധാപശാലിയായ ഒരു ഭരണനേതാവിനെപ്പോലും വെല്ലുന്നസ്വാതീനം ഒരു കവിക്ക് ചിലപ്പോൾ സംസിദ്ധമായേക്കും. ദീർഗകാലം നീണ്ടുനിൽക്കുന്ന യുദ്ധങ്ങൾക്കും, ഒരു വമ്പിച്ച ഗോത്രത്തിൻെറ അധഃപ്പതനത്തിനും, നേരെമറിച്ച് പുരോഗതിക്കും ഒരു പക്ഷേ ഒരു കവിയുടെ ചില കവിതാശലകങ്ങൾ കാരണമായേക്കാം. ഖുർആനെ നേർക്കുനേരെ സധൈര്യം മുന്നോട്ടവന്ന് പരാജയപ്പെടുത്തുവാൻ സാധിക്കാതെ ഗതിമുട്ടിയ ശത്രുക്കൾ അതൻെറ അസാധാരണമായ സാഹിത്യ വൈഭവത്തിൻെറയും അതിൻെറ അമാനുഷികമായ വശ്യശക്തിയുടെയും മുമ്പിൽ ചിറച്ചുനിൽക്കേണ്ടിവന്നു. അതിൽനിന്ന് ഉടലെടുത്ത ഒരു വാദമാണ് ഈ കവിതാവാദം. പ്രസ്തുത വാദത്തിൻെറ നിരർത്ഥത യുക്തമായ ന്യായങ്ങൾ മുഖേന ഈ വചനങ്ങൾ ചൂണ്ടിക്കാട്ടുന്നു.

കവികളെപിൻപറ്റി നടക്കുന്നവർ - അവരുടെ അനുയായികളും. ഭക്തന്മാരും -ദുർമാർഗ്ഗികളുമായിരിക്കും. മറ്റൊരുപ്രകാരത്തിൽ പറയുകയാണെങ്കിൽ കവികളിൽ നിന്ന് അവരുടെ അനുയായികൾക്ക് ലഭിക്കുന്ന പ്രചോദനങ്ങൾ സന്മാർഗ്ഗത്തിന് പകരം ദുർമാർഗ്ഗത്തിലേക്കുള്ള വാസനയും, സൽകർമ്മത്തിന്പകരം ദുഷ്കർമങ്ങൾ ചെയ്‌വാനുള്ള പ്രോത്സാഹനവും ആയരിക്കും. എന്നാൽ നബി(ﷺ) യുടെയും. അവിടുത്തെ അനുയായികളുടെയും സ്ഥിതി അതിന് വിപരീതമാകുന്നു, നബി(ﷺ) യാണെങ്കിൽ അവരെ സത്യവിശ്വാസത്തിലേക്കും, സന്മാർഗത്തിലേക്കും നയിക്കുന്നു. അവർക്ക് സൽകർമ്മങ്ങൾ ചെയ്‌വാൻ പ്രേരണ നൽകുകയും ചെയ്യുന്നു. അങ്ങിനെ അവർ സന്മാർഗികളും സുകൃതവാന്മാരുമാണ്. നബി(ﷺ) ഒരു കവിയായിരുന്നെങ്കിൽ ഇപ്രകാരം സംഭവിക്കുമായിരുന്നില്ല. ഇതാണ് ആദ്യത്തെ വചനത്തിലെ ആശയം. ഇപ്പറഞ്ഞതിന് രണ്ടുകാരണങ്ങളാണ്-അനുഭവം സാക്ഷ്യം വഹിക്കുന്ന രണ്ട് വസ്തുതകളാണ്-പിന്നത്തെ രണ്ട് വചനങ്ങളിൽ പ്രസ്താവിക്കുന്നത്.

1-ാമത്തേത്: കവികൾ എല്ലാ താഴവരകളിലൂടെയും അലഞ്ഞുനടക്കുന്നുവെന്നുള്ളതാണ്,

അതെ: ഭാവനാ ലോകത്ത് സഞ്ചാരം നടത്തിക്കൊണ്ടിരിക്കുന്നവരാണ് കവികൾ. അവരുടെ മനോദൃഷ്ടിയിൽപെടുന്ന എല്ലാതാഴവരയിലും-ഗുണ ദോഷ വിചാരമന്യേ-യഥേഷ്ടം അവർ വിഹരിക്കും. തങ്ങളുടെ ഏതെങ്കിലും കഴിവുകേടല്ലാതെ ആ സ്വൈര്യസഞ്ചാരത്തിന് പരിധി നിർണ്ണയിക്കുന്ന ഒരു മാനദണ്ഡം അവർക്കില്ല. കവികളുടെ പൊതു സ്വഭാവമാണിത്. ഈ സഞ്ചാരത്തിൽ നിർവിഘ്നം എത്രകണ്ടു മുന്നോട്ടു പോകുവാൻ കഴിയുന്നുവെന്നുള്ളതാണ് കവികളുടെ സ്ഥാനം കണക്കാക്കുന്നതിനുള്ള അളവുകോലും. പ്രേമകഥനം കാമചേഷ്ടകൾ സ്ത്രീസൗന്ദര്യം, സൗന്ദര്യവർണ്ണന,അധിക പ്രശംസ, പരദൂഷണം, പഴി എന്നിത്യാതികളൽ നിറഞ്ഞതാണ് മിക്കവാറും അവരുടെ ഭാവനാ ലോകം. നല്ലതിനെ ചീത്തയായും, ചീത്തയായതിനെ നല്ലതായും ചിത്രീകരിക്കുക, നിസ്സാരമായതിനെ പർവ്വതീകരിച്ചും, മറിച്ചും അവതരിപ്പിക്കുക, പരിപാവനവും, പവിത്രവുമായ കാര്യങ്ങളെ അപഹാസ്യമാക്കിക്കാണിക്കുക. അധാർമ്മികവും നികൃഷ്ടവുമായതിനെ പരിശുദ്ധവും പുരോഗമനവുമായി സമർത്ഥിക്കുക.ഇല്ലാത്തതിനെ ഉള്ളതായും, മറിച്ചും സ്ഥാപിക്കുക. ജനസാമാന്യങ്ങൾക്കും കക്ഷികൾക്കുമിടയിൽ ശത്രുതയും വൈരാഗ്യവും വളർത്തുക. ആഭിജാത്യത്തിലും സ്ഥാനമാനാദി യോഗ്യതകളിലും അഹങ്കരിക്കുക, ധീരതയും ഗുണകാംക്ഷയും അഭിനയിക്കുക മുതലായ വയത്രെ കവിസാധാരണമായ ആശയങ്ങൾ.

2-ാമത്തേത്: കവികൾ, തങ്ങൾ പ്രവർത്തനത്തിൽ കൊണ്ടുവരാത്തതു പറയുന്നു വെന്നുള്ളതാകുന്നു. ഒന്നാമത്തെ കാരണത്തിമ അനിവാര്യ ഫലമാണിത്. അന്യരെ ഉപദേശിക്കുവാനും, ആക്ഷേപിക്കാനും പ്രശംസിക്കുവാനും, വിമർശിക്കുവാനുമെല്ലാം കവികൾ മിടുക്കന്മാരായിരിക്കും. പക്ഷെ സ്വന്തം കാര്യം വിസ്മരിക്കുകയും ചെയ്യും. ചെയ്യാത്തതും ചെയ്യാൻ കഴിവില്ലാത്തതും എടുത്തുകാട്ടി പ്രകീർത്തനം ചെയ്‌വാൻ മടിക്കുകയുമില്ല. ചുരുക്കിപ്പറഞ്ഞാൽ വസ്തുതകൾ ഉള്ളതുപോലെ മാത്രം വർണ്ണിച്ചും, മാന്യവും ഉത്തമവുമായ നിലയിൽ പ്രകാശിപ്പിച്ചും കവിതകൾ അവതരിപ്പിക്കുന്ന കവികൾ വളരെ വിരളമത്രെ.

മുൻകാലത്തെ കവിതകളിൽ മാത്രമല്ല മേൽകണ്ട ദോഷങ്ങളുള്ളത്. യാതൊരു ഉത്തമ ലക്ഷ്യമോ, സദുദ്ദേശമോ ഇല്ലാത്ത ഇന്നത്തെ സാഹിത്യങ്ങളിലും, ധാർമികമൂല്യങ്ങളും മനുഷ്യഗുണങ്ങളും നാമാവശേഷമാക്കിക്കൊണ്ട് കേവലം പൈശാചികമായ ദുർവാസനകളും മൃഗീയമായ നടപടിക്രമങ്ങളും പ്രചരിപ്പിച്ചുവരുന്ന ഇന്നത്തെ വിവിധ കലാസാഹിത്യങ്ങളിലും ഉപരിസൂചിതങ്ങളായ ദോഷങ്ങൾ തികച്ചും-അല്ല അൽപം എത്രയോ കൂടുതലായിതന്നെ കാണാവുന്നതാണ്. എന്നാൽ കവിവർഗത്തിൽപെട്ട എല്ലാവ്യക്തികളും ഇങ്ങനെയുള്ളവരാണെന്ന് ഇതിന്നർത്ഥമില്ല. ബഹുഭൂരിഭാഗവും ഏറെക്കുറെ അങ്ങിനെയായിരിക്കുമെങ്കിലും ചിലർ ഇത്തരം ദോഷങ്ങൾ ബാധക്കാത്തവരുമുണ്ടായിരിക്കും. അവർക്ക് ഈ ആക്ഷേപം ബധകവുമല്ല. മാത്രമല്ല അത്യാകർഷകമായ നിലയിൽ സാരോപദേശങ്ങൾ ചെയ്‌വാനും, ഉന്നതമായ ആദർശങ്ങളും തത്വങ്ങളും പ്രചരിപ്പിക്കുവാനും ജനങ്ങൾക്ക് സൽപാന്ഥാവിലേക്ക് ആവേശം നൽകാനും കവിതവഴി സാധിക്കുന്നതാണ്. ഈ വഴിക്ക് തങ്ങളുടെ കവിതാവാസന തിരിക്കുന്നപക്ഷം അവരുടെ കൃത്യം പ്രശംസനീയവും പുണ്യകരവുമായിരിക്കും. എന്നാൽ മേൽ പ്രസ്താവിച്ച കവിദോഷങ്ങൾ ബാധിക്കാത്തവർ ആരായിരിക്കുമെന്ന് അടുത്തവചനത്തിൽ നിന്ന് മനസ്സിലാക്കാം:-

إِلَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ وَذَكَرُوا۟ ٱللَّهَ كَثِيرًا وَٱنتَصَرُوا۟ مِنۢ بَعْدِ مَا ظُلِمُوا۟ ۗ وَسَيَعْلَمُ

227 വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും, അല്ലാഹുവിനെ ധാരാളം സ്മരിക്കുകയും, തങ്ങൾ അക്രമിക്കപ്പെട്ടതിനുശേഷം (പ്രതികാരംവഴി) രക്ഷാനടപടിയെടുക്കുകയും ചെയ്തവ

ٱلَّذِينَ ظَلَمُوٓا۟ أَىَّ مُنقَلَبٍ يَنقَلِبُونَ ﴿٢٢٧﴾

രൊഴികെ. [ഇവർ അതിൽനിന്ന് ഒഴിവാണ്.] അക്രമം പ്രവർത്തിച്ചവർ ഉടനെ അറിഞ്ഞു കൊള്ളും, ഏതൊരു പര്യവസാനത്തിലാണ് അവർ തിരിഞ്ഞെത്തുക യെന്ന്!

---

227 إِلاَّ الَّذِينَ യാതൊരു കൂട്ടരൊഴികെ. آمَنُوا അവർ വിശ്വസിച്ചിരിക്കുന്നു. وَعَمِلُوا പ്രവർത്തിക്കയും ചെയ്തിരിക്കുന്നു. الصَّالِحَاتِ സൽക്കർമ്മങ്ങൾ. وَذَكَرُوا അവർ സ്മരിക്കുകയും (ഓർക്കുകയും, പ്രസ്താവിക്കുകയും) ചെയ്തു. اللهَ അല്ലാഹുവിനെ. كَثِيرًا ധാരാളം, വളരെ. وَانتَصَرُوا അവർ രക്ഷാനടപടി സ്വീകരിക്കുകയും ചെയ്തു, പ്രതകാരനടപടി എടുക്കുകയും ചെയ്തു വിജയം നേടുകയും ചെയ്തു. مِن بَعْدِ ശേഷമായി. مَا ظُلِمُوا അവർ അക്രമം ചെയ്യപ്പെട്ടതിൻെറ. وَسَيَعْلَمُ ഉടനെ അറിഞ്ഞുകൊള്ളും, വഴിയെ അറിയാറാകും. الَّذِينَ ظَلَمُوا അക്രമം ചെയ്തവർ. أَيَّ مُنقَلَبٍ ഏതൊരു പര്യവസാനത്തിലാണ്. يَنقَلِبُونَ അവർ തിരിഞ്ഞെത്തുന്നത്, എത്തിച്ചേരുന്നത്, മടങ്ങി യെത്തുന്നത് (എന്ന്) .

ആക്ഷേപത്തിന് വിധേയരല്ലാത്ത നല്ല കവികളുടെ ലഷണങ്ങൾ ഈ വചനത്തിൽ ആല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. 1) സത്യവിശ്വാസം, സൽകർമ്മം, അല്ലാഹുവിനെ ധാരാള മായി സ്മരിക്കൽ. 4) ഇങ്ങോട്ട കവിതവഴി അക്രമം നടത്തിയവരോട് പ്രതികാരമായി അങ്ങോട്ടും കവിതവഴി നടപടിയെടുക്കുക. ഇവയാണ്.

സത്യവിശ്വാസത്തിൽ അധിഷ്ടിതമായതും, അതിനെതിരായ ഭാവന ഗതികളില്ലാത്തതും, സൽകർമ്മങ്ങൾക്ക് പ്രചോദനവും മാതൃകയും നൽകുന്നതും, അല്ലാഹുവിൻെറ മഹൽ ഗുണങ്ങളെയും അവൻെറ നിയമനിർദ്ദേശങ്ങളെയും എടുത്തുകാട്ടുകവഴി അവനെ ധരാളം ഓർമ്മിപ്പിക്കുന്നതുമായിരിക്കണംമുസ്ലിങ്ങളുടെ കവിത. ഇങ്ങിനെയുള്ള കവികളെ മേൽ കാണിച്ച ദോഷങ്ങൾ മലിനപ്പെടുത്തുകയില്ലന്നുള്ളത് സ്വാഭാവികമാണ്. ശത്രുക്കളുടെ ഭാഗത്തുനിന്ന് അക്രമമായി തൊടുത്തുവിടുന്ന പരിഹസത്തിൻെറയും ധിക്കാരത്തിൻെറയും കവിതകൾക്ക് പകരം അങ്ങോട്ടും അതേനിലയിൽ കവിതകൾ തൊടുത്തുവിടാവുന്നതാണ്. പക്ഷേ അവാസ്തവവും അതിരുകവിച്ചലും ഉണ്ടായിരിക്കരുത്.

നബി (ﷺ) തിരുമേനിയുടെ സഹാബികളിൽ ഒരു പ്രസിദ്ധ കവിയായിരുന്നു ഹസ്സാൻ. (حسان بن ثابت رض) തിരുമേനിയെ പഴിച്ചുകൊണ്ടും, ആക്ഷേപിച്ചുകൊണ്ടും മുശരിക്കുകൾ കവിതകൾ രചിക്കലും, പാട്ടുപാടലും പതിവായിരുന്നു. അവർക്ക് മറുപടി പറയാൻ തിരുമേനി അദ്ദേഹത്തോട് ആവശ്യപ്പെടുകയുണ്ടായി. احب عنى اللهم ايده بروح القدس– متفق (എനിക്ക് വേണ്ടി മറുപടി പറയുക, അല്ലാഹുവേ അദ്ദേഹത്തിന് പരിശുദ്ധാത്മാവിനെക്കൊണ്ട് ശക്തി കൂട്ടേണമേ.) മറ്റൊരിക്കൽ തിരുമേനി ഇങ്ങിനെ പറയുകയുണ്ടായി,

اهجوا قريشا فانه اشد عليهم من رشق النبل– مسلم (ഖുറൈശികളെ പഴിച്ച് പാടിക്കൊള്ളുവിൻ. അതവർക്ക് അമ്പ് തൊടുത്തു വിടുന്നതിനേക്കാൾ കഠിനമായിരിക്കും.) കവിതയെ സംബന്ധിച്ച് ഹദീസുകളിൽ ഇപ്രകാരം വന്നിട്ടുണ്ട്. ان من للشعر حكمة–البخارى (നിശ്ചയമായും കവിതയിൽ ചിലത് വിജ്ഞാനമത്രെ) കവികളെ സംബന്ധിച്ച്, ഖുർആൻ അവതരിച്ചതിനെപ്പറ്റി കഅ്ബുബ്നു മാലിക്ക് (رضي الله عنه) നബി (ﷺ) യോട് അന്വേഷിച്ചപ്പോൾ അവിടുന്ന് ഇങ്ങനെ പറഞ്ഞതായി അഹ ്മദ് (رحمه الله) ഉദ്ദരിക്കുന്നു: ان المؤمن يجاهد بسيفه ولسانه – احمد (സത്യവിശ്വാസി അവൻെറ വാളു കൊണ്ടും, നാവുകൊണ്ടും സമരം ചെയ്യുന്നതാണ്.

കവിതകളെ ആക്ഷേപിച്ചുകൊണ്ട് (224-226) ഖുർആൻ വാക്യങ്ങൾ അവതരിച്ചപ്പോൾ: ഹസ്സൻ അബ്ദുല്ലാഹിബ്നു വോഹ:,കഅ്ബൂബ്നുമാലിക്

حسان بن ثابت وعبد الله بن رواحة وكعب بن مالك رض എന്നീ സഹബികഴൾ (തങ്ങളും ഈ ആക്ഷേപങ്ങൾക്ക് വിധേയരാണെന്ന് ഭയപ്പെട്ട്) കരഞ്ഞകൊണ്ട് നബി(ﷺ) യുടെ അടുക്കൽ വരുകയുണ്ടായി. അവരോട് നബി(ﷺ) തിരുമേനി ഈ (227-ാം) വചനം ഓതിക്കേൾപ്പിച്ചുകൊണ്ട് ഇങ്ങിനെ പറഞ്ഞു. انتصرو ولاتقولوا الاحقا ولا تذكرو ا الا بآء والا مهات–رواه ابن جرير عن محمدبن إسحاق
സ്വീകരിച്ചുകൊള്ളുവിൻ. യഥാർത്ഥമല്ലാതെ നിങ്ങൾ പറയരുത് പിതാക്കളെയും മാതാക്കളെയും കുറിച്ച് പ്രസ്താവിക്കുകയും-പഴിപറയുകയും-ചെയ്യരുത്)

അനസ് (رضي الله عنه) പ്രസ്താവിച്ചതായി ബുഖാരിയും മുസ്ലിമും (رحمهما الله) ഇപ്രകാരം ഉദ്ദരിക്കുന്നു: നബി(ﷺ) ക്ക് വാഹനം തെളിക്കുന്ന ഒരാളുണ്ടായിരുന്നു. അൻജശഃ انجشة എന്നായിരുന്നു പേർ. വളരെ നല്ല ശംബ്ദമുള്ള ഒരാളായിരുന്നു അദ്ദേഹം ഒരിക്കൽ (താൻ പാട്ടുപാടിക്കൊണ്ടിരിക്കെ) തിരുമേനി പറഞ്ഞു: അൻജശാ, നിൽക്കട്ടെ (ക്ഷമിക്കൂ) പളുങ്കുകൾ പൊട്ടിക്കരുത്! ദുർബ്ബലഹൃദയരായ സ്ത്രീകളുടെ മനസ്സ് ഇളക്കിവിടരുത്.എന്നാണ് ഈ വാക്കിൻെറ താൽപര്യം എന്ന് ഖത്താദഃ(رحمه الله) പ്രസ്താവിക്കുന്നു. متفق

നബി(ﷺ) തിരുമേനിക്ക് മനസ്സമാധാനം നൽകുന്നതും. അവിടുത്തെ പ്രവാചകത്വത്തെ സ്ഥാപിക്കുന്നതുമായ പല ലക്ഷ്യങ്ങളും തത്വങ്ങളും ഈ സൂറത്തിൽ വിവരിച്ചു. യുക്തിപരവും ചരിത്രപരവുമായ പല തെളിവുകളും എടുത്തുകാട്ടി. ഇതെല്ലാം അറിഞ്ഞുകൊണ്ട് പിന്നെയും അവിശ്വാസവും നിഷേധവും കൈവിടാതെയുള്ള അക്രമികൾക്ക് വളരെ കനത്ത ഒരു താക്കീതും നൽകിക്കൊണ്ട് സൂറത്ത് അവസാനിക്കുന്നു. അക്രമം പ്രവർത്തിച്ചവർ ഉടനെ അറിഞ്ഞുകൊള്ളും, ഏതൊരു പര്യവസാനത്തിലാണ് അവർ തിരിഞ്ഞെത്തുന്നതെന്ന്. وسيعلم الذين ظلموا اي منقلب ينقلبون

അല്ലാഹു അവൻെറ മഹത്തായ കാരുണ്യംകൊണ്ട് നമ്മെയെല്ലാം നല്ല പര്യവസാത്തിൽ എത്തിച്ചേരുന്ന സജ്ജനങ്ങളിൽ ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ.- آمين

വ്യാഖ്യാനക്കുറിപ്പ്

ലൂത്ത് കടൽ (بحر لوط)

സറിയാ-ഫലസ്തീൻ തടാകങ്ങളിൽ വെച്ച് ഏറ്റവും വലിയ തടാകമാണ് ലൂത്ത് കടൽ (ബഹ്ർ ലൂത്ത്) അഥവാ ലൂത്ത് തടാകം (ബുഹൈറത്ത് ലൂത്ത്) അൽ-ഖുദ്സ് പട്ടണത്തിൽ നിന്ന് ഏതാണ്ട് തെക്ക് കിഴക്ക് ഭാഗത്ത് 18 നാഴിക അകലെയായി ഇത് സ്തിതി ചെയ്യുന്നു. തടാകം തെക്ക് വടക്കിൽ 50 നാഴിക നീളവും കിഴക്ക് പടിഞ്ഞാറിൽ 10 നാഴിക വീതിയും കാണും സമുദ്രവിതാനത്തിൽ നിന്നും 1316 അടി താഴെയാണ് തടാകത്തിൻെറ ഉപരിതലം നിലകൊള്ളുന്നത്. വടക്ക്ഭാഗത്ത് 400 മീറ്റർ വരെ ആഴമുണ്ടെങ്കിലും തക്കെ വശം മിക്കവാറും 6 മീറ്റർ ആഴമെയുള്ളു. ജോർദ്ദാൻ നദിയിൽ (نهر الا ردن) നിന്നും മറ്റുമായി ധരാളം ജലം നത്യേന അതിൽ പതിച്ചുകൊണ്ടിരിക്കുന്നു. എങ്കിലും അതിൻെറ ജലവിതാനത്തിൽ ഏറ്റക്കുറവ് കാണാറില്ല. നിരീക്ഷകന്മാരുടെ കണക്കുപ്രകാരം ദിനംപ്രതി 60 ലക്ഷം ഘനമീറ്റർ വെള്ളം അതിൽ വന്നു ചേരുന്നുണ്ട് ഈ വെള്ളനത്രയും നീരാവിയായിപ്പോയിക്കൊണ്ടിരിക്കുകയാണോ?.അതല്ല തടാകത്തിൻെറ അടിഭാഗത്തുള്ള വല്ല നീരുമാർഗത്തിലൂടെയും സമുദ്രത്തിലോ മറ്റോ ചെന്നുമ ചേർന്നുകൊണ്ടിരിക്കുകയാണോ. എന്നു തീരുമാനിക്കുവാൻ അവർക്ക് കഴിഞ്ഞട്ടില്ല.

തടാകത്തിൻെറ എല്ലാഭാഗങ്ങളിലുമുള്ള വെള്ളം ഒരേ തോതിലുള്ള ഘനമല്ല ഉള്ളത്. ഉപ്പുരസവും അതുപോലെതന്നെ വ്യത്യസ്തമാകുന്നു. പൊതുവിൽ പറയുകയാണെങ്കിൽ.

ഇരുപത്തിയഞ്ച് ശതമാനംകണ്ട് ഉപ്പ് കലർന്നിട്ടുള്ളത് കൊണ്ട് അതിൽ ജീവികൾ വളരുന്നില്ല. സാധാരണ സമുദ്ര ജലത്തിൽ നാലുശതമാനം വരെയാണ് ഉപ്പ് കലരാറുള്ളത്. മേൽപറഞ്ഞ തോതിൽ മുക്കാൽ ഭാഗം സാധാരണ കറിയുപ്പും ബാക്കിമാത്രം മറ്റു ധാധുക്കളുമാകുന്നു കാഴ്ചയിൽ ജലം ശുദ്ധമായും, തെളിഞ്ഞുമിരിക്കും. പക്ഷേ വെള്ളം ഉപയോഗിക്കുന്നത് ഉപദ്രവകരമാകുന്നു. ഒരു തരം എണ്ണപ്പശ ദേഹത്തിൽ പതിയുന്നതിനാൽ വെള്ളം തട്ടിയ സ്ഥലം നല്ല വെള്ളംകൊണ്ട് വേറെ കഴുകാത്ത പക്ഷം ശരീരത്തിൽ ഒരു തരം ചൊറിയുണ്ടാ യിത്തീരുന്നു. കടൽസ്നാനത്തിന് പോകാറുള്ളവർ തന്നെയും ജോർദാൻനദീമുഖത്താണ് അതിന് പോകുക. മാത്രമല്ല, അനന്തരം അവർ നദീജലത്തിൽ നിന്ന് കുളിക്കുകയും ചെയ്യും വെള്ളത്തിൻെറ കട്ടികാരണമായി, വേഗം വെള്ളത്തിൽ ആണ്ടുപോകുന്ന ചില സാധനങ്ങൾ കൂടി ഇതിൽ പൊന്തി നിന്നേക്കും , ആകയാൽ നീന്തം അറിയാത്ത ആൾക്ക് തല മാത്രം പൊക്കിപ്പിടിച്ച് വെള്ളത്തിൽ മുങ്ങിപ്പോകാതെ രക്ഷപ്പെടുവാൻ സാധിക്കും.

തടാകത്തിൻെറ താഴ്വാര പ്രദേശങ്ങൾ ജനവാസവും വൃക്ഷങ്ങളുമില്ലാത്തവയാണ്. സഞ്ചാരി വർഗങ്ങളായ ചുരുക്കം ചിലർ, ശൈത്യകാലത്ത് അവിടവിടെ തമ്പ് കെട്ടി താമസിച്ചുവെന്നുവരാം. വടക്ക് കിഴക്ക് പ്രദേശം ഒഴിച്ച് ബാക്കി ഭാഗമെല്ലാം മലമ്പ്രദേശങ്ങളും വനങ്ങളുമാകുന്നു. മലകളില്ലാത്ത സ്ഥലങ്ങൾ സസ്യലതാതികളില്ലാത്ത ഉപ്പുകലർന്ന മൈതാനങ്ങളുമാണ്. നദീതീരങ്ങൾ മാത്രം ഫലവത്തായികാണാം. മുൻകാലത്ത് അവിടെ ഒരുതരം കൈപ്പുള്ള മുന്തിരി വളർന്നിരുന്നതായി ബൈബിളിൽ നിന്ന് മനസ്സിലാകുന്നു. ഇപ്പോഴും തടാകത്തിൻെറ അടുത്ത പ്രദേശങ്ങളിൽ കായാക്കാറുള്ള മിക്ക വൃക്ഷങ്ങളുടെയും ഫലങ്ങൾ, കാണവാൻ കൗതുകമുണ്ടെങ്കിലും അവയുടെ ഉള്ളിൽ ഒരുതരം ചാരപ്പൊടിയായി രിക്കും ഉണ്ടായിരിക്കുക. ഇക്കാലം വരെയും ആ പ്രദേശങ്ങൾ ഉൽപാദനയോഗ്യമായിക്കഴി ഞ്ഞിട്ടില്ല. എങ്കിലും മണ്ണെണ്ണ, ഗന്ധകം, താർ മുതലായ പല വസ്തുക്കളും അവിടെ നിന്ന് ലഭിക്കുന്നുണ്ട്.

ഈ തടാകത്തിൻെറ വ്യത്യസ്ത നാമങ്ങൾ തന്നെ അതിൻെറ സ്വഭാവവും ചരിത്രവും സൂചിപ്പിക്കുന്നവയാണ്. ആകയാൽ അതിവിടെ എടുത്തുകാട്ടുന്നത് ഉപകാരമായിരിക്കും:-

നമ്പർ	പേരുകൾ		കുറിപ്പുകൾ
	അറബിയിൽ	മലയാളത്തിൽ	
1	بحر لوط	ലൂത്ത് കടൽ (Lut Sea)	ലൂത്ത്(عليه السلام) നബിയെ അല്ലാഹു രക്ഷിച്ചതും അദ്ദേഹത്തിൻെറ ജനതയെ നശിപ്പിച്ചതും 1ഉം 2ഉം പേരുകൾ സൂചിപ്പിക്കുന്നു
2	بحيرة لوط	ലൂത്ത് തടാകം	നാലു പുറവും കരയാൽ ചുറ്റ പ്പെട്ടത് കൊണ്ട് തടാകമെന്നും കേവലം വലുതാകകൊണ്ട് കടൽ എന്നും പറയുന്നു
3	البحر الميت	ചാവുകടൽ	ജീവികൾ വളരുന്നില്ല, അതിയായ കാറ്റില്ലാത്തപ്പോൾ നിശ്ചലമായി രിക്കുകയും ചെയ്യും
4	البحر المنتن	ദുർഗന്ധക്കടൽ	വെള്ളത്തിൽ ധരാളം ദ്രവവസ്തുക്ക ളുള്ളത്കൊണ്ട് അതിൽനിന്ന് അസ ഹ്യമായ ഒരുതരം നാറ്റം വമിക്കുന്നു.

5	بحيرة الملح	ഉപ്പുതടാകം, ഉപ്പുകടൽ	ഉപ്പിൻെറ അംശം അധികമുണ്ട്.
6	البحيرة الزفت	താർതടാകം, താർകടൽ	ഒരു തരം താറിൻെറ അംശം കലർന്നിരിക്കുന്നു.
7	البحر الشرقى	കിഴക്കേ കടൽ	മദ്ധ്യധരണ്യാഴിയുടെ കിഴക്കു ഭാഗത്ത് സ്ഥിതി ചെയ്യുന്നു.
8	البحيرة البرية	മരുഭൂ തടാകം	സിറിയൻ മരുഭൂമിയെയും, അറേബ്യൻ മരുഭൂമിയെയും തൊട്ടുകിടക്കുന്നു.
9	البحيرة سدوم	സോദോം തടാകം	ലൂത്ത്വ് നബിയുടെ സമുദായക്കാർ നിവസിച്ചിരുന്ന അഞ്ച് രാജ്യങ്ങളിൽ പ്രധാനപ്പെട്ട സോദോം പട്ടണം അതിൽ മുങ്ങിപ്പോയിരിക്കുന്നു. മറ്റൊരു പ്രധാന രാജ്യമായിരുന്ന ഗോമോറായും (غمورية) വേറെ മൂന്നു രാജ്യങ്ങളും ശിക്ഷയിൽ നശിക്കുകയുണ്ടായിട്ടുണ്ട്.

ഈ കടലിന്റെ ഏതേതു ഭാഗങ്ങസിലായിരുന്നു നാമാവശേഷമായവിപ്പോയ രാജ്യങ്ങളെന്നുള്ളതിൽ ഭിന്നാഭിപ്രായമുണ്ടെങ്കിലും, ആ രാജ്യങ്ങൾ ഈ കടലോരപ്രദേശങ്ങളായിരുന്നുവെന്നും, അവ അഞ്ചും അല്ലാഹുവിന്റെ കോപാശാപങ്ങൾക്ക്പാത്രമായി നശിപ്പിക്കപ്പെട്ടുവെന്നുമുള്ളതിൽ സംശയമില്ല.

ഖുർആനിലും, ബൈബ്ളിലും വ്യക്തമായി പറഞ്ഞിട്ടുള്ള ഈ ചരിത്രസംഭവം, ഒരു പഴങ്കഥയോ, കടങ്കഥയോ മാത്രമാണെന്നും മതപ്രമാണങ്ങളിൽ വിശ്വസിക്കാത്ത ചിലർ പ്രസ്താവിക്കാറുണ്ട്. എന്നാൽ, അടുത്തകാലത്തു നടത്തപ്പെട്ടിട്ടുള്ള ഡോക്ടർ ആൽബരട്ടിൻേറതുപോലുള്ള നിരീക്ഷണങ്ങൾ, 4000 കൊല്ലം മുമ്പ് കഴിഞ്ഞ ആ സംഭവം-അതിന്റെ എല്ലാ വിശദീകരണങ്ങളോടും കൂടിത്തന്നെ-തികച്ചും വാസ്തവമാണെന്ന് തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. (*)

ഹിജാസ് മുതലായ അറേബ്യൻ രാജ്യങ്ങളിൽ നിന്ന് ഫലസ്തീനിലേക്കും ശാമിലേക്കും (സിറിയയിലേക്കും) കച്ചവട സംഘങ്ങൾ യാത്ര ചെയ്യുക പതിവായിരുന്നു. ആ യാത്രകൾ ഈ തടാകത്തിൻെറ തീരപ്രദേശങ്ങളിൽ കൂടിയായിരിക്കകൊണ്ട് അവർക്ക് അവിടങ്ങളിലെ സ്ഥിതി ഗതികൾ നേരിൽ കണ്ട് മനസ്സിലാക്കുവാനും, ആ പ്രദേശത്തെ ആപ്രദേശങ്ങളിലെ നിവാസികളായ വേദക്കാരിൽ നിന്ന് കേട്ടു മനസ്സിലാക്കുവാനും സാധിച്ചിരുന്നു. അതുകൊണ്ടാണ് ഖുർആനിൽ മുൻ സമുദായങ്ങളുടെ കഥകൾ വിവരിക്കുന്ന കൂട്ടത്തിൽ: ലൂത്ത്(عليه السلام) നബിയുടെ സമുദായത്തിൻെറ സംഭവത്തെപ്പറ്റി പറയുമ്പോൾ അക്കാര്യം പ്രത്യേകം അവിശ്വാസികളെ അനുസ്മരിപ്പിച്ചു കാണുന്നത്.

(1) സൂ: ഫുർഖാനിൽ ولقد اتوا على القرية الخ എന്ന് തുടങ്ങിയുള്ള 40-ാം വചനത്തിൽ ആ

---

* غالب مامر فى وصف البحر مأخوذ عن تفسير الجواهرللطنطاوى وتفسير المراغى-م بى

ചീത്ത മഴ വർഷിപ്പിക്കപ്പെട്ട നാട്ടിലൂടെ അവർ വന്നിട്ടുണ്ടല്ലോ. അപ്പോൾ അവരത് കണ്ടിരുന്നില്ലേ?! എന്ന് അല്ലാഹു പറയുന്നു (2) ഈ രാജ്യത്തെ ചൂണ്ടിക്കാട്ടിക്കൊണ്ട് സൂ: അങ്കബൂത്ത് 35 ൽ ولقد تركنا منها آية بينة لقوم يعقلون (തീർച്ചയായും മനസ്സിരുത്തുന്ന ജനങ്ങൾക്ക് അതിൽനിന്നും വ്യക്തമായ ഒരു ദൃഷ്ടാന്തം നാം ബാക്കിയാക്കിയിരിക്കുന്നു.) എന്നു പറയുന്നു. (3) നശിച്ചുപോയ ആ സമുദായത്തെ ചൂണ്ടിക്കാഡട്ടിക്കൊണ്ട് സൂ: വസ്സ്വാഫ്-ഫാത്തി 137-138ൽ وانكم لتعرون عليهم مصبحين وبالليل افلا تعقلون (നിങ്ങൾ പ്രഭാത വേളയിലായി അവരിൽക്കൂടി കടന്നുപോയിക്കൊണ്ടിരിക്കുന്നു. രാത്രിയുലും പോകാറുണ്ട് എന്നിട്ടും നിങ്ങൾ മനസ്സിരുത്തുന്നില്ലെ!) എന്നു ചോദിക്കുന്നു. വെളുക്കാൻ കാലത്തോ, രാത്രിയോ ആയിരിക്കും യാത്രാസമഘം സാധാരണ അതുവഴി കടന്നു പോകാറുള്ളത്. എന്നുകൂടി ഇതിൽനിന്ന് മനസ്സിലാക്കാം. الله اعلم